# നിവാതകവചകാലകേയവധം.

## സവ്യാഖ്യാനം.

പി. കൃഷ്ണൻനായർ.

# നിവാതകവചകാലകേയവധം

## സവ്യാഖ്യാനം.

DEFINITORY LIBRARY. No. 36 CANCELLED

വ്യാഖ്യാതാവ്,
ശിരോമണി പി. കൃഷ്ണൻ നായർ.
യൂനിവേർസിററി മലയാളം ലക്ചറർ, മദ്രാസ്.

—•• ० ••—

T614
K90

ശ്രീരാമകൃഷ്ണോദയം പ്രസ്സ്,
ഒലവക്കോട്.

1932

DHARMARAM COLLEGE LIBRARY, BANGALORE. 4221

വില 1 ക. 8 ണ

# അവതാരിക.

—:o:—

## ആട്ടക്കഥ.

നാടകത്തെ അപേക്ഷിച്ചു ആട്ടക്കഥയ്ക്കുള്ള പ്രാശസ്ത്യം

അഭിനയപ്രയോഗത്തിൽ നമ്മുടെ ആട്ടക്കഥാപ്രസ്ഥാനത്തിന്നു എത്രയും ഉൽകൃഷ്ടമായ ഒരു സ്ഥാനമാണുള്ളതു്. സംസ്കൃതഭാഷയിലുള്ള രൂപകങ്ങളൊക്കയും ഏറിയകൂറും ഭരതമഹർഷിയുടെ നാട്യശാസ്ത്രത്തെ ആധാരമാക്കിയാണ് നിർമ്മിച്ചിരിക്കുന്നതെങ്കിലും ഇന്നത്തെ രംഗപ്രയോഗരീതി നോക്കുന്നതായാൽ അവ നാട്യശാസ്ത്രത്തിന്നു എത്രയോ അകലെയാണ് സ്ഥിതിചെയ്യുന്നതെന്നു പറയാതെ നിവൃത്തിയില്ല. നേരേമറിച്ചു ആട്ടക്കഥകളുടെ ഉത്ഭവം നാട്യശാസ്ത്രത്തെ അടിസ്ഥാനമാക്കീട്ടല്ലെങ്കിലും അഭിനയപ്രകാരത്തിൽ അവക്കു നാട്യശാസ്ത്രത്തോടു വളരെ അടുപ്പം കാണുന്നതുമുണ്ട്. വിശേഷിച്ചു സംസ്കൃതനാടകം ആംഗികാഭിനയശൂന്യവും ആട്ടക്കഥ ആംഗികാഭിനയപ്രധാനവുമാണെന്നു മാത്രമല്ല ആവക അഭിനയം മുഴുവനും നാട്യശാസ്ത്രവിഹിതവുമാണ്.

( അഭിനയവിവരണം. )

"ആംഗികോ വാചികശ്ചൈവ ഹ്യാഹാര്യസ്സാത്വികസ്തഥാ
ചത്വാരോഭിനയാഹ്യേതേ യേഷുനാട്യംപ്രതിഷ്ഠിതം."

യദുക്തം ചത്വാരോഭിനയാ ഇതി. താൻ വൎത്തയിഷ്യാമഃ അഭിനയ ഇതികസ്മാദ്ദുച്യതെ ? അഭീത്യുപസൎഗ്ഗഃ 'ണീഞ്' പ്രാപണാൎത്ഥോ ധാതുഃ അസ്യ'അച്' പ്രത്യയാന്തസ്യാഭിനയ ഇതി രൂപം സിദ്ധം. ഏതതസ്വനാൎത്ഥവചനേന ഉപധാൎയ്യം.

അത്ര ശ്ലോകൌ—

"അഭിപൂൎവ്വസ്തുണീഞ്ധാതുഃ പുരാമുഖ്യാൎത്ഥനിൎണ്ണയേ
യസ്മാൽപ്രയോഗംനയതി തസ്മാദഭിനയഃ സ്മൃതഃ

(നാട്യശാസ്ത്രം)

അഭിപൂൎവ്വകമായ പ്രാപണാൎത്ഥക 'ണീഞ്' ധാതുവിൽ അച് പ്രത്യയംകൊണ്ടു നിഷ്പന്നമായ 'അഭിനയ' ശബ്ദത്തിന്റെ അൎത്ഥം രംഗപ്രയോഗത്താൽ നാനാൎത്ഥങ്ങളെ വിഭാവനചെയ്യുകയെന്നാണ്. അഭിനയം- ആംഗികം, വാചികം, ആഹാൎയ്യം, സാത്വികം എന്നിങ്ങിനെ സാമാന്യമായ് നാലുവിധത്തിലാകുന്നു. അതിൽ ആംഗികത്തിന്നു ശിരസ്സ്, ഹസ്തം, ഉരസ്സ്, പാൎശ്വം, കടി, പാദം എന്നിങ്ങിനെ ആറംഗങ്ങളും നേത്രം, ഭ്രൂ, നാസിക, അധരം, കപോലം, ചിബുകം എന്നിങ്ങിനെ ആറുപാംഗങ്ങളുമുണ്ടു്. ഇവയെക്കൊണ്ടുള്ള അഭിനയമാണ് ആംഗികം. അംഗോപാംഗങ്ങളിൽ ഓരോന്നുകൊണ്ടുമുള്ള അഭിനയങ്ങളേയും അവയുടെ വിനിയോഗങ്ങളേയും നാട്യശാസ്ത്രത്തിൽ ലക്ഷണപുരസ്സരം വിസ്തരിച്ചു പ്രതിപാദിച്ചിട്ടുണ്ടു്. വാക്കുകൊണ്ടുള്ള അഭിനയം വാചികം. ഇതു് പാഠ്യസംഭാഷണാദിരൂപമാകുന്നു. ഇതിന്നു സ്വരം, സ്ഥാനം, വൎണ്ണം, കാകു, അ

ലങ്കാരം എന്നിവയാണ് അംഗങ്ങൾ. അലങ്കാരമെന്നത്—

"ഉച്ചോദ്ദീപ്തശ്ചമന്ദ്രശ്ച നീചൊദ്രുതവിളംബിതൌ
പാഠ്യസ്യൈതേഹ്യലങ്കാരാഃ"

എന്നിങ്ങിനെയുള്ള ഉച്ചാദിധ്വനിവിശേഷങ്ങളാണ്. ആഹാര്യം വേഷഭൂഷാദികളെക്കൊണ്ടുള്ള അഭിനയം. സാത്വികം, സാത്വികഭാവങ്ങളുടെ അഭിനയം. സ്വേദം, സ്തംഭം, രോമാഞ്ചം, സ്വരഭംഗം, വേപഥു, വൈവർണ്ണ്യം, അശ്രു, പ്രളയം എന്ന സാത്വികഭാവങ്ങൾ എട്ടാകുന്നു. രസഭാവാദികളെ അവയുടെ അനുഭാവങ്ങളെക്കൊണ്ടാണ് അഭിനയിക്കേണ്ടത്. ഇതിലേക്ക കണ്ണു, പുരികം, മുതലായവകൊണ്ടുള്ള ആംഗികാഭിനയം അത്യാവശ്യമാണെന്നേയുള്ളൂ. പക്ഷെ, മാത്തൂർ കുഞ്ഞുപ്പിള്ളപ്പണിക്കർ തൻെറ കഥകളിപ്രകാശികയിൽ—

"മംഗലശീലെ രസവിസ്ഫൂർത്തിക്കംഗം
[മുഴുവൻ തുണയാമ്മ്യേണ്ട.
കവിൾപുരികങ്ങൾവിശേഷാൽകണ്ണിണ
[ഇവതാൻപോരും രസമുളവാക്കാൻ.

എന്നു പറഞ്ഞിട്ടുണ്ടെങ്കിലും അതു ഭരതസമ്മതമല്ലെന്നു നാട്യശാസ്ത്രം നോക്കിയാൽ അറിയാം. നാട്യശാസ്ത്രത്തിൽ രസങ്ങൾക്ക എട്ടും അവയുടെ സ്ഥായിഭാവങ്ങൾക്ക എട്ടും രസങ്ങളുടെ മുപ്പത്തിമൂന്നു സഞ്ചാരിഭാവങ്ങൾക്ക ആകപ്പാടെ ഇരുപതും ഇങ്ങിനെ എല്ലാംകൂടി മുപ്പത്താറു ദൃഷ്ടിപ്രകാരങ്ങൾ സലക്ഷണം നിർദ്ദേശിച്ചിട്ടുണ്ട്. അതുപോലെ ക

പോലാദ്യവയവങ്ങൾക്കും ഭാവാദി വിനിയോഗം വിധിച്ചിട്ടുണ്ട്. ഇത്രമാത്രമല്ലാതെ ഇവയെക്കൊണ്ടുമാത്രം രസാഭിനയം ശക്യമാണെന്നു മഹർഷി ഒരിടത്തും പറഞ്ഞുകാണുന്നില്ല. എന്നുമാത്രമല്ല, രസാദ്ധ്യായത്തിൽ—

"അഥ കരുണൊ നാമ ശോകസ്ഥായിഭാവപ്രഭവഃ സച ശാപ ക്ലേശ വിനിപതിതേഷ്ടജനവിയോഗവിഭവനാശ വധബന്ധവിദ്രവോപഘാതസ്സ്വൾന സംയോഗിദിഭിർവ്വിഭാവൈസ്സമുപജായതെ. തസ്യാശ്രുപാതപരിദേവനമുഖശോഷണ വൈവർണ്ണ്യസ്രസ്തഗാത്രതാനിശ്വാസസ്മൃതിലോപാദിഭിരനുഭാവൈരഭിനയഃ കർത്തവ്യഃ" "അഥ രൌദ്രാനാമ ക്രോധസ്ഥായിഭാവാത്മക:— തസ്യരക്തനയനഭ്രുകുടീ കരണശസ്ത്രസംപാത ദന്തോഷ്ഠപീഡനഗണ്ഡസ്ഫുരണഹസ്താഗ്രനിഷ്പേഷാദിഭിരനുഭാവൈരഭിനയഃ പ്രയോക്തവ്യഃ" എന്നിങ്ങിനെ തത്തദ്രസകാര്യ്യങ്ങളായ അനുഭാവങ്ങളെക്കൊണ്ടാണ് അതാതു രസങ്ങളെ അഭിനയിക്കേണ്ടതെന്നു പറഞ്ഞിട്ടുകൂടിയുണ്ട്.

വിശേഷിച്ച ആംഗികാഭിനയത്താൽ വാക്യാർത്ഥീഭൂതമായ രസമല്ല പദാർത്ഥീഭൂതമായ ഭാവമാകുന്നു നമുക്ക അനുഭവഗോചരമാവുന്നതെന്നു സൂക്ഷ്മദൃഷ്ട്യാ പരിശോധിച്ചാലറിയാവുന്നതുമാണ്. പക്ഷെ, രസമെന്നതുതന്നെ സ്ഥായിഭാവത്തിൻെറ ഒരുവക പരിണാമവിശേഷമാകയാലും, രതിശോകക്രോധവിസ്മയാദി ഭാവങ്ങൾ സ്വതേ ആസ്വാദ്യമാനങ്ങളാകയാലും ശൃംഗാരകരുണരൌദ്രാത്ഭുതാദിരസങ്ങളാണെന്നു ഭ്രമിച്ചുപോകാനിടയുള്ളതുകൊണ്ട് രസഭാ

വവിവേചനം സുസൂക്ഷ്മമാണെന്നേയുള്ളൂ. എന്തിന്നു ഭാവത്തിൻെറ പരിപോഷസിദ്ധിക്കുപോലും അനുഭാവാഭിനയം അത്യന്താപേക്ഷിതമായിട്ടാണിരിക്കുന്നതു്. രസത്തിൻെറ സ്ഥിതിയെപ്പററി പിന്നെ സംശയിപ്പാനുണ്ടോ? ആകയാൽ "കവിൾപുരികങ്ങൾ വിശേഷാൽ കണ്ണിണയിവതാൻ പോരും രസമുളവാക്കുവാൻ" എന്നു പറഞ്ഞിരിക്കുന്നതു ദൃഷ്ടിപ്രാധാന്യപാങ്ഗത്രയമടിസ്ഥാനമാക്കിത്തട്ടിവിട്ടിരിക്കുന്ന ഒരുവക അർത്ഥവാദമല്ലാതെ വസ്തുസ്ഥിതികഥനമാണെന്നു വിചാരിപ്പാൻ വഴിയില്ല.

"യതോഹസ്തസ്തതോദൃഷ്ടി യതോദൃഷ്ടിസ്തതോമനഃ
യതോമനസ്തതോഭാവഃ യതോഭാവസ്തതോരസഃ"

എന്നിങ്ങിനെ സന്ദർഭാനുസാരേണ അഭിനയാബ്ജോദയലോചനിയിലും മററും കാണുന്നതും ഇതുപോലെ ആംഗികാഭിനയത്തിന്നുള്ള പ്രാധാന്യപ്രത്യയത്തിന്നു മാത്രമായിരിക്കണം. അതുകൊണ്ടു്

കണ്ഠേനാലംബയേദ് ഗീതാ ഹസ്തേനാർത്ഥം പ്രദർശയേൽ
ചക്ഷുർഭ്യാം ദർശയേൽഭാവം പാദാഭ്യാം താളമാചരേൽ"

എന്നിങ്ങിനെ അതിലെ നാട്യസാമാന്യവിധിയിൽ പറഞ്ഞിരിക്കുന്നപ്രകാരം ചതുർവ്വിധാഭിനയവും വാക്യാർത്ഥീഭൂതരസസ്ഫൂർത്തിക്കു ആവശ്യമാണെന്നും ഏതെങ്കിലും ഒന്നില്ലെങ്കിൽ ആയതു രസപ്രധാനമായ നാട്യപ്രകാരമാവില്ലെന്നും ധരിക്കേണ്ടതാണു്.

ആട്ടക്കഥ നൃത്യ പ്രഭേദമാകുന്നു.

പ്രസ്തുതപ്രസ്ഥാനം വാചികാഭിനയ ശൂന്യമാകയാൽ നാട്യമല്ല നൃത്യപ്രഭേദമാണെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ദൃശ്യപ്രസ്ഥാനത്തെ നാട്യം, നൃത്യം, നൃത്തം എന്നിങ്ങിനെ മൂന്നുതരത്തിലായി ശാസ്ത്രകാരന്മാർ വിഭാഗിച്ചിട്ടുണ്ട്.

"അവസ്ഥാനുകൃതിന്നാട്യം രൂപംദൃശ്യതയോച്യതേ
രൂപകംതത്സമാരോപാൽ ദശധൈവരസാശ്രയം
അന്യൽഭാവാശ്രയം നൃത്യം നൃത്തം താളലയാശ്രയം"

എന്നാണ് ദശരൂപകത്തിൽ പറഞ്ഞിരിക്കുന്നതു്. വാക്യാർത്ഥരൂപരസാഭിനയപ്രധാനം നാട്യവും, പദാർത്ഥരൂപഭാവാഭിനയപ്രധാനം നൃത്യവും, താളലയപ്രധാനം നൃത്തവുമാകുന്നു. താളം ചമ്പ, ചമ്പട, മുതലായ കാലക്രിയാമാനം. ദ്രുതം, മദ്ധ്യം, വിളംബിതം എന്നു മൂന്നുവിധത്തിലാണ് ലയം. അതു വാദ്യം, ഗീതം, ഹസ്തപാദവിന്യാസം എന്നിവയുടെ യോജിപ്പുതന്നെ.

"അംഗഹാരവിനിഷ്പന്നം നൃത്താതുകരണാശ്രയം"

എന്നിങ്ങിനെ നാട്യശാസ്ത്രത്തിൽ പറഞ്ഞിരിക്കുന്ന നൃത്തലക്ഷണം കുറെക്കൂടെ വിശദമാണെന്നേയുള്ളു. ഹസ്തപാദസമായോഗമാണ് കരണം. ഇതു നൂറെറട്ടുപ്രകാരത്തിലുണ്ടു്. അതായതു്—ശരീരത്തെ യഥോചിതം ചെരിച്ചോ, വളച്ചോ, ശരിക്കോ നിറുത്തി അതിന്നനുരൂപമായവിധം

കൈകാലുകളെ ഓരോ സ്ഥാനത്തിൽ നിറുത്തുകയാണ് ക്ഷേത്രഗോപുരങ്ങളിലും മററും കൊത്തിവെച്ചിരിക്കുന്ന ശിലാപ്രതിമകളിൽ നിന്നും ഈവക കരണങ്ങളുടെ സ്വരൂപം നമുക്കിന്നു മനസ്സിലാക്കാവുന്നതാണ്. ഈ കരണങ്ങളുടെ സമവായ വിശേഷംതന്നെയാണ് അംഗഹാരം. ഇതു മുപ്പത്തിരണ്ടുവിധമാണത്രെ. ആകയാൽ ഈ അംഗഹാരസ്വരൂപംതന്നെയാണ് നൃത്തം. നൃത്തത്തിൽ താളലയാപേക്ഷമായ അംഗവിക്ഷേപമല്ലാതെ അഭിനയമില്ല. 'നൃത്തം താളലയാശ്രയം' എന്ന ദശരൂപകകാരികയുടെ വിവരണം നോക്കുക.

'താളശ്ചഞ്ചൽ പുടാദിഃ ലയോദ്രുതാദിഃ തന്മാത്രാപേക്ഷഃ അഭിനയശ്ശൂന്യോ നൃത്തമിതി' എങ്കിലും ശോഭാജനകമാകയാൽ നൃത്തം നാട്യാംഗമാണെന്നാകുന്നു നാട്യകാരന്മാരുടെ മതം.

"യദാപ്രാപ്യ ത്വർത്ഥമർത്ഥാനാം തജ്ജ്ഞൈരഭിനയഃ കൃതഃ
കസ്മാൽനൃത്തംകൃതംഹ്യേതൽ കംസ്വഭാവമപേക്ഷതെ

നഗീതകാർത്ഥ സംബദ്ധം നചാപ്യർത്ഥസ്യഭാവകം
കസ്മാൽനൃത്താകൃതാഹ്യേതൽ ഗീതേഷ്വാസാരിതേഷു ച."

എന്ന മഹർഷികളുടെ ചോദ്യത്തിന്നു

അത്രോച്യതേനഖലു അർത്ഥം കിംചിൽ നൃത്തമപേക്ഷതേ
കിംതുശോഭാം ജനയതാമിതിനൃത്തം പ്രവർത്തിതം

എന്നു ഭരതൻ പറയുന്ന സമാധാനം നോക്കുക.

ആകയാൽ നൃത്തത്തിൽ ആംഗികാദ്യഭിനയാപേക്ഷയില്ലെന്നും ശോഭാജനകമാകയാൽ നാട്യാംഗമാണെന്നും സ്പഷ്ടമാവുന്നു. തത്തദ്ദേശസംബന്ധമാകയാൽ നൃത്തത്തെ ദേശിയെന്നും ദേവന്മാരാൽ മാൎഗ്ഗിതമാകയാൽ നൃത്യത്തെ മാൎഗ്ഗമെന്നും പറയുമെന്നും സുകുമാരോദ്ധതഭേദത്താൽ ഇവ രണ്ടും ലാസ്യമെന്നും താണ്ഡവമെന്നും രണ്ടുപ്രകാരത്തിലാണെന്നും ദശരൂപകത്തിൽ പറഞ്ഞിട്ടുണ്ട്. നൃത്യശബ്ദവും നൃത്തശബ്ദവും ഗാത്രവിക്ഷേപാൎത്ഥകമായ 'നൃതീ' ധാതുവിൽനിന്നു നിഷ്പന്നമാണെങ്കിലും അനുകരണാത്മകവും അഭിനയാത്മകവുമായ നൃത്യത്തിൽനിന്നു തച്ഛൂന്യമായ നൃത്തം ഭിന്നമാകുന്നു. അതുപോലെ പദാൎത്ഥാഭിനയാത്മകമായ നാട്യവും ഭിന്നംതന്നെ. ഇങ്ങിനെ ദൃശ്യപ്രസ്ഥാനത്തിലെ പരസ്പരഭിന്നമായ മൂന്നു വകഭേദങ്ങളിൽ നൃത്യപ്രകാരത്തിലാണ് നമ്മുടെ ആട്ടക്കഥകൾ ഉൾപ്പെടുന്നതു്. അഭിനയചതുഷ്ടയത്തിൽ വാചികമൊഴിച്ചു മററു മൂന്നുതരം അഭിനയങ്ങളാണല്ലോ ആട്ടക്കഥയിലുള്ളതു്. വാചികംകൂടാതെ വാക്യാൎത്ഥീഭൂതരസാഭിനയം സുകരമല്ലെന്നും രസാഭിനയപ്രധാനമാണ് നാട്യമെന്നും മുമ്പുതന്നെ പറഞ്ഞിട്ടുമുണ്ട്. ആകയാൽ ആട്ടക്കഥാപ്രസ്ഥാനം നാട്യപ്രഭേദമല്ല നൃത്യപ്രഭേദമാണെന്നു നമുക്കു നിശ്ചയിക്കാം. അതുതന്നെ ഉദ്ധതരീതിയിലാകയാൽ താണ്ഡവപ്രകാരമാണെന്നുകൂടി ധരിക്കണം. ഇങ്ങിനെ ഭാവാശ്രയമായ ആട്ടക്കഥയിൽ പ്രധാനമായി മുദ്രകളെക്കൊണ്ടാണ് പദാൎത്ഥബോധനം ചെയ്യുന്നതു്. മുദ്രകളാകട്ടെ, പലതരത്തിൽ ഉണ്ട്. അവയിൽ ഒരുകൈകൊണ്ട് കാണിക്കേണ്ടവ

DEFINITORY I. O. C. D. No. 3621 LIBRARY.



(അസംയുതഹസ്തം) ഇരുപത്തിനാലും രണ്ടുകൈകൊണ്ടും കാണിക്കേണ്ടുവ (സംയുതഹസ്തം) പതിമൂന്നും ആണെന്നാകുന്നു നാട്യശാസ്ത്രത്തിൽ വിവരിച്ചിരിക്കുന്നതു്. ഇതിന്നു പുറമെ ചില മതഭേദങ്ങളും എടുത്തുകാണിച്ചിട്ടുണ്ടു്. അതുകൊണ്ടുതന്നെയാണ് അഭിനയാബ്ജോദയലോചനിയിൽ അസംയുതഹസ്തങ്ങൾതന്നെ ഇരുപത്തെട്ടും സംയുതഹസ്തങ്ങൾ ഇരുപത്തിനാലും ഉണ്ടെന്നു ലക്ഷണപുരസ്സരം പ്രതിപാദിച്ചിരിക്കുന്നതു്. നൃത്തഹസ്തങ്ങൾ ഇവക്കു പുറമെയാണ്. കഥകളി കണ്ടുരസിക്കുന്നതിന്നു ഈ കൈമുദ്രകളുടെ ജ്ഞാനം ആവശ്യമാണെങ്കിലും വിസ്തരഭയത്താൽ അവയുടെ സ്വരൂപനിരൂപണവും മററും ഇവിടെ എടുത്തുചേക്കുന്നില്ല. ഇങ്ങിനെ പദാത്ഥബോധനത്തിന്നു മുദ്രകളുണ്ടെങ്കിലും വാക്യാത്ഥജ്ഞാനോപയോഗിയായ വിഭക്തിബോധനത്തിന്നുമാത്രം വിശേഷിച്ചു മുദ്രകളൊന്നും വിധിച്ചുകാണുന്നില്ല. കഥകളിയിലും പ്രയോഗിച്ചുകാണുന്നതുമില്ല.

> "ഓക്ക വിഭക്തികൾക്കു വെവ്വേറേമുദ്രയില്ല
> ഹംസപക്ഷശിഖരമുദ്രകൾകൊണ്ടുനാഡീ-
> സംസഗ്രാസനന്ധേസപ്തവിഭക്തികളും
> അല്പാല്പഭേദത്തോടെ കാണിപ്പൂ"

എന്നു കഥകളിപ്രകാശികയിൽ പറഞ്ഞിട്ടുണ്ടെങ്കിലും അതു യത്തു സവ്വസാധാരണമോ വാക്യാത്ഥബോധനത്തിന്നു പര്യാപ്തമോ അല്ലെന്നുള്ളതു തീച്ചതന്നെ. ഇങ്ങിനെ എല്ലാംകൊണ്ടും ആട്ടക്കഥാപ്രസ്ഥാനം ഭാവാശ്രയമാകയാൽ നൃത്യപ്രഭേദംതന്നെയെന്നു സിദ്ധിക്കുന്നു.

ആട്ടക്കഥാപ്രസ്ഥാനത്തിൻെറ ഉപജ്ഞാതാവ്, കാലം മുതലായവ.

ആട്ടക്കഥാപ്രസ്ഥാനം കൃഷ്ണനാട്ടത്തിന്നു പിന്നീടുണ്ടായതാണെന്നാകുന്നു പലരുടേയും അഭിപ്രായം. ഈ അഭിപ്രായത്തിന്നുള്ള അടിസ്ഥാനം സാമൂതിരി കൃഷ്ണനാട്ടം അയച്ചുകൊടുക്കാഞ്ഞതിലുള്ള വാശിയാലാണ് കൊട്ടാരക്കരത്തമ്പുരാൻ രാമനാട്ടം നിർമ്മിച്ചതെന്നുള്ള ഐതിഹ്യം മാത്രമാകുന്നു. ഈ ഐതിഹ്യത്തിന്നു പ്രാമാണ്യംനല്കുന്നതായാൽ ആട്ടക്കഥകൾ കൊല്ലവർഷം ഒമ്പതാംനൂററാണ്ടിന്നു മുമ്പില്ലെന്നു സമ്മതിക്കാതെ തരമില്ല. മാനവേദൻ തമ്പുരാൻ കൃഷ്ണനാട്ടമുണ്ടാക്കിയതു കലിദിനം 1736612ന്ന് കൊല്ലവർഷം 829-ാമാണ്ട് ധനുമാസമാണെന്നു—

"സ്വായത്ഭക്തിഭരേണനുന്നമനസാ ശ്രീമാനവേദാഭിധ
ക്ഷോണീന്ദ്രേണകൃതാനിരാകൃതകലിഃ ഗ്രാഹ്യസ്തുതിഗ്ഗാഥ
ലക്ഷ്മീവല്ലഭകൃഷ്ണഗീതിരിതിവിഖ്യാതാതവാനുഗ്രഹാ- [കൈഃ
ദേഷാപുഷ്കരലോചനഹരജതാം പുഷ്ണാതുമോക്ഷശ്രിയം.

എന്ന ശ്ലോകംകൊണ്ടു തെളിയുന്നുണ്ട്. കൂടാതെ തെക്കൻ കണ്ണാടകത്തിലും മൈസൂരിലും യക്ഷഗാനം എന്നൊരുവക നൃത്യപ്രസ്ഥാനം കാണുന്നുണ്ട്. ഈ നൃത്യപ്രകാരം കഥകളികളുടെ ഒരുവകഅനുകരണമാണെന്നുള്ളതിന്നു യാതൊരു സംശയവുമില്ല. ഇവയിൽ ചിലകഥകൾക്കുതന്നെ മുന്നൂറോളം വർഷത്തെ പഴക്കമുണ്ടെന്നാണ് കണ്ണാടകപണ്ഡിതന്മാരുടെ അഭിപ്രായം. ഇതു ശരിയാണെങ്കിൽ നമ്മുടെ കഥകളി കൊല്ലവർഷം 829ന്നു മുമ്പില്ലെന്നു പറയാൻ ശങ്കിക്കേണ്ടിയിരിക്കുന്നു.

ഏതായാലും ആട്ടക്കഥാപ്രസ്ഥാനത്തിൻെറ ഉപജ്ഞാതാവായി നാമാദരിച്ചുപോരുന്ന കൊട്ടാരക്കരത്തമ്പുരാൻ വഞ്ചിഭൂഭരിച്ചിരുന്ന ഒരുവീരകേരളവമ്മരാജാവിൻെറ മരുമകനും ശങ്കരകവിയുടെ ശിഷ്യനുമാണെന്നു,

“പ്രാപ്താനന്തഫലനശ്രീയഃ പ്രിയതമശ്രീ
രോഹിണീജന്മനോ
വഞ്ചിക്ഷ്മാവരവീരകേരളവിഭോ രാജ്ഞഃ
സ്വസുസ്സൂനനാ
ശിഷ്യേണപ്രവണേന ശങ്കരകവേ രാ-
മായണം വൎണ്യതെ
കാരുണ്യേന കഥാഗുണേന കവയഃ കു-
ൎവ്വന്തു തൽകൎണ്ണയോഃ”

എന്ന രാമനാട്ടത്തിലെ ശ്ലോകംകൊണ്ടു വെളിവാകുന്നുണ്ട്. എന്നാൽ ഇദ്ദേഹത്തിൻെറ പേരെന്തെന്നോ കാലമെന്തെന്നോ നിശ്ചയിക്കുവാൻ തക്കതായ യാതൊരു പ്രമാണവും ഇതുവരെ കണ്ടുകിട്ടീട്ടില്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. വഞ്ചിക്ഷ്മാവരന്മാരായി പലേ കേരളവമ്മത്തമ്പുരാക്കന്മാരുമുണ്ടായിരുന്നതുകൊണ്ട് അവരിൽ ആരുടെമരുമകനാണ്‌രാമനാട്ടത്തിൻെറ കത്താവെന്നുനിൎണ്ണയിക്കാനും പ്രയാസമായിരിക്കുന്നു കൊട്ടാരക്കര രാജകുഡുംബം ക്രൂപകസ്വരൂപത്തിൻെറ ഒരു ശാഖയാണ്. കൊല്ലവഷം 507 മുതൽ 510 വരെ വേണാട്ടു ഭരിച്ചിരുന്ന സവ്വാംഗനാഥനെന്ന പ്രസിദ്ധനായ ആദിത്യവമ്മകുലശേഖരപ്പെരുമാളാണ് എളിയടത്തു

സ്വരൂപമെന്ന സ്ഥാനപ്പേരോടുകൂടിയ ഒരു ശാഖയെ കൊട്ടാരക്കരയിൽ താമസിപ്പിച്ചതെന്നും കൊല്ലം 909ൽ ഒരുറാണിമാത്രമാകയാൽ മാർത്താണ്ഡവർമ്മമഹാരാജാവു് കൊട്ടാരക്കരരാജ്യം തിരുവിതാംകൂറോടുചേർത്തു റാണിയേക്കൊട്ടാരക്കരയോ തിരുവിതാംകൂറോ ഇഷ്ടംപോലെ താമസിപ്പാൻ അനുവദിച്ചുവെന്നും തിരുവിതാംകൂർ രാജ്യചരിത്രത്തിൽ കാണുന്നുണ്ടു്. ഇങ്ങിനെ കൊട്ടാരക്കര രാജകുഡുംബം കൊല്ലവർഷം 507 മുതൽ 909വരെയാണ് നിലനിന്നിട്ടുള്ളതു്. 'പ്രാപ്ലാനന്ത' എന്നപദ്യത്തിലെ 'വഞ്ചിക്ഷ്മാവരവീരകേരളവിഭോഃ' എന്നപദംകൊണ്ടു തമ്പുരാൻ തന്റെ അമ്മാമനായിനിർദ്ദേശിച്ചിരിക്കുന്നആൾ അന്നുവേണാടുഭരിച്ചിരുന്ന രാജാവാണെന്നും വിശേഷിച്ചു വിഭുപദംകൊണ്ടു അദ്ദേഹത്തിനുപെരുമാളെന്ന സ്ഥാനപ്പേരുണ്ടായിരുന്നുവെന്നും നമുക്കു് ഊഹിക്കാവുന്നതാണ്. പെരുമാളെന്ന സ്ഥാനമാകട്ടെ ചേരമാൻപെരുമാൾക്കുശേഷം കൂപകസ്വരൂപത്തിലേക്കാണ് സിദ്ധിച്ചതു. ആ സ്വരൂപം ക്ഷയോന്മുഖമായതോടുകൂടിയാണ് ഇന്നത്തെ തിരുവിതാംകൂർ രാജവംശത്തിലേക്കടങ്ങിയതു്. ആകയാൽ തമ്പുരാൻ തന്റെ അമ്മാമനാണെന്നുപറഞ്ഞിരിക്കുന്ന ആ വീരകേരളവർമ്മ കൂപകസ്വരൂപത്തിൽ രാജ്യംഭരിച്ചിരുന്ന ആളായിരിക്കുമെന്നു വിചാരിക്കാം. എന്നാൽ കൂപകസ്വരൂപത്തിൽ പ്രസ്തുതനാമധേയത്തോടുകൂടിയ ഒന്നിലധികം രാജാക്കന്മാർ നാടുവാണിട്ടുള്ളതുകൊണ്ടു് അവരിൽ ആരാണ് പ്രകൃതത്തിലെ വീരകേരളവർമ്മഎന്നു നിശ്ചയിക്കുവാൻ പ്രയാസമായിരിക്കുന്നു, തമ്പുരാൻറസ്സുഹൃത്തായി നിർദ്ദേശിച്ചിരിക്കുന്ന ശങ്കരകവിയും ആരാണെ

ന്നു സംഗതിയും മേപ്പടിതന്നെ. പക്ഷെ—

"കോലാനേലാവനസുരഭിലാൻ യാഹിയത്രപ്രഥന്തേ
വേലാതീതഃപ്രഥിതവചസഃശങ്കരാദ്യാഃകവീന്ദ്രാഃ"

എന്നിങ്ങിനെ ഉദ്ദണ്ഡശാസ്ത്രികളുടെ കോകിലസന്ദേശത്തിലും

"ശ്രീശങ്കരേണവിദുഷാകവിസാർവ്വഭൌമേ-
നാനന്ദമന്ദഗതിനാപുരതോ ഗതേന
ശ്രീമന്മുകുന്ദമുരളീ മധുരസ്വരേണ
പദ്യൈരവദ്യരഹിതൈരനുവർണ്ണ്യമാനാ."

"ഉചിതരസവിചാരേ ചാരുവാഗ്ദേവതാശ്രീ-
കരകിസലയസമ്മൃഷ്ടശ്രമസ്വേദജാലം
അഹമഹമികയാവന്നർത്ഥശബ്ദപ്രവാഹം
ഭവതുവദനബിംബം പ്രീതയേശാങ്കരം മേ."

എന്നു ചന്ദ്രോത്സവത്തിലും സ്തുതിക്കപ്പെട്ടിരിക്കുന്ന ആ ശങ്കരകവിതന്നെയാണെങ്കിൽ അദ്ദേഹത്തിൻെറ കാലം നിർണ്ണയിക്കുന്നതിനു ചില വഴികളുള്ളതുകൊണ്ട് തമ്പുരാൻെറ കാലവും ഒരുവിധം നിശ്ചയിക്കാമെന്നു തോന്നുന്നു. ഈ ശങ്കരകവി കോലത്തു നാട്ടുകാരനാണെങ്കിൽതന്നെ കോലത്തിരി രാജവംശം വേണാട്ടു രാജവംശത്തിൻെറ ഒരു ശാഖയാകകൊണ്ടും ഒത്തുവഴിക്കാമററം ആ ബന്ധത്തിനു ശക്തി കുറയാതിരുന്നതിനാലും കൊട്ടാരക്കരത്തമ്പുരാൻെറ ഗുരുഭൂതനാവുന്നതിൽ അസാംഗത്യവുമില്ല. വിശേഷിച്ചു ശങ്കരക

വി കോലത്തുനാടുവിട്ടു തെക്കൻ ദിക്കുകളിലും താമസിച്ചിരു ന്നുവെന്നതിന്നു ചന്ദ്രോത്സവംതന്നെ സാക്ഷ്യംവഹിക്കുന്നുമുണ്ട്. കൂടാതെ ചന്ദ്രോത്സവത്തിൽ—

"മധുമൊഴിപുനമെന്നാനൽകവീന്ദ്രേണ സാര-
സ്വതപരിമളമോലും പദ്യഗദ്യൈരനേകൈഃ
പകലിരവുവളർത്തി സ്തൂയമാനാപദാനാ
മധുരകവിഭിരന്യൈരപ്യനന്താരാഘവാദ്യൈഃ"

"മദയതി പുനമിന്നും ഭൂരിഭൂമക്രവാളം"

എന്നിങ്ങിനെ പുനത്തെപ്പററിയും പറഞ്ഞുകാണുന്നതിനാൽ ശങ്കരകവിയും, പുനവും, ഉദ്ദണ്ഡശാസ്ത്രികളും സമകാലികന്മാരാണെന്നു നിശ്ചയിക്കാവുന്നതാണ്.

"പലായദ്ധ്വം പലായദ്ധ്വം രേ! രേ! ദുഷ്കവികുഞ്ജരാഃ
കവിതാവനസഞ്ചാരീക്രാമത്യുദ്ദണ്ഡകേസരീ"

എന്നിങ്ങിനെ കവികളെ ആകപ്പാടെയും

"ഭാഷാകവിനിവഹോയം
ദോഷാകരവൽ വിഭാതിഭുവനതലേ
പ്രായേണ വൃത്തഹീനഃ
സൂര്യാലോകേ നിരസ്തഗോപ്രസരഃ"

എന്നിങ്ങിനെ ഭാഷാകവികളെ പ്രത്യേകിച്ചും ആക്ഷേപിച്ച ആ ഉദ്ദണ്ഡകേസരി പുനത്തിന്റെ "താരിൽതന്വീകടാ

ക്ഷ്മാഞ്ചല മധുപകലാരാമ—" എന്ന പദ്യത്തിലെ "അന്തഹന്തയ്ക്കിന്തപട്ട്" സമ്മാനിച്ചതും

"അധിഃകരളമഗ്ര്യഗിരഃ
കവയഃ കവയന്തുവയന്തുനതാൻ വിനമഃ
പുളകേദ്ഗമകാരിവചഃ
പ്രസരംപുനമേവപുനഃ പുനരാസ്തുമഹേ"

എന്നിങ്ങിനെ ഒരു 'സർട്ടിഫിക്കററു' കൂടി കൊടുത്തതും സുപ്രസിദ്ധമായ ഐതിഹ്യമാണല്ലോ. ഈ പുനമാകട്ടെ, മാനവിക്രമനെന്ന ശക്തൻ തമ്പുരാൻെറ സദസ്സിലെ പതിനെട്ടരക്കവികളിൽ അരക്കവിയായിട്ടാണ് പ്രസിദ്ധിയുള്ളതു്.

പയ്യൂർ പട്ടേരിമാരിൽ 'ഋഷി' യെന്ന ഭട്ടതിരിയും അദ്ദേഹത്തിൻെറ പുത്രന്മാരുംകൂടി ഒമ്പതും, തിരുവേഗപ്പുഴ നമ്പൂതിരിമാർ അഞ്ചുപേരും, മുല്ലപ്പിള്ളിപ്പട്ടേരി, ചേന്നാസ്സുനമ്പൂരി, കാക്കശ്ശേരിപ്പട്ടേരി, ഉദ്ദണ്ഡശാസ്ത്രികൾ എന്നിവർ നാൽവരും അരക്കവിയായ പുനവുംകൂടി ആകെ പതിനെട്ടരക്കവികളായിരുന്നുവത്രെ. ഈ സദസ്സിലെ ഒരാളായ ചേന്നാസ്സുനമ്പൂരിയാണ് ഉദ്ദണ്ഡശാസ്ത്രികളെ പരിചയപ്പെടുത്തിക്കൊടുത്തതെന്നും ആയതു—

പ്രക്രീഡൽ കാർത്തവീര്യാർജ്ജുനഭുജവിദ്ധുതോ-
ന്മുക്തസോമോത്ഭവാംഭ-
സ്സംഭാരാഭോഗഡംഭപ്രശമനപടുവാ-
ഗ്ഗുംഭഗംഭീരിമശ്രീഃ

തുണ്ഡീരക്ഷോണിദേശാത്തവഖലുവിഷയേ
ഹിണ്ഡതോദ്ദണ്ഡസൂരി-
സ്സോയംതേ വിക്രമക്ഷ്മാവരനകിമുഗതഃ
ശ്രോത്രിയഃശ്രോത്രദേശം."

എന്ന ശ്ലോകംകൊണ്ടാണെന്നുമൈതിഹ്യമുണ്ട്. ഈ ചേന്നാസ്സുനമ്പൂരിയുടെ ജനനം കലിവർഷം 4529നു കൊല്ലവർഷം 603ൽ ആണെന്നു അദ്ദേഹത്തിൻെറ തന്ത്രസമുച്ചയത്തിലുള്ള

"കല്യബ്ദേഷ്വതിയൽസുനന്ദനയനേ-
ഷ്വാംഭോധിസംഖ്യേഷുയഃ
സംഭൂതോഭൃഗുവീതഹവ്യമുനിയുങ്-
മൂലേസവേദാന്വയേ
പ്രാഹ്ണ്യസ്യജയന്തമംഗലപദേ-
ഭാംധാമനാരായണഃ
സോയംതന്ത്രമിദംവ്യധാൽബഹുവിധാദ്ധ-
ദ്ധൃത്യതന്ത്രാണ്ണവാൽ".

എന്ന പദ്യംകൊണ്ട് വ്യക്തമായി മനസ്സിലാവുന്നുണ്ട്. ഈ പ്രമാണപ്രകാരം 603ൽ ഭൂജാതനായ ചേന്നാസ്സ് നാരായണൻനമ്പൂരി ശക്തൻതമ്പുരാന്റ ഉദ്ദണ്ഡശാസ്ത്രികളെ പരിചയപ്പെടുത്തിക്കൊടുത്തതു കൊല്ലവർഷം ഏഴാം നൂററാണ്ടിൻെറ പൂർവ്വാദ്ധത്തിലെ അന്ത്യഘട്ടത്തിലായിരിക്കാമെന്നു നമുക്കു വിചാരിക്കാം. ഈ കാലത്തോടടുത്തു കൃപകസന്ദേശത്തിൽ ഒരു വീരകേരളവമ്മതമ്പുരാനുണ്ടായിരുന്ന തായ

റിയുന്നുണ്ട്. അദ്ദേഹം രാജ്യഭാരം ചെയ്തിരുന്നകാലം 659 മുതൽ 667 വരെയാണെന്നുതിരുവിതാങ്കൂർ ചരിത്രത്തിൽ കാണുന്നു. ഈ കാലത്തിനിടക്കു ശങ്കരകവിക്കു 60 വയസ്സിലകമായിരിക്കാമെന്നും അദ്ദേഹംതന്നെയാണ് കൊട്ടാരക്കരത്തമ്പുരാൻെറ ഗുരുവെന്നും തൽകാലസ്ഥിതിക്കു വിചാരിക്കുന്നതിൽ വിരോധമുണ്ടെന്നു തോന്നുന്നില്ല. ഇങ്ങിനെ നോക്കുന്നതായാൽ ക്രൂപകസ്വരൂപത്തിലെ വീരകേരളവർമ്മകുലശേഖരപ്പെരുമാൾ രാജ്യം ഭരിച്ചിരുന്ന കാലമായ 659നും 667നും ഇടക്കാണ് കൊട്ടാരക്കരത്തമ്പുരാൻ രാമനാട്ടം നിർമ്മിച്ചതെന്നു നിശ്ചയിക്കാം. എന്നാൽ ഇതിലേക്കു സാമൂതിരി കൃഷ്ണനാട്ടം അയച്ചുകൊടുക്കാത്തതിലുള്ള വാശിയാലാണ് കൊട്ടാരക്കരത്തമ്പുരാൻ രാമനാട്ടം നിർമ്മിച്ചതെന്നുള്ള ഐതിഹ്യം യോജിക്കാതെയാണിരിക്കുന്നത്. ഈ ഐതിഹ്യത്തെ പ്രമാണമായംഗീകരിക്കുന്നപക്ഷം രാമനാട്ടം കൊല്ലവർഷം 829-ാമാണ്ടിന്നു ശേഷമാണെന്നാണാവുക.

**ഉള്ളൂരിൻെറ അഭിപ്രായം.**

പക്ഷെ ഈ ഐതിഹ്യത്തിന്നു അനുഗുണമായി റാവുസാഹിബ് ഉള്ളൂർ എസ്. പരമേശ്വരയ്യർഅവർകൾ തൻെറ Travancore Maharajas and Literature എന്ന ഉപന്യാസത്തിൽ ക്രിസ്തുവർഷം 1610 മുതൽ 1662 വരെ തിരുവിതാംകൂർഭരിച്ചിരുന്ന വീരരവിവർമ്മരാജാവ് 1623ൽ കൊട്ടാരക്കര എളിടയത്തു സ്വരൂപത്തിൽനിന്നു അവിടുത്തെ മൂത്തതമ്പുരാനായ വീരകേരളവർമ്മയെ ദത്തെടുത്തുവെന്നും രാമനാട്ടത്തിൻെറ കർത്താവ് ആ വീരകേരളവർമ്മയു

ടെ മരുമകനാണെന്നും അഭിപ്രായപ്പെട്ടിരിക്കുന്നു. ആട്ടക്കഥാകർത്താവിൻെറ നാമധേയം ബാലവീരകേരളവൎമ്മ എന്നാണെന്നും ഒരു പഴയ താളിയോലഗ്രന്ഥത്തിൽ "വഞ്ചിബാലവീരകേരളവൎമ്മരാമായണം കഥകളി" എന്ന് എഴുതിയിരിക്കുന്നതു അദ്ദേഹം കണ്ടിട്ടുണ്ടെന്നും പറഞ്ഞിട്ടുമുണ്ട്. എന്നു മാത്രമല്ല "പ്രാപ്താനന്തഫലനശ്രീയ:—" എന്ന ശ്ലോകത്തിൽ ഈ ഭത്തിനേയും മററും സൂചിപ്പിച്ചിട്ടുണ്ടെന്നാണ് അദ്ദേഹം പറയുന്നതു്. പ്രിയതമശ്രീരോഹിണീജന്മനഃ= വീരരവിവൎമ്മമഹാരാജാവിന്നു അത്യന്തം ഇഷ്ടനും (ആക്ക ശ്രീരോഹിണീജന്മാവ് പ്രിയതമനോ അങ്ങിനെയുള്ള ആൾ. ബഹുവ്രീഹിസമാസം.) വീരരവിവൎമ്മയുടെ മാതാവായ ഉമാദേവി രോഹിണീനക്ഷത്രജാതയാകയാൽ രോഹിണീശബ്ദംകൊണ്ട് ഉമാദേവിയെ ഗ്രഹിക്കണമെന്നു താല്പൎയ്യം (ഉമാദേവിയുടെ ജന്മനക്ഷത്രം രോഹിണിയാണെന്നതിലേയ്ക്കു പ്രമാണമുണ്ടെന്നും, രോഹിണീജന്മശബ്ദപ്രയോഗത്താൽ രാമകൃഷ്ണന്മാരെക്കൂടി കവി അഭിസന്ധാനം ചെയ്തിട്ടുണ്ടെന്നും ഉള്ളൂർ പറഞ്ഞിരിക്കുന്നു.) പ്രാപ്താനന്തഫലനശ്രിയഃ = പ്രാപ്തമായ അനന്തശ്രീയോടുകൂടിയവനും (ഭത്തുമൂലം) അനന്തസമ്പത്തു ലഭിച്ചവനും—ആയ—എന്നിങ്ങിനെയാണ് അദ്ദേഹം വ്യാഖ്യാനിക്കുന്നതു്.

ഭത്തു മുതലായ സംഗതികൾ പ്രകൃതശ്ലോകത്തിൽ കവി വിവക്ഷിച്ചിട്ടുള്ളതോ പണ്ഡിതവൎയ്യനും മഹാകവിയുമായ വ്യാഖ്യാതാവു സൃഷ്ടിച്ചിട്ടുള്ളതോ ആയിക്കൊള്ളട്ടെ. ഏതായാലും വഞ്ചിക്ഷ്മാവരവീരകേരളവിഭോ എന്ന പദ

സമ്പ്രദായമനുസരിച്ചു രാമനാട്ടം വീരകേരളവർമ്മ കുലശേഖരപ്പെരുമാളുടെ രാജ്യഭാരകാലത്ത് എഴുതിയതാണെന്നു നിശ്ചയിക്കാവുന്നതാണ്. ഉള്ളൂർ അവർകൾ കാണിച്ച പ്രമാണപ്രകാരം രാമനാട്ടത്തിന്റെ കാലം ക്രിസ്തുവർഷം 1662 നു ശരിയായ കൊല്ലവർഷം 837നു ശേഷമാകുന്നുവെന്നാണ് സിദ്ധിക്കുന്നതു. ഈ പക്ഷത്തിൽ കേരളത്തിലെ ആട്ടക്കഥാപ്രസ്ഥാനത്തിന്നു ഏറിയതു 270 വർഷത്തിൽ അധികം പഴക്കമില്ലെന്നു വരുന്നുണ്ട്. വിശേഷിച്ചു ആട്ടക്കഥാകർത്താവിന്റെ ഗുരുഭൂതനായ ശങ്കരകവി ആരാണെന്നു കണ്ടുപിടിക്കേണ്ടതായുമിരിക്കുന്നു.

എങ്ങിനെയായാലും കേരളത്തിൽ ചാക്യാർക്കൂത്തു, കൂടിയാട്ടം, മോഹിനിയാട്ടം മുതലായ അഭിനയപ്രധാനങ്ങളായ പല പ്രസ്ഥാനങ്ങളും പണ്ടുക്കുപണ്ടെ ഉണ്ടായിരുന്നു എന്നതിന്നു യാതൊരു സംശയവുമില്ല. ഇതിൽ ചാക്യാർക്കൂത്തും കൂടിയാട്ടവും പരിഷ്കരിച്ചു നടപ്പാക്കിയതു കുലശേഖരപ്പെരുമാളാണെന്നും അദ്ദേഹത്തിന്റെ കാലം കൊല്ലവർഷത്തിന്നു ഏകദേശം 150 വർഷങ്ങൾക്കു മുമ്പാണെന്നും ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നുണ്ട്. എന്നു മാത്രമല്ല ചാക്യാർക്കൂത്തിനെപ്പററി ചിലപ്പതികാരത്തിൽതന്നെ പറഞ്ഞുകാണുന്നതുമുണ്ട്. അതിൽ കടൽപിറകോട്ടിയ ചെങ്കുട്ടവനെന്ന ചേരരാജാവ് കണ്ണകിയുടെ വിഗ്രഹനിർമ്മാണത്തിന്നു ശിലകൊണ്ടുവരുവാൻ ഹിമാലയത്തിലേക്കു പോകുന്ന വഴി നീലഗിരിയിൽവെച്ചു നടന്ന ആഘോഷങ്ങളെ വിവരിക്കുന്ന കൂട്ടത്തിൽ ചാക്കിയാർ കൊടുകൊട്ടിക്കൂത്തു എന്ന നൃത്തവിശേഷം അഭിനയിച്ചതായിട്ടു വർണ്ണിച്ചിരിക്കുന്നു.

തിരുനിലൈച്ചേവടിച്ചിലമ്പുവായ് പുലമ്പവും
പരിതരുചെങ്കൈയിൽ പടുപറയാപ്പ്വും
ചെങ്കണ്ണായിരം തിരുക്കുറിപ്പരുളവും
ചെഞ്ചെടൈചെൻറുതിചൈമുഖമലമ്പവും
പാടകം പതയാതു ചൂടകം തുളങ്കാതു
മേകലൈയൊലിയാതു മെന്മുലൈയചയാതു
വാർകുഴെയാടാതു മണിക്കുഴലവിഴാ
തുമൈയവളൊരുതിറനാകവോങ്കിയ
യിമൈയവനാടിയകൊട്ടിച്ചേതം
പാത്തരുനാൽവകൈ മറയോർ പറൈയൂർ
ക്കൂത്താച്ചാക്കൈയനാടലിൻ മകിഴ്ന്തു.
(ചിലപ്പതികാരം.)

ഇതിൻെറ അത്ഥം:-

ശ്രീതാവുന്ന അരുണപാദത്തിലെ ചിലമ്പു ശബ്ദിക്കുകയും
വേഗവത്തായ അരുണഹസ്തത്തിലെ പറ ശബ്ദിക്കുകയും
അരുണനയനങ്ങളായിരം സൂചനം കാണിക്കുകയും
ചുകന്നജടചെന്ന് ദിങ്മുഖം വ്യാപിക്കുകയും
പാദസരം ചലിക്കാതെ വള ഇളകാതെ
മേഖലശബ്ദിക്കാതെ മൃദുസ്തനമിളകാതെ
കണ്ണാഭരണമാടാതെ മനോഹരകുന്തളമഴിയാതെ
ഉമയൊരുഭാഗത്തായിരിക്കവെ
ശിവനാടിയ കൊട്ടിക്കൂത്ത്
വിഭാഗിക്കാൻ പ്രയാസമായ നാലുവേദങ്ങളോടുകൂടിയവർ
(വൈദികർ) വസിക്കുന്ന പറയൂരിലുള്ള നൃത്യച്ചാക്യാർ
ആടുന്നതിൽ രാജാവ് സന്തോഷിച്ചു" എന്നാണ്.

ചിലപ്പതികാരത്തിൻെറയും ചെങ്കുട്ടവൻെറയും കാലം ചിലർ ക്രിസ്തുവൎഷം 2-ാം നൂററാണ്ടാണെന്നും മററു ചിലർ 5-ാം നൂററാണ്ടാണെന്നും വേറെ ചിലർ 6-ാം നൂററാണ്ടാണെന്നും പറയുന്നുണ്ട്. അതിനിപ്പുറമാണെന്നു ആൎക്കും അഭിപ്രായമുള്ളതായറിയുന്നില്ല. ഇന്നു നഷ്ടപ്രായമായ് കാണുന്ന മോഹിനിയാട്ടവും വളരെ പ്രാചീനംതന്നെയാണ്. നമ്മുടെ മോഹിനിയാട്ടത്തോടു തുല്യമായ ഒരുവിധം നൃത്യപ്രയോഗം ഞാൻ ഇയ്യിടെ മദിരാശിയിൽ ഒരു മാന്യൻെറ ഗൃഹത്തിൽവെച്ച കാണുകയുണ്ടായി. തമിഴിൽ ഇതിനെ അഭിനയക്കൂത്തു എന്നാണ് പറഞ്ഞുവരുന്നതു്. പണ്ടു പ്രസിദ്ധമായിരുന്ന ഈ അഭിനയക്കൂത്തു് ക്രമേണ ലുപ്തപ്രചാരമായ് ഭവിച്ചിരിക്കുന്നു. ഈ കൂത്തു് ദാസിയാട്ടത്തിൽനിന്നു വ്യത്യസ്തവും നമ്മുടെ മോഹിനിയാട്ടത്തോടു സൎവ്വാത്മനാ സാദൃശ്യമുള്ളതുമാണ്. ചിലപ്പതികാരത്തിൽ കരികാലചോളൻെറ അദ്ധ്യക്ഷതയിൽ, മാധവി എന്ന വേശ്യ ദേശി, മാൎഗ്ഗം മുതലായ കൂത്തുകളാടി അരങ്ങേറിയതിനെപ്പററി സവിസ്തരം വൎണ്ണിച്ചിട്ടുണ്ട്. ആ ഗ്രന്ഥത്തിന്നു 'അരുംപദവുരൈ' യെന്നും 'അടിയാൎക്കു നല്ലാരുരൈ' യെന്നും ശ്ലാഘ്യമായ രണ്ടുവ്യാഖ്യാനമാണിപ്പോൾ കാണുന്നതു്. അതിൽ ആദ്യത്തേതു വളരെ സംക്ഷിപ്തവും രണ്ടാമത്തേതു ആദ്യത്തേതിൻെറതന്നെ വിവരണവുമാകുന്നു. ഏററവും ഉപയുക്തമായ ഈ 'നല്ലാരുരൈ' മുഴുവനുമില്ലാത്തതു് അഥവാ ലഭിക്കാത്തതു് തമിഴ്സാഹിത്യത്തിൻെറ മാഹാത്മ്യത്തിന്നു വലുതായ ന്യൂനതയായിട്ടുവേണം വിചാരിപ്പാൻ. ഈ ഉരയിൽ അക്കാലത്തുള്ള കൂത്തുകളുടെ വൎഗ്ഗഭേദവും ലക്ഷണവും

വിവരിച്ചു നിർദ്ദേശിച്ചിട്ടുണ്ട്. അകക്കൂത്ത്, പുറക്കൂത്ത്, വശൈക്കൂത്ത്, പുകഴ്ക്കൂത്ത്, വേത്തിയൽ, പൊതുവിയൽ, വരിക്കൂത്ത്, വരിച്ചാന്തിക്കൂത്ത്, ശാന്തിക്കൂത്ത്, വിനോദക്കൂത്ത്, ആരിയൻകൂത്ത് തമിഴ്ക്കൂത്ത്, ഇയൽപുക്കൂത്ത്, ദേശിക്കൂത്ത് എന്നിങ്ങിനെ കൂത്തുകൾ പലവകയാണെന്നും അതിൽ മുൻപറഞ്ഞ അഭിനയം—അവിനയം—ശാന്തിക്കൂത്തിൽ ചേൎന്നതാണെന്നും ആ ഉരയിൽ സ്പഷ്ടമായി പ്രതിപാദിച്ചിരിക്കുന്നു. ശാന്തിക്കൂത്തു, ചൊക്കം, മൈ, അവിനയം (അഭിനയം), നാടകം ഇങ്ങിനെ നാലുവിധത്തിലാണ്. അതിൽ ചൊക്കമെന്നതു ശുദ്ധനൃത്താതന്നെ. മെയ്ക്കൂത്തു ദേശി, വടുക (മാൎഗ്ഗം), ശിങ്കളം എന്നു മൂന്നുതരത്തിലാണ്. ഇതിവൃത്തംകൂടാതെ പാട്ടുകളുടെ അൎത്ഥം മുദ്രകളെക്കൊണ്ടു അഭിനയിച്ചു കാണിക്കുന്നതിനെ അവിനയക്കൂത്തെന്നു പറയും. ഇതുതന്നെയാണ് നമ്മുടെ മോഹിനിയാട്ടം. ഇതിവൃത്തത്തോടുകൂടിയതു നാടകക്കൂത്ത്. "അവിനയം—കതൈതെഴവാതു പാട്ടിനതു പൊരുളുക്കു കൈകാട്ടി വല്ലവാംചെയ്യും പലവകൈക്കൂത്തു. നാടകം കതൈതെഴവിവരും കൂത്തു." എന്നാണ് ഉരയിൽ പറഞ്ഞിരിക്കുന്നതു. ഇങ്ങിനെ ചിലപ്പതികാരം എന്ന ഗ്രന്ഥംകൊണ്ടും അതിൻെറ വ്യാഖ്യാനംകൊണ്ടും കൂത്തു, മോഹിനിയാട്ടം മുതലായ നൃത്യകലകൾ വളരെ പ്രാചീനങ്ങളാണെന്നും അവയിൽ കേരളീയർ അദ്വിതീയരാണെന്നും സിദ്ധിക്കുന്നുണ്ടു. ചിലപ്പതികാരത്തിൻെറ കൎത്താവായ ഇളംകോവടികൾ ഒരു കേരളീയനാണെന്നു വിശേഷിച്ചു പറയേണമെന്നില്ലല്ലോ?

തീരെ ലുപ്തപ്രചാരമായ്ത്തീന്നിരിക്കുന്ന തമിഴരുടെ അഭിനയക്കൂത്തിന്നും കേരളീയരുടെ മോഹിനിയാട്ടത്തിന്നും തമ്മിൽ യാതൊരുവ്യത്യാസവും കാണുന്നില്ല. പല തമിഴ്പാട്ടുകഠംപോലും മോഹിനിയാട്ടത്തിൽ പാടുകപതിവാണ്. താളമേളത്തോടുകൂടി ശ്രുതിയൊപ്പിച്ചു പാട്ടുകാർ പാടുന്നപാട്ടുകളുടെ അത്ഥം കൺ പുരികം മുതലായ ഉപാംഗങ്ങളെക്കൊണ്ടും കൈമുദ്രകളെക്കൊണ്ടും അഭിനയിച്ചു നൃത്തനം ചെയ്യുകയാണല്ലൊ മോഹിനിയാട്ടമെന്നതു്. എന്നാൽ ആട്ടക്കഥയിലെപ്പോലെ അത്രയധികം കൈമുദ്രകളിതിൽ ഇല്ല. ഉള്ളവതന്നെ ലാസ്യോചിതങ്ങളും മോഹനങ്ങളുമാണ്. പാട്ടുകളും ഇതിവൃത്താനുബന്ധികളല്ല. കേവലം മുക്തകങ്ങളാണ്. കഥകളിയിലെ ചെണ്ട, ചേങ്ങല, എന്നിവയുടെ സ്ഥാനത്തു മോഹിനിയാട്ടത്തിൽ മൃദംഗം കുഴിതാളമെന്നിവയാണ്. ആകപ്പാടെ സ്ത്രീകൃതമായ ഇതിലെ നൃത്യംതന്നെ സൌമ്യമാകയാൽ ലാസ്യപ്രകാരമാണെന്നു വേണംപറയുവാൻ; ആട്ടക്കഥയിലേതുപോലെ താണ്ഡവമല്ല. ഉദ്ധതമായ നൃത്യമോ നൃത്തമോ ആണല്ലൊ താണ്ഡവമെന്നുപറയുന്നതു്. ഈ സ്ഥിതിക്കു കേരളീയരായ നമ്മുടെ ലാസ്യരൂപമായ നൃത്യമാണ് മോഹിനിയാട്ടമെന്നും താണ്ഡവരൂപമായനൃത്യമാണ് ആട്ടകഥ അല്ലെങ്കിൽ കഥകളി എന്നും നിശ്ചയിക്കാവുന്നതാണ്. ഈവകസംഗതികഠം ആലോചിക്കുന്നതായാൽ കേരളീയർ ചിലപ്പതികാരകാലത്തിന്നു മുമ്പുതന്നെ നൃത്യാദികലയിൽ പ്രവീണന്മാരായിരുന്നുവെന്നും, അതുകൊണ്ടു ആകാലത്തിന്നുശേഷം ക്രമേണ അന്നുണ്ടായിരുന്ന കൂത്തു മോഹിനിയാട്ടം മുതലായവയിൽനിന്നു

പരിഷ്കൃതരീതിയിൽ അവതരിച്ചതായിരിക്കണം നമ്മുടെ ആട്ടകഥാപ്രസ്ഥാനമെന്നും വിചാരിക്കുന്നതു അയുക്തമല്ലെന്നു മാത്രമേ തല്ക്കാലം പറയുന്നുള്ളൂ.

കേരളീയവിദ്യാൎത്ഥികളിൽ കഥകളി കണ്ടിട്ടില്ലാത്തവർ ദുല്ലഭമല്ലായ്കയാൽ കഥകളിയുടെ സ്വരൂപത്തെപ്പററി കുറഞ്ഞൊന്നുപറയുന്നതും ഇന്നത്തെക്കാലസ്ഥിതിക്കു ആവശ്യമായിട്ടാണ് വന്നിരിക്കുന്നതു്.

സാമാന്യസ്വരൂപവിവരണം.

ഇന്നു നഗരങ്ങളിലുംമററും വല്ല നാടകമോ പ്രഹസനമോ അഭിനയിപ്പാൻ പോകുന്നുണ്ടെങ്കിൽ മുൻകൂട്ടി എല്ലാവരേയും അറിയിക്കുവാൻ നോട്ടീസ്സുവിതരണംചെയ്യുക പതിവാണല്ലോ, കഥകളിയിൽ ഈ കൃത്യം നിൎവ്വഹിക്കുന്നതു കേളികൊട്ടുകൊണ്ടാണ്. ഒരു പ്രത്യേകതരം കൊട്ടാണ് കേളിക്കയ്യ്. ഇതിന്നുള്ള ഉപകരണങ്ങൾ ചെണ്ട, ശുദ്ധമദ്ദളം, ഇലത്താളം എന്നിവയാണ്. സാധാരണ സന്ധ്യക്കാണ് കേളികൊട്ടുക. 'കേളി' എന്ന ശബ്ദംതന്നെ അന്വൎത്ഥമാണെന്നു പ്രത്യേകിച്ചു എടുത്തുപറയേണമെന്നില്ലല്ലോ. പകലെത്തന്നെ ഊൺകഴിഞ്ഞു ഒരുങ്ങിയ വേഷക്കാർ കേളികഴിഞ്ഞാൽ ഉടനെ തേപ്പിന്നായി അണിയറയിലേക്കു പ്രവേശിക്കുകയായി. സ്ത്രീ, മുനി മുതലായ ചില ചില്ലറ വേഷങ്ങളൊഴിച്ചു മററുള്ളവരൊക്കെ ചുട്ടിക്കു കിടക്കുകയാണു പതിവ്. പ്രായേണ ചുട്ടികുത്തിക്കഴിയുന്നതോടുകൂടി വൻകിടവേഷക്കാരുടെ ഏതാനും ഉറക്കവും കഴിയും. അരിമാവു, മനോല, കരി എന്നിവയാണു തേപ്പിന്നുള്ള സാമാനങ്ങൾ.

എട്ടെട്ടര മണിയോടുകൂടി അരങ്ങത്തു വിളക്കുവെക്കുകയും മദ്ദളമാരംഭിക്കുകയും ചെയ്യും. കുറച്ചു കഴിയുമ്പോഴേക്കു മദ്ദളത്തിന്നു പിന്നിലായി രണ്ടുപേർവന്നു് തിരശ്ശീല നിവർത്തിപ്പിടിക്കും. പിന്നെ തോടയമായി. തലയിൽ ഒരുതരം കെട്ടുമായി യോഗത്തിലെ കുട്ടിത്തരക്കാർ ഈശ്വരപ്രാർത്ഥനാപരമായ പാട്ടുകളുടെ താളത്തിന്നനുസരിച്ചു ചില ചോടുകൾ വെച്ചു അമർന്നു കളിക്കുകയാണ് തോടയം. നാടകത്തിലെ പൂർവ്വരംഗത്തിന്റെ സ്ഥാനത്താണ് കഥകളിയിലെ ഈ കൃത്യം. ഇതാണ് കഥകളിയുടെ ആരംഭം. തോടയം എന്ന പദത്തിന്റെ അക്ഷരാർത്ഥംതന്നെ തുടക്കമെന്നതാണ്. അതു കഴിഞ്ഞാൽ പുറപ്പാടിന്നുള്ള വട്ടമായി. പുറപ്പാടിന്നു മുമ്പിലായ്തന്നെ പാട്ടുകാർ വന്ദനശ്ലോകങ്ങൾ ചൊല്ലിക്കഴിയും.

പുറപ്പാടെന്നതു കഥയിൽ ആദ്യമായി വരുന്നതും പ്രധാനവുമായ ഒരു പാത്രവും അതിനെ സംബന്ധിച്ചുള്ള മററുചില പാത്രങ്ങളും ശംഖുവിളി, ആലവട്ടം, മേലാപ്പു എന്നീ അഘോഷത്തോടുകൂടി രംഗപ്രവേശനം ചെയ്യുകയാണ്. പാത്രങ്ങളിൽ ഒന്നു പ്രായേണ സ്ത്രീവേഷമായിരിക്കും. ശംഖുവിളി മുതലായവ ദിവ്യത്വസൂചകങ്ങളാകയാൽ ദിവ്യനായ പുരാണകഥാപുരുഷന്റെ സാന്നിദ്ധ്യമാണ് പുറപ്പാടുകൊണ്ടു കാണിക്കുന്നതെന്നു നമുക്കു വിചാരിക്കാം. അതല്ലാതെ മറെറാരു പ്രയോജനവും അതുകൊണ്ടുള്ളതായി അറിയുന്നില്ല. പക്ഷെ നാടകങ്ങളിലെ പ്രസ്താവനതന്നെയാണ് പുറപ്പാടെന്നു പറയുന്നതായാൽ ശംഖുവിളി, ആലവട്ടം, മേലാപ്പെന്നിവക്ക് അവിടെ യാതൊരു പ്രസക്തിയും

കാണുന്നില്ല. ശരിയായ പാത്രപ്രവേശരൂപമായ അടുത്ത ഘട്ടത്തിൽ വേണ്ടതു സൂത്രധാരപ്രവേശത്തിലായതു ആട്ടക്കാക്കു പററിയ അബദ്ധമാണെന്നു പറവാനും ധൈര്യം വരുന്നില്ല. പാരമ്പര്യവഴിക്കു അഭ്യസിച്ചുപോരുന്ന യോഗക്കാക്കു ആവക അബദ്ധങ്ങൾക്കവകാശമുണ്ടെന്ന് എങ്ങിനെയാണ് വിചാരിക്കുക. ഏതായാലും ഇതിൽ കണ്ണും കയ്യും മെയ്യും യോജിച്ചുകൊണ്ടുള്ള സൌമ്യമായ ഒരുവക നൃത്തം മാത്രമല്ലാതെ വിശേഷിച്ച അഭിനയമൊന്നുമില്ല.

" സപ്തലോകാധിപതിശ്ശ്രീവല്ലഭനമലൻ "

ഇത്യാദിയാകുന്നു പ്രസ്തുതകഥയിലെ പുറപ്പാട്ടുപദം.

കിമ്മീരവധത്തിൽ—

" ഭൂഭാരംതീർപ്പാനായി ഭൂമിയിൽവന്നവതരിച്ച "

ഇത്യാദി പുറപ്പാട്ടുപദമാണ്. ശംഖുംവിളിയുംമററും ഇവിടേയുമുണ്ട്. എന്നാൽ ഈപദം കഥയുടെ ഇടയ്ക്കാണ് ആദ്യമല്ല. ഇങ്ങിനെ പാത്രമാഹാത്മ്യമനുസരിച്ച പുറപ്പാട്ട ചില കഥയിൽ ഇടയ്ക്കുകൂടി കാണുന്നതും കേരളീയക്കു പുരാണത്തോടും അതിലെ കഥാപുരുഷന്മാരോടുമുള്ള ഭക്തിയും മററും ആലോചിക്കുമ്പോൾ പുറപ്പാടെന്നതു നാടകത്തിലെ പ്രസ്താവനയ്ക്കു സമാനയോഗക്ഷേമമാണെന്നു പറയുന്നതിലും ദിവ്യകഥാപുരുഷസാന്നിദ്ധ്യപ്രദർശനമാണെന്നു വിചാരിക്കുന്നതു കുറേക്കൂടി ഉചിതമായിരിക്കുമെന്നു തോന്നുന്നു.

പുറപ്പാട്ട കഴിഞ്ഞാൽ മേളപ്പദമായി. ഈ അവസരത്തിലാണ് മഞ്ജുതര പാടുന്നതു്. സാധാരണ മഹാന്മാരുടേയും, രാജാക്കന്മാരുടേയും മററും എഴുന്നള്ളത്തിന്നു

മുമ്പിൽ പ്രചരിക്കുന്ന ആഘോഷംപോലെയുള്ള ആഘോഷംതന്നെയാണ് മേളപ്പദം.

അതിന്നുശേഷമാണ് കഥയാരംഭിക്കുന്നത്. കഥകളിയിലെ കഥാവസ്തു പൌരാണികമല്ലാതെ ചരിത്രമോ, കല്പിതമോ ആയിരിക്കയില്ല, എന്നാൽ കവികൾ പുരാണകഥകളെ അങ്ങിനെതന്നെ പകൎത്താതെ രംഗത്തിന്നും സഭ്യന്മാരുടെ രുചിക്കുമനുഗുണമായവിധത്തിൽ ചില ഭേദഗതികൾ വരുത്തുകയും പതിവാണ്. കളി നേരം പുലരുന്നതുവരെ ഉണ്ടാവും. വേഷക്കാർ ആടുകയല്ലാതെ പാടുകയില്ല. പാട്ടുന്നതിന്നു പ്രത്യേകമാളുകളാണ്. മുൻപാട്ടുകാരനെ 'പൊന്നാനി' യെന്നും ചില ദിക്കിൽ 'മുന്നാണി' എന്നും പിൻപാട്ടുകാരനെ ശങ്കിടിയെന്നും പറയും. സാധാരണയായി കഥകളിയിലെ വാങ്മയം പദ്യമായിട്ടും പദമായിട്ടുമാണ്. ചില ദിക്കിൽ ദണ്ഡകവുമുണ്ടാകും. പദ്യം അല്ലെങ്കിൽ ശ്ലോകം ഒക്കെയും കവിവാക്യമായിരിക്കും. അത്ഭുതമോ ഭാവിയോ ആയ കഥാംശത്തിന്റെ ഒരു ചുരുക്കം മാത്രമായിരിക്കും. 'ശ്ലോകത്തിൽ കഴിക്കുക' എന്ന ശൈലിതന്നെ കഥകളിശ്ലോകങ്ങളെ അവലംബിച്ചുണ്ടായതായിരിക്കണം, അതുപോലെ ദണ്ഡകവും കവിവാക്യംതന്നെയാകുന്നു. പദമെന്നതു പാട്ടുതന്നെ. ഇതു പല്ലവി, അനുപല്ലവി, ചരണം എന്ന വിഭാഗത്തോടുകൂടിയതാണ്. പദത്തിലെ അവാന്തരഖണ്ഡങ്ങളെയാണ് ചരണങ്ങളെന്നു പറയുന്നത്. സാധാരണ ഒരു ചരണത്തിൽ നാലു പാദങ്ങളാണുണ്ടാവുക. ഓരോഖണ്ഡം കഴിയുമ്പോഴും കലാശംവെയ്ക്കുന്നതുമാവശ്യമാണ്. കലാശത്തിന്റെ സ്വരൂപത്തെ

പ്പററി കഥകളിപ്രകാശികയിൽ പറഞ്ഞിരിക്കുന്നതു താഴെ ചേർക്കുന്നു—

"ഖണ്ഡംതികയും സമയത്തെല്ലാം
ചിട്ടപ്പടിയാസ്സൂാളം തട്ടീ
ട്ടൊട്ടുകലാശമെടുപ്പിക്കേണം."

"കലകളിലൊന്നിക്കളിയെന്നറിയുക
യറുതിക്കതിന്റെ മാന്യത കാട്ടാൻ
കൈകറ്റകമിഴ്ത്തിയുരത്തൊടുതുല്യാ
മുട്ടുമടക്കീട്ടഥ വിരൽപൊക്കി
മെയ്യും കയ്യും കണ്ണും യോജി-
ച്ചനവധിയെണ്ണം കാലുകളാലെ
അരയിൽത്താണു ചവുട്ടിവിളക്കി-
ന്നരികിൽചെന്നു വലത്തേക്കാലാൽ
തികതിത്തെയെന്നൊന്നു തൊഴിച്ചു ച-
വുട്ടിനിറുത്തും താളംതന്നിൽ
അതിനൊടുശരിയായ് മേളക്കാരും
ചിതമൊടു കൊട്ടുമിതാണു കലാശം."

വേഷത്തെ സംബന്ധിച്ചേടത്തോളം പൊതുവെ ചുരുക്കത്തിൽ 'മിനുക്ക്' 'തേപ്പ്' 'താടി' എന്നു മൂന്നുവിധത്തിൽ പിരിക്കാം. മിനുക്ക് എന്നതു മുഖം മിനുപ്പിക്കൽ മാത്രമാകുന്നു. നാടകങ്ങളിലെ നായികാനായകന്മാൎക്കെന്നപോലെ കഥകളിയിലെ സ്ത്രീ, ഋഷി, ബ്രാഹ്മണൻ മുതലായവൎക്കു നേൎമ്മയായ രീതിയിൽ മനോല തേക്കുക പതിവാ

ണ്. ഇതിൻെറ നിറം ഇളംചുകപ്പും മഞ്ഞയും കലൎന്ന തരമായിരിക്കും. പുറമെ കവിളത്തുംമററും വെളുത്ത ചില ചെറു പുള്ളികളും, നെററിയിൽ ഗോപിയും തൊടീക്കും. കണ്ണ്, പുരികം, ഇമ എന്നിവയിൽ മഷിതേക്കുകയും, ചുണ്ടും കണ്ണും നന്നെ ചുവപ്പിക്കയും ചെയ്യും. കണ്ണു ചുവപ്പിക്കാൻ ചുണ്ടപ്പൂവാണു ഉപയോഗിക്കുന്നതു. ഈ പ്രകാരത്തിലുള്ള വേഷസമ്പ്രദായത്തെയാണ് മിനുക്കെന്നു പറയുന്നതു്. ജാത്യാ സൌമ്യപ്രകൃതികളുടെ വേഷം മിനുക്കാകുന്നു.

തേപ്പു, പച്ചയെന്നും കത്തിയെന്നും രണ്ടുവിധത്തിലാണ് അതിൽ മുഖത്തു പച്ചനിറത്തിലുള്ള മനോലയാണ് തേക്കുക. മുഖത്തിന്നു ചുററും വട്ടത്തിൽ ഒരു വിരലിലധികം വീതിയിൽ ചുട്ടിയായി മാവുവെച്ചു പിടിപ്പിക്കും. കണ്ണും ചുണ്ടും മററും മുൻപറഞ്ഞപോലെ തന്നെ. ഇതു നായകൻ ഉപനായകൻ മുതലായവൎക്കാകുന്നു.

കത്തി. പച്ചയിൽ ഏതാനും ചില വൈശിഷ്ട്യത്തോടുകൂടിയതാണ് കത്തി. ആ വിശേഷം കണ്ണുകൾക്കു ചുററും കത്തികളുടെ ആകൃതിയിൽ ചുകപ്പുവൎണ്ണവും മൂക്കിൻതലയ്ക്കൽ വെളുത്ത ചുട്ടിപ്പൂവുമാകുന്നു. ചുട്ടിപ്പൂവ് മാവുകൊണ്ടാണ് വെച്ചുപിടിപ്പിക്കുന്നതു്. ഇതു അസുരപ്രകൃതികളായ വീരന്മാൎക്കുള്ള വേഷമാണ്.

താടി. കരി, വെള്ളത്താടി, ചുകന്നതാടി എന്നു മൂന്നു വിധത്തിലാണ്. ഘനത്തിലും വീതിയിലുമായി ചെവിയോളം ചെല്ലുന്ന കൃത്രിമത്താടിയുള്ളതുകൊണ്ടാണ്

ഈ വേഷവിഭാഗത്തെ താടിയെന്നു പറയുന്നതു. അതിൽ കറുത്തനിറത്തിലുള്ളതിനെ കരിയെന്നും അഥവാ കറുത്ത താടിയെന്നും, വെളുത്തതിനെ വെള്ളത്താടിയെന്നും, ചുകന്നതിനെ ചുകന്നതാടിയെന്നും പറയും. കറുത്തതാടിയുടെ മുഖത്തു കരിക്കാണ് പ്രാധാന്യം. ചുകപ്പിന്നും വെളുപ്പിന്നും നന്നെ കുറച്ചു സ്ഥലമെ അനുവദിക്കുന്നുള്ളു, അതുകൊണ്ടാണ് ഈ വേഷത്തെ സാമാന്യമായി കരിഎന്നു പറയുന്നതു. ഈ വേഷം കാട്ടാളന്മാർ നീചരാക്ഷസന്മാർ ശൂൎപ്പണഖ മുതലായ രാക്ഷസസ്ത്രീകൾ എന്നിവൎക്കാണ്. എന്നാൽ സ്ത്രീപാത്രങ്ങൾക്കു താടിയുണ്ടാവുകയില്ലെന്നു വിശേഷിച്ചു പറയേണമെന്നില്ലല്ലോ? ആകയാൽ കരിയെന്ന സാമാന്യനാമം കറുത്ത താടിയെന്നതിലും കുറച്ചുകൂടി യുക്തമാണെന്നു ധരിക്കണം.

വെള്ളത്താടിയിൽ മുഖത്തു വെളുപ്പ്, കറുപ്പ്, ചുകപ്പ് എന്നീ മൂന്നുവൎണ്ണങ്ങളുമുണ്ട്. ചുകപ്പാണ് ആദ്യം മുഖത്തു മുഴുവനും തേക്കുന്നത്. പിന്നീടുള്ള ചിത്രപ്പണികൾ കരികൊണ്ടും മാവുകൊണ്ടുമാകുന്നു. ഹാസഭാവസ്സ്വരൂപകമായ ഈ വേഷം ഹനുമാൻ നന്ദി എന്നിവൎക്കാണ്. എന്നാൽ ബാലിസുഗ്രീവന്മാർ ചുകന്നതാടിക്കാരാണ്. ചുകന്ന താടിയുടെ മുഖത്തും ആദ്യം ചുകന്നമനോലതന്നെയാണ് തേക്കുന്നതു. ചുവപ്പുവൎണ്ണത്തെ എടുത്തുകാണിക്കാനായിട്ടാണ് ഇടക്കു കറുപ്പും വെളുപ്പുമാക്കുന്നത്. കണ്ണിനുചുറ്റും ചുകപ്പാണ്. അതിന്നു ചുവടെ വെളുപ്പാണ്. ചുണ്ടുരണ്ടും കറുപ്പും അതിന്നുചുറ്റും ചുകപ്പുമാണ്. ചുണ്ടപ്പൂവിട്ടു കണ്ണു ചുവപ്പിക്കുന്നതു എല്ലാവേഷങ്ങൾക്കും സാധാ

രണമാണ്. വിശേഷിച്ചു ചുകന്നതാടിയുടെ മൂക്കത്തുള്ള ചുട്ടിപ്പൂവിന്ന കത്തിയുടേതിനേക്കാളും വലിപ്പം കൂടും. ഈ വേഷം എത്രയും ഭയങ്കരമാണ്. ഇതു സാധാരണ രൌദ്ര രസപ്രധാനന്മാക്കുള്ളതാണ്.

വേഷങ്ങളുടെ സ്ഥിതിയനുസരിച്ചു അവരുടെ മകുടങ്ങൾക്കും ചില വ്യത്യാസങ്ങളുണ്ട്. സാമാന്യമായി കിരീടമെന്നും മുടിയെന്നും രണ്ടുവിധത്തിലാണ് മകുടം. അതിൽ പ്രായേണ പച്ച, കത്തി, ചുകന്നതാടി എന്നിവക്കു കിരീടമാണ്. ഇതിലെ പരസ്പര വ്യത്യാസം പ്രധാനമായി വലിപ്പച്ചെറുപ്പമാകുന്നു. ശ്രീരാമൻ കൃഷ്ണൻ എന്നിവരുടെ വേഷം പച്ചയാണെങ്കിലും അവക്കു കിരീടമല്ല മുടിയാണ്. അതുപോലെ നാരദൻ മുതലായ മിനുക്കിനും കരി വെള്ളത്താടി എന്നിവക്കും മുടിതന്നെയാണ്. ഹനുമാൻെറയും മററും മുടിയെ വട്ടമുടിയെന്നു പറയും. ഇതു ഏകദേശം ഒരു 'ഹാററി'ൻെറ ആകൃതിയിലാണ്.

എല്ലാ വേഷങ്ങളും അടിയിൽ കാല്പറ ധരിച്ചിരിക്കും. വിശേഷിച്ചു പച്ച, കത്തി, താടി എന്നിവർ അതിന്നു മീതെയായി സുമാർ ഒരേ അടി വീതിയും രണ്ടു മുഴം നീളവുമുള്ള ഒരുതരം തുണിക്കഷണങ്ങളെ ചുററും ഓരോ വരിയായി മേല്ക്കുമേൽ വെച്ചു കച്ചകൊണ്ടു ബന്ധിക്കുകയാണ് ചെയ്യുന്നതു്. എല്ലാററിന്നും മീതെ വരുന്ന തുണിക്കു കുറച്ചധികം വീതി കാണും. വേഷത്തിൻെറ യോഗ്യത അനുസരിച്ചു ഇതിൽ കരകളും കസവുകളും ഉണ്ടാവുക പതിവുണ്ട്. മുൻഭാഗത്തു ആനയുടെ നെററിപ്പട്ടംപോ

ലെ ഒരുവക പട്ടം തൂക്കിയിടും. ഇതിനെ 'മുന്തി' എന്നാണ് പറയുന്നതു. ഇവക്കെല്ലാം പുറമേ ഉത്തരീയവും ഉണ്ടാവും. വസ്ത്രധാരണം ഇത്തരത്തിലാക്കിയിരിക്കുന്നതു നൃത്യത്തിനുള്ള സൌകൎയ്യമുദ്ദേശിച്ചിട്ടാണ്. സ്ത്രീവേഷങ്ങൾ 'വാഴക്ക' വെച്ചു ഞെറിഞ്ഞുടുക്കുകയാണു പതിവു. എന്നാൽ ശൂൎപ്പണഖ, കാട്ടാളസ്ത്രീ മുതലായവർ ഒരുതരം കറുത്ത പാവാടയാണു ധരിക്കുക.

ആഭരണങ്ങളെപ്പററി പറയുകയാണെങ്കിൽ പ്രധാനമായിട്ടുള്ളതു മാറത്തു കെട്ടുവാനുള്ള കൊടലാരമാകുന്നു. ഇതു കവചത്തിന്റെയോ ഇന്നത്തെ Vest cut ന്റെയോ സ്ഥാനത്താണെന്നു കരുതാം. സ്ത്രീവേഷത്തിന്നു വേണ്ടതായ സ്തനഭാരം അവരുടെ കൊടലാരത്തിൽതന്നെയാണുണ്ടാവുക. മാറത്തു ഇതിന്നു മീതെയായി പല നിറത്തിലുള്ള പളുങ്കുമാലകളും കാണും. കൂടാതെ കടകം കേയൂരം മുതലായവയുമുണ്ട്. ഇങ്ങിനെയാണ് കഥകളിയിലെ ചുരുക്കത്തിലുള്ള വേഷസമ്പ്രദായം.

ഭാഷയിലെ ആദ്യത്തെ ആട്ടക്കഥ രാമനാട്ടമാണെന്നു വിചാരിപ്പാനെ നമുക്കിപ്പോൾ നിവൃത്തിയുള്ളു. കൊട്ടാരക്കരത്തമ്പുരാനുണ്ടാക്കിയ രാമനാട്ടം എട്ടു ഖണ്ഡങ്ങളായിട്ടാണ് കാണുന്നതു. അവ ക്രമേണ പുത്രകാമേഷ്ടി, സീതാസ്വയംവരം, വിച്ഛിന്നാഭിഷേകം, ഖരവധം, ബാലിവധം, തോരണയുദ്ധം, സേതുബന്ധം, യുദ്ധം എന്നിവയാകുന്നു. ഇവയിൽ ബാലിവധം തോരണയുദ്ധം എന്നിങ്ങിനെ രണ്ടുമൂന്നു കഥകളല്ലാതെ മററുള്ളതു ആട്ടക്കാർ സാധാരണ ആടുക പതിവില്ല. ആദ്യകാലത്തു ആട്ടക്കഥയിലെ വേഷ

സമ്പ്രദായമൊന്നും ഇന്നത്തെ രീതിയിലായിരുന്നില്ല. വള
രെ പുരാതനങ്ങളായ പാട്ടുകൾ ആടിയിരുന്ന ചില പണ്ണി
ക്കന്മാരെപ്പോലെ കവുങ്ങിൻപാളയിൽ വേഷമെഴുതിക്കെ
ട്ടിയാണ് ആട്ടക്കാർ അഭിനയിച്ചിരുന്നത്. അന്നു പാട്ടു
ന്നതും ആടുന്നവർതന്നെയായിരുന്നു. മദ്ദളം മുതലായവയ
ല്ലാതെ ചെണ്ട ഇലത്താളമെന്നിവയുമുണ്ടായിരുന്നില്ല. എ
ന്നൊക്കെയാണ് ചില ചരിത്രകാരന്മാർ പറയുന്നതു. ഇതു
അങ്ങിനെതന്നെ വിശ്വസിപ്പാൻ നിവൃത്തിയില്ല. രാമനാ
ട്ടത്തിന്നു മൂലഭൂതം കൃഷ്ണാട്ടമെന്നും അതിന്നു അഷ്ടപദിയാട്ട
മെന്നും അവർതന്നെ സമ്മതിക്കുന്ന സ്ഥിതിക്കു അവയും രാ
മനാട്ടകാലത്തുള്ളതുപോലെ അപരിഷ്കൃതമായിട്ടുതന്നെഇ
രിക്കേണ്ടതല്ലെ. അല്ലെങ്കിൽ അതിനെ അനുസരിച്ചു ത
മ്പുരാനും ചില പരിഷ്കാരം ചെയ്യാതിരിക്കുമോ ? വില്വ
മംഗലംസ്വാമിയാർ മാനവേദൻതമ്പുരാന്നു ശ്രീകൃഷ്ണനെ കാ
ട്ടിക്കൊടുത്തുവെന്നും ശ്രീകൃഷ്ണൻെറ ശിരോഭൂഷണത്തിൽനി
ന്നും കിട്ടിയ പീലിക്കഷ്ണത്തെ ആധാരമാക്കിയാണ് മുടി
നിർമ്മിച്ചതെന്നും മററുമുള്ള ഐതിഹ്യങ്ങൾ അംഗീകരിക്കു
ന്ന ആ കൂട്ടർ കൃഷ്ണാട്ടത്തിൽ കിരീടമോ മുടിയോ ഉണ്ടായിരു
ന്നില്ലെന്നു പറയാൻ വഴിയില്ലല്ലോ ? ആകയാൽ ആവക
അഭ്യൂഹം അധികഭാഗവും ആംഗലേയനാട്യകലയെപ്പററി
ആംഗലേയവിദ്വാന്മാർ പറയുന്നതിൻെറ ഒരു അനുകരണ
മാണെന്നേ ഞാൻ വിചാരിക്കുന്നുള്ളു.

എന്നാൽ ഈ മാതിരിയുള്ള സ്ഥിതി നമ്മുടെ നൃ
ത്യപ്രസ്ഥാനത്തിന്നു ഒരുകാലത്തും ഉണ്ടായിരിക്കയില്ലെന്നു
എനിക്കു അഭിപ്രായമില്ല. ഇന്നും ചില അസാംസ്കൃതജാ

തിക്കാരുടെ ഇടയിൽ ആവക അപരിഷ്കൃതരീതി കാണുന്നുണ്ടല്ലൊ. പക്ഷെ പരിഷ്കൃതജാതിക്കാരുടെ നൃത്ത്യപ്രസ്ഥാനമായ ആട്ടക്കഥയുടെ ഉത്ഭവം അവർ പറയുന്ന പ്രകാരം അത്ര മോശമായ ഒരു നിലയിലായിരുന്നുവെന്ന കാര്യ്യം സംശയാസ്പദമാണെന്നേ ഞാൻ പറയുന്നുള്ളു. വിശേഷിച്ചു ആട്ടക്കഥകളുണ്ടാവുന്നതിന്നു എത്രയോ കാലം മുമ്പു തന്നെ കേരളിയർ കൂത്ത് കൂടിയാട്ടം മുതലായവയെ പരിഷ്കരിച്ചു നടപ്പാക്കീട്ടുണ്ടെന്നുള്ളതു നിർവ്വിവാദവുമാണ്. ഏതായാലും ആട്ടക്കഥയിലും പിന്നീട് ചിലർ ചില പരിഷ്കാരങ്ങൾ വരുത്തീട്ടുണ്ടെന്നുള്ള തത്വം മാത്രമെ അവർ പറയുന്നതിൽനിന്നു ഗ്രഹിക്കാനുള്ളു. ആവിധ പരിഷ്കാരങ്ങളെയാണ് വെട്ടത്തുസമ്പ്രദായം എന്നും കല്ലടിക്കോടൻ സമ്പ്രദായം എന്നും പറഞ്ഞുവരുന്നത്. ഈ സമ്പ്രദായങ്ങൾക്കു പരസ്പരവൈലക്ഷണ്യം വിശേഷിച്ചു കലാശത്തിലാണ് കാണുന്നത്. അതിനെപ്പററി മാത്തൂർ കുഞ്ഞുപ്പിള്ളപ്പണിക്കർ തൻെറ കഥകളിപ്രകാശികയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു—

"നൽകലാശമെട്ടുക്കൈക്കൈകൾ കണ്ണിന്നുമീതെ
പൊക്കിയിട്ടെട്ടെന്നുമേതെന്നും വെളിവാക്കാതെ
നീട്ടിയുംകുറുക്കിയും കൺചരാതംഗുലികൾ
പെട്ടെന്നു മറിപ്പതാം വെട്ടത്തെസ്സമ്പ്രദായം"

"ഹസ്തങ്ങൾ കലാശത്തിലേതെന്നുമെട്ടെന്നുമാം
മുദ്രയോടൊട്ടുതാഴ്ത്തിഗ്ഗാത്രാസ്യങ്ങളോടൊപ്പം
വെട്ടിച്ചിരുപാടും നോക്കുന്നതു കല്ലടിക്കോ-
ടൊട്ടേറെക്കൂട്ടുമിതിലോമനേകാൽപ്രയോഗം

കൈകൾ മാറിനൊപ്പിച്ചെട്ടെന്നുമേതെന്നുമാക്കി
സ്തോകമായി മുട്ടുകൾ മടക്കിയുയൎത്തിബ്ഭംഗ്യാ
ദൃഷ്ടിമൈചേൎത്തു താളമൊത്തുമാററിമറിച്ചു
വിട്ടുപിടിക്കുന്നതു കപ്ലിങ്ങാടന്റെ മട്ടാം"

ഇങ്ങിനെ ഓരോ സമ്പ്രദായത്തിലെ കലാശങ്ങളിലല്ലാതെ മററുള്ള അംശങ്ങളിലൊന്നും പറയത്തക്ക വ്യത്യാസമില്ല. പാട്ടുകാർ ഓരോ പദവും ഈരണ്ടുതവണ ആവൎത്തിച്ചുപാടും. അങ്ങിനെ ചെയ്യുന്നതു അതാതുഭാവം നടിച്ചു മുദ്രകൾ മുഴുവനും കാണിക്കാനുള്ള സമയദൈൎഘ്യത്തിന്നു വേണ്ടിയാണ്. കുറച്ചധികം അഭിനയിക്കാനുള്ള ഘട്ടത്തിൽ അഞ്ചോ ആറോ തവണ ആവൎത്തിച്ചു പാടിയെന്നും വരും. ആട്ടക്കഥയുടെ സ്വരൂപം ചുരുക്കത്തിൽ ഇങ്ങിനെയൊക്കെയാണ്.

കോട്ടയത്തു തമ്പുരാൻ. കൊട്ടാരക്കരെത്തമ്പുരാന്നുശേഷം ആട്ടക്കഥകളെഴുതിയതു കോട്ടയത്തു തമ്പുരാനാണ്. അദ്ദേഹത്തിന്റെ കഥകൾ കിമ്മീരവധം, കല്ല്യാണസൌഗന്ധികം, ബകവധം, കാലകേയവധം എന്നീ നാലെണ്ണമാകുന്നു.

"അസ്തിസ്വഹസ്താൎജ്ജിതവീൎയ്യധാമ്നാം
ശാസ്താഹരിശ്ചന്ദ്രകുലോത്ഭവാനാം
പൃത്ഥ്വീപതീനാം പുരളീതിനാമ്നാ
പുരീപുരാരാതി നിഷേവകാണാം."

"ശ്രീമാവനഗ്ഗുണശാലിതയാനൃപാണാം
ഭൂഷായിതൊ നിജകരാത്തസമസ്തതേജാഃ
കാമപ്രദാനജിതകല്പ മഹീസുരസ്സ
ചിന്താമണിജ്ജയതി കേരളവമ്മനാമാ"

"തദനന്തരജേന നിമ്മിതം
തദിദം പാണ്ഡുഭവാം കഥാമൃതം
സ്വദതേസ്വദതാം മയംലവൈവ
യ്യുദ്ഗനാഥാംഘ്രിസമപ്പിതാത്മനാം."

എന്ന കിമ്മീരവധം ആട്ടക്കഥയുടെ ആദിയിലുള്ള തമ്പുരാന്റെ ശ്ലോകങ്ങളിൽനിന്നു അദ്ദേഹം ഹരിശ്ചന്ദ്രവമ്മപ്പെരുമാളുടെ വംശ്യനും മഹാവീരനും അത്യുദാരനുമായ കേരളവമ്മതമ്പുരാന്റെ അനുജനാണെന്നും അവരുടെ രാജധാനി പുരളിയായിരുന്നുവെന്നും തെളിയുന്നുണ്ട്. കൂടാതെ ഹരിശ്ചന്ദ്രപ്പെരുമാളാണത്രേ കേരളത്തിൽ ആദ്യമായി കൌമാരിലമതം നടപ്പാക്കിയതു. കോട്ടയം രാജധാനിയെപ്പററി ഉദ്ദണ്ഡശാസ്ത്രികൾ തന്റെ കോകിലസന്ദേശത്തിൽ വർണ്ണിച്ചിരിക്കുന്നതു നോക്കുക—

"ഇത്ഥംകൃത്വാ പുരമഥനമാരാദ്ധ്യ ലബ്ധപ്രസാദഃ
കൃഷ്ടഃ കൃഷ്ടഃ പഥിപഥിസഖേ കേരളീനാം കടാക്ഷൈഃ
ഉച്ചൈരുച്ചൈരുഡുഗണഗതിരുദ്ധചാമുത്സാരയന്തീം
ഫുല്ലാരാമാം പ്രവിശപുരളീക്ഷ്മാഭൃതാം രാജധാനീം."

"യേഷാംവംശേസമജനിഹരിശ്ചന്ദ്രനാമാനരേന്ദ്രഃ
പ്രത്യാപത്തിഃ പതഗയദ്ദപജ്ഞഞ്ചകൌമാരിലാനാം
തേഷാമേഷാം സ്തുതിഷുനഭവേൽ കസ്യവക്ത്രം പവിത്രം
യുദ്ധോയേഷാമഹിതഹതയേ ചണ്ഡികാസന്നിധത്തേ."

(കോകിലസന്ദേശം)

അവസാനത്തെ പെരുമാളായ ഭാസ്കരരവിവർമ്മപ്പെരുമാളുടെ പിതാമഹനാണ് ഹരിശ്ചന്ദ്രപ്പെരുമാളെന്നും അദ്ദേഹത്തിന്നു രണ്ടുപുത്രന്മാരുണ്ടായിരുന്നതിൽ ജ്യേഷ്ഠനായ കുലശേഖരപ്പെരുമാളാണ് അച്ഛന്നുശേഷം കേരളം ഭരിച്ചതെന്നും കോട്ടയത്തു രാജവംശം അനുജൻെറ സന്തതിപരമ്പരയാണെന്നും ആറ്റൂരിൻെറ തിരുവിതാംകൂർ ചരിത്രത്തിൽ പറഞ്ഞിരിക്കുന്നു.

"കേളീയാനകപണിതരശനാ കോമലാഭ്യാം പദാഭ്യാം
ആളീഹസ്താപ്പിതകരതലാ തത്രചേദാഗതാസ്യാൽ
സ്വാതിർന്നാമക്ഷിതിപതിസുതാസേവിതും ദേവമസ്യാ
സ്സൈപരാലാപൈസ്സ്തവപികഗിരാം കാപിശിക്ഷാഭവിത്രീ."

എന്നിങ്ങിനെ രാജപുത്രിയായ സ്വാതിതിരുനാളിനെ സന്ദേശത്തിൽ വർണ്ണിച്ചിരിക്കുന്നതുകൊണ്ടു കോട്ടയം രാജവംശം അക്കാലത്ത് മക്കവഴിയായിരുന്നുവോ എന്നുകൂടി സംശയിക്കേണ്ടിയിരിക്കുന്നു. ഇതിന്നും പുറമേ

"മാതംഗാനനമബ്ജവാസരമണീംഗോവി-
ന്ദമാദ്യം ഗുരും
വ്യാസം പാണിനിഗർഗ്ഗനാരദകണാദാദ്യാൻ
മുനീന്ദ്രാൻ ബുധാൻ
ദുർഗ്ഗാഞ്ചാപി മൃദംഗശൈലനിലയാം ശ്രീപോ-
ക്കലീമിഷ്ടദാം
ഭക്ത്യാ നിത്യമുപാസ്മഹേ സപദിനഃ കുർവ്വ-
ന്ത്വമീമംഗളം."

എന്ന കിമ്മീരവധത്തിലെ മംഗളശ്ലോകംകൊണ്ടു കോട്ടയം രാജാക്കന്മാരുടെ കുലദേവത ശ്രീപോക്കലീഭഗവതിയാണെന്നും വ്യക്തമാവുന്നുണ്ടു്. ഇതുതന്നെയാണ് ഉദ്ദണ്ഡശാസ്ത്രി കൾ തന്റെ സന്ദേശത്തിൽ "യുദ്ധെയേഷാമഹിതഹതയെ ചണ്ഡികാ സന്നിധത്തെ" എന്ന ഭാഗംകൊണ്ടു നിർദ്ദേശി ച്ചിരിക്കുന്നതു്. കൂടാതെ തമ്പുരാൻ വ്യാസാദി പ്രണീതങ്ങ ളായ ഗ്രന്ഥങ്ങളിൽ അതായതു—വേദാന്തം, വ്യാകരണം, ത ർക്കം, സ്മൃതി, പുരാണമെന്നിവകളിൽ ഗുരുമുഖേന വേണ്ടത്ര പ്രാവീണ്യംസമ്പാദിച്ചിട്ടുണ്ടെന്നും അദ്ദേഹത്തിന്റെഗുരു ഗോവിന്ദാഭിധേയനാണെന്നും വിചാരിക്കാവുന്നതുമാണ്. ഇ തുമാത്രമല്ലാതെ ഇദ്ദേഹത്തിന്റെ കാലമേതെന്നോ നാമമേ തെന്നോ തീർച്ചയാക്കുവാൻ വേണ്ട തെളിവുകളൊന്നും ഇതു വരെ കണ്ടുകിട്ടീട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു.

വഞ്ചിരാജ്യം ആക്രമിച്ച മുകിലനെ ഉമയമ്മറാണി യുടെ അപേക്ഷപ്രകാരം തോല്പിച്ചു അവിടെത്തന്നെ താ

മസമാക്കിയ വീരശ്രേഷ്ഠനും വാല്മീകിരാമായണം കിളിപ്പാട്ടുണ്ടാക്കിയ കവിവയ്യനമായ ആ കേരളവമ്മതന്നെയാണ് ഇദ്ദേഹത്തിൻെറ ജ്യേഷ്ഠനെന്നു വിശ്വസിക്കത്തക്ക തെളിവുകളും കിട്ടീട്ടില്ല. ഇദ്ദേഹത്തിൻെറ കാലം 9-ാം നൂററാണ്ടിൻെറ ഉത്തരാദ്ധമാകുന്നുവെന്നാണ് സാഹിത്യചരിത്രകാരന്മാരുടെ അഭിപ്രായം. എന്നാൽ ഈസ്റ്റ് ഇൻഡ്യാകമ്പനിക്കാരോട് പിണങ്ങിനിന്ന പഴശ്ശിരാജാവിൻെറ പൂർവ്വികന്മാരിൽ ഒരാളല്ലാതെ അദ്ദേഹമല്ല ആട്ടക്കഥയുടെ നിർമ്മാതാവെന്നുമാത്രം നമുക്ക തല്ക്കാലം നിശ്ചയിക്കാം. പഴശ്ശിരാജാവ് കമ്പനിക്കാരോട് കലഹം തുടങ്ങിയതു കൊല്ലവർഷം 970തിലും തീർപ്പെട്ടതു 981ലുമാണ്. കൊട്ടാരക്കരത്തമ്പുരാന്നുശേഷം ആട്ടക്കഥകളുണ്ടാക്കിയിരിക്കുന്നതു കോട്ടയത്തുതമ്പുരാനാണെന്നു എല്ലാവരും സമ്മതിക്കുന്നതുമുണ്ട്. ഈ സ്ഥിതിക്കു

"ശതമുഖരാമായണ മി-
ത്ഥ്യകം നാട്യപ്രബന്ധമകരോൽ യഃ
ദേവൈഃ പ്രണതൈഃ സേവ്യം
കലിമലരഹിതം യയൌ സ വൈകുണ്ഠം"

എന്ന പ്രമാണപ്രകാരം കൊല്ലവർഷം 910ൽ സ്വർഗ്ഗാരോഹണംചെയ്ത ശതമുഖരാമായണകർത്താവായ കുട്ടത്തുനാട്ടു തമ്പുരാനും കോട്ടയത്തിൻെറ കല്യാണസൌഗന്ധികത്തിന്നും ബകവധത്തിന്നും വടക്കൻ എന്ന ഉപപദംകൂടിചേർത്തു പറയത്തക്കവണ്ണം അതേപേരിൽ രണ്ടുകഥകളും വേറേയും നാലഞ്ചു കഥകളും രചിച്ച കാർത്തികതിരുനാൾ തമ്പുരാനും മൂ

ന്വായിരിക്കണമല്ലോ കോട്ടയത്തു തമ്പുരാൻ. ഇത്രമാത്രമെ ഇദ്ദേഹത്തിൻെറ കാലത്തെപ്പററി അറിയുന്നുള്ളു. തമ്പുരാൻെറ ശാസ്ത്രപാണ്ഡിത്യം, ആട്ടക്കഥകളുടെ പൌൎവ്വാപൎയ്യം മുതലായ സംഗതികളെപ്പററി കിമ്മീരവധത്തിൻെറ അവതാരികയിൽ പറഞ്ഞിരിക്കുന്നതുകൊണ്ടു വീണ്ടും ഞാൻ ഇവിടെ വിസ്തരിക്കുന്നില്ല.

പ്രകൃതഗ്രന്ഥവിചാരം. തമ്പുരാൻെറ ആട്ടക്കഥകളിലെ കഥകളെല്ലാം മഹാഭാരതത്തിലെ വനപൎവ്വത്തിൽനിന്നെടുത്തതാണ്. എന്നാൽ അവിടവിടെ അല്പാല്പം ചില ഭേദഗതികളും രംഗത്തിന്നനുഗുണമായി അദ്ദേഹം വരുത്തീട്ടുണ്ട്. 'കാലകേയ'വധത്തിലെ കഥ ആരണ്യപൎവ്വത്തിലെ ഇന്ദ്രലോകാഭിഗമനമെന്ന ഉപപൎവ്വത്തിലുള്ള 41 മുതൽ 47 വരെ 7 അദ്ധ്യായങ്ങളിലും നിവാതകവചയുദ്ധമെന്ന ഉപപൎവ്വത്തിലുള്ള 168 മുതൽ 173വരെ ആറു അദ്ധ്യായങ്ങളിലുമായിട്ടാണ് മഹാഭാരതത്തിൽ പറഞ്ഞിരിക്കുന്നതു്.

എഴുത്തച്ഛൻെറ ഭാരതത്തിൽ

പാശുപതാസ്ത്രംവാങ്ങി പാൎത്ഥനംഭിവംപുക്കാൻ
ക്ലേശവുമൊഴിച്ചസുരന്മാരെയൊക്കെക്കൊന്നാൻ
ഉൎവ്വശിശപിച്ചോരു ശാപവുമേററുകൊണ്ടു
ദേവേന്ദ്രൻകൊടുത്തോരു വരവും വാങ്ങിക്കൊണ്ടാൻ
ഷണ്ഡതാമജ്ഞാതവാസത്തോടുകൂടെത്തീൎന്നു
കുണ്ഠഭാവവുംപോകെന്നരുളിച്ചെയ്താനിന്ദ്രൻ.

രോമശൻതന്നെക്കണ്ടു പറഞ്ഞങ്ങയച്ചിതു
ഭൂമിയിൽചെന്നു വൃത്താന്തങ്ങളെയറിയിപ്പാൻ.

ഇങ്ങിനെ ഒരു സംക്ഷേപം മാത്രമേയുള്ളു. 'ക്ലേശവുമൊഴിച്ചസുരന്മാരെയൊക്കെക്കൊന്നാൻ' എന്നതിലാണ് നിവാതകവചവധവും കാലകേയവധവും അന്തർഭവിച്ചിരിക്കുന്നത്. എന്നുമാത്രമല്ല രോമശനെ ഭൂമിയിലേക്കയച്ചതിന്നു ശേഷമുള്ള നിവാതകവചാദിവധം മുമ്പുതന്നെ പറഞ്ഞിരിക്കുന്നതിൽ ക്രമക്കേടും പററീട്ടുണ്ട്. അർജ്ജുനന്നു പിന്നീടൊന്നും സാധിപ്പാനില്ലാത്തതുകൊണ്ടു അവിടെ താമസിച്ചിട്ടു ആവശ്യമൊന്നുമില്ലല്ലോ. മഹാഭാരതത്തിലാകട്ടെ, നിവാതകവചാദി വധംതന്നെ അർജ്ജുനൻ മടങ്ങിച്ചെന്നതിന്നു ശേഷം യുധിഷ്ഠിരാദികളോടു പറയുന്നതായിട്ടാണ് വർണ്ണിച്ചിരിക്കുന്നത്. ഇന്ദ്രലോകാദിഗമനം വൈശമ്പായനൻ പറയുന്നതായിട്ടുതന്നെയാണ്. വിസ്തരഭയത്താൽ മഹാഭാരതകഥയെ ഇവിടെ എടുത്തെഴുതുന്നില്ല. എങ്കിലും ആട്ടക്കഥയിലെ കഥക്കും ഭാരതകഥക്കും തമ്മിലുള്ള പ്രധാനമായ ചില വ്യത്യാസം മാത്രം എടുത്തുകാണിക്കാം.

1. ഭാരതത്തിൽ ശിവൻ പാശുപതാസ്ത്രം കൊടുത്തു അന്തർദ്ധാനം ചെയ്തതിന്നു ശേഷം വരുണൻ കുബേരൻ യമൻ മുതലായ ദിക്പാലന്മാർ പ്രത്യക്ഷമായി അർജ്ജുനന്റെ അടുക്കെച്ചെന്നു ആയുധദാനം ചെയ്യുന്ന കൂട്ടത്തിൽ വിശേഷിച്ചു ഇന്ദ്രൻ അർജ്ജുനനെ ദേവലോകത്തിലേക്കു ക്ഷണിക്കുകയും കൂട്ടിക്കൊണ്ടുചെല്ലുവാനായി രഥവും കൊടു

ത്തു മാതലിയെ അയക്കാമെന്നു പറയുകയും ചെയ്തതനുസരിച്ചാണ് മാതലി രഥവുമായി ചെല്ലുന്നതു്. ആട്ടക്കഥയിൽ അപ്രതീക്ഷിതമായിട്ടാണ്.

2. വജ്രകേതുവിൻേറയും വജ്രബാഹുവിൻേറയും വൃത്താന്തം ഭാരതത്തിലില്ല. അതു കവികല്പിതമാകുന്നു.

3. അതുപോലെതന്നെ എനിക്കു കിട്ടിയ ഗ്രന്ഥത്തിലുള്ളതും ഈ പതിപ്പിൽ കാണിച്ചിരിക്കുന്നതുമായ കാലകേയൻെറ സേനാപതിയായ ആശ്രുതമാസുരൻെറ വൃത്താന്തവും ഭാരതത്തിലില്ല.

4. ഭാരതത്തിൽ, ഉർവ്വശി, അർജ്ജുനനിൽ അനുരക്തയാണെങ്കിലും ഇന്ദ്രൻ ചിത്രസേനനെ പറഞ്ഞയച്ചു പ്രേരിപ്പിക്കുകയാലാണ് അർജ്ജുനനെ അഭിസരിക്കുന്നതു്. ആട്ടക്കഥയിൽ സ്വയമേ മന്മഥവിവശയായിട്ടാണ്.

"നിന്നച്ഛൻ ചൊല്ലിവിട്ടിട്ടു നിൻഗൃഹെവന്നൊരെന്നെനീ
കാമബാണാർത്തയായിട്ടുമഭിനന്ദിച്ചിടായ്കയാൽ
പാർത്ഥ പെണ്ണുങ്ങൾനടുവിൽ നിന്ദ്യനായ് നൃത്തമാടിനീ
ആണല്ലെന്നുള്ള പേരോടും ഷണ്ഡനായി നടന്നിടും."

എന്നിങ്ങിനെയാണ് നിരാശയായ ഉർവ്വശി ശപിക്കുന്നതല്ലാതെ ആട്ടക്കഥയിലെന്നപോലെ കുന്തിയുടേയും മററും ചാരിത്രശുദ്ധിയെപ്പററി അധിക്ഷേപിക്കുന്നില്ല.

5. ഭാരതത്തിൽ തുല്യബലവാന്മാരായ നിവാതകവചന്മാർ 3 കോടിയാകുന്നു. ആട്ടക്കഥയിൽ ഒരുത്തനാണ്.

6. കാലകേയന്മാരും ഇതുപോലെ ഭാരതത്തിൽ പലരാണ്.

7. ഭാരതത്തിൽ—

"യുദ്ധകൌശലമുള്ളസ്രഷ്ടജ്ഞന്മാരെത്താത്തിനൽകയാൽ
വമ്പോരിലാത്തിപൂണ്ടേൻ ഞാൻ പെരുത്തുഭയമായിമേ
ഉടൻപോരിൽ ദേവദേവൻ ശിവനെക്കൈവണങ്ങിഞാൻ
ഭൂതങ്ങൾക്കായ് സ്വസ്തിയെന്നും ചൊല്ലിട്ടിവ്വാസ്ത്രമേന്തി-
രൌദ്രമെന്നുപുകഴ്ന്നസ്ത്രം സർവ്വശത്രുവിനാശനം [ന്നേൻ
കണ്ടേൻപുരുഷനെമൂന്നുതലയൊമ്പതുകണ്ണുമായ്
മുഖംമൂന്നാറുകയ്യുക്ക്വഹ്നിജ്വാലോഗ്രകേശനായ്
മുഹൂത്തംകൊണ്ടു സുരരെയൊക്കെക്കൊന്നിതു ഭാരത."

എന്നിങ്ങിനെ അർജ്ജുനൻ ആത്തനായപ്പോൾ ശിവനെത്തൊഴുതു രൌദ്രാസ്ത്രം പ്രയോഗിച്ചിട്ടാണ് കാലകേയന്മാരെ കൊല്ലുന്നതു്. ആട്ടക്കഥയിലാകട്ടെ കാലകേയൻെറ മോഹനാസ്ത്രംകൊണ്ടു മോഹിച്ചുവീണ അർജ്ജുനൻ പരമേശ്വരപ്രേഷിതനായ നന്ദികേശ്വരൻെറ സഹായത്താലാണ് മൂർച്ഛ തെളിഞ്ഞു കാലകേയനെ വധിക്കുന്നതു്.

ഇവയാണ് ഭാരതമപേക്ഷിച്ചു ആട്ടക്കഥയിലെ കഥാഗതിക്കുള്ള വ്യതിയാനങ്ങൾ. കാലകേയവധം തുള്ളൽ കഥയുടെ കത്താവ് ആരായാലും ആട്ടക്കഥയെ അനുസരിച്ചു എഴുതീട്ടുള്ളതാണെന്നതിന്നു അതിലെ കഥാരീതിയും വർണ്ണനപ്രകാരങ്ങളും സാക്ഷ്യം വഹിക്കുന്നുണ്ടു്. തമ്പുരാൻ

സ്വയമായ് കല്പിച്ച വജ്രകേതു മുതലായ പാത്രങ്ങളും അവരുടെ വൃത്താന്തവും മാത്രമില്ലെന്നേയുള്ളൂ.

കോട്ടയത്തു തമ്പുരാൻ നാലുകഥകളാണുണ്ടാക്കിയിരിക്കുന്നതെന്നു മുമ്പുതന്നെ പറഞ്ഞിട്ടുണ്ടല്ലോ. അവയിൽ പ്രൌഢമായവ കിമ്മീരവധവും നിവാതകവചകാലകേയവധവുമാണ്. ഈരണ്ടുഗ്രന്ഥങ്ങളുടെതാരതമ്യം ചിന്തിക്കുന്നതായാൽ കിമ്മീരവധം ശബ്ദാഡംബരത്തിൽകുറച്ചുമെച്ചംകൊണ്ടുപോകുമെങ്കിലും അർത്ഥഭംഗിയിൽകാലകേയവധം കിമ്മീരവധത്തെ അതിശയിക്കുന്നുണ്ടെന്നതിന്നു യാതൊരു സംശയവുമില്ല. കിമ്മീരവധംരചിക്കുന്നസമയം അർത്ഥവൈചിത്ര്യത്തേക്കാളും ശബ്ദഭംഗിയിലാണ് കവിദൃഷ്ടി വെച്ചിരിക്കുന്നതായി കാണുന്നതു ഉദാഹരണമായി

"ക്ഷോപാലാ ഘോഷാതിഭീതി"

ഇത്യാദി ശ്ലോകങ്ങൾ നോക്കുക. 'ഈഷാക്രലംകഷേണ' എന്നതിലെ ലുപ്തോപമയ്ക്കു എന്തു സ്വാരസ്യമാണുള്ളതു്? ഷകാരാവർത്തനത്തിന്നു വേണ്ടിമാത്രം ഒരുവിധം വലിച്ചുകൊണ്ടുവന്നിട്ടതാണ് ആ പദവും അർത്ഥവുമെന്നു തെളിയുന്നുണ്ടു.

"ശ്രാവം ശ്രാവം തദാനീം—"എന്ന പദ്യത്തിലെ 'ഘടനഝടഝടാ' എന്നാപ്രയോഗവും

പതിതാഖിലസിംഹികാനനാന്തേ
പരിതപ്താ ഹൃദിസിംഹികാനനാന്തേ

എന്നിങ്ങിനെസിംഹശബ്ദത്തിന്നു പകരം സിംഹിയെന്ന പ്രയോഗവും മററും നോക്കുക. എന്തിന്

"പരേണപുംസാനുഗതാമലൌകികൈ-
ർവ്വചോഭിരത്യന്ത വിനിർമ്മിതാം മുഹുഃ
വിയോഗ ദുഃഖൈക വിയോഗി വിഭ്രമാം
ജ്ഞാതപാസതീംതാമവിരക്ത ധീരഭ്രൽ"

എന്ന ശ്ലോകത്തിന്നുതുല്യം അർത്ഥഗാംഭീര്യമുള്ള ഒരു ശ്ലോകം കിർമ്മീരവധത്തിൽ കാണാൻ പ്രയാസമാണെന്നുതന്നെ പറയാം.

" തദനുശചിയുടെനയനമനുഗമനമതുചെയ്തു പുനരല
സമിവമടങ്ങി."

"ഹംസികളംബുജനാളങ്ങളെന്നിയെ
ശൈവലം മോഹിക്കുമോ പിന്നെഹന്ത.
കരിണീഹരിണത്തെ യാഗ്രഹിച്ചീടുമോ"

"പണ്ടൊരുവാനരൻവാരിധിലംഘിക്ക
കൊണ്ടിന്നുമറെറാരു മക്കടം ചാടുമോ"

"ഉണ്ടുചിറകെനിക്കെന്നോർത്തു മക്ഷിക
പക്ഷീന്ദ്രനോടുതുല്യംപറന്നീടുമോ"

"മർത്ത്യനായ നീയിന്നു ദൈത്യരോടുപോർചെയ്കിൽ
ശക്തനായഹരിയോടെതിർക്കും അതി
മുഗ്ദ്ധമായ മൃഗമിന്നുഭുവി"

"പാരിടത്തിൽ ഒരുവീരനില്ലമമ
നേരേനിന്നുപൊരുതീടുവാനധികം
സപ്പംഗരുഡനൊടെതിപ്പാൻ മതിയാകുമോ"

എന്നിങ്ങിനെ സരസങ്ങളായ പല അലങ്കാരങ്ങളും വ്യാഖ്യാനത്തിൽ വിസ്തരിച്ചിരിക്കുന്നതുകൊണ്ട് വീണ്ടും അവയെ ഇവിടെ വിവരിക്കുന്നില്ല. കാലകേയവധത്തിലെ യമകം ശ്ലേഷം മുതലായ ശബ്ദാലങ്കാരങ്ങൾപോലും അൎത്ഥദൃഷ്ട്യാ കിൎമ്മീരവധത്തിലുള്ളവയെ അതിശയിക്കുന്നുണ്ട്.

"പുരോഹിതം മുനിമുപവിഷ്ടമാസനേ
പുരോഹിതം നിചമുപവേശ്യ ധൎമ്മജ,
പുരോഹിത പ്രകൃതിരനേനഹസ്തിനാൽ
പുരോഹിത പ്രഹിതമുവാച സാംജലിഃ"
"സഭാജനൈൎവ്വിരചിത സത്സഭാജനഃ
പരന്തപസ്സമഹിതഃ പരന്തപഃ
ചരിഷ്ണുനാഖലു മുനിനാചരിഷ്ണുനാ
വനാന്തരേ രമതസപാവനാന്തരേ"

എന്ന കിൎമ്മീരവധത്തിലെ യമകങ്ങൾ രുചിരമാണെങ്കിൽ

"നഗരീതരസാരഥിനാ
മപഹൎത്താ കീൎത്തിമാശ്ശുതരസാരഥിനാ
യുധിനാ മനസാ ദരിണാ
ലംഘ്യാ പ്രാപേൎജ്ജുനേന മനസാദരിണാ"

"കല്പദ്രുകല്പദ്രുപദേന്ദ്രപുത്രീ
സാരസ്യ സാരസ്യ നിവാസഭ്രമിം
നാളീകനാളീകശരാൎത്തിതാസാ
മന്ദാക്ഷ മന്ദാക്ഷര മേവമൂചേ"

എന്ന കാലകേയവധത്തിലുള്ളവ രുചിരതരങ്ങളാകുന്നു.

"വിധുരാവിരഭൂൽ പുരോഭുവി
ദ്രുപദേന്ദ്രാത്മഭവാചകോരികാം
സ്മിതചന്ദ്രികയാ പ്രഹർഷയൻ
ചലദ്ദൃക്പഞ്ചുപുടം തമോപഹഃ"

എന്ന കിമ്മീരവധപദ്യത്തിലെ ശ്ലിഷ്ടപരമ്പരിതരൂപകം മനോഹരമാണെങ്കിൽ

"സുലളിതപദവിന്യാസാ
രുചിരാലങ്കാരശാലിനീമധുരാ
മൃദുലാപിഗഹനഭാവാ
സൂക്തിരിവാവാപസോർവ്വശീവിജയം."

എന്ന കാലകേയവധപദ്യത്തിലെ ശ്ലിഷ്ട ധർമ്മോപമ മനോഹരതരവുമാണ്.

കൂടാതെ നായകകല്പനം രസനിബന്ധനം എന്നീ വിഷയത്തിലും കിമ്മീരവധത്തിലെന്നപോലെ ഇതിൽ കുഴപ്പത്തിനൊന്നും ഇടയായിട്ടില്ല. കിമ്മീരവധത്തിന്നു ഈ വിഷയത്തിലുള്ള ന്യൂനത അതിൻെറ അവതാരികയിൽ പ്രതിപാദിച്ചിരിക്കകൊണ്ടു ഇവിടെ വീണ്ടും പ്രസ്താവിക്കുന്നില്ല. ഇതിലെ നായകൻ ധീരോദാത്തനായ അർജ്ജുനനാണ്. അർജ്ജുനൻെറ ധീരോദാത്തനായകത്വം പ്രസ്തുതഗ്രന്ഥത്തിൽ നിന്നു ഒട്ടൊക്കെ തെളിയിക്കാവുന്നതുമാണ്.

"അവികത്ഥനഃ ക്ഷമാവാൻ
അതിഗംഭീരൊ മഹാസത്വഃ
സ്ഥേയാന്നിഗൂഢ മാനോ
ധീരോദാത്തോ ദൃഢവ്രത! കഥിതഃ"
(സാഹിത്യ ദപ്പ്ണം)

എന്നാണല്ലോ ധീരോദാത്തലക്ഷണം. അവികത്ഥനൻ ആത്മശ്ലാഘചെയ്യാത്തവൻ. ഈ അംശം അജ്ജുനൻ മാതലിയോടുപറയുന്ന 'സലജ്ജോഹം' ഇത്യാദിപദംകൊണ്ടു സിദ്ധിക്കുന്നുണ്ട്. മറെറാരുവൻ തന്നെ പുകഴ്ത്തുന്നതിൽ വൈമനസ്യംകാണിക്കുന്നവൻ തന്നെത്താൻ പുകഴ്ത്തുമെന്നു വിചാരിക്കാനെ അവകാശമില്ലല്ലോ.

ക്ഷമാവാൻ=ക്ഷമയുള്ളവൻ, ഉവ്വശിഅക്രമം പ്രവത്തിച്ചിട്ടും അജ്ജുനനിൽ പ്രതീകാരേച്ഛ കാണായ്കയാൽ ക്ഷമാവാനുമാണ് അജ്ജുനനെന്നു പറയാം.

അതിഗംഭീരൻ=അന്യന്മാക്കു എളുപ്പത്തിൽമനസ്സിലാക്കാൻ കഴിയാത്ത മനഃസ്ഥിതിയോടുകൂടിയവൻ. അജ്ജുനന്റെ മനഃസ്ഥിതി മുൻകൂട്ടിഅറിയാൻ സാധിക്കായ്കയാലാണല്ലോ ഉവ്വശിക്കു ഇച്ഛാഭംഗത്തിനിടയായതു.

മഹാസത്വൻ = ആപത്തിൽ അതിരുകവിഞ്ഞു ദുഃഖിക്കുകയോ സമ്പത്തിൽ ആഹ്ളാദിക്കുകയോ ചെയ്യാത്തവൻ; അതിക്രൂരമായ ഉവ്വശിയുടെ ശാപത്തിൽപോലും അജ്ജുനൻ ഒട്ടൊന്നു ചിന്താകുലനാവുന്നുവെന്നല്ലാതെ പ്രാകൃതഭാവം കാണിക്കുന്നില്ല.

സ്ഥേയാൻ = കർമ്മത്തിൽ സ്ഥിരതയുള്ളവൻ; ദൃഢവ്രതൻ = സത്യസന്ധൻ—പറഞ്ഞതുപോലെ പ്രവൃത്തിക്കുന്നവൻ; ഈ ഗുണങ്ങൾ അർജ്ജുനൻ ഉർവ്വശിക്കു വശംവദനാവാത്തതുകൊണ്ടും നിവാതകവച കാലകേയവധം ദുഷ്കരമാണെന്നു തനിക്കു അനുഭവപ്പെട്ടിട്ടും ഒട്ടും പിന്തിരിയാതെ കാര്യം സാധിച്ച് തൻെറ വാക്കു പരിപാലിക്കുന്നതുകൊണ്ടും തെളിയുന്നുണ്ട്.

കഥാനായകൻ അർജ്ജുനനാകയാൽ പ്രസ്തുത കഥയിലെ അംഗിയായ രസം വീരമാണെന്നതിന്നും സംശയമില്ല. അർജ്ജുനനിഷ്ഠവും ഉത്സാഹസ്ഥായിഭാവകവുമായ ആ വീരത്തിന്നു അയോഗവിപ്രലംഭശൃംഗാരാഭാസം മുതലായവ അംഗങ്ങളാകുന്നു. അതായതു:— ഇന്ദ്രനിഷ്ഠമായ വാത്സല്യം മാതലിപ്രേഷണദ്വാരാ അർജ്ജുനന്നു വിസ്മയാദിഭാവങ്ങളെ ജനിപ്പിക്കുന്നു. അവ വീരസ്ഥായിഭാവവും അർജ്ജുനനിഷ്ഠവുമായ ഉത്സാഹത്തെ പരിപോഷിപ്പിക്കുന്നു. അപ്രകാരം അസുരകൃതമായ ഉർവ്വശ്യാദിഹരണവും അർജ്ജുനൻെറ വീരത്തെത്തന്നെയാണ് ഉത്തേജനം ചെയ്യുന്നതു്. താദൃശപരാക്രമാദി ദർശനോൽഭൂതമായ ഉർവ്വശിയുടെ പൂർവ്വവിപ്രലംഭാഭാസം അർജ്ജുനൻെറ വീരോചിതമായ ധൃതിക്കാണ് അംഗമായിരിക്കുന്നതു്. എന്നാൽ ധൃതിഹേതുകമായ ഉർവ്വശിയുടെ ക്രോധം അർജ്ജുനന്നു ശാപദ്വാരാ ചിന്താവിഷാദാദിഭാവങ്ങളെ ജനിപ്പിക്കുകയും അവ അല്പമൊന്നു വീരസ്ഥായിയായ ഉത്സാഹത്തെ മങ്ങിക്കുകയും ചെയ്യുന്നുണ്ടെങ്കിലും ഇന്ദ്രവരംമൂലം ആ ഉത്സാഹം പൂർവ്വാധികം ഉജ്ജ്വലിക്കുകയും ചെ

യ്യുന്നുണ്ട്. നിവാതകവചാദി വധഘട്ടത്തിലെ അംഗാംഗിഭാവഘടന വ്യക്തവുമാണ്.

ഇനിനമുക്കു ആലോചിക്കുവാനുള്ളതു തമ്പുരാൻ കഥാഗതിയിൽചെയ്തിരിക്കുന്ന വ്യത്യാസങ്ങൾ എത്രത്തോളമുചിതമായിട്ടുണ്ടെന്നുമാത്രമാണ്.

എന്നാൽ ആട്ടക്കഥയിലെ വ്യത്യാസങ്ങളൊക്കയും രംഗദൃഷ്ട്യാ യുക്തമായിട്ടുണ്ടെന്നുള്ളതിന്നു യാതൊരു സംശയവുമില്ല. സാഹിത്യദൃഷ്ട്യാ നോക്കുന്നതായാൽ ചിലതുവളരെ ഗുണമായും മററു ചിലതു ഗുണമോ ദോഷമോ ആവാതേയും ഒന്നുമാത്രം ദോഷമായും വിചാരിക്കേണ്ടിയിരിക്കുന്നു.

ഒന്നാമതായി വിസ്മയാദിഭാവവ്യക്തിക്ക് ഉപകരിക്കുമാറു മാതലിയുടെ ആഗമനം അപ്രതീക്ഷിതമാക്കിയതു ഉചിതംതന്നെയാണ്.

വജ്രകേതു വൃത്താന്തകല്പനവും ഉർവ്വശിയുടെ അനുരാഗാധിക്യത്തിന്നു ശക്തികൂട്ടുന്നതാകയാൽ വളരെയുക്തമായിട്ടുണ്ട്.

എന്നാൽ അശ്രുതമാസുരൻെറ വൃത്താന്തംകൊണ്ടു സാഹിത്യത്തിൽ പറയത്തക്ക ഗുണമോ ദോഷമോ ഉള്ളതായ് കാണുന്നില്ല.

അതുപോലെത്തന്നെയാണ് ഭാരതപ്രകാരം അനേകംപേരായ നിവാതകവചന്മാരേയും കാലകേയന്മാരേയും ഓരോ അസുരന്മാരാക്കിയതു രംഗദൃഷ്ട്യാ യുക്തമാണെങ്കിലും സാഹിത്യദൃഷ്ട്യാ ഗുണമോ ദോഷമോ അല്ല.

ഉൎവ്വശി ഇന്ദ്രൻെറ പ്രേരണകൂടാതെ സ്വയമായി അഭിസരിച്ചതു അൎജ്ജുനൻെറ സൌന്ദൎയ്യശൌൎയ്യാദികൾക്കു മാററുകൂട്ടുന്നുണ്ടു. നേരേമറിച്ചു ഭാരതപ്രകാരം തൻെറ അച്ഛനായ ഇന്ദ്രൻ പ്രേരിപ്പിക്കുന്നതിൽ ഭാവുകന്മാൎക്കു അല്പം അസ്വാരസ്യത്തിന്നാണിടയാവുക.

എന്നാൽ ഒരു വാനരരൂപത്തിൽ നന്ദികേശ്വരനെക്കൊണ്ടുവന്നു കാലകേയനെ വധിപ്പിച്ചതു ധീരോദാത്തനായകനായ അൎജ്ജുനന്നു വലുതായ ഇടിച്ചിലിന്നു ഹേതുവാകയാൽ സാഹിത്യദൃഷ്ട്യാ അനുചിതംതന്നെയാണ്. പക്ഷെ ഇതു കാലകേയൻെറ വീൎയ്യത്തെ അധഃകരിക്കാൻ കവി ചേൎത്തതായിരിക്കാമെന്നു ചിലർ പറയുന്നതിൻെറ താല്പൎയ്യമെന്തെന്നു മനസ്സിലാവുന്നില്ല. ലോകത്തിൽവെച്ചു കുരങ്ങനെക്കണ്ടാൽ കാലകേയൻെറ വീൎയ്യം കുറയുമെന്നു അയാൾക്കു വല്ല ശാപമോ വരമോ ഉള്ളതായി അറിയുന്നില്ല. കാലകേയനെ വധിക്കാൻ കേവലമൊരു കുരങ്ങൻെറ സഹായമെ വേണ്ടിവന്നുള്ളു എന്നു പറയുന്നതും ഉചിതമല്ല. അതൊരു വെറും കുരങ്ങനല്ല; സാക്ഷാൽ നന്ദികേശ്വരനാണ് എന്നു മാത്രമല്ല കുരങ്ങൻെറ സാഹായ്യമാവശ്യപ്പെടുന്നതു അൎജ്ജുനൻെറ പൌരുഷത്തിന്നാണ് ന്യൂനതയാവുക. കവിതന്നെ—

മാനഹാനിയല്ലയോ വാനരത്തെച്ചെന്നു
ആശ്രയിച്ചതു നിശ്ചയം ഖലുതേ ?

എന്നു കാലകേയനെക്കൊണ്ടു പറയിച്ചിരിക്കുന്നതു നോക്കുക. ആകയാൽ വേഷവൈചിത്ര്യംകൊണ്ടും അഭിനയവൈ

ചിത്ര്യംകൊണ്ടും കാണികളെ രസിപ്പിപ്പാൻവേണ്ടി മാത്രമായിരിക്കണം തമ്പുരാൻ ഇപ്രകാരം കല്പിച്ചിരിക്കുന്നതു്.

സാഹിത്യത്തിൽ ഇതു ദോഷംതന്നെയെങ്കിലും രംഗപ്രയോഗത്തിൽ ഗുണമായിരിക്കയാൽ ഈവക ദോഷങ്ങളെപ്പററി ആട്ടക്കഥയിൽ ഗൌരവമായി ഗണിക്കേണ്ട ആവശ്യംതന്നെയില്ല. സാഹിത്യദൃഷ്ട്യാ ഗണിക്കുന്നതായാൽ കൂടി

"ഏകോഹിദോഷോ ഗുണസന്നിപാതേ
നിമജ്ജതീന്ദോഃ കിരണേഷ്വിവാങ്കഃ"

എന്നു സമാധാനിക്കാനെയുള്ളു. ഏതായാലും കോട്ടയത്തു തമ്പുരാന്റെ ആട്ടക്കഥകളിൽവെച്ചു എല്ലാംകൊണ്ടും ഉയന്ന സ്ഥിതിയിലുള്ളതു നിവാതകവചകാലകേയവധമാകുന്നു വെന്നാണ് എന്റെ അഭിപ്രായം.

പക്ഷെ ഈകഥ പരിപൂർണ്ണനിലയിൽ പ്രസിദ്ധീകരിക്കുവാൻ സാധിക്കാഞ്ഞതിൽ എനിക്കു വളരെ മനസ്താപമുണ്ടു്. എന്തുചെയ്യാം പലസ്ഥലത്തും പലരോടും ഞാൻ അന്വേഷിച്ചു നോക്കായ്കയില്ല. മേലും അന്വേഷിക്കയും ചെയ്യാം. തമ്പുരാൻ കഥ മുഴുവനും രചിച്ചിരിക്കണമെന്നു തന്നെയാണ് എന്റെ വിശ്വാസം. കഥകളിയിൽ നന്ദികാലകേയനെ പിടിച്ചു നിത്തുകയും അജ്ജുനൻ കൊല്ലുകയും ചെയ്യുന്നതായി ഇന്നും അഭിനയിച്ചുവരുന്നു. ഈ കഥയെ അനുസരിച്ചാണ് കാലകേയവധം തുള്ളൽ എഴുതിക്കാണുന്നതു്. അതു പൂർണ്ണമായിരിക്കുന്ന രീതിയിൽ

ഇതിലെകഥയും പൂൎണ്ണമായിരിക്കാനാണ് അവകാശം. അവസാനം കാലകേയനെ കൊന്നരീതിയെ വിവരിച്ചുകൊണ്ടു ഒരു ശ്ലോകമേ കഥപൂൎത്തിയാവാൻ ആവശ്യമുള്ളു. കഥകളിയിൽ കാലകേയനെ കൊല്ലാറാവുമ്പോഴേക്കും നേരംപുലൎന്ന് സഭ്യരെല്ലാവരുംഎഴുന്നേല്ക്കുന്നതു സാധാരണയാവുന്നതുകൊണ്ടു പാട്ടുകാൎക്കു ആ ശ്ലോകം ചൊല്ലേണ്ട ആവശ്യമില്ലാതെ വരികയാൽ ക്രമേണ ആ ശ്ലോകംതന്നെലുപ്തമായ് പോയിരിക്കാം. വിശേഷിച്ചു ഈ പതിപ്പിൽ ചേൎത്തിരിക്കുന്ന ആശ്രുതമാസുരനെന്ന സേനാപതിയോടുള്ള യുദ്ധം മററുള്ള പതിപ്പുകളിൽ കാണുന്നില്ല. ഇതു എന്റെ മാതുലനും കഥകളിയിൽ കുറച്ചധികം അഭിനിവേശമുണ്ടായിരുന്ന ഒരു നല്ലവിദ്വാനും അരുണാചലമാഹാത്മ്യം ഹരിണാലയമാഹാത്മ്യം അക്ഷവിജയംകഥകളി മുതലായ ഗ്രന്ഥങ്ങളുടെ കൎത്താവുമായ കപ്പടത്തുശങ്കരമേനോൻ അവൎകളുടെവകയായ ഒരു കയ്യെഴുത്തുപ്രതിയിൽ ഉണ്ടായിരുന്നതാണ്. എന്നാൽ ഈയുദ്ധവും കഥകളിയിൽ സാധാരണ അഭിനയിച്ചു കാണാത്തതു കഥയുടെ ദൈൎഘ്യംനിമിത്തമായിരിക്കാം. ഏതായാലും ഇന്നു യശശ്ശരീരനായ് ഭവിച്ചിരിക്കുന്ന അദ്ദേഹത്തോടു എനിക്കുള്ള കൃതജ്ഞതയേയും ബഹുമാനത്തേയും രേഖപ്പെടുത്തിക്കൊണ്ടു വിചാരിച്ചതിലധികം ദീൎഘിച്ചു പോയ ഈ അവതാരികയെ ഇവിടെ അവസാനിപ്പിച്ചു കൊള്ളുന്നു.

മദിരാശി.
4—7—32.

എന്നു വ്യാഖ്യാതാവ്.



പി. കൃഷ്ണൻ നായർ

യൂനിവേർസിററി മലയാളം ലക്ചറർ.



പി. കൃഷ്ണൻ നായർ.

യൂനിവേർസിററി മലയാളം ലക്ചറർ.

# നിവാതകവചകാലകേയവധ

# വ്യാഖ്യാനം.

ഭൈരവി—

"തനയോഽഥതസ്യവിനയോജ്ജ്വലോഽവശീ,
സമവാപ്യപാശുപതമസ്ത്രമീശ്വരാൽ,
മഹിതൈർമ്മഹർഷിഭിരഭിഷ്ടുതോഽർജ്ജുന,
സ്തുഹിനാചലേഽവസദഹാനികാനിചിൽ," 1

അഥ (അവ്യയം) അർജ്ജുനൻ പരമേശ്വരനെ തപസ്സുകൊണ്ടും യുദ്ധസാമർത്ഥ്യംകൊണ്ടും സന്തോഷിപ്പിച്ചതിന്നു ശേഷം

തസ്യ (ദ. പു. ഷ. ഏ) ഇന്ദ്രന്റെ, ("കല്യാണസൌഗന്ധിക"ത്തിന്റെ അവസാനം 'സുരവരലോകത്തും സുദുർല്ലഭമാകുന്ന സരസിജേക്ഷണ വായുതനയന്തന്നം' എന്നിങ്ങിനെ സുരവരശബ്ദം തമ്പുരാൻ നിർദ്ദേശിച്ചിരിക്കയാൽ ബുദ്ധിസ്ഥനായ ഇന്ദ്രനെ പ്രകൃതശ്ലോകത്തിലെ തച്ഛബ്ദംകൊണ്ടു പരാമർശിക്കുന്നതിൽ അനുപപത്തിയുണ്ടെന്നു തോന്നുന്നില്ല. തച്ഛബ്ദത്തിന്നു ബുദ്ധിസ്ഥപരാമർശിത്വവുമുണ്ടല്ലോ.)

തനയഃ (അ. പു. പ്ര. ഏ.) പുത്രനും,

വിനയോജ്ജ്വലഃ (ടി) വിനയത്താൽ പ്രകാശിക്കുന്നവനും,

വശീ (ന. പു. പ്ര. ഏ.) ജിതേന്ദ്രിയനും (ആയ)
അൎജ്ജുനഃ (അ. പു. പ്ര. ഏ.) അൎജ്ജുനൻ
ഈശ്വരാൽ (അ. പു. പ. ഏ.) ശിവനിൽ നിന്നും
പാശുപതം (അ. ന. ദ്വി. ഏ.) 'പാശുപത' മെന്ന (പശു
പതി ദേവതാകമായ
അസ്ത്രം (അ. ന. ദ്വി. ഏ.) അസ്ത്രത്തെ
സമവാപ്യ (ല്യ. അ.) പ്രാപിച്ച്; ലഭിച്ച്.
മഹിതൈഃ (അ. പു. തൃ ബ.) ശ്രേഷ്ഠന്മാരായ
മഹൎഷിഭിഃ (ഇ. പു തൃ. ബ ) മഹൎഷികളാൽ
അഭിഷ്ടുതഃ (അ. പു. പ്ര. ഏ.) സ്തുതിക്കപ്പെട്ടവനായിട്ട്
തുഹിനാചലേ (അ. പു. സ. ഏ.) ഹിമവൽപൎവ്വതത്തിൽ
കാനി—ചിൽ (അവ്യയം) ചില ('കാനി-ചിൽ' എന്നതു
പാണിനി മതപ്രകാരം രണ്ടു പദമാകുന്നു. അതിൽ
'കാനി' എന്നതു 'കിം' ശബ്ദത്തിൻെറ ദ്വിതീയാബ
ഹുവചനവും 'ചിൽ' എന്നതു അവ്യയവുമാകുന്നു.)
അഹാനി (സ. ന. ദ്വി. ബ ) ദിവസങ്ങൾ. (അത്യന്തസം
യോഗേ ദ്വിതീയാ).
അവസൽ (ലങ്. പ. പ്ര. പു. ഏ.) വസിച്ചു.

സാരം:— (വേദവ്യാസമഹൎഷിയുടെ ഉപദേശപ്ര
കാരം) വിനയോജ്ജ്വലനും ജിതേന്ദ്രിയനുമായ ഇന്ദ്രാത്മജനാ
യ അൎജ്ജുനൻ (അസാമാന്യമായ തപസ്സുകൊണ്ടും ശൌൎയ്യം
കൊണ്ടും സന്തോഷിപ്പിച്ച്) പരമേശ്വരനിൽനിന്നും പാശു
പതാസ്ത്രം വാങ്ങി, ശ്രേഷ്ഠന്മാരായ മഹൎഷികളാൽ സ്തുതിക്ക
പ്പെട്ടവനായിട്ടു ചിലനാൾ ഹിമാലയത്തിൽ വസിച്ചു.

പ്രാരിപ്സിതഗ്രന്ഥത്തിന്റെ നിർവ്വിഘ്നപരിസമാപ്തിക്കായി മംഗളാചരണം ആവശ്യമാണെന്നുള്ള പ്രാചീന സമ്പ്രദായമനുസരിച്ചു നോക്കുന്നതായാൽ "ആശീർന്നമസ്ക്രിയാ വസ്തു നിർദ്ദേശോവാപിതന്മുഖം" എന്ന വചനപ്രകാരം പ്രകൃതശ്ലോകം വസ്തുനിർദ്ദേശരൂപമായ മംഗളാചരണമാണെന്നു പറയാം. വിശേഷിച്ച് 'അഥ' ശബ്ദം മംഗളവാചിയുമാകുന്നു. "ഓങ്കാരശ്ചാഥ ശബ്ദശ്ച ദ്വാവേതൌ മംഗളവാചിനൌ" എന്നു പ്രമാണവുമുണ്ട്.

വൃത്തം—മഞ്ജുഭാഷിണി, ലക്ഷണം—"സജസം കഴിഞ്ഞു ജഗമഞ്ജുഭാഷിണി."

അലങ്കാരം— പദാർത്ഥഹേതുകമായ കാവ്യലിംഗം. "ഹേതു വാക്യപദാർത്ഥങ്ങളാവുകിൽ കാവ്യലിംഗമാം" എന്നു ലക്ഷണം. ഇവിടെ അർജ്ജുനന്നു വിശേഷണമായി നിബന്ധിച്ചിരിക്കുന്ന, 'വിനയോജ്ജ്വലഃ, വശീ, പാശുപതമന്ത്രമീശ്വരാൽ സമവാപ്യ' എന്നിവ പദാർത്ഥരൂപത്തിൽ മഹർഷിമാരുടെ സ്തുതിക്കു ഹേതുവായി സ്ഥിതിചെയ്കയാൽ ലക്ഷണം സമന്വയിക്കുന്നു. കൂടാതെ 'തനയോ—വിനയോ' എന്നതിൽ യമകവുമുണ്ട്. "അക്ഷരക്കൂട്ടമൊന്നായിട്ടർത്ഥം ഭേദിച്ചിടുംപടി ആവർത്തിച്ചു കഥിച്ചീടിൽ യമകം പലമാതിരി" എന്നു ലക്ഷണം. "രണ്ടോ അതിലധികമോ അക്ഷരങ്ങളെത്തന്നെ ക്രമം തെററാതെ ആവർത്തിക്കുന്നതു യമകം" എന്നു ഭാഷാഭൂഷണത്തിൽ പറഞ്ഞിരിക്കുന്നതു നോക്കുക. 'മഹി–മഹ' എന്നതിൽ ഛേകാനുപ്രാസമാകുന്നു. "ഒരേമട്ടിലസംയുക്തവ്യഞ്ജനങ്ങൾക്കു മാത്രമോ കൂട്ടക്ഷരത്തിനോ

ദചിത്തചമേകദാഗ്ഗ്ഗകമെന്നതാം" എന്നു കാവ്യജീവിതവൃത്തി. 'തനയോഥതസ്യ' 'അഹാനികാന്തി' എന്നിവയിലെ ആദ്യാനുപ്രാസം അന്ത്യാനുപ്രാസം എന്നിവ സ്വയമൂഹിച്ചുകൊൾക.

ചെമ്പട

സ്വർല്ലോകാധിപതി,ശ്ശചീവല്ലഭനമലൻ,
മല്ലികാശരോപമാംഗൻ, കല്യാണനിലയൻ,
കല്യമതിസുരജനതല്ലജനമലൻ,
ഉല്ലാസയുതമാനസൻ,മല്ലവിലോചനൻ,
ബന്ധുരാംഗിമാരാം,പന്തണിമുലമാ-
രന്തരംഗേവാസമതാം,സിന്ധുരഗമനൻ,
ശത്രുജനങ്ങളെയെല്ലാം ചീത്തരണമതിൽ
മിത്രപുത്രാലയേ ചേത്തിട്ടെത്രയുമുദാരൻ

തോടി-

പന്നഗശയന,കൃപാ,ധന്യ,നതികീത്ത്യാ,
ഉന്നതനമരാപുരിതന്നിൽ വാണീടുന്നു

സ്വർല്ലോകാധിപതി=സ്വർഗ്ഗത്തിൻെറ നാഥൻ; ശചീവല്ലഭൻ=ഇന്ദ്രാണിയുടെ കാന്തൻ; അമലൻ=നിമ്മലൻ; മല്ലികാശരോപമാംഗൻ=മന്മഥതുല്യശരീരൻ; കല്യാണനിലയൻ=കല്യാണങ്ങൾക്കു ഇരിപ്പിടമായുള്ളവൻ. (നിലയശബ്ദം സംസ്കൃതത്തിൽ പുല്ലിംഗമാണെങ്കിലും ഭാഷയിൽ നപുംസകലിംഗമാകയാൽ തൽപുരുഷനിൽ 'കല്യാണനിലയം' എന്നുതന്നെയാണ് ഉചിതം. എങ്കിലും ബഹുവ്രീഹി സമാസം പറഞ്ഞു 'കല്യാണനിലയൻ' എന്ന ശബ്ദത്തേയും ഒരുവിധം ഇവിടെ സമർത്ഥിക്കാം). കല്യ

മതി=നിപുണബുദ്ധി; സുരജനതല്ലജൻ=സുരന്മാരിൽവെച്ചു ശ്രേഷ്ഠൻ; ഉല്ലാസയുതമാനസൻ=സന്തുഷ്ടചിത്തൻ; മല്ലവിലോചനൻ=പങ്കജനേത്രൻ; (മല്ലശബ്ദത്തെപ്പററി ഉപരി ചിന്തിക്കുന്നതാണ്). ബന്ധുരതരാംഗിമാർ=അതിസുന്ദരാംഗിമാർ; പന്തണിമുലമാരന്തരംഗേ=പന്തണിമുലമാരുടെ ഹൃദയത്തിൽ (ഈ സമസ്തപദത്തിലെ ഏകദേശമായ 'പന്തണിമുലമാർ' എന്നതിനോടാണ് ബന്ധുരതരാംഗിമാരാം എന്നതിന്റെ അന്വയം വിവക്ഷിച്ചിരിക്കുന്നതു്. എന്നാൽഅതു "സമാസത്തിൽ പരാധീനപ്പെട്ടുപോയ പദങ്ങളിൽ ദാസദാസന്ന്യായരീത്യാ ചേരാബാഹ്യ വിശേഷണം"എന്ന ന്യായപ്രകാരം ഉപപന്നമല്ലെന്നുകൂടി ധരിക്കണം.) വാസമതാം=വാസനയുള്ള, അഥവാ, 'വാസ' ശബ്ദത്തിന്നു ലക്ഷണയാൽ 'വാസി' യെന്നത്ഥം; സിന്ധുരഗമനൻ=ഗജത്തിന്റെ ഗതിപോലെയുള്ള ഗതിയോടുകൂടിയവൻ; ചീത്ത=വലുതായ; രണം=യുദ്ധം; മിത്രപുത്രാലയേ=യമഗേഹത്തിൽ; ഉദാരൻ=മഹാൻ, അല്ലെങ്കിൽ ദാനശീലൻ; പന്നഗശയനകൃപാധന്യൻ=പന്നഗശയനന്റെ-വിഷ്ണുവിന്റെ-കരുണയാൽ ഭാഗ്യവാൻ; അതികീത്ത്യാ=അധികയശസ്സിനാൽ; 'മല്ലികാശരോപമാംഗൻ' 'പന്തണിമുഖമാർ' 'സിന്ധുരഗമനൻ' എന്നിവയിൽ ഉപമ അലങ്കാരം. ലക്ഷണം— "ഒന്നിനൊന്നോടു സാദൃശ്യം ചൊന്നാലുപമയാമതു്". എന്നാൽ, "ധർമ്മോപമാനോപമേയവാചകങ്ങളിലൊന്നിനോ രണ്ടിനോ മൂന്നിനോ ലോപംവന്നാലുപമലുപ്തയാം" എന്ന ലക്ഷണപ്രകാരം ഇവ ലുപ്തയെന്ന വകഭേദവുംകൂടിയാകുന്നു. "അന്തരംഗേവാസമതാം"എന്നതിൽസംബന്ധാതിശയോക്തി. ലക്ഷ

ണം- 'അയോഗത്തിങ്കലേയോഗം സംബന്ധാതിശയോക്തി യാം' 'മിത്രപുത്രാലയേചേത്തു; എന്നതിൽ പര്യായോക്തവു മുണ്ട്—"പര്യായോക്തമരച്ചീടിൽ വാച്യംതാൻ വ്യംഗ്യരീതിയിൽ" എന്ന് ലക്ഷണം.

സുരുട്ടി—ചമ്പ.

ലബ്ധാസ്ത്രമീശാദ്വിജയം വിദിത്വാ
വൃദ്ധശ്രവാസ്തസ്യ ദിദൃക്ഷയാസൌ
അദ്ധാ തമാനേതുമഭീപ്സമാനോ
ബദ്ധാഞ്ജലിം മാതലിമേവമൂചേ· 2

അസൌ (സ. പു. പ്ര. ഏ) ഈ
വൃദ്ധശ്രവാഃ (ടി) ഇന്ദ്രൻ
വിജയം (അ. പു. ദ്വി. ഏ.) അർജ്ജുനനെ
ഈശാൽ (അ. പു. പ. ഏ.) പരമേശ്വരനിൽനിന്ന്
ലബ്ധാസ്ത്രം (അ. പു. ദ്വി. ഏ.) ലഭിച്ചിരിക്കുന്ന അസ്ത്രത്തോടു കൂടിയവനായിട്ട്
വിദിത്വാ=ധരിച്ച്
തസ്യ (ദ. പു. ഷ. ഏ.) അവൻെറ (അർജ്ജുനൻെറ)
ദിദൃക്ഷയാ (ആ. സ്ത്രീ തൃ. ഏ) ദർശനേച്ഛയാൽ
തം (ദ. പു. ദ്വി. ഏ.) അവനെ (അർജ്ജുനനെ)
ആനേതും (തുമുൻ. അവ്യ.) കൂട്ടിക്കൊണ്ടുവരുവാനായി
അദ്ധാ (അവ്യ.) യഥാർത്ഥമായി
അഭീപ്സമാനഃ (അ. പു. പ്ര. ഏ.) ഇച്ഛിക്കുന്നവനായിട്ട്
ബദ്ധാഞ്ജലിം (ഇ. പു. ദ്വി. ഏ ) കൂപ്പുകയ്യോടുകൂടിയ
മാതലിം (ടി) മാതലിയോട് (ഇന്ദ്രസാരഥിയോട്)

ഏവം (അവ്യ) ഇപ്രകാരം-താഴെപറയുംപ്രകാരം
ഉൗചേ (ലിട്. ആ. പ്ര. ഏ.) പറഞ്ഞു.

സാരം—അജ്ജുനന്നു പരമീശ്വരനിൽനിന്നു പാശുപതാസ്ത്രം കിട്ടിയതറിഞ്ഞു് അവനെ കാണ്മാനാഗ്രഹിച്ച് കൂട്ടിക്കൊണ്ടുവരുവാനായി, ദേവേന്ദ്രൻ കൈകൂപ്പി നില്ക്കുന്ന മാതലിയോടു് ഇപ്രകാരം പറഞ്ഞു. 'അഥാ' എന്ന പ്രയോഗത്താൽ ഇന്ദ്രൻെറ അജ്ജുനദിദൃക്ഷ പിതൃസ്വഭാവസിദ്ധമായ വാത്സല്യാതിശയത്താൽ ഹാദ്ദമായിട്ടുള്ളതാണെന്നല്ലാതെ നിവാതകവചാദിവധരൂപമായ സ്വകാൎയ്യസിദ്ധിയെ ഉദ്ദേശിച്ച് കാട്ടിക്കൂട്ടുന്നതല്ലെന്നും താദൃശകാൎയ്യസിദ്ധി ആനുഷംഗികഫലം മാത്രമാണെന്നും സൂചിപ്പിച്ചിരിക്കുന്നു. 'വിജയ' ശബ്ദസ്വാരസ്യത്താൽ അജ്ജുനദശ്നം വിജയദശനംതന്നെയായി ഇന്ദ്രൻ തീച്ച്യാക്കീട്ടുണ്ടെന്നും മററും വ്യംജിക്കുന്നു.

വൃത്തം— ഇന്ദ്രവജ്ര. ലക്ഷണം— "കേളിന്ദ്രവജ്ര യ്ക്കു തതംജഗംഗം."

അലങ്കാരം— "ലബ്ധാസ്ത്രമീശാദ്വിജയം വിദിത്വാ" എന്നതു് ഇന്ദ്രൻെറ അജ്ജുനദിദൃക്ഷക്കു ഹേതുവായിരിക്കയാൽ കാവ്യലിംഗമുണ്ടെന്നു പറയാം. ലക്ഷണം മുമ്പുതന്നേ പറഞ്ഞിട്ടുണ്ടു്. കൂടാതെ ഈ ശ്ലോകത്തിൽ ദ്വിതീയാക്ഷരപ്രാസവും നിവേശിച്ചു കാണുന്നു. ഈവക പ്രാസത്തെയാണ് ലീലാതിലകത്തിൽ "ദ്വിതീയസാമ്യേപദാനുപ്രാസഃ" എന്നിങ്ങിനെ പദാനുപ്രാസമായ് പറഞ്ഞിരിക്കുന്നതു്. അഞ്ജലിം മാതലിം എന്നതിൽ അന്ത്യാനുപ്രാസംമുതലായവ നോക്കിക്കൊൾക.

മാതലേ! നിശമയ മാമക വചനം:—
പാൎവ്വതീശനോടാശു പാശുപതമസ്ത്രം
പരിചോടേ ലഭിച്ചുടൻ പാൎത്ഥൻ വാണീടുന്നുപോൽ.
ധന്യശീലനായീടും മന്നവനതിധീരൻ
എന്നുടെ സുതനെന്നും നന്നായിധരിച്ചാലും
ഇത്രൈശ്വൎയ്യവാനായിട്ടില്ലിത്രിഭുവനത്തിങ്കൽ
കുത്രാപിനഹി കശ്ചിൽ ഓൎത്തു കാണുന്നനേരം.
വെണ്മതികുലരത്നമായീടുമവൻ തന്നെ
കാണ്മാനേറാമുള്ളിൽ കാംക്ഷ വളൎന്നീടുന്നു;
വലുതായ സുരകാൎയ്യം പലതുമുണ്ടിഹപാൎത്ഥ-
ബലവീൎയ്യേണ സാധിപ്പാൻ; അലസനല്ലവനൊട്ടും
കുന്ദത വെടിഞ്ഞു നീ പാണ്ഡവൻതന്നെ ഇങ്ങു
കൊണ്ടുപോന്നീടുവതിനുണ്ടാകൊല്ല താമസം.

—മാതലേ

മാതലി:—

ഭവദീയനിയോഗം ഞാൻ അവതീൎയ്യ ഭുവി പാൎത്ഥ-
സവിധേചെന്നു ചൊല്ലീടാം തവവാഞ്ഛിതങ്ങളെല്ലാം
വിടകൊള്ളാം അടിയനും വിജയസമീപേ.

ഇന്ദ്രൻ—

മാതലേ = അല്ലയോ മാതലി. (സംബോധനം.)
നിശമയ=കേൾക്കുക; മാമകവചനം=എന്റെ വാക്കു്; പാൎവ്വതീശൻ = ഗിരിജാപതി (ശിവൻ) പാശുപതം = പശുപതി (ശിവൻ) ദേവതയായിട്ടുള്ളതു്; അസ്ത്രം = ശരം; പരിചോടേ =ഉചിതമായി; പാൎത്ഥൻ=പൃഥയുടെ പുത്രൻ. (അൎജ്ജുനൻ).

ധന്യശീലൻ = സൽസ്വഭാവൻ; ത്രിഭുവനം = മൂന്നുലോകം (ഭൂമി, സ്വർഗ്ഗം, പാതാളം.) കുത്രാപി=(കുത്ര+അപി) ഒരേടിക്കിലും; നഹി=ഇല്ല; കശ്ചിൽ=ഒരുത്തൻ; വെണ്മതികുലരത്നം=ചന്ദ്രവംശത്തിന്റെ രത്നം; കാംക്ഷ=അഭിലാഷം; പാർത്ഥബലവീര്യേണ=അർജ്ജുനന്റെ ബലവീര്യത്താൽ; അലസൻ=മടിയൻ ആലസ്യനിഷേധത്താൽ ഉത്സാഹശീലത്വം ദുഷ്കരകാര്യക്ഷമത്വമെന്നിവ വ്യംജിക്കുന്നു. കുണ്ഠത=സംശയം.

ഇന്ദ്രോക്തിയിൽ ഹർഷം, ഗർവ്വം, മതി, ഔത്സുക്യം എന്നിവയാൽ ഉപസ്കൃതവും പുത്രവിഷയകവുമായ രതിഭാവം (വാത്സല്യം) പ്രധാനമായി വ്യംജിക്കുന്നു.

മാതലി:—

ഭവദീയ നിയോഗാൽ=അങ്ങയുടെ ആജ്ഞയാൽ; അവതീര്യ = ഇറങ്ങി; ഭുവി=ഭൂവിൽ, പാർത്ഥസവിധേ=അർജ്ജുനന്റെ അടുക്കൽ; തവ=നിന്റെ; വാഞ്ഛിതങ്ങൾ= ഇഷ്ടങ്ങൾ; വിടകൊള്ളാം = പോകാം (ആചാരവാക്ക്) അടിയൻ = ദാസനെന്ന അർത്ഥത്തിലുള്ള ആചാരവാക്ക്.

മാതലിയുടെ വാക്യത്തിൽ ഇന്ദ്രവിഷയകമായ 'രതി' യെന്ന ഭാവം ധ്വനിക്കുന്നു.

ഭർത്തുസ്സദാജ്ഞാം പരിഗൃഹ്യ മൂർധ്നാ
ധനഞ്ജയം പ്രാപ സുരേന്ദ്രസൂതഃ
സ്വസ്വാമിഭക്തിർഹി ജനസ്യ ലോകേ
സമസ്തസമ്പദ്വിജയാപ്തിഹേതുഃ 3

തദാ (അവ്യ) അപ്പോൾതന്നെ

സുരേന്ദ്രസൂതഃ (അ. പു. പ്ര. ഏ.) ദേവേന്ദ്രസാരഥി (മാതലി)

(ഭരിക്കുന്നവൻ)

ഭർത്തുഃ (ഋ. പു. ഷ. ഏ.) സ്വാമിയുടെ

തദാജ്ഞാം (ആ. സ്ത്രീ. ദ്വി. ഏ.) ആ ആജ്ഞയെ

മൂർദ്ധ്നാ (ന. പു. തൃ. ഏ.) ശിരസ്സാൽ } ശിരസ്സാവഹിച്ചു

പരിഗൃഹ്യ (ല്യ. അ.) പരിഗ്രഹിച്ചു്

ധനംജയം (അ. പു. ദ്വി. ഏ.) അജ്ജുനനെ (എല്ലാ ജനപദങ്ങളെയും ജയിച്ചു്, ധനം മാത്രം ഗ്രഹിച്ചു് അതിൻെറ നടുവിൽ നില്ക്കയാലാണ് അജ്ജുനന്നു 'ധനഞ്ജയ'നെന്നു പേർ സിദ്ധിച്ചതു്. "സർവ്വാൻ ജനപദാൻ ജിത്വാ ധനമാശ്രിത്യകേവലം മദ്ധ്യേ ധനസ്യതിഷ്ഠാമി തേനാഹുർമ്മാംധനഞ്ജയം" എന്നു ഭാരതത്തിൽ കാണുന്നു.)

പ്രാപ (ലിട്. പ. പ്ര. പു. ഏ.) പ്രാപിച്ചു

സ്വസ്വാമിഭക്തിഃ ഹി. { ഇ. സ്ത്രീ. പ്ര. ഏ / അവ്യ } തൻെറ സ്വാമിയിലുള്ള ഭക്തിയാവട്ടെ.

ലോകേ (അ. പു. സ. ഏ.) ലോകത്തിൽ

ജനസ്യ (അ. പു. ഷ. ഏ.) ജനത്തിന്നു

സമസ്തസമ്പദ്വിജയാപ്തിഹേതുഃ (ഉ. പു. പ്ര. ഏ.) സർവ്വവിധമായ ഐശ്വര്യത്തിന്നും വിജയത്തിന്നും കാരണമാകുന്നു.

സാരം— ലോകത്തിൽ ജനത്തിന്നു സ്വസ്വാമിഭക്തി സമസ്തസമ്പത്തിന്നും സകലവിജയത്തിന്നും ഹേതുവാകയാൽ മാതലി തൻെറ സ്വാമിയുടെ ആജ്ഞയെ ശിരസാ

വഹിച്ച് അപ്പോൾതന്നെ അൎജ്ജുനന്റെ അടുക്കൽചെന്നു.

വൃത്തം— ആഖ്യാനകി. ഇതിലെ ഒന്നും മൂന്നും പാദങ്ങൾ ഇന്ദ്രവജ്രയുടേയും രണ്ടും നാലും പാദങ്ങൾ ഉപേന്ദ്രവജ്രയുടേയും ആകയാൽ "ആഖ്യാനകിക്കൊററയിലിന്ദ്രവജ്ര യിരട്ടയിൽപ്പിന്നെയുപേന്ദ്രവജ്ര" എന്ന ലക്ഷണപ്രകാരം ഇതിലെ വൃത്തം ആഖ്യാനകിയാകുന്നു. ഈ സ്ഥിതിക്കു ചിലർ 'ഇന്ദ്രവജ്ര'യെന്നു പറഞ്ഞിരിക്കുന്നതു നിരാക്ഷേപമല്ല.

അലങ്കാരം— വാക്യാൎത്ഥഹേതുകമായ കാവ്യലിംഗം. ലക്ഷണം മുമ്പു കാണിച്ചിട്ടുണ്ട്. ഇവിടെ പൂൎവ്വാൎദ്ധത്തിൽ പ്രതിപാദിച്ചിരിക്കുന്ന, മാതലിയുടെ അൎജ്ജുനസവിധപ്രാപ്തിക്ക്, ഹേതുവായിട്ടാണല്ലോ ഉത്തരാൎദ്ധപ്രതിപാദ്യമായ വാക്യാൎത്ഥം സ്ഥിതിചെയ്യുന്നതു്. എന്നാൽ 'ഹി'എന്ന അവ്യയം ഹേതുവാചിയാണെന്നു പറയുന്നതായാലോ, 'തദാജ്ഞാം' എന്നതിനെ രണ്ടാക്കിപ്പിരിച്ച് 'തൽ' എന്നതു ഹേതുവാചിയായ അവ്യയമാണെന്നു പറയുന്നതായാലോ, കാവ്യലിംഗം വരുന്നതല്ലെന്നു ഓൎമ്മിക്കയും വേണം. വാക്യാൎത്ഥമോ, പദാൎത്ഥമോ വസ്തുസ്ഥിത്യാ ഹേതുവായിരിക്കയും ഹേതുത്വവാചിയായ ശബ്ദമില്ലാതിരിക്കയും ചെയ്താൽ മാത്രമേ കാവ്യലിംഗമാവൂ. ഹേതുത്വം അൎത്ഥസിദ്ധമായിരിക്കണമെന്നു താൽപൎയ്യം. അതുകൊണ്ടാണ്—

"നാഗേന്ദ്ര ഹസ്താസ്ത്വചികൎക്കശത്വാൽ
ഏകാന്ത ശൈത്യാൽ കദളീവിശേഷാഃ
ലബ്ധ്വാപിലോകേ പരിണാഹിരൂപം
ജാതാസ്തദൂൎവ്വോരുപമാന ബാഹ്യാഃ"

ഇത്യാദികളൊന്നും കാവ്യലിംഗത്തിന്നു വിഷയമല്ലെന്നു ആലങ്കാരികന്മാർ സിദ്ധാന്തിച്ചിരിക്കുന്നതു്. ഇങ്ങിനെയിരിക്കെ ചിലർ 'ഭർത്തുസ്ത്വദാജ്ഞാം' എന്ന ശ്ലോകത്തിലെ അലങ്കാരം അർത്ഥാന്തരന്യാസമാണെന്നു പറഞ്ഞു് "ഉക്തിരർത്ഥാന്തരന്യാസസ്സ്യാൽ സാമാന്യവിശേഷയോഃ" എന്ന കുവലയാനന്ദ ലക്ഷണം എടുത്തു ചേർത്തിരിക്കുന്നതു് ഭ്രമമൂലകമാവാനേ തരമുള്ളൂ. അർത്ഥാന്തരന്യാസത്തിന്നു പറഞ്ഞിരിക്കുന്ന ആ ലക്ഷണം പ്രസ്തുതശ്ലോകത്തിൽ സമന്വയിക്കുന്നതെങ്ങിനെയാണെന്നറിയുന്നില്ല. പ്രസ്തുതാപ്രസ്തുതങ്ങളായ സമർത്ഥ്യസമർത്ഥകവാക്യങ്ങളിൽ ഒന്നു സാമാന്യവും മറെറാന്നു വിശേഷവുമായിരിക്കണമെന്നല്ലേ ആ ലക്ഷണംകൊണ്ടു സിദ്ധിക്കുന്നതു്? 'ഭർത്തുസ്ത്വദാജ്ഞാം' എന്ന ശ്ലോകത്തിലാകട്ടെ, ഏതാണു് സാമാന്യം? ഏതാണു് വിശേഷം? 'സ്വാമിഭക്തി ജനത്തിന്നു സമസ്തസമ്പദ്വിജയാപ്തി ഹേതുവാകുന്നു' എന്ന വാക്യാർത്ഥം സാമാന്യമാണെങ്കിൽ അതിൻെറ വിശേഷം 'മാതലി ഇന്ദ്രഭക്തിയാൽ കുറെ സ്വത്തും സ്ഥാനവും സമ്പാദിച്ചു' എന്നോ മറേറാ ഈ രീതിയിലായിരിക്കണം. പ്രകൃതപദ്യത്തിലാകട്ടെ, 'മാതലി ഇന്ദ്രൻെറ ആജ്ഞയെ ശിരസാ വഹിച്ചു് അപ്പോൾതന്നെ അർജ്ജുനനെ പ്രാപിച്ചു' എന്നാണു് പറഞ്ഞിരിക്കുന്നതു്. അതുകൊണ്ടു് പ്രസ്തുതാപ്രസ്തുതവാക്യാർത്ഥങ്ങൾക്കു കാർയ്യകാരണഭാവമല്ലാതെ സാമാന്യ വിശേഷഭാവം വരുന്നതെങ്ങിനെ? സ്വാമിഭക്തി ലോകത്തിൽ ജനത്തിന്നു സമസ്തസമ്പദ്വിജയാപ്തിഹേതുവാകയാൽ മാതലി ഇന്ദ്രൻെറ ആജ്ഞയെ ശിരസാ വഹിച്ചു് അപ്പോൾതന്നെ അർജ്ജുനനെ പ്രാ

പിച്ചു എന്നല്ലേ പ്രകൃതശ്ലോകത്തിലെ വാക്യാൎത്ഥം? ഈ സ്ഥിതിക്ക, ഇന്ദ്രഭക്തനായ മാതലിയുടെ അജ്ജ്ഞനപ്രാപ്തിരൂപമായ കാൎയ്യത്തിന്നു കാരണമായിട്ടാണ് ഉത്തരാൎദ്ധം സ്ഥിതിചെയ്യുന്നതെന്നുള്ളതു വ്യക്തവുമാണ്. ആകയാൽ പ്രകൃതശ്ലോകത്തിലെ വാച്യമായ അലങ്കാരം കാവ്യലിംഗമല്ലാതെ അൎത്ഥാന്തരന്യാസമാവുകയില്ലെന്നതു സ്പഷ്ടംതന്നെ.

ഇപ്രകാരം ഇതിലെ വാച്യമായ അലങ്കാരം കാവ്യലിംഗമാണെങ്കിലും ധനംജയ ശബ്ദസ്വാരസ്യത്താൽ രൂപകവും, തദ്വാരാ അൎത്ഥാന്തരന്യാസവും ധ്വനിക്കുന്നുണ്ട്. മഹാനായകവി, 'കിരീടിനം' എന്നോ 'പൃഥാസുതം' എന്നോ മറേറാ പ്രയോഗിക്കാതെ 'ധനംജയ' ശബ്ദംതന്നെ നിവേശിച്ചിരിക്കയാൽ ധനഞ്ജയനായ ധനവും ജയവുമെന്നിങ്ങിനെ വ്യംജിക്കുന്ന രൂപകം സമൎത്ഥ്യസമൎത്ഥകവാക്യങ്ങൾക്കു, സാമാന്യവിശേഷഭാവം സമ്പാദിച്ചുകൊടുത്തുകൊണ്ടു അൎത്ഥാന്തരന്യാസം ധ്വനിപ്പിക്കുന്നു.

വരട്ടെ, അൎത്ഥാന്തരന്യാസം ധ്വനിയാണെന്നു എന്തിന്നു പറയുന്നു? അതു വാച്യമായിക്കൂടേ? അതുപോലെ രൂപകവും വ്യംഗമാണെന്നു നിൎബ്ബന്ധിക്കുന്നതെന്തിന്? 'സദ്വംശമുക്താമണി(സദ്വംശമായ വംശത്തിന്നു-മുളക്കു്-മുക്താമണി) 'വിദ്വന്മാനസഹംസം' (വിദ്വാന്മാരുടെ മാനസമായ മാനസസരസ്സിലെ ഹംസം) ഇത്യാദിയിലെന്നപോലെ ഇവിടേയും ശ്ലിഷ്ടരൂപകമാണെന്നു പറയാമല്ലോ. വാച്യമായ ശ്ലിഷ്ടരൂപകത്തെ അടിസ്ഥാനമാക്കിയാണ് കവിയുടെ ഉത്തരാൎദ്ധനിബന്ധനമെന്നു വന്നാൽ അൎത്ഥാന്തരന്യാസം വാച്യമാണെന്നതിൽ സംശയത്തിന്നിടയുണ്ടോ?

"അഥോപഗൂഢേ ശരദാശശാങ്കേ
പ്രാവൃഡ്യയൌ ശാന്തതടിൽ കടാക്ഷാ
കാസാം ന സൌഭാഗ്യ ഗുണോംഗനാനാം
നഷ്ടഃ പരിഭ്രഷ്ടപയോധരാണാം."

എന്ന പദ്യത്തിലെ അർത്ഥാന്തരന്യാസത്തിന്നു സമാസോക്തിയെന്നതുപോലെ പ്രസ്തുതശ്ലോകത്തിലെ അർത്ഥാന്തരന്യാസത്തിന്നു ശ്ലിഷ്ടരൂപകം ഉത്ഥാപകമായിരിക്കുന്നുവെന്നേയുള്ളു. ഇങ്ങിനെയിരിക്കെ രൂപകധ്വനിയെന്നുംമററും ക്ലേശിക്കുന്നതെന്തിനെന്നു ആക്ഷേപിക്കുന്നതായാൽ പറയാം—ധനഞ്ജയശബ്ദത്തിൽ ശ്ലിഷ്ടരൂപകം നിർബ്ബാധമാണെങ്കിൽ ഈ ആക്ഷേപം സമ്മതിക്കേണ്ടതുതന്നേയാണ്. എന്നാൽ അതു ദുസ്സാധമായിട്ടാണിരിക്കുന്നതു. അതുകൊണ്ടാണ് രൂപകവും അർത്ഥാന്തരന്യാസവും വാച്യമല്ലെന്നു ഞാൻ പറഞ്ഞതു്; അല്ലാതെ രൂപകവും അർത്ഥാന്തരന്യാസവും മററും എനിക്കുധ്വനിയാക്കിയേ കഴിയൂ എന്നു ശാഠ്യവുമില്ല. ആട്ടെ, ശ്ലിഷ്ടരൂപകമെന്നാലെന്തു്? സ്വതന്ത്രനിലയിൽ അങ്ങിനെ ഒരു രൂപകം ആലങ്കാരികന്മാരാരും നിർദ്ദേശിച്ചിട്ടില്ലല്ലോ? അവർ നിർദ്ദേശിച്ചിരിക്കുന്നതു് പരമ്പരിത രൂപകം ശുദ്ധമെന്നും ശ്ലിഷ്ടമെന്നും രണ്ടുതരത്തിലാണെന്നു മാത്രമല്ലേ? ആകയാൽ ശ്ലേഷമൂലമായ രൂപകം പരമ്പരിത ഭേദത്തിലേ വരൂ എന്നു സമ്മതിക്കതന്നെ വേണം. 'സഭാംശമുക്താമണി' 'വിദ്വന്മാനസഹംസം' ഇത്യാദിയൊക്കെയും പരമ്പരിതരൂപകമാണെന്നതിൽ ആൎക്കും തൎക്കവുമില്ല. നായകനിലുള്ള മുക്താമണിത്വാരോപവും, ഹംസത്വാരോപവും, വംശത്തിൽ വംശത്വാരോപത്തിന്നും മാ

നസ്ത്തിൽ മാനസസരസ്സ്വാരോപത്തിന്നും സാധകമായി ട്ടാണിരിക്കുന്നതു്. ഇങ്ങിനെ ശ്ലിഷ്ടരൂപകം വരണമെങ്കിൽ അതിന്നു സാധകമായിമറെറാരു രൂപകം അവശ്യമുണ്ടായിരിക്കേണ്ടതാകയാൽ ആയതു ഏതെങ്കിലുമൊരു അംഗത്തിലല്ലാതെ സ്വതന്ത്രമായി സംഭവിക്കുന്നതല്ലെന്നു വരുന്നു. നോക്കുക.

"പ്രേമത്തൊടന്നല്പികവാണിതന്റെ, നേ—
ക്കോമൽക്കടക്കൺമുനയൊന്നയക്കവേ
ആമന്ത്രിപാളീതിലകത്തിൽവാച്ചിത-
ക്ഷാമംപരക്കെപ്പൂളകാഢ്യകുഡ്മളം" (ഉമാകേരളം)

"ഉരുതരബലമാകും കാററുകൊണ്ടൂററമേററം
പെരുകിനമുകിലാടൽപ്പാടുമൽപ്പാടുമാറി
ഒരുവകതടവെന്യേകാലമാം കായലൂടേ
നിരുപമഗുണമാളും വഞ്ചിസഞ്ചാരമാന്നു"

ആദ്യത്തെ പദ്യത്തിലേ മന്ത്രിപാളീതിലകമായ തിലകവൃക്ഷമെന്നും രണ്ടാമത്തേതിലെ 'മുകില'നായ മുകിലെന്നും വഞ്ചിരാജ്യമായ വഞ്ചിയെന്നുമുള്ള ശ്ലിഷ്ടരൂപങ്ങൾക്കു മററുള്ള രൂപകങ്ങൾ ഗമകങ്ങളാണല്ലോ. ധനഞ്ജയശബ്ദത്തിലെ രൂപകത്തിനാകട്ടെ, സാധകമായി മറെറാരുരൂപകമില്ലായ്കയാൽ അതു പരമ്പരിതവുമല്ല. അതുകൊണ്ടു്, അതു കേവലരൂപകംപോലെ, സ്വതന്ത്രമാണെന്നുപറയേണ്ടതായിരിക്കുന്നു. അങ്ങിനെ ആലങ്കാരികന്മാരാരും പറഞ്ഞിട്ടുമില്ല. ആലങ്കാരികന്മാരാരും പറഞ്ഞിട്ടില്ലെങ്കിലും ലക്ഷ്യാനുരോധേന കല്പിക്കാമെന്നുവെച്ചാൽ അങ്ങി

ധ്വാമൂലധ്വനി നിർവ്വിഷയമായോ വിരളവിഷയമായോ ഭവിക്കുന്നതുമാണ്. ആവക സ്ഥലങ്ങളിലൊക്കെയും ശ്ലിഷ്ടരൂപകം പറയാമല്ലോ. ആകയാൽ ശ്ലിഷ്ടരൂപകം സുവചമല്ലെന്നു വരുന്നു. ഇനി ശ്ലിഷ്ടരൂപകം സുവചമല്ലെങ്കിൽ വേണ്ട; ശ്ലേഷമായിക്കൂടേ എന്നാണ് ആക്ഷേപമെങ്കിൽ പ്രകൃതാർത്ഥത്തിന്നു അതുകൊണ്ടെന്തു ഗുണമാണ്. അതിന്നു പ്രകൃതാർത്ഥത്തോടു വല്ല ബന്ധവുമുണ്ടോ? അജാഗളസ്തനംപോലെ നിഷ്പ്രയോജനമായോ, ത്രിശങ്കുസ്വർഗ്ഗം പോലെ അങ്ങുമിങ്ങും തൊടാതെയോ തൂങ്ങിനിൽക്കുന്ന അത്തരംശ്ലേഷത്തെ ആർ ആദരിക്കും. അർത്ഥാന്തരന്യാസസിദ്ധിക്കായിമാത്രം സ്വീകരിക്കുക എന്നതു, കമ്മലിടുവാൻ കാതുമുറിക്കുന്നതുപോലെയോ, കണ്ണടവെയ്ക്കുവാൻ കണ്ണുകേടുവരുത്തുന്നതുപോലെയോ അനാശാസ്യവുമപഹാസ്യവുമാണെന്നേ പറവാനുള്ളു. അപ്രസ്തുതവും സമർത്ഥകവുമായ ഉത്തരാർദ്ധമാകട്ടെ, കാവ്യലിംഗത്താൽതന്നെ ഉപപന്നമാവുകകൊണ്ടു് അർത്ഥാന്തരന്യാസത്തിന്നു ക്ലേശിച്ചിട്ടാവശ്യവുമില്ല. കവിതാകാമിനിക്കു കണ്ഠാഭരണമായി ഒരു സ്വർണ്ണമാല വേണമെങ്കിൽ അതു 'എസ്'മാലയായാലെന്തു്? ഡൈമൻ മാലയായാലെന്തു്? ആകയാൽ 'ധനഞ്ജയ'ശബ്ദത്തിലെ രൂപകവും അർത്ഥാന്തരന്യാസവും ശബ്ദശക്തിമൂലധ്വനിയാണെന്നു പറയേണ്ടിയിരിക്കുന്നു. സംലക്ഷ്യക്രമവ്യംഗ്യപ്രഭേദമായ ശബ്ദശക്തിമൂലധ്വനിയാകട്ടെ വസ്തുവെന്നും അലങ്കാരമെന്നും രണ്ടുതരത്തിലാണ്. വ്യംഗ്യം അലങ്കാരരൂപത്തിലാണെങ്കിൽ അലങ്കാരധ്വനിയെന്നും അല്ലെങ്കിൽ വസ്തുധ്വനിയെന്നും പറയുന്നു. ധ്വനിക്കു പ്രയോജകമായി

രിക്കുന്നതു ശബ്ദമാണെങ്കിൽ അതു ശബ്ദശക്തിമൂലധ്വനി അല്ലെങ്കിൽ അഭിധാമൂലധ്വനി എന്നും അൎത്ഥമാണെങ്കിൽ അതു് അൎത്ഥശക്തിമൂലധ്വനിയെന്നുമാണു് ആലങ്കാരികസിദ്ധാന്തം. പക്ഷെ ശബ്ദമില്ലാതെ അൎത്ഥമോ, അൎത്ഥമില്ലാതെ ശബ്ദമോ സംഭാവ്യമല്ലായ്കയാൽ ഈ വിഭാഗം യുക്തമല്ലെന്നു ശങ്കിക്കേണ്ട. ശബ്ദാൎത്ഥങ്ങൾക്കു അവിനാഭാവിത്വമുണ്ടെങ്കിലും ധ്വനിക്കു സാക്ഷാൽ പ്രയോജകമായി സ്ഥിതി ചെയ്യുന്നതു് അവയിൽ ഏതെങ്കിലുമൊന്നുമാത്രമാവാം. ഒന്നു പ്രയോജകമാവുമ്പോൾ മറെറാന്നു സഹകാരിയായിരിക്കും. ശബ്ദം മാററിയാൽ ധ്വനിയില്ലാതാകുന്നേടത്തു ശബ്ദമാണു് പ്രയോജകം, പൎയ്യായപദം പ്രയോഗിച്ചാലും ധ്വനിക്കു ഹാനിയില്ലെങ്കിൽ അവിടെ അൎത്ഥമാകുന്നു പ്രയോജകം. ആകയാൽ ശബ്ദം പരിവൃത്ത്യസഹമെങ്കിൽ ശബ്ദശക്തിമൂലധ്വനിയെന്നും, പരിവൃത്തിസഹമെങ്കിൽ അൎത്ഥശക്തിമൂലമെന്നും ഗ്രഹിക്കുന്നതായാൽ യാതൊരു കുഴപ്പത്തിന്നും വഴിയില്ല. ഈ സ്ഥിതിക്കു 'ധനംജയം' എന്നതിലെ അൎത്ഥാന്തരം ധ്വനിയാണെങ്കിൽ അതു ശബ്ദശക്തിമൂലധ്വനിയാണെന്നതിന്നു സംശയവുമില്ല. 'ധനംജയ' മെന്നതിന്നു പകരം 'പൃഥാസുത' മെന്നോ, 'കിരീടിന' മെന്നോ മറേറാ വല്ല പൎയ്യായവും പ്രയോഗിച്ചാൽ അൎത്ഥാന്തരത്തിന്നു പ്രതീതിയുണ്ടാവുകയില്ലല്ലോ. പ്രതീയമാനമായ അൎത്ഥാന്തരം ശ്ലിഷ്ടരൂപകംകൊണ്ടോ ശ്ലേഷംകൊണ്ടോ നിൎവ്വാഹ്യമല്ലായ്കയാൽ ധ്വനിയാണെന്നു മുമ്പുതന്നെ പറഞ്ഞിട്ടുമുണ്ടു്. എന്നാൽ അതു വസ്തുവോ അലങ്കാരമോ ഏതെന്നാണു് ഇനി ചിന്തിക്കേണ്ടതു്. വസ്തുപക്ഷത്തിൽ, കവി 'ധനഞ്ജയ'

ശബ്ദപ്രയോഗത്താൽ അൎത്ഥാന്തരം വ്യംജിപ്പിച്ചതു വാച്യമായ അൎത്ഥാന്തരന്യാസസിദ്ധിക്കായിട്ടാണെങ്കിൽ ആ വ്യംഗ്യം വാച്യസിദ്ധ്യംഗമെന്ന ഗുണീഭൂതവ്യംഗ്യപ്രഭേദമെന്നല്ലാതെ ധ്വനിയാവുന്നതല്ല; എന്നുമാത്രമല്ല, ശ്ലേഷത്തിന്നു പ്രസ്താവിച്ച കുഴപ്പങ്ങളൊക്കെയും ഇവിടേയും വന്നുചാടും. അതുകൊണ്ടു പാൎത്ഥനിൽ ധനാഭേദവും ജയാഭേദവും വ്യംജിക്കുന്നുവെന്നു പറയുകയാണ് ഉചിതമായിരിക്കുക. അപ്പോഠം ശബ്ദശക്തിമൂലമായ രൂപകധ്വനിയാണെന്നുതന്നേ സിദ്ധിക്കുന്നു. എങ്കിലും വാച്യമായ അൎത്ഥാന്തരന്യാസസിദ്ധിക്കു അംഗമാകയാൽ അതു ധ്വനിയാവുകയില്ലല്ലോ എന്നുവീണ്ടും ശങ്കിക്കേണ്ട. അൎത്ഥാന്തരന്യാസം വാച്യമല്ല; ഉത്തരാൎദ്ധമായ സമൎത്ഥകവാക്യം അൎത്ഥാന്തരന്യാസാപേക്ഷ കൂടാതെതന്നെ കാവ്യലിംഗരീതിയിൽ ഉപപന്നമാകയാൽ അൎത്ഥാന്തരന്യാസത്തെ വാച്യകോടിയിലേക്കു വലിച്ചുകൊണ്ടു വരേണ്ടുന്ന ആവശ്യമേ ഇല്ല.

"അഥോപഗൂഢേശരദാശശാങ്ക
പ്രാവൃഢ്യയൌശാന്തതടിൽകടാക്ഷാ
കാസാംനസൌഭാഗ്യഗുണാംഗനാനാം
നഷ്ടഃ പരിഭ്രഷ്ടപയോധരാണാം"

എന്നതിലെ പൂൎവ്വാൎദ്ധത്തിൽ സമാസോക്തിയുണ്ടെന്നും, അതിന്നനുഗുണമായിട്ടാണ് ഉത്തരാൎദ്ധത്തിലെ അൎത്ഥാന്തരന്യാസം സ്ഥിതിചെയ്യുന്നതെന്നും സമ്മതിക്കുതന്നെവേണം. അല്ലാത്തപക്ഷം, ഉത്തരാൎദ്ധനിബന്ധനം അനുപപന്നമാവും. "ഭൎത്തുസ്തദാജ്ഞാം" എന്നശ്ലോകത്തിലെ സ്ഥി

തി അപ്രകാരമല്ല. അതിലെ ഉത്തരാർദ്ധം മാതലിയുടെ അജ്ഞാനപ്രാപ്തിക്കു ഹേതുരൂപത്തിൽ സമർത്ഥകമായിരിക്കുയാൽ ഉപപന്നമാകുന്നു. അതുകൊണ്ടു് അതിലെ വാച്യാർത്ഥപ്രതീതി നിർബ്ബാധമാണു്. നിർബ്ബാധമായ വാച്യാർത്ഥപ്രതീതിക്കു ശേഷമുണ്ടാവുന്ന അർത്ഥാന്തരപ്രതീതി വ്യംജനക്കല്ലാതെ അഭിധയ്ക്കു വിഷയമല്ലതാനും. ആകയാൽ ധനഞ്ജയശബ്ദവ്യംഗമായ രൂപകംവഴിക്കു സഹൃദയന്മാർക്കുണ്ടാകുന്ന അർത്ഥാന്തരന്യാസപ്രതീതിയും വ്യംഗം തന്നെയാകുന്നു. എങ്കിലും സമർത്ഥകാംശം, "സ്വസ്വാമിഭക്തിർഹിജനസ്യലോകേ, സമസ്തസമ്പദ്വിജയാപ്തിഹേതുഃ" എന്നിങ്ങിനെ ശബ്ദംകൊണ്ടു വാച്യമാക്കീട്ടുണ്ടല്ലോ എന്നും ശങ്കിക്കേണ്ട. സമർത്ഥകാംശം വാച്യതാലീഢമാണെങ്കിലും, അർത്ഥാന്തരന്യാസജീവാതുവായ സാമാന്യവിശേഷഭാവം വാച്യമാ വാച്യായമാനമോ അല്ല; വ്യംഗംതന്നെയാകുന്നു. ധനഞ്ജയശബ്ദം അഭിധയാൽ, വാച്യമായ വാക്യാർത്ഥത്തിന്നനുഗുണമായി, 'പാർത്ഥനെന്ന സങ്കേതിതാർത്ഥം ബോധിപ്പിക്കുന്നതോടുകൂടി ചരിതാർത്ഥമായി ആ വ്യാപാരം വിരമിക്കെ, വ്യഞ്ജനയെ ആശ്രയിച്ചു്, വീണ്ടും പാർത്ഥൻ അന്യാദൃശമായ ധനവും ജയവുമാണെന്നിങ്ങിനെരൂപകപ്രതീതിയുണ്ടാക്കുന്നു. പ്രതീയമാനമായ രൂപകമനുസരിച്ചു് 'ഭർത്തുസ്തദാജ്ഞാ' മെന്നഭാഗത്തിൽ മാതലിയുടെ ഇന്ദ്രഭക്ത്യതിശയവും തദ്വാരാ പൂർവ്വോത്തരവാക്യാർത്ഥങ്ങൾക്കു സാമാന്യവിശേഷഭാവവും വ്യഞ്ജിക്കുന്നു. ആകയാൽ ഇന്ദ്രഭക്തനായ മാതലി ധനഞ്ജയനെന്ന അന്യാദൃശമായ ധനവും ജയവും പ്രാപിച്ചു; സ്വസ്വാമിഭക്തി സമസ്തസമ്പദ്വിജയാപ്തിഹേ

ത്തുവാണല്ലോ. എന്നിങ്ങിനെ സാമാന്യവിശേഷ ഭാവാത്മകവും സമർത്ഥ്യസമർത്ഥകരൂപവുമായ അർത്ഥാന്തരന്യാസം ധ്വനിക്കുന്നുവെന്നുതന്നെ പറയാം. ഇങ്ങിനെയെല്ലാമാണെങ്കിലും രൂപകം അർത്ഥാന്തരന്യാസസിദ്ധിക്കു അംഗമാകയാൽ ഗുണീഭൂതവ്യംഗ്യമല്ലാതെ ധ്വനിയാവുമോ? ധ്വനിക്കുസർവ്വാപേക്ഷയാ പ്രധാന്യം വേണമല്ലോ എന്നാണു പിന്നീടുള്ള ആക്ഷേപമെങ്കിൽ അതും അത്രസാരമുള്ളതല്ല. വ്യംഗത്തിന്നു പ്രാധാന്യം നിശ്ചയിക്കുന്നത് വാച്യത്തെ അപേക്ഷിച്ചാണ്. അല്ലെങ്കിൽ പാര്യന്തികമായ രസധ്വനിയോ ഭാവധ്വനിയോ ഉൾപ്പെടത്തെല്ലാം മററൊരുധ്വനിയും ഇല്ലെന്നാവും. അതു ആലങ്കാരികമത വിരുദ്ധവുമാണ്. അലങ്കാരധ്വനിക്കു

"നിരുപാദാനസംഭാരമഭിത്താവേവതന്വതേ
ജഗച്ചിത്രംനമസ്തസ്മൈകലാശ്ലാഘ്യായശ്ശൂലിനെ."

എന്നു കാവ്യപ്രകാശത്തിൽ ഉദാഹരിച്ചിരിക്കുന്നതുനോക്കുക. ഇതിൽ പ്രതീയമാനമായ 'വ്യതിരേകം' ശൂലിവിഷയമായഭക്തിരൂപഭാവത്തിന്നു അംഗമാണെന്നതിൽ വല്ല സംശയവുമുണ്ടോ? എങ്കിലും വ്യതിരേകംധ്വനിയാണെന്നല്ലേ പറഞ്ഞിരിക്കുന്നതു്? ആകയാൽ ധ്വനിക്കുള്ള പ്രാധാന്യവിവക്ഷ വാച്യത്തെ അപേക്ഷിച്ചാണെന്നതു സുവ്യക്തമാകുന്നു. ഏതായാലും ഈ വിചാരത്തെ ഇതിലുമധികം ദീർഘിപ്പിക്കുന്നില്ല. അദ്ധ്യേതാക്കളുടെ ബുദ്ധിവൈശദ്യത്തിന്നായിമാത്രം ഇത്രയും പ്രതിപാദിച്ചുവെന്നേ ഉള്ളു. എന്നാൽ ഇന്നത്തെ അദ്ധ്യേതാക്കൾക്കെന്നുവേണ്ട, അദ്ധ്യാപകന്മാരിൽതന്നെ പലക്കും ഈവക ചർച്ചകളെ വായിച്ചു

മനസ്സിലാക്കുവാനുള്ള ക്ഷമയോ ശക്തിയോ ദുൎല്ലഭമാണെന്നു എനിക്കറിയായ്കയില്ല, എങ്കിലും

"ഉത്പസ്യതേസ്തിമമകോപി സമാനധൎമ്മാ
കാലോഹ്യയം നിരവധിൎവ്വിപുലാച പൃഥ്വീ"

എന്നഭവഭൂതിയുടെ സമാധാനംതന്നെയാണ് എനിക്കുമുള്ളതു്. പുറമെ, ഈ വ്യാഖ്യാനത്തിൽ ഇത്തരം വിചാരസരണിയെ വീണ്ടുംതുടൎന്നു അത്തരക്കാരെ അധികമൊന്നും മുഷിപ്പിക്കാതിരിപ്പാൻ ശ്രദ്ധിച്ചുകൊള്ളാമെന്നു് ഇവിടെത്തന്നെ രേഖപ്പെടുത്തുകയുംചെയ്യുന്നു.

അമൎത്ത്യവൎയ്യസാരഥിൎമ്മരുത്പതോക്തമാസ്ഥയാ
സമസ്തനീതിഭാജനം സമേത്യ സവ്യസാചിനം
തമാത്തശസ്തലസ്തകാദുദിത്വരാസ്ത്രസഞ്ചയൈർ-
നികൃത്തശത്രുമസ്തകം സവക്ത്രമാദദേവചഃ 4

സഃ (ദ. പു. പ്ര. ഏ.) ആ
അമൎത്ത്യവൎയ്യസാരഥിഃ (ഇ. പു. പ്ര. ഏ.) ഇന്ദ്രസൂതൻ (മാതലി)
സമസ്തനീതിഭാജനം (അ. ന. ദ്വി. ഏ.) സകല നീതികൾക്കും പാത്രവും
ആത്തശസ്തലസ്തകാൽ (അ. പു. പ. ഏ.) ഗ്രഹിച്ചിരിക്കുന്ന പ്രശസ്തമായ ധനുൎമ്മദ്ധ്യത്തിൽ നിന്നു്
ഉദിത്വരാസ്ത്രസഞ്ചയൈഃ (അ. പു. തൃ. ബ.) ഉൽഗമിക്കുന്ന ബാണപരമ്പരകളാൽ

നികൃത്തശത്രുമസ്തകാ (അ. പു. ദ്വി, ഏ.) ഖണ്ഡിക്കപ്പെട്ട ശ
ത്രുമസ്തകങ്ങളോടുകൂടിയവനും ആയ

സവ്യസാചിനാം (ന. പു, ദ്വി. ഏ.) അർജ്ജുനനെ
(സവ്യേന=വാമേനഹസ്തേനാപി, സചതി=സന്ദധാതി ബാണാനിതിസവ്യസാചി. ഇടത്തെ കൈകൊണ്ടും ബാണസന്ധാനം ചെയ്യുന്നവനെന്നവയവാൎത്ഥം) "ഉഭൌമേ ദക്ഷിണൌ പാണീ ഗാണ്ഡീവസ്യ വികൎഷണേ; തേന ദേവമനുഷ്യേഷു സവ്യസാചീതി മാം വിദുഃ." എന്നു ഭാരതം.

ആസ്ഥയാ (ആ സ്ത്രീ. തൃ ഏ) ആദരവോടുകൂടി

സമേത്യ (ല്യ. അവ്യ.) പ്രാപിച്ച്

മരുതാതാ (ത. പു. തൃ. ഏ) ഇന്ദ്രനാൽ

ഉക്തം (അ. ന. ദ്വി. ഏ.) പറയപ്പെട്ടതിനെ

തം (ദ. പു. ദ്വി. ഏ) അവനോടു

വക്തും (തുമൻ. അവ്യ.) പറയുവാനായി

വചഃ (സ. ന. ദ്വി. ഏ) വചസ്സിനെ

ആദദേ (ലിട്. ആ. പ്ര. ഏ.) സ്വീകരിച്ചു.

'ആസ്ഥാ' ശബ്ദത്തിന്നു സ്നേഹമെന്ന ചിലരുടെ വ്യാഖ്യാനം പ്രാമാണികമാണെന്നു തോന്നുന്നില്ല. 'ഉക്തം വചഃ വക്തും ആദദേ' എന്ന അന്വയക്രമവും ചിന്ത്യമാകുന്നു. ഉക്തം വക്തും എന്നു പറഞ്ഞാൽ മതിയായിരിക്കേ, ഉക്തംവചഃ എന്നു വചശ്ശബ്ദത്തെ വിശേഷ്യമാക്കിയതുകൊണ്ടു വിശേഷിച്ചു ഫലമൊന്നുമില്ലെന്നു മാത്രമല്ല 'ആദദേ' എന്ന ആദാനക്രിയക്കു കൎമ്മമില്ലാതാവുകയാൽ

സാകാംക്ഷമായ ആ വാക്യംതന്നെ ദുഷ്ടമായിത്തീന്നിരിക്കുന്നു. കൂടാതെ, അക്കൂട്ടർ 'ആത്തശസ്ത്രലസ്തകാൽ' എന്നസമീചീന പാഠത്തെ 'ആത്തശസ്ത്രഹസ്തകാൽ' എന്നു മാററിയിരിക്കുന്നതു 'ലസ്തക' ശബ്ദാത്ഥമറിയാഞ്ഞിട്ടായിരിക്കുമോ എന്തോ? ഏതായാലും അവരുടെ 'ഹസ്തക'ത്തിലെ 'ക' പ്രത്യയം വൃത്തത്തിലെ വിടവടക്കാൻ മാത്രമേ ഉപകരിക്കുന്നുള്ളു.

വാക്യാത്ഥം— ആ മാതലി, സകലനീതികൾക്കിരിപ്പിടവും താനെടുത്തവില്ലിൻെറ മദ്ധ്യത്തിൽനിന്നു നിർഗ്ഗമിക്കുന്ന ബാണഗണങ്ങളാൽ ശത്രുക്കളുടെ ശിരസ്സുകളെ ഛേദിച്ചവനും, ആയ സവ്യസാചിയുടെ അടുത്തുചെന്നു അവനോടു ഇന്ദ്രൻ പറഞ്ഞയച്ചതിനെ ആദരവോടുകൂടി പറയുവാൻ തുടങ്ങി.

വൃത്തം— പഞ്ചചാമരം. ലക്ഷണം— "ലഗംലഗം നിരന്നു പത്തുമാറു പഞ്ചചാമരം"

അലങ്കാരം— സവ്യസാചിയുടെ വിശേഷണങ്ങളൊക്കെയും മാനനീയതാഭിപ്രായഗർഭമാകയാൽ പരികരം- ലക്ഷണം- "വരും പരികരം,ചൊന്നാൽ സാഭിപ്രായം വിശേഷണം" 'ആസ്ഥയാ' എന്നതിന്നു അവ ഹേതുവായിരിക്കയാൽ കാവ്യലിംഗവും പറയാം. കൂടാതെ "പാദങ്ങളിൽ യഥായോഗ്യം യതികല്പിച്ചുനുക്രമം, ഏകാക്ഷരമനാദ്യന്തമാവത്തിക്കിലനുക്രമം" എന്നു 'കാവ്യജീവിതവൃത്തി'യിൽ പറഞ്ഞിരിക്കുന്ന ലക്ഷണമനുസരിച്ചു, (പാദങ്ങളിൽ ഉചിതംപോലെ യതി കല്പിച്ചു യഥാക്രമം ഓരോ യതിഖണ്ഡങ്ങളിലും ആദ്യാക്ഷരവുമന്ത്യാക്ഷരവുമൊഴിച്ചു മററുള്ള വ്യഞ്ജന

ങ്കിലുമൊരക്ഷരം ഒരേ രൂപത്തിൽ നിബന്ധിക്കുന്നതു് അനു ക്രമം.) യതിഖണ്ഡങ്ങളിലെ മൂന്നാമത്തെ അക്ഷരം ആവ ർത്തിച്ചിരിക്കയാൽ അനുക്രമപ്രാസവുമുണ്ടു്. പുറമെ, ആദ്യ നുപ്രാസം വൃത്ത്യനുപ്രാസമെന്നിവയും നോക്കിക്കൊൾക.

പല്ലവി.

വിജയതേ ബാഹുവിക്രമം വിജയ തേ

ച. 1.

ശിവൻ
പരമേശൻ തവ രണനൈപുണ്യംകൊണ്ടു
പരിതോഷമകതാരിൽ കലൎന്നുമ്പതു
പരന്മാരാൽ സുദുർലഭമായീടും പരമാസ്ത്രം
പരിചോടുലഭിച്ചതും പരമിഹ വിചാരിച്ചാൽ
വിജയതേ—

ച 2.

കുരുനൃപകുമാരന്മാരൊക്കവേ പോരിൽ
മറുത്തുനിൽക്കരുതാഞ്ഞു വലഞ്ഞുടൻ നീയും
കരുത്തുള്ള ദ്രുപദനെ പട്ടപാമോടു ബന്ധിച്ചു
ഗുരുഭൂതനു ദക്ഷിണ കുതുകമോടുചെയ്തതും
—വിജയതേ

ച. 3.

കരബലമിയലുന്ന നൃപന്മാരാലതി-
(ദ്രൌപദി സ്വയംവരം) ദുരാരോപമായുള്ള ധനുസ്സിങ്കൽ നല്ല
സുന്ദരി
ശരമഞ്ചും തൊട്ടുതെയ്തു മറിച്ചു ലാക്കിനെ ചാരു-
തരുണിമണിയെ പാണിഗ്രഹണംചെയ്തൊരു വീര.
—വിജയതേ

ച. 4.

അർജ്ജുനൻ:—

സലജ്ജോഹം തവ ചാടുവചനത്താലതി–
നലംഭാവം മനസി നീ വഹിച്ചാലും ഹന്ത
ചിലരതു ശ്രവിക്കുമ്പോൾ ഞെളിഞ്ഞിടുന്നവർ ഭുവി
ജളന്മാർ എന്നതു നൂനം ചലമല്ല മഹാമതേ
ചൊൽകെടോ നീയാരെന്നു ചൊൽകെടോ.

ച. 5.

ചാരുശോഭ തടവീടുന്ന വരം
ആരുടെ രഥം ഇതെന്നതും ഭവാൻ
അരുണനോ കിമു വരുണനോ മനസി
കരുണയോടിവിടെ വന്ന കാരണവും നീ
—ചൊൽകെടോ

ച. 6.

മാതലി:—

ചന്ദ്രവംശമൌലിരത്നമേ! ഞാനും
ഇന്ദ്രസൂതൻ എന്നതറിഞ്ഞാലും ഏദി
സാന്ദ്രമോദമരുൾചെയ്കയാലിവിടെ
വന്നതെന്നു കരുതിടുക സാമ്പ്രതം —വിജയ

വിജയ= അർജ്ജുന; തേ=നിന്റെ; ബാഹുവിക്രമം = ഭുജപരാക്രമം; വിജയതേ= സർവ്വോൽക്കർഷേണ വർത്തിക്കുന്നു. പല്ലവിയുടെ ആദ്യവും അവസാനവും 'വിജയതേ' എന്ന ശബ്ദം അർത്ഥഭേദത്തോടുകൂടി ആവർത്തിച്ചിരിക്കയാൽ ആദ്യന്തയമകം. ലക്ഷണം മുമ്പുതന്നെ പറഞ്ഞിട്ടുണ്ട്. വിജ

യസംബന്ധം താദൃശനാമം അനപത്ഥമാണെന്നു സാഭിപ്രായമാകയാൽ പരികരവുമുണ്ട്.

ചര. 1.

രണനൈപുണ്യം=യുദ്ധസാമത്ഥ്യം; ബത=ആശ്ചര്യം; 'കലന്നുടൻ' എന്ന പാഠത്തിൽ കലന്നു+ഉടൻ എന്നു പദച്ഛേദം; കലന്നു എന്നു പദച്ഛേദം ചെയ്യുന്നതായാൽ അതിൻെറ കത്താവും, ലഭിച്ചു എന്നതിൻെറ കത്താവും ഭിന്നമാകകൊണ്ടു വാക്യംതന്നെ ദുഷ്ടമാവും. സുദുല്ലഭം=ലഭിപ്പാൻ ഏറ്റവും പ്രയാസമുള്ളതു; പരമാസ്ത്രം=ഉൽകൃഷ്ടമായ അസ്ത്രം—പാശുപതം; പരിചോടെ=വേണ്ടപോലെ; പരം=കേവലം; ഇഹ=ഈ സ്ഥലത്തുവെച്ച്; വിജയതേ എന്ന പല്ലവിയോടുകൂടിയ പ്രസ്തുതചരണത്തിലെ അലങ്കാരം അനുമാനമാകുന്നു. "സാധനംകൊണ്ടു സാദ്ധ്യത്തെസ്സാധിപ്പതനുമാനമാം" എന്നാലക്ഷണപ്രകാരം, അജ്ജുനൻ പക്ഷം പരാക്രമാധിക്യം സാദ്ധ്യം; പരമേശ്വരനെ രണനൈപുണ്യംകൊണ്ടു സന്തോഷിപ്പിച്ചതും, പാശുപതംലഭിച്ചതും ഹേതു. എന്നാൽ ധ്രുവം നൂനം മുതലായ വാചകമില്ലായ്കയാൽ ഗമ്യമാണെന്നുകൂടി ധരിക്കണം.

ചര. 2.

കുരുനൃപകുമാരന്മാർ=കൌരവന്മാർ; മരുത്തു=എതിർത്തു; വലഞ്ഞുടൻ (വലഞ്ഞു+ഉടൻ)—വലഞ്ഞ ക്ഷണത്തിൽ. അഥവാ വലഞ്ഞു+ഉടൻ എന്നു പദച്ഛേദം. വലഞ്ഞു എന്ന പൂണ്ണക്രിയയോടുകൂടി മുൻവാക്യം അവസാനിക്കുന്നു. പൂണ്ണക്രിയയുടെ ഉകാരമാകട്ടെ പേരച്ചത്തിൻെറ

അകാരമാകട്ടെ വിവൃതമാകയാൽ സന്ധിയിൽ ലോപിക്കു ന്നതു കേരളപാണിനിക്കു സമ്മതമല്ലെങ്കിലും പ്രാചീനകവി കളെ പ്രമാണിച്ചു താദൃശലോപം വകവെച്ചുകൊടുക്കേണ്ട തായിട്ടാണിരിക്കുന്നത്. അല്ലാത്തപക്ഷം

"ഗാഢമാശ്ലിഷ്യ ശിരസിമുകന്നുടൻ

ഉൗഢമോദം ചുരന്നു മുലയും തദാ" ഇത്യാദി മഹാ കവിപ്രയോഗങ്ങൾ പലതും അബദ്ധങ്ങളാണെന്നു പറയേ ണ്ടതായി വരും. ഏതായാലും വലഞ്ഞു്+ഉടൻ എന്നു പി രിച്ച് സന്ധിസൌകര്യത്തിന്നായി 'വലഞ്ഞു' എന്നതു വി നയച്ചമാണെന്നു പറയുന്നതായാൽ വാക്യംതന്നെ അന്നചി തമായി പോകുമെന്നതു തീർച്ചതന്നെ. കരുത്തു=ശക്തി; ദ്രു പദൻ=പാഞ്ചാലൻ; പടുത്വം=സാമർത്ഥ്യം; ഗുരുഭൂതൻ= ആചാര്യൻ; ദക്ഷിണ=ആചാര്യസംഭാവന. ഇതിലേയും അ ലങ്കാരം മുൻപറഞ്ഞതുപോലെ അനുമാനംതന്നെ.

ചര. 3.

കരബലം=കയ്യൂക്ക്; നൃപന്മാർ=രാജാക്കന്മാർ. അ തിദുരാരോപം=കുലയ്ക്കുവാൻ ഏററവും പ്രയാസമായ; ധനു സ്സ=വില്ല്, ലാക്ക്=ലക്ഷ്യം; ചാരുതരുണീമണി=സുന്ദരിയാ യ ശ്രേഷ്ഠയുവതി (പാഞ്ചാലി.) പാണിഗ്രഹണം=വിവാഹം പല്ലവിയോടുചേർന്ന പ്രകൃതചരണത്തിലെ അലങ്കാരം കാ വ്യലിംഗമാകുന്നു. വാക്യരീതിയിലുള്ള വൈലക്ഷണ്യത്താൽ മുമ്പിലേത്തേതുപോലെ അനുമാനമല്ല. വസ്തു സ്ഥിത്യാ ഹേ തുരൂപത്തിൽ സ്ഥിതിചെയ്യുന്ന 'കരബല' മെന്നുതുടങ്ങി 'പാണിഗ്രഹണം ചെയ്യോരു' എന്നതുവരെയുള്ള ഭാഗം വി ജയനു വിശേഷണമായിരിക്കയാൽ പദാർത്ഥഹേതുകമായ

കാവ്യലിംഗം തന്നെയാണ് അലങ്കാരമായി പ്രതിഭാസിക്കുന്നതു്. അനുമാനമല്ല. അൎജ്ജുനന്റെ വീൎയ്യസമൃദ്ധിവൎണ്ണനമായ ഈ ചരണങ്ങളിൽ ഉദാത്താലങ്കാരവും പറയാം. ലക്ഷണം— പുരാവൃത്തപരാമൎശമുദാത്തം ശ്രീസമൃദ്ധിയും.

മാതലിയുടെ വാക്യങ്ങളിൽ അൎജ്ജുനസാക്ഷാൽകാരജന്യവും പാശുപതാസ്ത്രലാഭാദിസ്മൃതിയാൽ ഉദ്ദീപിതവുമായ 'വിസ്മയ'സ്ഥായിഭാവം പ്രശംസാദ്യനുഭവത്താലും ഹൎഷാദിസഞ്ചാരിഭാവത്താലും പരിപുഷ്ടമായി അത്ഭുതരസമായ്പരിലസിക്കുന്നു.

അൎജ്ജുനൻ—

ചര. 4.

സലജ്ജഃ+അഹം = ഞാൻ ലജ്ജയുള്ളവൻ; ചാടുവചനം = മുഖസ്തുതി; അലംഭാവം = മതിയെന്നുള്ള ഭാവം; (തുഷ്ടി) മനസി വഹിച്ചാലും = അംഗീകരിച്ചാലും; 'ഞെളിഞ്ഞീടുന്നവർ' എന്നതിൽ ഞെളിഞ്ഞീടുന്നു+അവർ എന്നു പരിച്ഛേദം 'ചിലർ അതു കേൾക്കുമ്പോൾ ഞെളിഞ്ഞീടുന്നു' എന്നതു ഒരു വാക്യം; 'അവർ എന്നു തുടങ്ങുന്നതു മറ്റൊരു വാക്യമാകുന്നു. 'ഞെളിഞ്ഞീടുന്നവർ' എന്നതു ഒററപ്പദമായെടുക്കുന്നതായാൽ 'ചിലർ' എന്ന പദവും മററും അന്വയിക്കുവാൻ പ്രയാസമാണ്. ഭുവി=ഭൂവിൽ; ജള്മന്മാർ=ഭോഷന്മാർ; നൂനം=നിശ്ചയം; ഛലം=കളവു്. അലങ്കാരം— അനുമാനം. ജളത്വം സാദ്ധ്യം മുഖസ്തുതി കേൾക്കുമ്പോൾ ഞെളിയുക ഹേതു. ഇവിടെ നൂനമെന്ന വാചകമുള്ളതുകൊണ്ടു് ഈ അനുമാനം വാച്യമാകുന്നു.

ചര. 5.

ചാരുശോഭ-മനോഹരമായ കാന്തി; വരം-ശ്രേഷ്ഠം; (ഇതു രഥത്തിന്റെ വിശേഷണമാകുന്നു.) അരുണൻ-സൂര്യന്റെ സാരഥി; കിമു-എന്തു; മനസി-മനസ്സിൽ. അരുണനോ വരുണനോ എന്നതിൽ സസന്ദേഹമലങ്കാരം. "സാദൃശ്യത്താൽ സ്മൃതി ഭ്രാന്തി സന്ദേഹങ്ങൾ കഥിക്കുകിൽ സ്മൃതിമാൻ ഭ്രാന്തിമാൻ പിന്നെസ്സസന്ദേഹവുമായിടും" എന്നുലക്ഷണം. യമകമെന്ന ശബ്ദാലങ്കാരവുമുണ്ട്. ദിവ്യശോഭയും സാരഥി ചിഹ്നവും മൂലം മാതലിയെ അരുണനെന്നു സംശയിപ്പാൻ ന്യായമുണ്ടെങ്കിലും മററു ദേവന്മാരെ വിട്ടു വരുണനെന്നു സംശയിച്ചതു ആയാൾ പാശായുധനാകയാലായിരിക്കണം. ഏതായാലും കവി ശബ്ദാലങ്കാരത്തിൽ ദൃഷ്ടി വെച്ചിട്ടുണ്ടെന്നുള്ളതിൽ തക്കമില്ല. ഈ ചരണത്തിൽ മാതലി ദർശനജന്യവും അജ്ജുനനിഷ്ഠവുമായ വിസ്മയം, അപ്രതീക്ഷിതാഗമനം, ശോഭാതിശയം മുതലായവയാലുദ്ദീപ്തവും, ചാരുശോഭേത്യാദി വാക്യങ്ങളാൽ ആക്ഷിപ്തങ്ങളും രോമാഞ്ചാദി സാത്വികഭാവങ്ങളുമായ അനുഭാവങ്ങളാൽ അഭിവ്യക്തവും ഹർഷം, ശങ്ക, ഔത്സുക്യം മുതലായ സഞ്ചാരിഭാവങ്ങളാൽ പരിപുഷ്ടവുമായി ആസ്വാദപദവിയെ പ്രാപിച്ച അത്ഭുതമായി പ്രകാശിക്കുന്നു.

ചര. 6.

ചന്ദ്രവംശമൌലിരത്നം-ചന്ദ്രവംശത്തിന്നു ചൂഡാമണി 'ചന്ദ്രവംശമാകുന്ന തലയ്ക്കു രത്നം' എന്നു ചിലർ വ്യാഖ്യാനിച്ചിരിക്കുന്നതു സമ്പ്രദായ വിരുദ്ധവുമബദ്ധവുമാകുന്നു. ഹൃദി-ഹൃദയത്തിൽ; സാന്ദ്രമോദം-നിറഞ്ഞ സന്തോഷ

ത്തോടുക്കൂടുംവണ്ണം. (ക്രിയാവിശേഷണം) സാമ്പ്രതം-ഇപ്പോൾ. 'ചന്ദ്രവംശമൌലിരത്നം' എന്നതിൽ രൂപകമലങ്കാരം. "അവർണ്ണ്യത്തോടു വർണ്ണ്യത്തിന്നഭേദം ചൊൽക രൂപകം" എന്നു ലക്ഷണം. പാൎത്ഥൻ ചന്ദ്രവംശചൂഡാമണിയാണെന്നു പറഞ്ഞിരിക്കയാൽ അഭേദകല്പനം കാൺക.

നഗരീ തരസാരഥിനാ
മപഹർത്താ കീൎത്തിമാശുതരസാരഥിനാ
യുധിനാമനസാദരിണാ
ലംഘ്യാപ്രേജ്ജുനേന മനസാദരിണാ 5

( യാ=യാതൊരു )

നഗരീ (ഈ. സ്ത്രീ. പ്ര. ഏ.) നഗരി.

യുധി (ധ. സ്ത്രീ. സ. ഏ.) യുദ്ധത്തിൽ

ദരിണാ (ന. പു. തൃ. ഏ.) ഭീരുവാൽ

| | | |
|---|---|---|
| ന. | അവ്യയം. | പ്രാപിക്കത്തക്കതല്ലെന്നു പ്രസിദ്ധമോ. |
| ലംഘ്യാ. | ആ. സ്ത്രീ. പ്ര. ഏ ) | |
| നാമ | അവ്യയം | |

സാ (ദ. സ്ത്രീ. പ്ര. ഏ.) ആ നഗരി (അമരാവതി)

രഥിനാം (ന. പു. ഷ. ബ.) തേരാളികളുടെ

കീൎത്തിം (ഇ. സ്ത്രീ. ദ്വി. ഏ ) യശസ്സിനെ

തരസാ (സ. ന. തൃ. ബ.)ബലത്താൽ

അപഹർത്താ (ഋ. പു തൃ. ഏ.) അപഹരിക്കുന്നവനും

ആശുതരസാരഥിനാ (ഇ. പു. തൃ. ഏ.) അതിവേഗവാനായ സൂതനോടുകൂടിയവനും ആയ

അൎജ്ജുനേന (അ. പു. തൃ. ഏ.) അൎജ്ജുനനാൽ
ആദരിണാ (ന. ന. തൃ. ഏ.) ആദരവോടുകൂടിയ
മനസാ (സ. ന. തൃ ഏ.) മനസ്സോടുകൂടി
പ്രാപേ (ലിട്. ആ. പ്ര, പു. ഏ.) പ്രാപിക്കപ്പെട്ടു

'തരസാ' എന്നതു വേഗാൎത്ഥത്തിൽ ക്രിയാവിശേഷണമായും എടുക്കാം. തരസാപ്രാപേ എന്ന് അന്വയം

മൂന്നുംനാലും പാദങ്ങളിൽ 'ദരിണാ' എന്നും 'അദരിണാ' എന്നും പദച്ഛേദം ചെയ്യുന്നതായാൽ രണ്ടു ദിക്കിലേയും 'ദര' ശബ്ദത്തിന്നു അൎത്ഥഭേദമില്ലാത്തതുകൊണ്ടു കവിവിവക്ഷിതമായ യമകത്തിന്നു ഹാനി നേരിടുന്നതാണ്. യമകത്തിന്നു താല്പൎയ്യഭേദം മാത്രം പോരാ. വാച്യാൎത്ഥഭേദം തന്നെ വേണമല്ലോ. എന്നുമാത്രമല്ല 'സ്വൎഗ്ഗത്തിലേക്കു അൎജ്ജുനൻ മനസ്സിൽ ഭയമില്ലാതെ ചെന്നു'വെന്ന അൎത്ഥവും യുക്തമല്ല. നരകത്തിലേക്കല്ലാതെ സ്വൎഗ്ഗത്തിലേക്കു പോവാനാരെങ്കിലും ഭയപ്പെടുമോ? അതും അൎജ്ജുനൻ! വിശേഷിച്ചു ഇന്ദ്രൻ കാണ്മാൻ കൊതിച്ച് സ്വന്തം തേരു കൊടുത്തു മാതലിയെ പറഞ്ഞയച്ചു വരുത്തുകയാകുന്നു! ഈ അവസരത്തിൽ അമരാവതിക്കു ചെല്ലുവാൻ അൎജ്ജുനന്നു ഭയമുണ്ടായില്ലെന്നു പറയുന്നതിൽപരം അനുചിതമെന്താണ്. അതുകയാൽ ആ വക വ്യാഖ്യാനം ആദരണീയമല്ല തന്നെ.

വാക്യാൎത്ഥം— കയ്യൂക്കുകൊണ്ടു രഥികളുടെ കീൎത്തിയെ അധഃകരിക്കുന്ന അൎജ്ജുനൻ അതിവേഗത്തിൽ തേരോടിക്കുവാൻ സമൎത്ഥനായ മാതലിയോടുകൂടി രണഭീരു

ക്കൾക്ക് അപ്രാപ്യമായ അമരാവതിയെ സാദരം പ്രാപിച്ചു.

വൃത്തം— ആര്യാഗീതി. ലക്ഷണം— "ആര്യാപൂർവ്വാർദ്ധമതിൽ ഗുരുവൊന്നൊടുവിൽ തുടർത്തുചേർത്തിടുകിൽ ക്കേറം, അർദ്ധം രണ്ടും തുല്യവുമെന്നു വരുന്നാകിലായതാര്യാഗീതി".

ഇതിലെ വൃത്തം 'ആര്യ'യാണെന്ന വ്യാഖ്യാനം ശ്രദ്ധേയമല്ല.

അലങ്കാരം— യമകം. 'ആശു തരസാരഥിനാ'എന്നതിൽ പുനരുക്തവദാഭാസവുമുണ്ട്. "പുനരുക്തവദാഭാസമർത്ഥാവൃത്തിപ്രതീതിയാം" എന്ന ലക്ഷണപ്രകാരം, ഏകാർത്ഥകമായി തോന്നാവുന്ന 'ആശു' 'തരസാ' എന്നതിൽ അർത്ഥാവൃത്തിപ്രതീതിക്കവകാശമുണ്ടല്ലോ.

തോടി—അടന്ത.

സഭാം പ്രവിശ്യാഥ സഭാജിതോമരൈഃ
സ്വനാമസങ്കീർത്ത്യ നനാമ വജ്രിണം
മുദാ തദാശ്ലേഷസുനിർവൃതോർജ്ജുനോ
ജഗാദ വാചം ജഗതാമധീശ്വരം 6

അഥ (അവ്യ) അനന്തരം
അർജ്ജുനഃ (അ. പു. പ്ര. ഏ.) അർജ്ജുനൻ
അമരൈഃ (അ. പു. തൃ. ബ.) ദേവന്മാരാൽ
സഭാജിതഃ (അ. പു. പ്ര. ഏ.) പൂജിതനായിട്ടു
സഭാം (ആ. സ്ത്രീ. ദ്വി. ഏ.) സഭയെ.-സുധർമ്മയെ

പ്രവിശ്യ (ല്യ അവ്യ.) പ്രവേശിച്ച്
സ്വനാമ (ന. ന. ദ്വി. ഏ.) തന്റെ നാമത്തെ.
സങ്കീർത്ത്യ (ല്യ. അവ്യ.) ഉച്ചരിച്ച്
വജ്രിണം (ന. പു. ദ്വി. ഏ.) ഇന്ദ്രനെ.
നനാമ (ലിട്. പ. പ്ര. പു. ഏ.) നമസ്കരിച്ചു.

അഭിവാദയേ അർജ്ജുനോഹംഭോഃ 'എന്നിങ്ങിനെ അഭിവാദനംചെയ്തു നമിച്ചുവെന്നുഭാവം. ബ്രാഹ്മണൻ വലത്തെക്കൈ ചെവിയോളവും ക്ഷത്രിയൻ മാറോളവും വൈശ്യൻ അരക്കെട്ടോളവും പൊങ്ങിച്ചുകൊണ്ടാണഭിവാദ്യം ചെയ്യേണ്ടതു്; ശൂദ്രനാകട്ടെ, അരയ്ക്കുതാഴെ പ്രാംജലിയായിട്ടാണത്രേ. "ദക്ഷിണംബാഹും ശ്രോത്രസമംപ്രസാര്യ ബ്രാഹ്മണോഭിവാദയീത; ഉരസ്സമം രാജന്യഃ; മദ്ധ്യസമം വൈശ്യഃ നീചൈശ്ശൂദ്രഃ പ്രാഞ്ജലിഃ" എന്നു ആപസ്തംബവചനം—

തദാശ്ലേഷസുനിർവൃതഃ (അ.പു. പ്ര. ഏ. അവന്റെ.
(ഇന്ദ്രന്റെ) ആശ്ലേഷത്താൽ സംതൃപ്തനായിട്ട്
മുദാ (ദ. സ്ത്രീ. തൃ. ഏ.) സന്തോഷത്തോടുകൂടി
ജഗതാം (ത. ന. ഷ. ബ.) ലോകങ്ങൾക്ക്
അധീശ്വരം (അ. പു. ദ്വി. ഏ.) അധിപതിയോടു (ഇന്ദ്രനോടു)
വാചം (ച. സ്ത്രീ. ദ്വി. ഏ.) വാക്കിനെ
ജഗാദ (ലിട്. പ പ്ര. പു. ഏ.) പറഞ്ഞു.

വാക്യാർത്ഥം:—അനന്തരം അർജ്ജുനൻ ദേവപൂജിതനായി സഭയിൽ പ്രവേശിച്ച് അഭിവാദനപൂർവ്വം ഇന്ദ്രനെ

നമസ്കരിച്ചു; ഇന്ദ്രന്റെ ആശ്ലേഷത്താൽ നിർവൃതനായിട്ട് സന്തോഷത്തോടുകൂടി താഴെകാണുംപ്രകാരം പറയുകയും ചെയ്തു.

വൃത്തം. വംശസ്ഥം " ജതങ്ങൾ വംശസ്ഥമതാം ജരങ്ങളും" എന്നു ലക്ഷണം—

അലങ്കാരം—'സഭാം—സഭാജിത' 'സ്വനാമ' 'നനാമ' എന്നിവയിൽ അക്ഷരദ്വയത്തിന്നാവൃത്തിയുള്ളതുകൊണ്ടു യമകം പറയാം. എന്നാൽ 'ജഗാദ' 'ജഗതാം' എന്നിവയിലെ 'ജഗാ' 'ജഗ' എന്നതിൽ സ്വരവൈലക്ഷണ്യമുള്ളതുകൊണ്ടു യമകമല്ല. രണ്ട് അക്ഷരങ്ങൾക്കെങ്കിലും പൂർണ്ണമായി ആവൃത്തിയുണ്ടെങ്കിലേ യമകമാവൂ. അക്ഷരമെന്നതു സ്വരത്തോടുകൂടിയവ്യഞ്ജനമാണ്. കേവലവ്യഞ്ജനമല്ല. ആകയാൽ 'ജഗാ, ജഗ' 'എന്നതിൽ, ഒരേമട്ടിലസംയുക്തവ്യഞ്ജനങ്ങൾക്കുമാത്രമോ കൂട്ടക്ഷരത്തിനോടുചിതമേകദാദേശകമെന്നതാം" എന്ന ലക്ഷണപ്രകാരം ഛേകാനുപ്രാസമാകുന്നു. പക്ഷാന്തരത്തിൽ വൃത്ത്യനുപ്രാസമാവാം. മറെറല്ലാം വൃത്ത്യനുപ്രാസം രീതിഭേദനീയാമകം എന്നു 'ഭാഷാഭൂഷണം'—

പല്ലവി.

ജനക തവ ദർശനാലിന്നു മമ
ജനനം സഫലമായ്വന്നു,

ച. 1-

കരുണാവാരിപൂരേണ ചെമ്മേ താത
ഉരുതരമഭിഷേചനം മേ,

ഗുരുജനകാരുണ്യം സകലസാധകമെന്നു
ഗുണമുള്ള മഹാജനം പറഞ്ഞുകേൾപ്പുണ്ടു ഞാനും
—ജനക

ച. 2.

കുടിലതയകതാരിൽ തടവീട്ടമരി-
പടലങ്ങളൊക്കവെയൊട്ടുക്കുവാനാ-
യടിമലർതൊഴുതീട്ടമടിയന്നെ വിരവോടെ
പടുതയുണ്ടാവാനായനുഗ്രഹിച്ചീടേണം. —ജനക

പല്ലവി.

ദർശനാൽ=ദർശനത്താൽ. ജനനം=ജന്മം; സഫലം=കൃതാൎത്ഥം.

ചര. 1. കരുണാവാരിപൂരേണ=കാരുണ്യമാകുന്ന ജലത്തിൻെറ പ്രവാഹത്താൽ; ചെമ്മേ=നന്നായി, ഉരുതരം=വളരെ വലുതായ; അഭിഷേചനം=സ്നാപനം. ഈ ദൎശനദാനം കരുണാവാരിപൂരംകൊണ്ടുള്ള അഭിഷേചനമാണെന്നു സാരം. ദർശനദാനത്തെ താദൃശാഭിഷേചനമായി നിഗീൎയ്യാദ്ധ്യാവസാനം ചെയ്തിരിക്കുകയാൽ അതിശയോക്തി അലങ്കാരം. 'കരുണാവാരിപൂരേണ' എന്നതിൽ രൂപകവുമുണ്ടു്. ഗുരുജനകാരുണ്യം=പൂജ്യജനങ്ങളുടെകൃപ; സകലസാധകം=സൎവ്വവും സാധിപ്പിക്കുന്നതു്.

ചര. 2. കുടിലത=വക്രത- ദുഷ്ടത; അരിപടലം=ശത്രുക്കൂട്ടം; അടിമലർ=പൂവുപോലെയുള്ള കാലടി, വിരവോടു=വേഗത്തിൽ. പടുത=സാമൎത്ഥ്യം, അടിമലർ എന്നതിൽ ലുപ്തോപമ. ലക്ഷണം— "ധൎമ്മോപമാനോപമേയവാ

ഷകങ്ങളിലൊന്നിനോ രണ്ടിനോ മൂന്നിനോ ലോപംവന്നാലു പമലുപ്തയാം." ഇവിടെ സാധാരണ ധൎമ്മവും വാചകവും നിൎദ്ദേശിച്ചിട്ടില്ല.

ശങ്കരാഭരണം—അടന്ത.

സ്വാഗത

പാൎശ്വവൎത്തിനമതീവ ജയന്തം
സേൎഷ്യമാശു കലയൻ വിജയന്തം
ആസനാൎദ്ധമധിരോപ്യ മുദാ തം
പ്രശ്രയാവനതമാഹ മഹേന്ദ്രഃ 7.

മഹേന്ദ്രഃ (അ. പു. പ്ര. ഏ.) ദേവേന്ദ്രൻ
പാൎശ്വവൎത്തിനം (ന. പു. ദ്വി. ഏ.) അടുത്തിരിക്കുന്ന
ജയന്തം (അ. പു. ദ്വി. ഏ.) ജയന്തനെ
അതീവ (അവ്യ.) ഏററവും
സേൎഷ്യം (അ. പു. ദ്വി. ഏ) ഈൎഷ്യയോടുകൂടിയവനായി
കലയൻ (ത. പു. പ്ര. ഏ) ആക്കിത്തീൎക്കുന്നവനായിട്ട്
ആശു (ക്രി. അവ്യ.) വേഗത്തിൽ
തം (ദ. പു. ദ്വി. ഏ.) ആ
വിജയം (അ. പു. ദ്വി. ഏ.) വിജയനെ
ആസനാൎദ്ധം (അ. ന. ദ്വി. ഏ.) സിംഹാസനത്തിൻെറ പകുതിഭാഗത്തു
അധിരോപ്യ (ല്യ. അവ്യ.)കയററിയിരുത്തി
പ്രശ്രയാവനതം (അ. പു. ദ്വി. ഏ.) വിനയംകൊണ്ടു തല താഴ്ത്തിയിരിക്കുന്ന
തം (ദ. പു. ദ്വി. ഏ.) അവനോടു (അൎജ്ജുനനോടു)

മുദാ. (ദ. സ്ത്രീ. ത്രു. ഏ.) സന്തോഷത്തോടുകൂടി

ആഹ. (തിങന്തപ്രതിരൂപകമവ്യയം.) പറഞ്ഞു.

"ബ്രൂഞ്" ധാതുവിന്നു ആഹാദേശം ലട്ടിലാണ് വരുന്നതു; ലിട്ടിലല്ല. അതുകൊണ്ടു 'ആഹ' എന്നതു തിങന്തമാണെങ്കിൽ 'പറയുന്നു' എന്ന വൎത്തമാനകാലത്തിലേ അൎത്ഥം പറയാവൂ.

വാക്യാൎത്ഥം:— ഇന്ദ്രൻ അടുത്തിരിക്കുന്ന തൻെറ പുത്രനായ ജയന്തനു ഈൎഷ്യയുണ്ടാകുമാറു അൎജ്ജുനന്നു അശ്വാസനംകൊടുത്തു് വിനയാനതനായ അവനോടു സന്തോഷത്തോടുകൂടി പറഞ്ഞു.

വൃത്തം—സ്വാഗത, ലക്ഷണം "സ്വാഗതയ്ക്കുരനഭംഗുരുരണ്ടും" രഭഗാഗതയെന്ന വ്യാഖ്യാന്തരം പ്രാമാദികമാണു്.

അലങ്കാരം - അന്ത്യയമകം.

തനയ ധനഞ്ജയ ജീവ ചിരകാലം
വിനയാദിഗുണഗണനിലയ നീ.
സുനയശാലികളായ ധൎമ്മജാദികൾ സുഖേന—
[വസിക്കുന്നോ?
ജഗജ്ജനനകാരണഭൂതനായിരിക്കുന്ന
ജനാർദ്ദനസേവ ചെയ്തീടുന്നോ? തവ
ജനനിയാകിയ കുന്തീദേവിയും സ്വൈരമായി പാ-
[ൎത്തിടുന്നോ?
പാരിൽ ജനങ്ങളും പരിതാപമകന്നു നിങ്ങളോടു
ചേൎന്നിരിക്കുന്നോ? മമ തനയ.

ജീവ = ജീവിച്ചാലും; ചിരകാലം=വളരെക്കാലം (അ ൎജ്ജുനൻ അഭിവാദനം ചെയ്തതായി മുമ്പു പറഞ്ഞിരിക്ക യാൽ പ്രസ്തുതവാക്യം പ്രത്യഭിവാദത്തെ സൂചിപ്പിക്കുന്നു. 'ആയുഷ്മാൻ ഭവധനഞ്ജയ' ഇത്യാദി പ്രത്യഭിവാദം അൎത്ഥ സിദ്ധമാണല്ലൊ) വിനയാദി ഗുണഗണനിലയ = വിനയം മു തലായ ഗുണസമൂഹങ്ങൾക്കിരിപ്പിടമേ; (വീരാഗ്രണിയായി ട്ടും പ്രശ്രയാവനതനായ അൎജ്ജുനന്റെ അഭിസംബോധന ത്തിൽ 'വീൎയ്യാദി' എന്നോമറേറാ തുടങ്ങാതെ വിനയാദി എ ന്നാരംഭിച്ചതു പ്രകൃതാനുഗുണമാകുന്നു. വിശേഷിച്ച്, അൎജ്ജു നന്റെ വീൎയ്യാദിഗുണങ്ങളൊക്കെയും ഇത്രയും ശോഭിക്കുന്നതി ന്നു കാരണം വിനയമാണെന്നു ഇതുകൊണ്ടു വ്യംജിക്കുന്നതുമു ണ്ടു്. വീരനു വിനയം സ്വൎണ്ണത്തിന്നു സുഗന്ധംപോലെയാ ണെന്നു താല്പൎയ്യം. സുനയശാലികൾ=നല്ല നീതികളാൽ വിള ങ്ങുന്നവർ; സുഖേന=സുഖത്തോടു. ജഗജ്ജനനകാരണഭൂതൻ ലോകത്തിന്റെ ഉല്പത്തിക്കു കാരണഭൂതനായിട്ടുള്ളവൻ, ജ ഗത്തിന്നു ഉപാദാനകാരണമെന്നുതാല്പൎയ്യം, ജനാർദ്ദനസേ വ=ശ്രീകൃഷ്ണോപാസന. ജഗജ്ജനനകാരണഭൂതനായിട്ടു് ജ നാർദ്ദനനെയാണു് കവിവിവക്ഷിച്ചിരിക്കുന്നതു്. എന്നാൽ 'ജനാർദ്ദനസേവ' സമസ്തപദമാകയാൽ അതിന്റെ ഏകദേ ശമായ ജനാർദ്ദനനിൽ മുൻ വിശേഷണം അന്വയിക്കുവാൻ പ്രയാസമാണു്. "സമാസത്തിൽ പരാധീനപ്പെട്ടുപോയ പദങ്ങളിൽ ദാസദാസന്യായരീത്യാ ചേരാ ബാഹ്യ വിശേഷ ണം." എന്നു കേരളപാണിനീയത്തിൽ പറഞ്ഞിരിക്കുന്ന തുനോക്കുക. എങ്കിലും ഈവക പ്രയോഗങ്ങൾ പ്രാചീന കവികളുടെ കവിതകളിൽ ദുർല്ലഭമല്ല. 'സത്യശൌചാദി

യായ കൃത്യഹീന രാക്ഷസ' എന്ന കിമ്മീര വധത്തിലെ പ്രയോഗവും അതിൻെറ വ്യാഖ്യാനവും നോക്കുക. സൈ്വരം= യഥേഷ്ടം.

കൃതാഭ്യനുജ്ഞോ ജനകേന മോദാൽ
കൃതാൎത്ഥതാം പ്രാപ്യ പൃഥാതനൂജഃ
കരേ ഗൃഹീത്വാ സതു വൈ ജയന്തം
സമാരുരോഹാപ്യഥ വൈജയന്തം. 8

അഥ (അവ്യ)=അനന്തരം
സഃ (ദ. പു. പ്ര. ഏ) ആ.
പൃഥാതനൂജഃ { അ. പു. പ്ര. ഏ. } അൎജ്ജുനനാകട്ടെ
തു. (അവ്യ)
ജനകേന (അ. പു. തൃ. ഏ.) പിതാവിനാൽ
കൃതാഭ്യനുജ്ഞഃ (അ. പു. പ്ര. ഏ.) ചെയ്യപ്പെട്ട അനുജ്ഞയോടു കൂടിയവനായിട്ടു
കൃതാൎത്ഥതാം (ആ സ്ത്രീ. ദ്വി. ഏ.) കൃതാൎത്ഥതയെ
പ്രാപ്യ (ല്യപ് അവ്യ) പ്രാപിച്ച്
മോദാൽ (അ. പു. പ. ഏ) സന്തോഷം ഹേതുവായിട്ട്
ജയന്തം (അ. പു. ദ്വി. ഏ.) ജയന്തനെ
കരേ (അ. പു. സ. ഏ) കയ്യിൽ } കൈക്കു പിടിച്ച്
ഗൃഹീത്വാ (ത്വാ. അവ്യ) ഗ്രഹിച്ച് }
വൈജയന്തം { അ. പു. ദ്വി. ഏ. } ഇന്ദ്രപ്രാസാദത്തേയും
അപി { അവ്യ }
സമാരുരോഹ { ലിട്. പ. പ്ര. പു. ഏ. } സമാരോഹണം ചെയ്തു
വൈ { അവ്യയം }

വൈജയന്തം എന്നതു ഇന്ദ്രന്റെ അരമനയാണെന്ന വ്യാഖ്യാനം സാധുവല്ല. 'സ്യാൽപ്രാസാദോ വൈജയന്തഃ' എന്ന് അമരം നോക്കുക. 'പ്രാസാദ' മാകയാലാണ് സമാരുരോഹ എന്നു പ്രയോഗിച്ചിരിക്കുന്നതും.

വാക്യാർത്ഥം – മാതാവായ ഇന്ദ്രാണിയെക്കൊണ്ടന്നതിന്നു പിതാവിന്റെ അനുമതി ലഭിക്കയാൽ കൃതാർത്ഥനായ അർജ്ജുനൻ സന്തോഷത്തോടെ ജയന്തന്റെ കയ്യുപിടിച്ചുകൊണ്ടു വൈജയന്തമെന്ന ഇന്ദ്രപ്രാസാദത്തിൽ കയറി.

വൃത്തം—ഉപേന്ദ്രവജ്ര. ലക്ഷണം—"ഉപേന്ദ്രവജ്രയ്ക്കു ജതം ജഗംഗം"

അലങ്കാരം —യമകം.

വംശസ്ഥ പുലോമജാം പ്രാപ്യ വലാരിനന്ദനോ
ജഗ്രാഹ തസ്യാശ്ചരണൌ കൃതാഞ്ജലിഃ
ഇന്ദ്രവജ്ര സാ പ്രസ്നവൈരശ്രുവിമിശ്രിതൈർമുദാ
സിഷേചതുംപൃഛൽ കുശലാദികാനമും 9

വലാരിനന്ദനഃ (അ. പു. പ്ര ഏ.) ഇന്ദ്രന്റെപുത്രൻ അർജ്ജുനൻ.
പുലോമജാം (ആ. സ്ത്രീ. ദ്വി. ഏ.) ഇന്ദ്രാണിയെ
പ്രാപ്യ (ല്യ അവ്യ) പ്രാപിച്ച്
കൃതാംജലിഃ (ഇ. പു. പ്ര. ഏ.) കൂപ്പുകയ്യോടു കൂടിയവനായിട്ടു
തസ്യാഃ (ദ. സ്ത്രീ. ഷ. ഏ.) അവളുടെ
ചരണൌ (അ. പു. ദ്വി. ഏ ) പാദങ്ങളെ
ജഗ്രാഹ (ലിട്. പ. പ്ര. പു. ഏ.) ഗ്രഹിച്ചു

ജഗ്രാഹ (ലിട്. പ. പ്ര. പു. ഏ.) ഗ്രഹിച്ചു.
സാ. (ദ. സ്ത്രീ. പ്ര. ഏ.) അവൾ (ശ.ചി.)
അശ്രുവിമിശ്രിതൈഃ (അ. പു. തൃ. ബ.) കണ്ണീരോടു കലന്നിരിക്കുന്ന

പ്രസ്നവൈഃ (ടി.) ചുരന്ന മുലപ്പാലുകളാൽ.
അമും (സ. പു. ദ്വി. ഏ.) ഇവനെ (അൎജ്ജുനനെ)
സിഞ്ചന്തീ (ഈ. സ്ത്രീ. പ്ര. ഏ.) നനയ്ക്കുന്നവളായിട്ട്.
മുദാ (ദ. സ്ത്രീ. തൃ. ഏ.) സന്തോഷത്തോടുകൂടി.
കുശലാദികാൻ (അ. പു. ദ്വി. ബ.) ക്ഷേമം മുതലായവയെ.
അപൃച്ഛൽ (ലങ്. പ. പ്ര. പു. ഏ.) ചോദിച്ചു.

ചിലർ ശ്ലോകത്തിലെ "വിമിശ്രിത" ശബ്ദത്തെ അന്വയത്തിൽ 'വിമുഞ്ചിത' എന്നാക്കി 'വീഴ്ത്തപ്പെട്ട' എന്നും 'പ്രസ്നവ' ശബ്ദത്തിന്നു 'വെള്ളപ്പാച്ചി'ലെന്നും അൎത്ഥം പറഞ്ഞുകാണുന്നതും തീരെ അബദ്ധമാകുന്നു. 'വിമുഞ്ചിത' എന്ന ശബ്ദംതന്നെ സാധുവല്ല.

വാക്യാൎത്ഥം:—അൎജ്ജുനൻ ഇന്ദ്രാണിയുടെ അടുത്തു ചെന്നു അവളെ കൈകൂപ്പി നമസ്കരിച്ചു. ഇന്ദ്രാണി സന്തോഷാശ്രുക്കളോടുകലൎന്ന ചുരന്നുവഴിയുന്ന സ്തന്യത്താൽ അൎജ്ജുനനെ അഭിഷേകം ചെയ്തുകൊണ്ടു കുശലപ്രശ്നം ചെയ്തു. ചിരപ്രതീക്ഷിതനായപുത്രനെ കാണുന്നസമയം മാതാവിന്നു സ്നേഹാധിക്യത്താൽ സന്തോഷാശ്രു നിൎഗ്ഗളിക്കുന്നതും മുലചുരക്കുന്നതും സ്വാഭാവികവും താദൃശവൎണ്ണന കവിസമ്പ്രദായസിദ്ധവുമാകുന്നു.

"എത്രയുമാർത്തികൈക്കൊണ്ടു കൌസല്യയും
പുത്രനു ബാഷ്പധാരാഭിഷേകം ചെയ്തു
ഗാഢമാശ്ലിഷ്യശിരസിമുകൎന്നുടൻ
ഊഢമോദം ചുരന്നു മുലയും തദാ"

ഇത്യാദി മഹാകവിപ്രയോഗങ്ങൾ നോക്കുക.

വൃത്തം—ഉപജാതി. ഇതിലെ ഒന്നാംപാദം 'ജതങ്ങൾ വംശസ്ഥമതാം ജരങ്ങളും" എന്ന ലക്ഷണപ്രകാരം വംശസ്ഥവും മററുള്ള പാദങ്ങൾ "കേളിന്ദ്രവജ്രക്കുതതം ജരങ്ങളും" എന്ന ലക്ഷണ പ്രകാരം ഇന്ദ്രവജ്രയുമായിരിക്കയാൽ ഉപജാതിതന്നെ. "മററുള്ള വൃത്തങ്ങളുമിപ്രകാരമേ കലൎന്നുവന്നാലുപജാതിയായിടും" എന്നു വൃത്തമംജരിയിൽ പറഞ്ഞിരിക്കുന്നതു നോക്കുക,

അലങ്കാരം—സന്തോഷബാഷ്പോദ്ഗമവും മുല ചുരക്കലും സ്വാഭാവികമാണെങ്കിലും ബാഷ്പമിശ്രിതമായ പ്രസ്നവത്താൽ സേചനം ചെയ്തുവെന്നു പറഞ്ഞിരിക്കയാൽ സംബന്ധാതിശയോക്തിയാകുന്നു. ലക്ഷണം "അയോഗത്തിങ്കലെ യോഗം സംബന്ധാതിശയോക്തിയാം" 'അശ്രുവിമിശ്രിത' എന്നതിൽ ഛേകാനുപ്രാസവും കണ്ടുകൊൾക. ലക്ഷണം "ഛേകാനുപ്രാസമാം ചൊന്നാൽ കൂട്ടക്ഷരമിരട്ടയായ്"

<u>വിജയ വിജയീഭവ</u> ചിരഞ്ജീവ നീ
നിശമയ മയോദിതമുദാരം-
സ്വാഗതം കിം അയി തവ സുമതേ;
വീരസ്വാന്താമനാമയം കിമു തേ;

കുശലിനീ കിമു ശ്ശൂരതനയാ വീര
കുശലവോപമ ശ്ശൂര തനയാ;
നിന്നുടയ കീൎത്തിയാലിന്നു നൂനം
നിഹ്നുതകളങ്കനായിന്ദു. —വിജയ വിജയീഭവ

അൎജ്ജുനൻ:—

വിജയനഹം ഇതാ കൈതൊഴുന്നേൻ ദേവി
വിരവിനോടു വിബുധജനമാന്യേ;
ജനനി തവ പദയുഗളമെന്ന്യേ മററു
ജഗതി നഹി ശരണമിതി മന്ന്യേ;
അനുകമ്പയാശ്ശു മാം ധന്യേ ദേവി
അപനീതദാസജനദൈന്യേ;
സുകൃതികളിൽ മുൻപനായ്‌വന്നേൻ ദേവി
സുജനപരിഗീതസൗജന്യേ.

ഇന്ദ്രാണി:—

വനമതിൽ വസിപ്പതിന്നു യോഗം വീര
വന്നിതിതു വിധിദുൎവ്വിപാകം;
മല്ലരിപു കാരുണ്യയോഗാൽ വീര
നല്ലതു ഭവിക്കമിനി വേഗാൽ —വിജയ വിജയീഭവ

വിജയീഭവ=വിജയിയായി ഭവിച്ചാലും; ചിരം=വളരെക്കാലം; ജീവ=ജീവിച്ചാലും; നിശമയ = കേട്ടാലും; മയാ= എന്നാൽ; ഉദിതം=പറയപ്പെട്ടതു; ഉദാരം=ഉൽകൃഷ്ടം; സ്വാഗതം കിമു=നല്ലവരവല്ലേ (വഴിക്കു ബുദ്ധിമുട്ടൊന്നും ഉണ്ടായില്ലല്ലോ എന്നു ഭാവം.)

അയി=എടോ; വീരസ്വാനാം=വീരന്മാരായ ജ്ഞാതികൾക്ക. യാദവപാഞ്ചാലാദികൾക്ക ജ്ഞാതിവാചിയായ 'സ്വ' ശബ്ദം സർവ്വാദിഗണപഠിതമല്ലായ്കയാൽ അതിൻെറ രൂപം രാമശബ്ദത്തിൻെറതുപോലെതന്നെയാണ്. അതുകൊണ്ടാണ് ഷഷ്ഠീബഹുവചനത്തിൽ 'സ്വേഷാം' എന്നല്ലാതെ 'സ്വാനാം' എന്നു പ്രയോഗിച്ചിരിക്കുന്നത്. ഇതിന്നു പ്രമാണം "സ്വമജ്ഞാതിധനാഖ്യായാം" എന്ന ഗണസൂത്രമാകുന്നു. ഈ സ്ഥിതിക്കു ചിലർ വീരസ്വാനാം-വീരസ്വത്തുക്കൾക്ക എന്നർത്ഥം പറഞ്ഞു ക്ലേശിച്ചിരിക്കുന്നതിന്നു കാരണം മനസ്സിലാവുന്നില്ല. കുശലിനീ-ക്ഷേമത്തോടുകൂടിയവൾ ശൂരതനയാ-ശൂരനെന്ന രാജാവിൻെറ പുത്രി; (ഷഷ്ഠീതൽപുരുഷസമാസം) ശൂരതനയാ-ശൂരന്മാരായ പുത്രന്മാരോടുകൂടിയവൾ (ബഹുവ്രീഹിസമാസം.) കുശലവോപമ-കുശലവന്മാരായ ഉപമാനത്തോടുകൂടിയവനേ എന്നു സംബുദ്ധി. (ഉപമീയതേ അനേനേത്യുപമ- ഉപമാനം) നിഹ്നുതകളങ്കൻ=മറയ്ക്കപ്പെട്ട കളങ്കത്തോടുകൂടിയവൻ; ഇന്ദു=ചന്ദ്രൻ. ഇവിടെ കീൎത്തിയെക്കൊണ്ടു ചന്ദ്രൻെറ കളങ്കം വാസ്തവത്തിൽ നിഹ്നുതമായിട്ടില്ലെങ്കിലും ഉണ്ടെന്നുപറഞ്ഞിരിക്കയാൽ സംബന്ധാതിശയോക്തി. ശൂരതനയാ=ശൂരതനയാ എന്നതിൽ ലാടാനുപ്രാസവുമുണ്ട്. ലക്ഷണം- "താല്പൎയ്യഭേദമാത്രത്താലാവൎത്തിക്കിൽ പദങ്ങളെ ലാടദേശേനടപ്പേറും ലാടാനുപ്രാസമാമത്" ശൂരശബ്ദങ്ങൾക്ക അൎത്ഥവ്യത്യാസമുണ്ടെങ്കിലും തനയശബ്ദത്തിന്നു താല്പൎയ്യഭേദമല്ലാതെ അൎത്ഥഭേദമില്ലായ്കയാൽ യമകം സുവചമല്ലെന്നു ധരിക്കണം. 'വിജയ' 'വിജയീഭവ' എന്നിവയ്ക്കു പൎയ്യായപദമായയുള്ളതുകൊണ്ടു പുനരു

(ആവൃത്തി

ക്തവദാഭാസവും പറയാം. "പുനരുക്തവദാഭാസമത്ഥാവൃത്തി പ്രതീതിയാം" എന്നു ലക്ഷണം. പുറമേ അന്ത്യാനുപ്രാസവും മററും കണ്ടുകൊൾക.

അജ്ജുനൻ—

വിബുധജനമാന്യ—സുരജനങ്ങൾക്കു മാനനീയ; വിബുധപദത്തിന്നു വിദ്വാനെന്നുമത്ഥമുണ്ട്. ജനനി=മാതാവേ; പദയുഗളമെന്യെ=കാലിണയല്ലാതെ. ജഗതി=ലോകത്തിൽ; നഹിശരണം=ശരണമില്ല. ഇതി=എന്നു; മന്യേ=വിചാരിക്കുന്നു. 'അനുകമ്പയമാം' എന്ന പ്രയോഗം നിരാക്ഷേപമല്ല 'അനുകമ്പസ്വമയി' എന്നായാലേ സാധുവാവുകയുള്ളു. 'എന്നിൽ ദയചെയ്താലും' എന്നത്ഥം. പക്ഷെ, 'അനുകമ്പാം കുരു" (അനുകമ്പചെയ്യുക) എന്ന അത്ഥത്തിൽ "തൽകരോതി തദാചഷ്ടേ" എന്ന ഗണസൂത്രപ്രകാരം, 'അനുകമ്പയ എന്നതു ണിജന്തനാമധാതുരൂപമാണെന്നും 'മാം' എന്നതിന്നു ശേഷം 'പ്രതി' എന്നു അദ്ധ്യാഹരിക്കണമെന്നും പറഞ്ഞ് ഒരുവിധം സമാധാനിക്കാമെന്നേയുള്ളു. ആശു=വേഗം: ധന്യേ=പുണ്യശീലേ; അപനീതദാസജനദൈന്യേ=ദൂരീകരിക്കപ്പെട്ട സേവകജനങ്ങളുടെ ദീനഭാവത്തോടു കൂടിയവളേ. അപനീതേത്യാദി സാധുപാഠത്തെ 'അവിനീത' എന്നിങ്ങിനെ മാററി 'താന്തോന്നികളായ ഭൃത്യജനങ്ങളുടെ നേക്കു ഇരക്കമുള്ളവളേ' എന്നും മററും ചിലർ വ്യാഖ്യാനിച്ചിരിക്കുന്നതു അസംബന്ധവും അനുചിതവുമാകുന്നു. സുകൃതി=ധന്യൻ; സുജനപരിഗീതസൌജന്യേ=സജ്ജനങ്ങളാൽ കീത്തിക്കപ്പെട്ട സുജനതയോടു കൂടിയവളേ.

ജനനിതവപദയുഗളം—ഇത്യാദിവാക്യം അനുകമ്പയേത്യാദി വാക്യത്തിന്നു ഹേതുവായിരിക്കയാൽ വാക്യാൎത്ഥഹേതുകമായ കാവ്യലിംഗം അപനീതേത്യാദി വിശേഷണം സാഭിപ്രായമാകയാൽ പരികരം. അന്ത്യപ്രാസാദി ശബ്ദാലങ്കാരം. "അന്ത്യപ്രാസം പദാന്ത്യൈക ഗുൎവ്വക്ഷരസമൈക്യമാം" എന്നു ലക്ഷണം.

ഇന്ദ്രാണി—

വിധിദുൎവ്വിപാകം=അദൃഷ്ടത്തിന്റെ ചീത്തയായപരിണാമം, ദുരദൃഷ്ടപരിപാകം. ഈ പദത്തിന്നു 'ഈശ്വരൻ കല്പിച്ച കഷ്ടകാലം' എന്നു ചിലർ വ്യാഖ്യാനിച്ചിരിക്കുന്നതിന്നു അടിസ്ഥാനം വിധിശബ്ദമൂലകമായ ഭ്രാന്തിയായിരിക്കാം. യോഗം=സംഗതി. മല്ലരിപു=ശ്രീകൃഷ്ണൻ; കാരുണ്യയോഗാൽ =ദയാസംബന്ധത്താൽ. വനവാസത്തിന്നു ഹേതു വിധിദുൎവ്വിപാകമായിരിക്കേ കാൎയ്യകാരണങ്ങൾക്കു അഭേദംകല്പിച്ചിരിക്കയാൽ ഹേതുപ്രതിശയോക്തി; ലക്ഷണം "അഭേദം കാൎയ്യഹേതുക്കൾക്കെങ്കിലോ ഹേതുമാവതു" യോഗാൽ വേഗാൽ എന്നതിൽ അന്ത്യപ്രാസം.

ദണ്ഡകം.

ഇന്ദ്രാണിയെത്തൊഴുതു ചന്ദ്രാനനായാഭരണൻ
മന്ദം നടന്നാഥ തുടങ്ങീ ഖേദവുമടങ്ങീ, മുദപി വിങ്ങിതിങ്ങീ,
തദനുശചിയുടെ നയനമനുഗമനമതുചെയ്തു
പുനരലസമിവ ബത മടങ്ങീ;

ത്തുംഗാദസൌ വിപുലഹർമ്മ്യാദിറങ്ങി പല
ശൃംഗാടകേ ഖലു വിളങ്ങി;
വിജയന്റെ ഭംഗി വിരവിനൊടു പൊങ്ങി
അഖിലസുരയുവതിജനം മദനശരവിവശതയൊ-
ടതികുതുകവാരിധിയിൽ മുങ്ങി.
അംഗീകരിച്ചു ചിലർ സംഗീതരീതി, ചിലർ
ശൃംഗാരചേഷ്ടകൾ തുടങ്ങി; ചിലർ-മതി മയങ്ങി;
ചിലർ തല വണങ്ങി.
അതുപൊഴുതു വിജയന്റെ രൂപഗുണമാലോക്യ
കുഹചിദപി കുസുമശരനൊതുങ്ങി
ഉദ്യോഗമാന്നു നിരവദ്യാംഗിമാർ ചിലർ
സുരോദ്യാനസീമനി നടന്നു, കൌതുകമിയന്നു
കാമിനികളന്നു കുസുമനിര പരിചിനൊടറുത്തു
നിജകചമതിലണിഞ്ഞു ബത ശോഭ തടവുന്നു.
പൂന്തേൻ നുകന്നു ചില കാന്താജനങ്ങൾ നിജ-
കാന്താൻ അഹോ ബത മറന്നു;
മന്ദതയുമന്നു ചിന്തയിൽ അകന്നു;
ചിന്തുമൊരു ചന്തമൊടു ബന്ധുരതരാംഗികളു
മാഹന്ത നൃത്തം തുടർന്നു.

ചന്ദ്രാന്വയാഭരണൻ=ചന്ദ്രവംശത്തിന്നു ആഭരണമായിട്ടുള്ളവൻ. ആഭരണമെന്നല്ലാതെ ആഭരണൻ എന്നു പ്രയോഗിക്കുന്നതു സാധുവല്ല. എന്നാൽ തമ്പുരാൻ ഇങ്ങിനെ ഭാഷയിൽ മാത്രമല്ല സംസ്കൃതത്തിൽക്കൂടി പ്രയോഗിച്ചിട്ടുണ്ട്. കിമ്മീരവധത്തിലെ 'ഭരതകുലാഭരണാഃ' എന്നാ

പ്രയോഗവും അതിൻെറ വ്യാഖ്യാനവും നോക്കുക. മുത്+അപി=മോദവും; ഹൃദി=ഹൃദയത്തിൽ. തിങ്ങി=നിറഞ്ഞു. തദനു=അനന്തരം; നയനം=കൺ. അനുഗമനമത്തു ചെയ്തു=പിന്നാലേ ചെന്നു പുനഃ—പിന്നീടു; അലസമിവ—ആലസ്യത്തോടുകൂടിയതെന്നപോലെ; ബത—കഷ്ടം. കണ്ണെത്തുന്നതുവരെ ഇന്ദ്രാണി അർജ്ജുനനെത്തന്നെ നോക്കിനിന്നു എന്നു ഭാവം. അർജ്ജുനൻ പോകുമ്പോൾ അവനിൽ വ്യാപിച്ചിരിക്കുന്ന ഇന്ദ്രാണിയുടെ ദൃഷ്ടി, അവൻ നോക്കെത്താത്തതായ സ്ഥലത്തായപ്പോൾ ആകൃത്യത്തിൽനിന്നു വിരമിച്ചതു അനുഗമനം കൊണ്ടുള്ള ആലസ്യത്താലാണെന്നു സംഭാവനം ചെയ്തിരിക്കയാൽ ഉൽപ്രേക്ഷയെന്ന അലങ്കാരം. ലക്ഷണം—“മറെറാന്നിൽ ധർമ്മയോഗത്താൽ അതുതാനല്ലയോ ഇതു എന്നു വർണ്ണ്യത്തിലാശങ്ക ഉൽപ്രേക്ഷാഖ്യയലംകൃതി” അനുഗമനാംശത്തിലും ഉൽപ്രേക്ഷയുണ്ടെങ്കിലും മടങ്ങിയതിന്നുള്ള കാരണസംഭാവനത്തിന്നാണ് പ്രാധാന്യം. ആകയാൽ ഈവകയെ ഹേതൂൽപ്രേക്ഷയെന്നു പറയും. ആലസ്യത്തിന്നു ഹേതു അനുഗമനമാണെന്നു കവിതന്നെ സ്പഷ്ടമായി നിബന്ധിച്ചിരിക്കേ, “അലസമിവ—തനിക്കു സന്തോഷം ജനിപ്പിച്ചിരിക്കുന്ന വസ്തുവില്ലാതായതുകൊണ്ടു കണ്ണുമഞ്ഞുപോയോ എന്നു തോന്നുംവിധം” എന്ന വ്യാഖ്യാനാന്തരം അനാവശ്യവും അയുക്തവുമാണെന്നതിൽ സംശയമില്ല. തുംഗാൽ—ഉയൎന്ന (ഹർമ്മ്യാൽ) എന്നതിന്നു വിശേഷണം. ഹർമ്മ്യാൽ—മാളികയിൽനിന്നു; അസൌ—ഇവൻ (അർജ്ജുനൻ) ശൃംഗാടകേ—ചതുഷ്പഥത്തിൽ (നാലുവഴികൾ ഒരുമിച്ചുചേരുന്ന സ്ഥലത്തിൽ) ഈ

അത്ഥം ഇവിടെ ചേരുകയില്ലെന്നു ചിലർ പറഞ്ഞിരിക്കുന്നതു എന്തുകൊണ്ടാണാവോ? അഖിലസുരയുവതിജനം=എല്ലാ സുരതരുണികളും; മദനശരവിവശത=കാമബാണപീഡ. കുതുകവാരിധി=കുതൂഹലസമുദ്രം. (രൂപകം അലങ്കാരം,)ശൃംഗാരചേഷ്ടകൾ=അനുരാഗചേഷ്ടകൾ; ചിലർ മതിമയങ്ങി=ചിലർ ഇതി കത്തവ്യതാമൂഢകളായി; 'മതിമയങ്ങി' എന്നതു സമസ്തപദമായെടുക്കണം. അഥവാ, 'ചിലർമതി' യെന്നതു സമസ്തപദമാണെന്നും പറയാം. ഏതായാലും പ്രത്യേകം മൂന്നു പദങ്ങളായി ഗ്രഹിക്കുന്നപക്ഷം അന്വയം സുകരമല്ലെന്നു വരും. തലവണങ്ങി=തലകുനിച്ചു. ചിലരുടെ രൂപാദിഗവ്വം ശമിച്ചു എന്നു ഭാവം. അതുപൊഴുതു=ആ സമയം. 'വിജയനുടെ' എന്നതു പ്രാചീനരൂപം; രൂപഗുണം=സൌന്ദയ്യാതിശയം; ആലോക്യ=കണ്ടു്; കുഹചിദപി=ഏതാനുമൊരിടത്തു; കുസുമശരൻ=മന്മഥൻ; ഒതുങ്ങി=ഒളിച്ചു (തന്റെ ശക്തിയെല്ലാം സമാഹരിച്ചു ഒരിടത്താക്കി എന്നുമാവും.) മന്മഥൻ അജ്ജുനന്റെ സൌന്ദയ്യംകണ്ടു നാണിച്ചൊളിച്ചുവെന്നു സാരം ('കുഹചിദപികുസുമശരനൊതുങ്ങീ' എന്നതുകൊണ്ടു ഉവ്വശിയുടെ ഭാവിമദനപാരവശ്യം സൂചിപ്പിക്കപ്പെട്ടിരിക്കുന്നു.)

ഉദ്യോഗം=ഉദ്യമം. നിരവദ്യാംഗിമാർ=നിർദ്ദോഷാംഗിമാർ. അവയവങ്ങൾക്കു കുററമോ കുറവോ ഇല്ലാത്തവർ-സുന്ദരികൾ. സുരോദ്യാനസീമനി=ദേവന്മാരുടെ ഉദ്യാനപ്രദേശത്തിൽ. നിജകചം=തന്റെ തലമുടി. ബത=ആശ്ചയ്യം ശോഭതടവുന്നു=ശോഭിക്കുന്നു; കാന്താജനങ്ങൾ=കാമിനികൾ. ആഹന്ത=ആശ്ചയ്യം. നൃത്തം=നത്തനം. വാക്യാത്ഥാഭിനയം നാട്യം, പദാത്ഥാഭിനയംനൃത്യം, ഗാത്രവിക്ഷേപമാത്രം നൃ

ത്തം എന്നുവിവേകം. തുടന്നു=തുടങ്ങി. അനുക്രമപ്രാസം അന്ത്യാനുപ്രാസം മുതലായവ യഥോചിതം ഗ്രഹിച്ചുകൊൾക.

ഇതു ദണ്ഡകമാകുന്നു. ഇതിൽ മുമ്മൂന്നു ഖണ്ഡികകളോടുകൂടിയ അഞ്ചു പാദങ്ങളാണുള്ളത്. ആദ്യത്തെ മൂന്നു പാദങ്ങളെ ഒരു ദണ്ഡകമായിട്ടും മററു രണ്ടുപാദങ്ങളെ മറെറാന്നായിട്ടും ഗ്രഹിക്കുന്നതിൽ വൈഷമ്യമുണ്ടെന്നു തോന്നുന്നില്ല. ഏതായാലും "പാദം നാലിൽ കുറഞ്ഞിട്ടോ ഖണ്ഡത്തിൻ മട്ടുമാറിയോവരും ദണ്ഡകഭേദങ്ങൾക്കെല്ലാം താൻ പേർ ത്രിഖണ്ഡിക" എന്നു വൃത്തമംജരിയിൽ പറഞ്ഞിരിക്കുന്ന സാമാന്യലക്ഷണപ്രകാരം ഇതു ത്രിഖണ്ഡികയാണെന്നു മാത്രം പറയാം.

വജ്രകേതുരിതി വിശ്രുതസ്തദനു വജ്രബാഹു
സഹിതോ ജവാൽ
നിർജ്ജരാധിപരിപുർജ്ജഹാര പരമുർവ്വശീ
മുഖസുരാംഗനാഃ.
അർജ്ജുനോപി സമുപേത്യവാഗ്ഭിരിതിതർജ്ജയ-
ന്നമരസഞ്ചയൈഃ
ദുർജ്ജയൌ വരബലേന തൌന്യരുണദ്ദുർജ്ജിതൈ-
ശ്ശിതശിലീമുഖൈഃ. 10

തദനു=(അവ്യ) അനന്തരം.
വജ്രകേതുഃ (ഉ. പു. പ്ര. ഏ.)
ഇതി (അവ്യ)
വിശ്രുതഃ(അ. പു. പ്ര. ഏ )
} വജ്രകേതു എന്നുപ്രസിദ്ധ (നായ

നിജ്ജരാധിപരിപു: (ഉ. പു. പ്ര. ഏ. ) ഇന്ദ്രൻെറ ശത്രു
വജ്രബാഹുസഹിതഃ (അ. പു. പ്ര. ഏ.)വജ്രബാഹുവെന്ന
അസുരനോടുകൂടിയവനായി
ജവാൽ (അ. പു. പ. ഏ.)വേഗത്തിൽ
ഉവ്വശീമുഖസുരാംഗനാഃ (ആ. പു. ദ്വി. ബ.) ഉവ്വശീപ്രഭൃതി
കളായ ദേവസ്ത്രീകളെ
പരം (ക്രി. അവ്യ.) ബലാൽ
ജഹാര (ലിട്. പ. പ്ര. പു. ഏ.) ഹരിച്ചു.

| | | |
|---|---|---|
| അജ്ജുനഃ<br>അപി | { അ. പു. പ്ര, ഏ<br>അവ്യ } | അജ്ജുനനാകട്ടെ |

സമുപേത്യ (ല്യപ്. അവ്യ) അടുത്തുചെന്നു
വരബലേന (അ. ന. തൃ. ഏ) വരബലത്താൽ
അമരസഞ്ചയൈഃ (അ. പു. തൃ. ബ.) ദേവഗണങ്ങളാൽ
ദുജ്ജയൌ (അ. പു ദ്വി. ദ്വി.) ജയിക്കാൻ പ്രയാസമുള്ളവ
[രായ
തൌ (ദ. പു. ദ്വി, ഏ.) അവരെ (വജ്രബാഹു വജ്രകേതു
ക്കളെ)
ഇതി (അവ്യ.) ഇപ്രകാരം
വാഗ്ഭിഃ (ച. സ്ത്രീ. തൃ. ബ.) വാക്കുകളാൽ
തജ്ജയൻ (ത. പു. പ്ര. ഏ.) ഭത്സിക്കുന്നവനായിട്ടു
ഊജ്ജിതൈഃ (അ. പു. തൃ. ബ)ശക്തിമത്തുക്കളായ
ശിതശിലീമുഖൈഃ (ടി) മൂച്ചയുള്ള ശരങ്ങളാൽ
ന്യരുണൽ (ലങ്. പ. പ്ര. പു. ഏ.) നിരോധിച്ചു.

വാക്യാത്ഥം. അനന്തരം ഇന്ദ്രൻെറ ശത്രുക്കളായ വ

ജ്രകേതു, വജ്രബാഹു എന്നീരണ്ടസുരന്മാർ ഉൎവ്വശീപ്രഭൃതികളായ ദേവാംഗനകളെ ബലാൽക്കാരമായി പിടിച്ചുകൊണ്ടുപോവുകയും അൎജ്ജുനൻ അടുത്തെത്തി വരബലത്താൽ ദേവന്മാൎക്കു ദുൎജ്ജയന്മാരായ അവരെ താഴെ പറയും പ്രകാരമുള്ള വാക്കുകളെക്കൊണ്ടു തൎജ്ജനംചെയ്തു ഊൎജ്ജിതങ്ങളായ തീക്ഷ്ണബാണങ്ങൾ പ്രയോഗിച്ചു തടുത്തുനിൎത്തുകയുമുണ്ടായി.

വൃത്തം—കുസുമമഞ്ജരി. ലക്ഷണം–"രം നരം നര നരം നിരന്നു വരുമെങ്കിലോ കുസുമമഞ്ജരി" കുസുമമഞ്ജരിയുടെ ഓരോ അൎദ്ധവും ഓരോശ്ലോകമാണെന്നു ചിലൎക്കു തെററിദ്ധരിക്കാനിടയാക്കിയതു സാഹിത്യലോകത്തിൽ അവൎക്കുള്ള പരിചയക്കുറവായിരിക്കുമോ എന്തൊ?

അലങ്കാരം വൃത്ത്യനുപ്രാസാദി.

ഛ. 1.

അൎജ്ജുനൻ:—

ആരെടാ സുരാധിനാഥനെ ഭയപ്പെടാതെ വന്നു
നേരുകേടുചെയ്തീടുന്നതധികവീരരേ
ആരുമേ ധരിച്ചീടാതെ നാരിമാർകളെ ഹരിച്ചു
ശൂരരായ നിങ്ങളാരഹോ പറഞ്ഞാലും.

ഛ. 2.

വജ്രകേതു:—

വജ്രകേതുവെന്നെനിക്കുനാമം എന്റെ അനുജനിവനു
വജ്രബാഹുവെന്നു നാമം ലോകവിശ്രുതം;
വജ്രപാണിതന്നെ ഇങ്ങെതിൎത്തു പൊരുവതിന്നുവരികിൽ
ഇജ്ജനത്തോടേററു തോററു പോയിടും ദൃഢം.

ച. 3.

അൎജ്ജുനൻ:—

പാകശാസനന്റെ തനയനായിടുന്ന ഞാൻരണത്തിൽ
ആകവേ ഹനിച്ചിടുന്നതുണ്ടു നിൎണ്ണയം
നാകലോകനാരിമാൎകളെ ഹരിപ്പതിന്നായിവിടെ
വേഗമോടു വന്ന നിങ്ങൾ വരിക പോരിന്നായി.

ച. 4.

വജ്രകേതു:—

പാകശാസനാത്മജാദ്യ പാകവേണ്ട നീ വൃഥൈവ
പോകപോകവൈകിടാതെ പൊരുതിടേണ്ട നീ;
ഏകനായി രണാങ്കണത്തിൽ ആകവേ ഹനിക്കിൽ ഇ
സൈകതേന സാഗരേ ചിറ തടുക്കലാം. [ന്ന

ച. 5.

അൎജ്ജുനൻ:—

സജ്ജനങ്ങളോടതിക്രമം നിരന്തരേണചെയ്യു
ദുൎജ്ജനങ്ങളേ ഹനിക്കുമൎജ്ജുനൻ അഹം;
നിൎജ്ജരാരിവരരേ, നിങ്ങൾ നിശ്ചയം രണാങ്കണത്തിൽ
നിൎജ്ജിതാഹി ദീൎഘനിദ്രയെ ലഭിച്ചിടും.

ച. 6.

വജ്രകേതു:—

ഇതടെൻ്റ വിപാഠക്രൂടപാടിതാംഗനായ്ഗിരീന്ദ്ര-
കൂടമെന്നപോലെയിവിടെ വീണിടും ഭവാൻ
വിടപിപടലമുടനെ പൊടിപെട്ടത്തിടുന്ന വായുത-
പട്ടതരധട്ടതി പൎവ്വതങ്ങളെ ാടിക്രൂരമൊ? [ന്റെ

അൎജ്ജുനൻ—

നേരുകേട്-അന്യായം; ധരിച്ചീടാതെ-അറിയാതെ; 'നാരിമാർകളെ' എന്നതിൽ രണ്ടുബഹുവചനപ്രത്യയം പ്രയോഗിച്ചിരിക്കുന്നു. അതു അനാവശ്യമാണെങ്കിലും വള്ളത്തോൾമുതലായ ആധുനികകവിവൎയ്യന്മാർപോലും പ്രയോഗിച്ചുകാണുന്നു. 'ശൂരൻ' എന്നതിന്നു വിപരീതലക്ഷണയാൽ 'ഭീരുക്കൾ' എന്നൎത്ഥം. 'അഹോ' എന്നതിന്നു കഷ്ടമെന്നും ആശ്ചൎയ്യമെന്നും അൎത്ഥം യോജിക്കും.

വജ്രകേതു—

ലോകവിശ്രുതം=ലോകപ്രസിദ്ധം, വജ്രപാണി-വജ്രായുധംപാണിയിലുള്ളവൻ-ഇന്ദ്രൻ; (അസമാനാധികരണബഹുവ്രീഹി.) ദൃഢം=നിശ്ചയം.

അൎജ്ജുനൻ:—

പാകശാസനൻ=പാകാസുരനെ ശാസിച്ചവൻ, ഇന്ദ്രൻ. "പാകശാസനന്റെ തനയൻ" എന്നവിശേഷണം അസുരഹനനസാമൎത്ഥ്യാഭിപ്രായമാകയാൽ (പരികരാലങ്കാരം) നാകലോകനാരിമാർകൾ=സ്വൎഗ്ഗലോകസ്ത്രീകൾ (ബഹുവചനപ്രത്യയം ഇരട്ടിച്ചിരിക്കുന്നു.) നാരീ എന്നതിന്നു നരസ്ത്രീ എന്നാണൎത്ഥമെങ്കിലും സ്ത്രീയെന്നുമാത്രമേ വിവക്ഷിച്ചിട്ടുള്ളൂ.

വജ്രകേതു:—

പാകശാസനാത്മജ=ഇന്ദ്രന്റെ പുത്ര; അദ്യ=ഇപ്പോൾ. വൃഥാ+ഏവ=വെറുതെതന്നെ. ഏകനായി-അസഹായനായി. രണാങ്കണത്തിൽ=പോൎക്കളത്തിൽ; സൈക

തേന=പൂഴിമണ്ണുകൊണ്ടു; ചിറതടക്കൽ=അണകെട്ടൽ. സാഗരേ=സമുദ്രത്തിൽ. ഇവിടെ, നീ ഏകനായി പോകുളത്തിൽ ഞങ്ങളെ കൊല്ലുകയെന്നതു സമുദ്രത്തിൽ മണൽകൊണ്ടു ചിറതട്ടക്കലൊണെന്നിങ്ങിനെ വാക്യാത്ഥങ്ങൾക്ക അഭേദാരോപം ചെയ്തിരിക്കയാൽ 'നിദശ്ന'യെന്ന അലങ്കാരം "വിശിഷ്ടധമ്മികൾക്കൈക്യമാരോപിച്ചാൽ നിദശ്ന" എന്നു ലക്ഷണം.

അൎജ്ജുനൻ:—

അതിക്രമം=അക്രമം; നിരന്തരേണ=ഇടവിടാതെ. ഹനിഷ്യം=ഹനിക്കുകപതിവാണ്. (ശീലഭാവി) സജ്ജനങ്ങളോടതിക്രമം ഇത്യാദിവിശേഷണം വദ്ധ്യതാഭിപ്രായമാകയാൽ പരികരം. അതിക്രമംചെയ്യുക വധഹേതുവാകയാൽ, കാവ്യലിംഗവുമുണ്ട്. നിർജരാരിവരർ=ദേവവൈരികളിൽ മുമ്പന്മാർ. നിൎജ്ജിതാഃ=തോല്പിക്കപ്പെട്ടവരായി. ഹി=നിശ്ചയമായി. ദീഘനിദ്രയെ=മരണത്തെ; ദീഘനിദ്രയെ ലഭിക്കുമെന്നതുകൊണ്ടു 'മരിക്കുമെന്ന' വാക്യത്തെത്തന്നെ വ്യംഗരീതിയിൽ പറഞ്ഞിരിക്കുകയാൽ പയ്യായോക്തമലങ്കാരം. ലക്ഷണം=പയ്യായോക്തമുരച്ചീടിൽ വാച്യം താൻ വ്യംഗഭംഗിയിൽ.

വജ്രകേതു:—

ഊരുടെയ്യം=ശക്തിയുള്ള; വിപാഠക്രൂടം=അമ്പിൻക്രൂട്ടം; പാടിതാംഗൻ=പിളക്കപ്പെട്ട അവയവങ്ങളോടുകൂടിയവനായി. ഗിരീന്ദ്രക്രൂടം=വലിയപവ്വതത്തിന്റെ ശിഖരം; വിടപിപടലം=വൃക്ഷക്കൂട്ടം. ഝടിതി=വേഗത്തിൽ. ചില നര

വീരന്മാരെ ജയിച്ചനിൻെറ പരാക്രമം അസുരവീരന്മാരായ ഞങ്ങളോടു ഫലിക്കുമോ? എന്ന പ്രകൃതത്തിന്നുപകരം വിടപിപടലമിത്യാദി പ്രതിബിംബംമാത്രം നിൎദ്ദേശിച്ചിരിക്കയാൽ ലളിതമെന്ന അലങ്കാരം. ലക്ഷണം "പ്രസ്തുതേവൎണ്ണ്യവാക്യാൎത്ഥ പ്രതിബിംബസ്യവൎണ്ണനം" ഭാഷാഭൂഷണകൎത്താവാകട്ടെ പ്രാചീനാലങ്കാരികന്മാരെ അനുസരിച്ചു ലളിതത്തെ നിദൎശനയിൽ അന്തൎഭവിപ്പിച്ചിരിക്കുന്നു. വൃത്ത്യനുപ്രാസം ഛേകാനുപ്രാസം മുതലായവ സ്വയംനോക്കിക്കൊൾക.

പ്രസ്തുതഘട്ടത്തിൽ അൎജ്ജുനനിഷ്ഠവും അസുരനിഷ്ഠവും പരസ്പരാലംബനവുമായ ഉത്സാഹം അധിക്ഷേപാദ്യനുഭാവത്താലും മതി, ധൃതി, ഗൎവ്വം മുതലായ സഞ്ചാരിഭാവത്താലും വീരമായ്പരിണമിച്ചു സഹൃദയന്മാരുടെ ആസ്വാദപദവിയെ അവഗാഹനം ചെയ്യുന്നു.

സവ്യസാചി സമരേ ഹനിച്ചു സകലാമ-
രാരിനിവഹം തദാ
ദിവ്യനാരികളെ വേർപെടുത്തധികസങ്ക-
ടാദമിതവിക്രമൻ
നവ്യയാകിയ ജയശ്രീയാ സഹ നനാമ
വജ്രിണമുദാരധീ-
ഹവ്യവാഹമുഖസൎവ്വദേവഗണസേവ്യ-
മാനചരണാംബുജം.

തദാ = അപ്പോൾ; അമിതവിക്രമൻ = അതിപരാക്രമത്തോടുകൂടിയവനും, ഉദാരധീ = ഉദാരബുദ്ധിയും ആയ സവ്യ

സാചി=അൎജ്ജുനൻ. സമരേ=യുദ്ധത്തിൽ, സകലാമരാതിനിവഹം=എല്ലാസുരവൈരികളുടേയുംസംഘത്തെ;ഹനിച്ചു=വധിച്ചു. ദിവ്യനാരികളെ-ദേവസ്ത്രീകളെ. അധികസങ്കടാൽ=വലുതായ കഷ്ടപ്പാടിൽനിന്നു; വേർപെടുത്തു്=വിടുവിച്ചു്; നവ്യയാകിയ=നൂതനമായ; ജയശ്രിയാ=ജയശ്രീയോടു. സഹ=കൂടി. ഹവ്യ...ചരണാംബുജം=വഹ്നിമുതലായ സകല ദേവഗണത്താലും സേവിക്കപ്പെടുന്ന പത്മം പോലുള്ള ചരണങ്ങളോടുകൂടിയവനായ, വജ്രിണം=ഇന്ദ്രനെ. നനാമ=നമിച്ചു. ഹവ്യവാഹനശബ്ദത്തിന്നു ദേവന്മാൎക്കായി ഹോമിക്കുന്ന സാധനത്തെ വഹിക്കുന്നവൻ എന്നു് അവയവാൎത്ഥം.

വൃത്തം.— കുസുമമഞ്ജരി.

അലങ്കാരം—പ്രസ്തുതവൃത്താന്തത്തിൽ 'നവ്യയാകിയ ജയശ്രിയാ' എന്നതിലെ സ്ത്രീലിംഗത്താലും ഇതരവിശേഷണസാമ്യത്താലും വ്യംജിക്കുന്ന ആസുരവിവാഹപ്രസക്തക്ഷത്രിയവൃത്താന്തത്തിന്നു സമാരോപമുള്ളതിനാൽ സമാസോക്തി. ലക്ഷണം—"വിശേഷണത്തിൻ സാമ്യത്താൽ വൎണ്ണ്യപ്രസ്തുതധൎമ്മിയിൽ അവൎണ്ണ്യവൃത്താന്താരോപം സമാസോക്തിയലംകൃതി"

'ചരണാംബുജ'മെന്നതിൽ ഉപമയുമുണ്ടു്. ആദ്യന്തപ്രാസം ദ്വിതീയാക്ഷരപ്രാസം മുതലായവയും നോക്കിക്കൊൾക.

ശങ്കരാഭരണം—ചെമ്പട.

സൎവ്വധൂജനമണിഞ്ഞിടുന്ന മണിമൗലിയിൽ
ഖചിതരത്നമാ-

മൎവ്വശീ തദനു മന്മഥേനഹി വശീകൃതാപി
വിവശീകൃതാ
ശൎവ്വരീശകുലഭൂഷണം യുവതിമോഹനം
ധവളവാഹനം
പാൎവ്വണേന്ദുമുഖി പാണ്ഡുസൂനമഭിവീക്ഷ്യ
ചൈവ മവശത്സഖീം.

തദനു=അനന്തരം; സ്വൎവ്വധൂജനമണിഞ്ഞിടുന്ന= സ്വൎഗ്ഗത്തിലുള്ള വനിതകൾ അണിയുന്ന, മണിമൌലിയിൽ ഖചിതരത്നമാം=മണിമയകിരീടത്തിൽ പതിച്ച രത്നമായി, പാൎവ്വണേന്ദുമുഖി=പൂൎണ്ണചന്ദ്രമുഖിയായ (പൎവ്വത്തിലുണ്ടായതു പാൎവ്വണം പൎവ്വശബ്ദത്തിന്നു ഇവിടെ വെളുത്തവാവെന്നൎത്ഥം.) ഉൎവ്വശി=ഉൎവ്വശിയെന്ന അപ്സരസ്ത്രീ (നാരായണമുനിയുടെ ഊരുവിൽ നിന്നു ജനിക്കയാൽ ഈ പേർ സിദ്ധിച്ചു.) ശൎവ്വരീശകുലഭൂഷണം=ചന്ദ്രവംശത്തിന്നആഭരണഭൂതനും(ശൎവ്വരിയുടെ=രാത്രിയുടെ ഈശൻ=നാഥൻ—ചന്ദ്രൻ.) യുവതിമോഹനം=തരുണികളെ മോഹിപ്പിക്കുന്നവനും, ധവളവാഹനം=വെളുത്തവാഹനത്തോടുകൂടിയവനും ആയ (അൎജ്ജുനന്റെ കുതിര വെളുത്തതാകുന്നു. അതുകൊണ്ടാണ് അൎജ്ജുനനെ ശ്വേതാശ്വനെന്നു പറയുന്നതു: "അൎജ്ജുനൻ ഫല്ഗുനൻ പാൎത്ഥൻ വിജയനും വിശ്രുതമായ പേർ പിന്നെ കിരീടിയും ശ്വേതാശ്വനെന്നും ധനഞ്ജയൻ ജിഷ്ണുവും ഭീതിഹരം സവ്യസാചി ബീഭത്സുവും" എന്നു ഭാരതം.) പാണ്ഡുസൂനും= പാണ്ഡുപുത്രനെ. അഭിവീക്ഷ്യ=കണ്ടു്. മന്മഥേന=മന്മഥനാൽ. വശീകൃതാ+അപി=വശീകൃതയായെങ്കിലും, വിവശീ

കൃതാ=പരവശയാക്കപ്പെട്ടവളായിട്ടുതന്നെ, ഏവംച=ഈ പ്രകാരം, സഖീം = സഖിയോട്; അവദൽ=പറഞ്ഞു. ചില വ്യാഖ്യാതാക്കളുടെ "അവദീൽ" എന്ന പാഠം സാധുവല്ല.

വൃത്തം— കുസുമമഞ്ജരി.

അലങ്കാരം—'വശീകൃതാപിവിവശീകൃതാ' എന്നതിൽ വിരോധപ്രതീതിയുള്ളതിനാൽ, വിരോധാഭാസം. ലക്ഷണം—"വിരോധം തോന്നുമാറുക്തി വിരോധാഭാസമായിടും" കൂടാതെ, 'പാർവ്വണേന്ദുമുഖി' എന്നതിൽ ഉപമയും-'മണിമൌലിയിൽ ഖചിതരത്നം', 'ശർവ്വരീശകുലഭൂഷണം' എന്നിവയിൽ രൂപകവുമുണ്ട്.

പ. 1.

പാണ്ഡവൻെറ രൂപം കണ്ടാലഹോ
പുണ്ഡരീകഭവസൃഷ്ടികൌശലമ-
ഖണ്ഡമായി വിലസുന്നവങ്കലിതി ശങ്കേ ഞാൻ
പണ്ടു കാമനെ നീലകണ്ഠൻ ദഹിപ്പിച്ചീടുകമൂലം
തണ്ടാർബാണതുല്യനായ് നിർമ്മിതനവൻ വിധിയാലും.
തൊണ്ടിപവിഴമിവ മണ്ടുമധരമിതു
കണ്ടീടുന്നളവിൽ ഇണ്ടൽപൂണ്ടു ബത
കൊണ്ടലണിക്കുഴലീ കോമളവദനേ അയി സഖി
[ബത പാണ്ഡവ—

പ. 2.

പൂർണ്ണചന്ദ്രനോ പുനരർണ്ണോജമോ കിമു വദനം
സ്വർണ്ണം മങ്ങീടുമവൻ കാന്തി കാണുമ്പോളന്നു നൂനം
കർണ്ണശോഭ കഥയാമിവാ കഥം

തൂൎണ്ണമേവ ചെന്നവനോടിന്നു നീ
വൎണ്ണയ മമ വരവൎണ്ണിനി പരവശം അയി സഖി-
[ബത പാണ്ഡവ—

ച. 3.

ചില്ലീയുഗളമതു വില്ലോടു തുല്യമാകുന്നല്ലോ
പല്ലോ ചാരുമൌക്തികക്കല്ലോ മന്മഥകീൎത്തി-
ത്തെല്ലോ മുല്ലമുകുളമോ മുകുരശകലമോ
നല്ലോരുപമ ചൊല്ലുവതിന്നിഹ നഹി
മല്ലമിഴികൾ മണിമകുടരത്നമേ അയി സഖി ബത
പാണ്ഡവ—

ച. 4.

വാണീമാധുൎയ്യം കേട്ടാൽ നാണിച്ചീടുന്നു വീണനാദം
പാണികൾ കണ്ടാൽ ഉള്ളിൽ പാരംവളൎന്നീടുന്നു
കാണിനാഴിക കളഞ്ഞീടാതെ സ്മര- [മോദം
ബാണഖേദമവനൊടു ചൊല്ലുകിൽ
നാണിയമിഹ തവ നലമൊടു പെരുകീടും അയി
[സഖി ബത പാണ്ഡവ—

ചര. 1.

പാണ്ഡവൻ=അൎജ്ജുനൻ; രൂപം=സൌന്ദൎയ്യം; പുണ്ഡരീകഭവസൃഷ്ടികൌശലം=ബ്രഹ്മാവിൻെറ സൃഷ്ടിചാതുൎയ്യം; അഖണ്ഡം=പരിപൂൎണ്ണം; വിലസുന്നു+ഇവകൾ എന്നു പദച്ഛേദം പൂൎണ്ണക്രിയയുടെ ഉകാരത്തിന്നു ലോപം വന്നിരിക്കുന്നു. ശങ്കേ=അനുമാനിക്കുന്നു. അലങ്കാരം— അനുമാനം. അൎജ്ജുനൻ പക്ഷം, ബ്രഹ്മാവിൻെറ സൃഷ്ടികൌശലപരിപൂൎണ്ണത സാദ്ധ്യം. താദൃശരൂപം ഹേതു. നീലക

ണ്ടൻ=ശിവൻ. (പാലാഴികടയുമ്പോൾ ഉണ്ടായ കാളകൂടം ലോകരക്ഷക്കായി ശിവൻ ഭക്ഷിക്കവെ, പാർവ്വതി ഭയന്നു അകത്തേക്കിറങ്ങാതിരിപ്പാൻ ഭർത്താവിൻെറ കഴുത്തിൽ കടന്നുപിടിക്കുകയും പുറത്തേക്കു വരാതിരിപ്പാൻ വിഷ്ണു വായ പൊത്തുകയും ചെയ്യുതിനാൽ വിഷം അവിടെത്തന്നെ നിന്നുപോകുകൊണ്ടു അദ്ദേഹത്തിൻെറ കണ്ഠം നീലനിറമായെന്നു പുരാണം ഘോഷിക്കുന്നു.) തണ്ടാർബാണതുല്യൻ=പങ്കജബാണനു (മന്മഥന്നു) സമാനൻ; നിർമ്മിതൻ=സൃഷ്ടിക്കപ്പെട്ടവൻ; വിധിയാൽ=ബ്രഹ്മാവിനാൽ. അലങ്കാരം— ഹേതൂൽപ്രേക്ഷ; തണ്ടാർബാണതുല്യനെന്ന അംശത്തിൽ ഉപമയുണ്ട്. ഇണ്ടൽപൂണ്ടു=ദുഃഖംകൈക്കൊണ്ടു്. 'മണ്ടും' എന്ന പൂർണ്ണക്രിയയോടു് അന്വയം. "മണ്ടു"മെന്നതു ഉപമാലക്ഷകമാണെന്ന മതത്തിൽ മാലാരൂപത്തിലുള്ള ലക്ഷിതോപമ എന്ന അലങ്കാരം. ഒരു ഉപമേയത്തെത്തന്നെ പല ഉപമാനങ്ങളോടു ഉപമിക്കുന്നതാണല്ലോ മാലോപമ. ഇവിടെ അധരത്തെ തൊണ്ടിപ്പഴത്തോടും പവിഴത്തോടും ഉപമിച്ചിരിക്കുന്നതു നോക്കുക. മതാന്തരത്തിൽ വ്യതിരേകമാകുന്നു. "വിശേഷം വ്യതിരേകാഖ്യം വർണ്ണ്യാവർണ്ണ്യങ്ങളാം തങ്ങളിൽ" എന്നു ലക്ഷണം. തൊണ്ടിപ്പഴവും പവിഴവും മണ്ടുമെന്നതുകൊണ്ടു അവയെ അപേക്ഷിച്ചു അധരത്തിന്നു വിശേഷമുണ്ടെന്നു സിദ്ധിക്കുന്നതിനാൽ ലക്ഷണം യോജിക്കുന്നു. "തൊണ്ടിപ്പഴമിവരണ്ടുമധരമിതു" എന്നിങ്ങിനെ ചിലർ സ്വീകരിച്ചിരിക്കുന്ന പാഠം അബദ്ധവും അസ്വാരസ്യവുമാകയാൽ ഉപേക്ഷ്യംതന്നെ. കൊണ്ടലണികുഴലി—മേഘംപോലുള്ള തലമുടിയോടുകൂടിയവൾ. ഉപമാലങ്കാരം. കോ

മളവദനേ—സുന്ദരമുഖി; അയി സഖി—എടോ തോഴി; ബത—ആശ്ചൎയ്യം.

ചര 2.

അബ്ജോജമോ=താമരയോ; കിമുവദനം=മുഖമോ? സസന്ദേഹമലങ്കാരം. അവൻകാന്തി=അവന്റെകാന്തി. 'സ്വൎണ്ണംമങ്ങീട-' മിത്യാദിയിൽ കാൎയ്യനിബന്ധനാപ്രസ്തുതപ്രശംസ അലംങ്കാരം. ലക്ഷണം-"അപ്രസ്തുതപ്രശംസാഖ്യമപ്രസ്തുതമുരക്കുതാൻ. വിശേഷത്തിന്നു സാമാന്യം കാൎയ്യത്തിന്നഥകാരണം, ഇതു രണ്ടും മറിച്ചിട്ടും തുല്യത്തിന്നഥ തുല്യവും, പ്രകൃതത്തിന്നപ്രകൃതമഞ്ചുമാതിരിയിങ്ങനെ" ഇവിടെ പ്രസ്തുതമായ അൎജ്ജുനദേഹകാന്തി വൎണ്ണിക്കേണ്ടതിന്നു, സ്വൎണ്ണം മങ്ങിടുമെന്നിങ്ങിനെ തന്നിമിത്തകവും അപ്രസ്തുതവുമായകാൎയ്യം നിബന്ധിച്ചിരിക്കുന്നു. കൎണ്ണശോഭ=കാതിന്റെ ഭംഗി; കഥംവാകഥയാമി=എങ്ങിനെ പറയുന്നു. അലങ്കാരം ആക്ഷേപം. ലക്ഷണം "ആക്ഷേപം ചൊല്ലുവാനോങ്ങിച്ചൊന്നോമദ്ധ്യേനിവൃത്തുക"കൎണ്ണഭംഗിയെപ്പററി പറയുവാൻ ഭാവിച്ചു 'കഥംകഥയാമിവാ' എന്നു നിവൃത്തിയിരിക്കുന്നു. തൂൎണ്ണം=വേഗത്തിൽ; വൎണ്ണയ=വിസ്തരിച്ചു പറഞ്ഞാലും; വരവൎണ്ണിനി=ഹേ ഉത്തമസ്ത്രീ; പരവശം=പാരവശ്യം (ധൎമ്മിശബ്ദത്തെ ധൎമ്മപരമായി പ്രയോഗിച്ചിരിക്കുന്നു )

ചര 3.

ചില്ലിയുഗളം=പുരികം രണ്ടും; ചാരുമൌക്തികകല്ലു=മനോഹരമായ മുക്താമണി; മന്മഥകീൎത്തിതെല്ലു=

കാമന്റെ യശോമേലം; മുല്ലമുകുളം = മുല്ലമൊട്ട. മുകുരശകലം-കണ്ണാടിക്കഷണം. ഉപമ = സാദൃശ്യം. അഥവാ ഉപമീയതെ അനേനേതിഉപമാ-ഉപമാനമെന്നൎത്ഥം; ഇഹനഹി =ഈ ലോകത്തിലില്ല. മല്ലമിഴികൾ മണിമകുടരത്നം=സുന്ദരിമാരുടെമണിമയമകുടത്തിലെ നായകക്കല്ല. (മല്ല ശബ്ദത്തിന്ന താമരയെന്നാണൎത്ഥം പറഞ്ഞുവരുന്നതു്. എന്നാൽ അതിലേക്ക പ്രമാണം മൃഗ്യമായിരിക്കുന്നു. മല്ലശബ്ദത്തിന്ന സമാസത്തിലല്ലാതെ 'താമര' എന്നൎത്ഥത്തിൽ പ്രത്യേകം പ്രയോഗവും കാണുന്നില്ല. സമാസത്തിൽതന്നെ നേത്രവാചി ശബ്ദത്തോട ചേൎത്തിയേ പ്രയോഗമുള്ളു. സംസ്കൃതത്തിൽ മല്ലശബ്ദത്തിന്ന താമര എന്നൎത്ഥവുമില്ല. മല്ലശബ്ദം ഭാഷാപദമാണെങ്കിൽ മല്ലാക്ഷി എന്നിത്യാദിയിലെ സന്ധിക്ലിഷ്ടവുമാണു്.

അലങ്കാരം—ആദ്യത്തെയടിയിൽ ഉപമ 'പല്ലോ-' ഇത്യാദിയിൽ സന്ദേഹം-'നല്ലൊരുപമചൊല്ലുവതിന്നിഹ നഹി' എന്നതിൽ 'ധൎമ്മോപമാനലുപ്ത' യെന്ന ലുപ്തോപമ. മല്ലശബ്ദം പങ്കജവാചിയാണെങ്കിൽ ധൎമ്മവാചകലുപ്തോപമ; മണിമകുടരത്നമെന്നതിൽരൂപകം.

ചരം 4.

വാണീമാധുൎയ്യം=വാക്കിന്നുള്ളമാധുൎയ്യം മധുരമായ വാക്കെന്നു താല്പൎയ്യം. കേട്ടാൽ=ഗ്രഹിച്ചാൽ. മുൻപറഞ്ഞതുപോലെ കാൎയ്യനിബന്ധനാപ്രസ്തുതപ്രശംസ അലങ്കാരം. കാണിനാഴിക=ക്ഷണനേരം; സുമബാണഖേദം=മന്മഥതാപം. നാണയം=മാന്യത; നലമോട=നന്നായി അനുക്രമപ്രാ

സം, ആദ്യാനുപ്രാസം മുതലായവ ശബ്ദാലങ്കാരങ്ങൾ സ്വയമൂഹിച്ചുകൊൾക.

ഈ 'പദ'ത്തിൽ എല്ലാ ചരണങ്ങളിലും ഉല്ലേഖാലങ്കാരമെന്നു മൊത്തത്തിൽ തട്ടിവിട്ടിരിക്കുന്ന വ്യാഖ്യാതാവു അലങ്കാരങ്ങളുടെ കൂട്ടത്തിൽ ഉല്ലേഖമെന്നു ഒന്നുണ്ടെന്നു കേട്ടിരിക്കാം.

രസം— അയോഗവിപ്രലംഭശൃംഗാരാഭാസം. ഉർവ്വശിയുടെ അർജ്ജുനവിഷയകമായ രതി തദംഗവർണ്ണനം സഖീപ്രാർത്ഥന മുതലായ അനുഭാവത്താലും ഔത്സുക്യം, ആവേഗം, വിഷാദം മുതലായ വ്യഭിചാരിഭാവത്താലും പരിപുഷ്ടമായി അനൌചിത്യപ്രവർത്തിതമാകയാൽ വിപ്രലംഭശൃംഗാരാഭാസമായി പരിണമിച്ചു സഹൃദയന്മാരുടെ ചർവ്വണക്കു വിഷയീഭവിക്കുന്നു.

സ്വർവ്വാരനാരീഗണനാഗ്രഗണ്യയാ
ഗീർവ്വാണരാജാത്മജസക്തചിത്തയാ
ഉക്താന്നിശമ്യാത്മ സഖീഗിരം തയാ
പ്രത്യാബഭാഷേ ച സഖീമഥോർവ്വശീ. 13

സ്വർവ്വാര...ഗണ്യയാ (ആ. സ്ത്രീ. തൃ. ഏ.) സ്വർഗ്ഗത്തിലെ വേശ്യാസ്ത്രീകളുടെ എണ്ണത്തിൽ ഒന്നാമതായി ഗണിക്കത്തക്കവളും.

ഗീർവ്വാണ...ചിത്തയാ (ടി.) ഇന്ദ്രപുത്രനിൽ (അർജ്ജുനനിൽ) അനുരക്തമായ ചിത്തത്തോടുകൂടിയവളും (ഗീരേവ ബാണഃ യേഷാം തെ ഗീർവ്വാണാഃ വാക്കുതന്നെ ബാണ

മായിട്ടുള്ളവർ) ആയ

തയാ (ദ. സ്ത്രീ. തൃ. ഏ.) അവളാൽ (ഉൎവ്വശിയാൽ)

ഉക്താം (ആ. സ്ത്രീ. ദ്വി. ഏ.) പറയപ്പെട്ട

ഗിരം (രേഫ. സ്ത്രീ. ദ്വി. ഏ.) വാക്കിനെ

നിശമ്യ (ല്യപ്. അവ്യ.) കേട്ട്

ആത്മസഖീ—(ഈ. സ്ത്രീ. പ്ര ഏ.) ആത്മതുല്യയായ സഖി. സഖികൾ, ഹൃദയജ്ഞാ, പ്രിയസഖി, നൎമ്മസഖി പ്രിയനൎമ്മസഖി എന്നിങ്ങിനെ നാലുതരത്തിലാണെന്നു ആലങ്കാരികന്മാർപറയുന്നു. അതിൽ പ്രിയനൎമ്മസഖി ആത്മതുല്യയായസഖിയാകുന്നു. "നസങ്കോചം യയായാതി കാന്തേനശയിതോത്ഥിതാ ആത്മനോമൂൎത്തിരന്യേവ പ്രിയനൎമ്മസഖീതു സാ" എന്ന് 'അലങ്കാരസൎവ്വസ്വം', അൎത്ഥം-തന്നൊ കാന്തനൊരുമിച്ചു വിവസയായിട്ടപോലും, യാതൊരു സഖികാണുന്നതിൽ സങ്കോചമില്ലയോ, തന്റെ മറെറാരാകാരമായ ആ സഖി നൎമ്മപ്രിയസഖിയാകുന്നു.

സഖീം (ഈ. സ്ത്രീ. ദ്വി. ഏ.) സഖിയോട്ട (ഉൎവ്വശിയോട്)

പ്രത്യാബഭാഷേ (ലിട്. ആ. പ്ര. പു. ഏ.) മറുപടിപറഞ്ഞു.

അഥ (അവ്യ) അനന്തരം

ഉൎവ്വശീ (ഈ. സ്ത്രീ. പ്ര. ഏ.) ഉൎവ്വശീ

സഖീം. (ഈ. സ്ത്രീ. ദ്വി. ഏ.<br>ച (അവ്യ) } സഖിയോട്

(പ്രത്യാബഭാഷേ) ഉത്തരം പറഞ്ഞു.

സാരം:—സപ്വേശ്യകളിൽ അഗ്രഗണ്യയും അജ്ജുനനിൽ അനുരക്തയും ആയ ഉവ്വശിപറഞ്ഞവാക്കകേട്ട് അവളുടെ ആത്മസഖി മറുപടിപറയുകയും ഉവ്വശി അതിന്ന വളോട്ടുത്തരം പറയുകയും ചെയ്തു.

വൃത്തം ഇന്ദ്രവംശ.

അലങ്കാരം—ദ്വിതീയാക്ഷരപ്രാസം. ആദ്യന്തപ്രാസം. ഛേകാന്തപ്രാസമെന്നിവ.

സഖി:—

അയി സഖി ശൃണു മമ വാണീമിഹ മഹിതതമേ
[കല്യാണി
സത്തമനവനതിധീരൻ പുരുഷോത്തമസദൃശനു-
ദാരൻ;
എത്തുകിലവനൊട്ട യോഗം തവ യുക്തമവനി-
[ലനുരാഗം;
ചിത്തമറിഞ്ഞിടാതെ മദനാത്തി തുടങ്ങീടാതെ;
നിയമവിഘാതത്തിന്നായി ചെന്നു
വയമസമത്ഥരാസ്സുന്നു."

ഉവ്വശി:—

നിരുപമനയഗുണശീലേ മയി കരുണകലന്നീടുക
[ബാലേ,
എന്നാലതിനൊരുപായം വദ, വന്നീടരുതൊരപായം,

സഖി:—

രഹസി തദരികേ നീ ചെല്ലൂ, നിജ പരവശമവ-
[നോടു ചൊല്ലൂ,

മന്ദഹസിതമധു തൂകുന്നേരം സുന്ദരി തവ വദനാകം;
പരിമളമുള്ളതിലല്ലോ മധുകരനികരം ബത ചെല്ലൂ.

സഖി.

അയിസഖി=അല്ലയോ സഖി; ശൃണു=കേട്ടാലും; മമവാണീം=എന്റെവാക്ക; മഹിതതമേ=ഏററവും ശ്ലാഘ്യേ; കല്യാണി=ശോഭനേ; സത്തമൻ=ഏററവും ശിഷ്ടനായിട്ടുള്ളവൻ; പുരുഷോത്തമസദൃശൻ=വിഷ്ണുതുല്യൻ; ഉദാരൻ=മഹാൻ അഥവാ, ദാനശീലൻ. "ഉദാരോദാതൃമഹതോഃ" എന്നു വിശ്വം. എത്തുകിൽ=ലഭിക്കുന്നതായാൽ അഥവാ, സാധിക്കുമെങ്കിൽ; യോഗം=ചേർച്ച; യുക്തം=ഉചിതം ('യുക്ത'മെന്നപദം ദേഹളീദീപന്യായേന യോഗമെന്നതിനോടും അനുരാഗമെന്നതിനോടും അന്വയിക്കുന്നു.) മദനാർത്തി=മദനപീഡ; മദനപീഡാനിമിത്തമായ ചേഷ്ടകൾ എന്നു താൽപര്യം. ഇവിടെ താദൃശചേഷ്ടകളെ തന്നിമിത്തമായ പീഡയായിത്തന്നെ വിവക്ഷിച്ചിരിക്കയാൽ ഹേതുതിശയോക്തി. വയം=ഞങ്ങൾ (രംഭാപ്രഭൃതികൾ); നിയമവിഘാതം=തപോവിഘ്നം; അർജ്ജുനന്റെ മനസ്സറിയാതെ ശൃംഗാരചേഷ്ടകൾ തുടങ്ങരുതു എന്നതിലേയ്ക്കു 'നിയമവിഘാതത്തിന്നു ഞങ്ങൾ അസമർത്ഥകളാകുന്നു' എന്നതു ഹേതുവായിരിക്കയാൽ വാക്യാർത്ഥഹേതുകമായ കാവ്യലിംഗം. "സത്തമനതിധീരൻ" എന്നതു സാഭിപ്രായമാകയാൽ പരികരവും പറയാം. 'യോഗം' 'രാഗം' എന്നതിൽ അന്ത്യപ്രാസം. "അറിഞ്ഞീടാതെ" "തുടങ്ങീടാതെ" എന്നതിൽ യമകവുമുണ്ട്.

ഉവ്വശി:—

നിരുപമനയശീലേ=അനിതരസാധാരണമായ നയഗുണം തന്നെ സ്വഭാവമായിട്ടുള്ളവളേ; പ്രസ്തുതസംബന്ധി ഈ കാൎയ്യത്തിൽ ഒരു നിവൃത്തിയുണ്ടാക്കാൻ നീതന്നെയാണ് സമൎത്ഥ എന്നും മററുമുള്ള അഭിപ്രായത്തോടുകൂടിയതാകയാൽ പരികരാലങ്കാരം. എന്നാൽ=അപ്സരസ്ത്രീകളായ നിങ്ങളാൽ പോലും മനസ്സിളക്കുവാൻ സാധിക്കാത്തവിധം അത്യധീരനും സദാചാരപരനുമാണവനെങ്കിൽ; അതിന്നു=എന്റെ അഭിലാഷപൂൎത്തിക്കു; ഉപായം=തന്ത്രം; വദ=പറഞ്ഞുതരിക; അപായം=ആപത്തു; 'അപായം-ഉപായം' എന്നതിൽ യമകം. 'കരുണകലന്നീ' എന്നതിൽ ആദ്യന്തപ്രാസം, 'ശീലേ ബാലേ' എന്നതിൽ അന്ത്യാനുപ്രാസം എന്നിവ അലങ്കാരം.

സഖി:—

രഹസി=ഏകാന്തത്തിൽ (മററാരുമില്ലാതിരിക്കുന്ന അവസരത്തിൽ) തദരികെ=അവന്റെ അടുക്കൽ' തസ്യ അരികെ തദരികെ' എന്നിങ്ങിനെ സമാസം പറയേണ്ടതായിരിക്കുന്നു. അതു യുക്തവുമല്ല. നിജപരവശം=തന്റെ പാരവശ്യം (ധൎമ്മിശബ്ദത്തെ ധൎമ്മമാക്കിയിരിക്കുന്നു). മന്ദഹസിതമധു=മദ്യംപോലെ മദജനകമായ പുഞ്ചിരി. "മധു ക്ഷൌദ്രേജലേക്ഷീരേ മദ്യേപുഷ്പരസേമധുഃ ദൈത്യേചൈത്രവസന്തേച ജീവാശോകേ മധുദ്രുമേ". എന്നുവിശ്വം. മധുകരനികരം=വണ്ടിൻകൂട്ടം; നീനിന്റെ പാരവശ്യംമാത്രം പറഞ്ഞതുകൊണ്ടായില്ല, മന്ദഹാസത്തുകി അവനെ മയക്കുകയും

വേണം. മധുപാനരസികനാണെങ്കിലും വണ്ടു മധുവുണ്ടെന്നു വെച്ചു എല്ലാപുഷ്പങ്ങളിലും ചെല്ലുകയില്ല; പരിമളമുള്ളവയിലേ സ്വരസമായ്ഗമിക്കുക പതിവുള്ളുവെന്നു സാരം. അലങ്കാരം-ദൃഷ്ടാന്തം. ലക്ഷണം-"ദൃഷ്ടാന്തമതിന്നെബ്ബിംബപ്രതിബിംബങ്ങളാകുകിൽ" മന്ദഹസിതത്തിന്നു പരിമളവും അജ്ജനന്നു മധുകരവും വരനാകും എന്നതിന്നു ചെല്ലു എന്നതും പ്രതിബിംബമായിട്ടാണിരിക്കുന്നതു്. 'മന്ദഹസിതമധു'വെന്നതിൽ രൂപകം പറയാതെ ഉപമയായി വ്യാഖ്യാനിച്ചിരിക്കുന്നതു ദൃഷ്ടാന്തത്തിന്നു ഹാനിതട്ടാതിരിപ്പാനാകുന്നു. ഇവിടെ ദൃഷ്ടാന്താലങ്കാരത്താൽ തങ്ങൾ സുന്ദരികളാണെങ്കിലും മദജനകവും മനോഹരവുമായ ആ മന്ദഹാസം കയ്യുക്കമില്ലായ്കയാലാണ് പരാജയപ്പെട്ടുപോന്നതെന്നും അതുകൊണ്ടു ആ വകയൊന്നും ഭേതി ശങ്കിക്കേണ്ടആവശ്യമില്ലെന്നും സഖി ആശ്വസിപ്പിക്കുന്നതായി ധ്വനിക്കുന്നു. പുറമേ ഇതരാപേക്ഷയാ ഉവ്വശിക്കുള്ള വിശേഷം തദ്വാരാ വ്യംജിക്കുകയാൽ വ്യതിരേകധ്വനിയുമുണ്ടു്.

ഈ സഖി ഉവ്വശിയെപ്പോലെതന്നെ സ്ഥാനമാനങ്ങളോടുകൂടിയ രംഭാപ്രഭൃതികളിൽ ഒരുത്തിയായിരിക്കാം. ഉചിതസമയത്തു ദൌത്യം ഉപദേശം ശാസനം എന്നിവ പ്രിയസഖികളുടെ കൃത്യമാകുന്നു.

> സുലളിതപദവിന്യാസാ
> രുചിരാലങ്കാരശാലിനീ മധുരാ
> മൃദുലാപി ഗഹനഭാവാ
> സൂക്തിരിവാവാപ സോവ്വശീ വിജയം. 14

സുലളിതപദവിന്യാസാ (ആ. സ്ത്രീ പ്ര. ഏ.) സുലളിതമായ അടിവെപ്പോടുകൂടിയവളും 'ലളിത'മെന്നതു യൌവനകാലത്തു സ്ത്രീകൾക്കുണ്ടാകുന്ന സ്വാഭാവികങ്ങളായ അലങ്കാരങ്ങളിൽ ഒന്നാകുന്നു.

"വിന്യാസഭംഗിരംഗാനാം ഭ്രൂവിലാസമനോഹരം
സുകുമാരം ഭവേദ്യത്ര ലലിതം തദുദീരിതാ"

എന്നു രസാർണ്ണവ സുധാകരം.

(സുകുമാരങ്ങളായ പദങ്ങളുടെ രചനയോടു കൂടിയതും.)

രുചിരാലങ്കാരശാലിനീ. (ഈ. സ്ത്രീ. പ്ര. ഏ). മനോഹരമായ അലങ്കാരങ്ങളെക്കൊണ്ടു വിളങ്ങുന്നവളും (രസാനുഗുണമായ അനുപ്രാസോപമാദ്യലങ്കാരങ്ങളാൽ ശോഭിക്കുന്നതും)

മധുരാ (ആ. സ്ത്രീ. പ്ര. ഏ.) മാധുര്യമെന്ന സാത്വികാലങ്കാരത്തോടുകൂടിയവളും "മാധുര്യം നാമചേഷ്ടാനാം സർവ്വാവസ്ഥാസുമാർദ്ദവം" എന്നു രസാർണ്ണവസുധാകരം. (മാധുര്യഗുണയുക്തവും "നീരിൽ കല്ക്കണ്ടമെന്നോണം ആഹ്ളാദത്തിൽ മനസ്സിനെ അലിച്ചാശു ലയിപ്പിക്കും ഗുണാ മാധുര്യസംജ്ഞിതം" ഭാഷാഭൂഷണം.)

മൃദുലാ { ആ. സ്ത്രീ. പ്ര. ഏ } (മൃദുലമാംസ്യമാനന്ദവ)
അപി { അവ്യ. } മൃദുലഗാത്രിയാണെങ്കിലും

"സ്പൃഷ്ടം യച്ചാംഗമസ്പൃഷ്ട മിവസ്യാൽ മാർദ്ദവംഹിതൽ" എന്നു രസാർണ്ണവസുധാകരം. (ശ്രവണസുകുമാരമെങ്കിലും അഥവാ വൈദർഭീരീതി നിബദ്ധമാകയാൽ സുഗമാർത്ഥയാണെങ്കിലും രീതി, കോമള, പരുഷ,

മിശ്ര എന്നിങ്ങിനെ മൂന്നുതരത്തിലാണ്. അതിൽ കോമളയെയാണ് വൈദർഭി എന്നു പറയുന്നതു്. എന്നു രസാർണ്ണവസുധാകരത്തിൽ അഭിപ്രായപ്പെട്ടിരിക്കുന്നു.)

ഗഹനഭാവാ (ആ. സ്ത്രീ. പ്ര. ഏ.) തിളങ്ങുന്ന മനോവികാരത്തോടുകൂടിയവളും (സഹൃദയഹൃദയമാത്രഗമ്യമായ വ്യംഗ്യാർത്ഥത്തോടുകൂടിയതും) ആയ

സാ (ദ. സ്ത്രീ. പ്ര. ഏ.) ആ

ഉർവ്വശി (ഈ. സ്ത്രീ. പ്ര. ഏ) ഉർവ്വശി

സൂക്തിഃ (ഇ. സ്ത്രീ. പ്ര. ഏ. { സുഭാഷിതം പോലെ
ഇവ ( അവ്യ. { സൽകവിത പോലെ

വിജയം (അ. പു. ദ്വി. ഏ ) അർജ്ജുനനെ (വിജയത്തെ)

പ്രാപ (ലിട്. പ. പ്ര. പു. ഏ ) പ്രാപിച്ചു. (ആപ്ലൃ)

വാക്യാർത്ഥം— സുലളിതമായ പദവിന്യാസത്തോടും മനോഹരമായ ഭൂഷകളോടുംകൂടി മധുരയായി മൃദുലയാണെങ്കിലും ഗഹനഭാവയായി വിളങ്ങിയ ആ ഉർവ്വശി സുകുമാരപദരചനയോടുകൂടിയതും രസോചിതമായ അലങ്കാരങ്ങളാൽ ശോഭിക്കുന്നതും സുഗമമായ വാച്യാർത്ഥത്തോടുകൂടിയതാണെങ്കിലും സഹൃദയ മാത്രവേദ്യമായ വ്യംഗ്യവിശേഷത്തോടുകൂടിയതും ആയ സൽകവിത വിജയത്തെ എന്നപോലെ വിജയനെ പ്രാപിച്ചു.

വൃത്തം – ഗീതി; "ആര്യാപൂർവ്വാർദ്ധത്തിന്നുരചെയ്തിട്ടുള്ള ലക്ഷണം തന്നെ, മാററാതെയുത്തരാർദ്ധത്തിന്നുമുപയോഗിക്ക ഗീതിയാമെന്നാൽ" എന്നു ലക്ഷണം. "ഏഴു ഗണം ഗുരുവൊന്നും വേണം ജഗണം വരാതെയൊററകൾ

ളിൽ ഷഷ്ഠമിതോ ലഘുമയമോ വരണമിതാർയ്യയ്ക്കു പൂർവ്വാർദ്ധം" എന്നു ആർയ്യാപൂർവ്വാർദ്ധലക്ഷണം.

അലങ്കാരം— ശ്ലിഷ്ടധർമ്മോപമ. ഉർവ്വശി ഉപമേയം; സൂക്തി ഉപമാനം; സുലളിതപദവിന്യാസാദി സാധാരണ ധർമ്മം; അതു ശ്ലേഷംകൊണ്ടു നിർവ്വഹിച്ചിരിക്കുന്നു. മൂർഛാപി ഗഹനഭാവാ എന്നതിൽ വിരോധാഭാസവും പറയാം.

കാമോദരി—ചെമ്പട.

കല്പദ്രുകല്പദ്രുപദേന്ദ്രപുത്രീ-
സാരസ്യസാരസ്യ നിവാസഭൂമിം
നാളീകനാളീകശരാർത്തിതാ സാ
മന്ദാക്ഷമന്ദാക്ഷര മേവമൂചേ. 15

നാളീകനാളീകശരാർത്തിതാ (ആ. സ്ത്രീ. പ്ര. ഏ.) നാളീക (താമര) മായ നാളീക (ബാണ) ത്തോടുകൂടിയവന്റെ (മന്മഥന്റെ) ശരത്താൽ പീഡിതയായ. നാളീകമെന്നതു ശരവിശേഷമാകുന്നു.

നാളീകാ ലഘവോ ബാണാന്നാലയന്ത്രേണ നോദിതാഃ
അത്യുച്ചദരപാതേഷു ദുർഗ്ഗയുദ്ധേഷു തേ മതാഃ
എന്നു ശാർങ്ഗധരസംഹിത.

കർണ്ണിനാളീകനാരാചാനത്യജന്തോ മഹാരഥാഃ
എന്നു ഭാരതം.

സാ (ദ. സ്ത്രീ. പ്ര. ഏ.) ആ ഉർവ്വശി.

കല്പദ്രു..സാരസ്യ (അ. പു. ഷ ഏ.) കല്പവൃക്ഷത്തിന്നു തു

ല്യനായ ദ്രുപദരാജാവിന്റെ പുത്രിയുടെ സാരസ്യസാരത്തിന്ന 'അഥവാ കല്പദ്രുമമെന്നതു ദ്രുപദേന്ദ്രപുത്രിയുടെ വിശേഷണമായുമെടുക്കാം. രാജാവാകയാൽ ദ്രുപദനിലോ അക്ഷയപാത്രമുള്ളതിനാൽ തൽപുത്രിയിലോ, 'കല്പദ്രുകല്പ'മെന്നതു അന്വയിക്കുന്നതു യുക്തമായിരിക്കേ, അതുവിട്ടു ചിലർ സാരസ്യസാരത്തോടു അന്വയിപ്പിച്ചിരിക്കുന്നതു സ്വരസമാണെന്നു തോന്നുന്നില്ല.)

നിവാസഭൂമിം (ദ്വി. സ്ത്രീ. ദ്വി. ഏ.) വാസസ്ഥാനമായ അജ്ജുനനോട്

മന്ദാക്ഷമന്ദാക്ഷരം (ക്രി. അവ്യ.) ലജ്ജയാൽ അസ്പഷ്ടമായ വണ്ണത്തോട് കൂടുംവണ്ണം

ഏവം (അവ്യ.) ഇപ്രകാരം

ഊചേ (ലിട്. ആ. പ്ര. പു. ഏ) പറഞ്ഞു.

നാളീകശബ്ദത്തിന്ന പങ്കജമെന്നും; ശരമെന്നും അൎത്ഥമുണ്ടായിരിക്കേ 'നാളീകനാളീക ശരാൎദ്ദിതാ' എന്നതിന്ന നിൎവ്യാജമായി മന്മഥനാൽ പീഡിത എന്നുള്ള വ്യാഖ്യാനം ത്യാജ്യംതന്നെ.

വാക്യാൎത്ഥം:—മന്മഥബാണത്താൽ പീഡിക്കപ്പെട്ട ആ ഉൎവ്വശി കല്പകവൃക്ഷതുല്യനായ ദ്രുപദന്റെ പുത്രിയായ പാഞ്ചാലിയുടെ സാരസ്യസാരത്തിന്ന നിവാസസ്ഥാനമായ അൎജ്ജുനനോട് ലജ്ജയാൽ അവ്യക്തവൎണ്ണമായി താഴെ പറയുംപ്രകാരം പറഞ്ഞു.

വൃത്തം—ഇന്ദ്രവജ്രം.

അലങ്കാരം യമകം, 'കല്പദ്രുകല്പ' എന്നതിൽ ഉപമ യും 'നിവാസ' ഭൂമി എന്നതിൽ അതിശയോക്തിയുമുണ്ട്.

പല്ലവി.

സ്മരസായകദ്രുനാം പരിപാലയെന്നാം
സതതം ത്വദധീനാം.

ച. 1.

അരിവരനിരകളെ അരനിമിഷേണ
അറുതിപെടുത്തുന്നതിലതിനിപുണ! —സ്മര

ച. 2.

ശരണാഗതജനപാലനകർമ്മം
കരുണാസാഗര തവ കുലധർമ്മം; —സ്മര

ച. 3.

സപദി വിരചയ വിജയ പരിരംഭം,
സഫലയ വിരവൊടു മമ കുചകുംഭം; —സ്മര

ച. 4.

കുരുവര തരിക തവാധരബിംബം
അരുതരുതതിനിഹ കാലവിളംബം. —സ്മര

ച. 5.

വില്ലൊടു സമരുചി തടവീടുംതേ
ചില്ലികൾകൊണ്ടയി തല്ലീടരുതേ; —സ്മര

ച. 6.

കുരു കരപല്ലവമമ്മ സിജയുഗളേ
കുരുവര! യുവജനമാനസനിഗളേ; —സ്മര

ഫ. 7.

രതിപതിസമ തവ കലയേ കണ്ണൌ
രതിക്രുജിതസുധയാ പരിപൂൎണ്ണൌ —സ്മര

ഫ. 8.

നിൎവ്വാപയമധുരാധരമധുനാ
ദുൎവ്വാരം മദനാലനമധുനാ. —സ്മര

സ്മരസായകദൂനാം=കാമബാണഖിന്നായും; സതതം=എല്ലായ്പ്പോഴും; തദധീനാം=നിനക്കധീനയും ആയ ഏതാം=ഇവളേ; പരിപാലയ=രക്ഷിക്കുക 'സ്മരസായകദൂനാ'മിത്യാദി വിശേഷണങ്ങൾ അവശ്യരക്ഷണീയതാഭിപ്രായമാകയാൽ പരികരം— അന്ത്യാനുപ്രാസവുമുണ്ട്.

ഫര. 1.

അരിവരനിരകളെ=ശത്രുവൎയ്യന്മാരുടെ പങ്ക്തികളെ; അരനിമിഷേണ=അരനിമിഷത്തിൽ തത്സമരീതിയിൽ അരയെന്ന ഭാഷാപദത്തോടു സമാസിച്ച നിമിഷപദത്തോടു സംസ്കൃതവിഭക്തി ചേൎത്തു പ്രയോഗിച്ചിരിക്കുന്നതു അത്ര ശരിയല്ല. (നിമിഷമല്ലെങ്കിൽ നിമേഷമെന്നതു ഒരു നാഴികയിലെ 6000ത്തിൽ ഒരു അംശമാകുന്നു. 5 നിമിഷം ഒരു കാഷ്ഠ, 30കാഷ്ഠം ഒരുകലാ, 40കലാ) ഒരുനാഴികാ അവൃതിപെടുത്തുന്നതിൽ=നശിപ്പിക്കുന്നതിൽ; അതിനിപുണ=വളരെസമൎത്ഥ:'അരിവര' ഇത്യാദി സംബോധനം രക്ഷണസാമൎത്ഥ്യാഭിപ്രായകമാകയാൽ പരികരം; അന്ത്യാനുപ്രാസവുമുണ്ട്.

ഫ. 2.

ശരണാഗതജനപാലനകൎമ്മം=ശരണാഗതന്മാരെ ര

ക്ഷിക്കുകഎന്നകൎമ്മം. കരുണാസാഗര=ദയാസമുദ്രമേ ക്രൂപ കമലങ്കാരം. കുലധൎമ്മം=വംശധൎമ്മം. സൎവ്വഥാ അപരിത്യാജ്യമെന്നതാൽപൎയ്യം. ആകയാൽ പരികരം. പ്രസ്തുതചരണം തദധീനാം പരിപാലയ എന്നതിന്നു ഹേതുവായിട്ടിരിക്കയാൽ വാക്യാൎത്ഥഹേതുകം കാവ്യലിംഗം; അന്ത്യാനുപ്രാസവും ഉണ്ടു്.

ചര. 3.

സപദി=ഉടനെ. വിരചയ=ചെയ്യുക; പരിരംഭം=ആലിംഗനം. സഫലയ=ഫലവത്താക്കിത്തീൎക്കുക. വിരവൊട്ടു=വേഗത്തിൽ. കുചകുംഭമെന്നതിൽ ഉപമ. പരിരംഭണം, കുചകുംഭസാഫല്യാപാദനഹേതുവാകയാൽ കാവ്യലിംഗവും പറയാം. അന്ത്യാനുപ്രാസവും കണ്ടുകൊൾക.

ചര 4.

കുരുവര=കുരുവംശന്മാരിൽ ശ്രേഷ്ഠ; അധരബിംബം=തൊണ്ടിപ്പഴമൊത്തചുണ്ടു്. ഉപമ, കാലവിളംബം=കാലതാമസം. അന്ത്യാനുപ്രാസം.

ചര 5.

സമരുചി=തുല്യകാന്തി; ചില്ലികൾ=പുരികങ്ങൾ (വില്ലോടു സമരുചിതടവീടും എന്നതിൽ ഉപമ.) "കോപിക്കരുതേ" എന്നവാച്യത്തെത്തന്നെ 'ചില്ലികൾകൊണ്ടയിതല്ലീടരുതേ' എന്നു വ്യംഗ്യമൎയ്യാദയിൽ ബോധിപ്പിച്ചിരിക്കയാൽ പൎയ്യായോക്തം - അന്ത്യാനുപ്രാസം ശബ്ദാലങ്കാരം.

ചര 6.

കുരു=വെക്കുക. കരപല്ലവം=കൈത്തളിർ 'കരപ

ല്ലവ' മെന്നതു ഉപമയോ രൂപകമോ എന്നു നിൎണ്ണയിക്കുന്ന തിന്നു സാധക ബാധക പ്രമാണങ്ങളില്ലായ്കയാൽ സന്ദേഹ സങ്കരം-പല്ലവസാദൃശ്യം കരത്തിൽ മന്മഥതാപശമനക്ഷ മത്വം വ്യംജിപ്പിക്കുന്നു. ഉരസിജയുഗളേ=കുചയുഗത്തിൽ യുവജനമനസിജനിഗളേ=തരുണജനങ്ങളുടെ മാനസത്തിന്നു വിലങ്ങായിരിക്കുന്ന 'ഉരസിജയുഗളേ' എന്നതിന്നു വിശേ ഷണം. രൂപകം 'കരു-കരു' 'ഗളേ-ഗളേ' എന്നതിൽ യ മകം.

ചര 7.

രതിപതിസമ=മന്മഥതുല്യ. കലയേ=ഇതാചെ യ്യുന്നു. 'വൎത്തമാനസാമീപ്യേ വൎത്തമാനവദ്വാ' എന്ന സൂ ത്രപ്രകാരം,ലട്. കൎണ്ണൌ=കാതുകളെ; രതികൂജിതസുധയാ= മണിതമാകുന്ന അമൃതത്താൽ പരിപൂൎണ്ണൌ=പരിപൂൎണ്ണങ്ങ ളായി 'നിരന്തരങ്ങളായ രതികൂജിതങ്ങളെക്കൊണ്ടു നിനക്കു കൎണ്ണാനന്ദമേകാം' എന്നു താല്പൎയ്യം. ഉപമ, രൂപകം, യമകം, അന്ത്യാനുപ്രാസമെന്നിവ അലങ്കാരം. രതികൂജിതത്തിലെ രതിപദം നീ രതിപതിസമനാണെന്നതുപോലെ ഞാൻ ര തിസദൃശയാണെന്നും ആകയാൽ നമ്മുടെയോഗം യുക്തമാ ണെന്നും വ്യംജിപ്പിക്കുന്നു.

ചര 8.

അധുനാ=ഇപ്പോൾ. മധുരാധരമധുനാ=മധുരമാ യ അധരമാധ്വിയാൽ, ദുൎവ്വാരം=അടക്കാൻപ്രയാസമായ; മദനാനലം=കാമാഗ്നിയെ നിൎവ്വാപയ=ശമിപ്പിക്കു. യമകം, രൂ പകമെന്നിവ അലങ്കാരം. രസം അയോഗവിപ്രലംഭശൃംഗാ

രാഭാസം; ഉർവ്വശിയുടെ രതി, സംഭോഗപ്രാർത്ഥനം, സുരതപ്രാഗത്ഭ്യനിവേദനം മുതലായ അനുഭാവത്താലും അഭിലാഷം ഔത്സുക്യം, ദൈന്യം മുതലായ വ്യഭിചാരി ഭാവത്താലും പരിപുഷ്ടമാണെങ്കിലും തന്നിൽതീരെ അനുരാഗമില്ലാത്ത അർജ്ജുനനെ വിഷയീകരിച്ചിരിക്കയാൽ ഹാസ്യകലുഷിതമായിട്ടാണ് സഹൃദയന്മാൎക്ക് ആസ്വാദ്യമാകുന്നതു്. അതുകൊണ്ടു ഈവക ശൃംഗാരം രസമല്ല; രസാഭാസമാകുന്നു. "ശൃംഗാരോഹാസ്യഭ്രയിഷ്ഠഃ ശൃംഗാരാഭാസ ഈരിതഃ" എന്നു ഭാവപ്രകാശിക. ശൃംഗാരം ഹാസ്യഭ്രയിഷ്ഠമാകുന്നതു, രതി ഏകമാത്രനിഷ്ഠമോ അനേകവിഷയമോ തിര്യഗ്ഗതമോ നീചഗതമോ ആവുമ്പോഴാണു്; താദൃശസ്ഥലത്ത് അനൌചിത്യ മൂലകമായി അവഭാസിക്കുന്നഹാസ്യത്താൽ ശൃംഗാരം സ്വച്ഛന്ദാധികാരപ്രമത്തനും ദുഷ്ടനുമായ മന്ത്രിയാൽ രാജാവെന്നപോലെ ആഭാസമായ്ചമയുന്നു, "അംഗേനാംഗീരസഃ സ്വച്ഛന്ദവൃത്തിവൎദ്ധിതസമ്പദാ. അമാത്യേനാ വിനീതേന സ്വാമീവാഭാസതാം വ്രജേൽ" എന്നാണ് രസാർണ്ണവസുധാകരത്തിൽ പറഞ്ഞിരിക്കുന്നതു്. ഇങ്ങനെയെല്ലാമാണെങ്കിലും രസാഭാസത്തിനു രസ്യത്വമുണ്ടെന്നാണ് ആലങ്കാരികസിദ്ധാന്തവും അനുഭവവും.

മോഹനം—അടന്ത. രൺസം

NB പരേണപുംസാനുഗതാമലൌകികൈ- Ano.
ൎവ്വചോഭിരത്യന്തവിനിന്ദിതാമ്മുഹുഃ
വിയോഗദുഃഖൈകവിധായിവിഭ്രമാം
ജഞാതസ്വാ സതീന്താം സവിരക്തധീരഭ്രൽ. 16

സഃ (അ. പു. പ്ര. ഏ.) അർജ്ജുനൻ.

പരേണ (അ. പു. തൃ. ഏ.
പുംസാ (സ. പു. തൃ. ഏ.
അനുഗതാം (ആ. സ്ത്രീ. ദ്വി. ഏ.
} പരപുരുഷനോട് ചേൎന്നവളും പരമാത്മാവിനാൽ അനുഗതയും; മായാധീനത്വം പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ജീവാത്മാവെന്നതു മായാധീനനായ പരമാത്മാവാകുന്നു. എന്നു അദ്വൈതസിദ്ധാന്തം.

മുഹുഃ (അവ്യയം) വീണ്ടും വീണ്ടും.

അലൌകികൈഃ (അ. ന. തൃ. ബ.) ലോകോചിതങ്ങളല്ലാത്ത. (വൈദികങ്ങളായ)

വചോഭിഃ (സ ന. തൃ. ബ.) വാക്കുകൾ ഹേതുവായിട്ടു (വാക്കുകളാൽ)

വിനിന്ദിതാം (ആ. സ്ത്രീ. ദ്വി. ഏ.) വിശേഷേണ നിന്ദിതയും (നിന്ദിക്കപ്പെട്ടതും.)

വിയോഗദുഃഖൈക.
വിധായിവിഭ്രമാം
} (ടി) വിരഹതാപം തന്നെ പ്രധാനകാരണം യാതൊന്നിന്നോ അങ്ങിനെയുള്ള വിഭ്രമത്തോടുകൂടിയവളും ആയ (ബഹുവ്രീഹിഗർഭബഹുവ്രീഹി)

"വല്ലഭപ്രാപ്തിവേളായാം മദനാവേശ സംഭ്രമാൽ
... വിഭ്രമോ ഹാര മാല്യാദി ഭൂഷാസ്ഥാനവിപര്യയഃ"

എന്നു 'ഉജ്ജ്വലനീലമണി' (യോഗംജീവാത്മ പരമാത്മൈക്യം അഥവാ തൽജ്ഞാനം; വിയോഗം അങ്ങിനെയുള്ള യോഗത്തിൻെറ അഭാവം; തദ്രൂപമായദുഃഖം

വിയോഗ ദുഃഖം; അഥവാ വിശിഷ്ടമായ യോഗം വിയോഗം—വിഷയാസക്തി; വിയോഗദുഃഖത്തിന്ന പ്രധാനഹേതുവായ വിഭ്രാന്തിയോടുകൂടിയതും.) ആയ—

താം (ദ. സ്ത്രീ. ദ്വി. ഏ.) അവളെ—ഉവ്വശിയെ
അസതീം (ഈ. സ്ത്രീ. ദ്വി. ഏ ) കുലടയായിട്ട (മായയായിട്ട)
അസതി, സത്തല്ലാത്തതു എന്ന അവയവാൎത്ഥം. മായാപദാൎത്ഥം തന്നെ യാ. മാ. സാ. മായാ. എന്നാണല്ലോ.

ജ്ഞാത്വാ (ത്വാ. അവ്യ.) അറിഞ്ഞു്
വിരക്തധീഃ (ഈ. പു. പ്ര. ഏ.) വെറുപ്പോടുകൂടിയവനായി
അഭൂൽ (ലുങ്. പ. പ്ര. പു. ഏ.) ഭവിച്ചു.

സഃ താംസതീം പരേണപുംസാ അനുഗതാം എന്നിപ്രകാരം അന്വയിപ്പിച്ചു "അവൻ ആ, സതിയെ അന്യന്റെഭാൎയ്യയായും-" എന്നും മററുംചിലർ വ്യാഖ്യാനിച്ചിരിക്കുന്നതു അവൎക്കുതന്നെ തൃപ്തികരമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. അൎത്ഥാന്തരം സ്പഷ്ടമായി പരിലസിക്കുന്ന 'പരേണപും സാ അനുഗതാം' ഇത്യാദിവിശേഷണങ്ങളൊക്കെയും ശ്ലിഷ്ടങ്ങളാണെന്നു ധരിക്കാത്തതുപോകട്ടെ, അസതിയായ 'സൎവ്വാരനാരീഗണനാഗ്രഗണ്യ'യെ സതിയായി ഗ്രഹിച്ചതു കുറെ കഷ്ടമായിപ്പോയെന്നു പറയാതെ തരമില്ല.

വാക്യാൎത്ഥം— പരപുരുഷനോട ചേൎന്നവളും അസഭ്യ വാക്കുകളെ വീണ്ടും വീണ്ടും പറയുക

യാൽ എത്രയും നിന്ദിതയും വിയോഗദുഃഖംനിമിത്തം വേഷഭൂഷാദികളെ സ്ഥാനം മാററിധരിച്ചിരിക്കുന്നവളും ആയ ഉർവ്വശിയെ കുലടയായിട്ടും, പരമാത്മാനുഗതയും ഉപനിഷദ്വാക്യങ്ങളാൽ വീണ്ടും വീണ്ടും വിനിന്ദിക്കപ്പെട്ടതും ഐക്യാഭാവമാകുന്ന ദുഃഖത്തിന്നു-വിഷയാസക്തിരൂപദുഃഖത്തിന്നു പ്രധാനഹേതുവായ വിഭ്രമത്തോടുകൂടിയതുമായ, മായയാണെന്നും അറിഞ്ഞു അർജ്ജുനൻ വിരാഗനായി ഭവിച്ചു.

വൃത്തം—ഉപജാതി ആദ്യത്തെ മൂന്നുപാദം വംശസ്ഥവും നാലാംപാദം ഇന്ദ്രവംശയുമാകുന്നു.

മററുള്ള വൃത്തങ്ങളുമിപ്രകാരമേ
കലൎന്നുവന്നാലുപജാതിയായിടും. എന്നു വൃത്തമഞ്ജരി.

അലങ്കാരം—പ്രകൃതാ പ്രകൃതശ്ലേഷം.

'രണ്ടുകാൎയ്യങ്ങളൊരേഞെട്ടിലുണ്ടാകുംപോലെ ഭാഷയിൽ
ഒരേ ശബ്ദത്തിലൎത്ഥം രണ്ടുരച്ചാൽ ശ്ലേഷമാമതു'

എന്നു ശ്ലേഷത്തിന്നു സാമാന്യലക്ഷണം. ഇതിൽ മായാപരമായ അൎത്ഥം അപ്രകൃതവും മറേറതു പ്രകൃതവുമാകയാൽ ഇതു പ്രകൃതാപ്രകൃതശ്ലേഷമാകുന്നു. ആദ്യനപ്രാസാദി ശബ്ദാലങ്കാരം—

പല്ലവി.

വാക്യങ്ങളീവണ്ണം പറഞ്ഞതു യോഗ്യമല്ലെന്നറികനീ
ശാക്യേതരമായുള്ള കൎമ്മങ്ങൾ സൌഖ്യമല്ലേതുമഹോ
[വൃഥാവലേ—വാക്യ

ച. 1.

ഹംസികളംബുജനാളങ്ങളെന്നിയേ
ശൈവലം മോഹിക്കുമോ പിന്നെ ഹന്ത
കരിണീ ഹരിണത്തെയാഗ്രഹിച്ചിട്ടുമോ ചൊല്ലീടുനീ
പരിഹാസമായി വന്നുകൂട്ടും മനുജന്മാരിൽ ആഗ്രഹം-
[ഇന്നു തവ
ആഹാ മതിഭ്രമമെന്തു വന്നു തവ നല്ലതല്ലിതുമഹോ-
[വൃഥാവലേ—വാക്യ

ച. 2.

പൂൎവ്വം പുരൂരവസ്സാകിയ ഭൂപതി
പാണിഗ്രഹണം ചെയ്കയാൽ ഇപ്പോൾ
ഉൎവ്വശി നീ മമ മാതൃഭാവത്തെ
വഹിക്കുന്ന കാരണത്താൽ അതി-
ദുൎവ്വാരമാകും ഗുരുതല്പഗാമിത്വം
ആകുന്ന പാപം മേലിൽ വരും
സൎവ്വനിതാജനമൻപോടണിയുന്ന
ചാരുശിരോരത്നമേ വൃഥാവലേ ...വാക്യ

ച. 3.

നാരായണനെന്നു നാമമുടയോരു മാമുനിമാർതിലകൻ
സുരനാഥനാമെന്നുടെ താതനു ദാരങ്ങളായിട്ടു നല്കി-
[യതും
ഉള്ളിലോരാതിവണ്ണമനംഗബാണമേററു, പാരം മയ-
[ങ്ങീടൊല്ല—നല്ല.
നേരായമാൎഗ്ഗമൊഴിഞ്ഞുനടന്നവർ പാപികൾ
[എന്നു വരും വൃഥാവലേ—വാക്യ

ച. 4.

മട്ടോലുംമൊഴി തവ ഖലു, ധൃഷ്ടതയൊട്ടുമെള്ളതല്ലെ-
[ടോ; നല്ല
ശിഷ്ടജനമതുകേൾക്കുന്നേരത്തു കഷ്ടമെന്നു വാദിക്കും
[എന്റെ
ജ്യേഷ്ഠനായുള്ള യുധിഷ്ഠിരൻ കേട്ടാൽ ഇതൊട്ടും
[സഹിച്ചീടുമോ? അതി-
നിഷ്ഠുരമെന്നേ പറയാവൂ നിന്നുടെ മാനസമിന്നിത-
[ഹോ വൃഥാവലേ—വാക്യ

ശക്യേതരം=അസാദ്ധ്യം; സൌഖ്യം=ലക്ഷണയായൽ സൌഖ്യഹേതുവെന്നു അൎത്ഥം. വൃഥാവലേ=പ്രയോജനമില്ലാതെതന്നെ 'വൃഥാവലേ' എന്ന പ്രയോഗം ചിന്ത്യമാകുന്നു. 'വൃഥാ' എന്ന സംസ്കൃതഭാഷയിലുള്ള അവ്യയത്തോടു ഒരു 'വല്' ചേരുവാൻ ന്യായം കാണുന്നില്ല.

ചര. 1.

ഹംസികൾ=അരയന്നപ്പേടകൾ; അംബുജനാളങ്ങൾ=താമരവളയങ്ങൾ; ശൈവലം=ചണ്ടി. ഹന്ത=ആശ്ചൎയ്യം; കരിണീ=പിടിയാന; ഹരിണം=മാൻ. അലങ്കാരം-തുല്യനിബന്ധനാപ്രസ്തുതപ്രശംസ.'മനുഷ്യനായഎന്നെ ദിവ്യസ്ത്രീകാമിക്കുകയോ' എന്ന പ്രസ്തുതത്തിന്നുപകരം തത്സമാനമായ അപ്രസ്തുതം നിബന്ധിച്ചിരിക്കുന്നു. 'കരിണീ' 'ഹരിണം' എന്ന പദങ്ങളെക്കൊണ്ടു കാമശാസ്ത്രപ്രകാരം ഉൎവ്വശിഹസ്തിനിയെന്ന സ്ത്രീജാതിയിലും അൎജ്ജുനൻ ശശമെന്ന പുരുഷജാതിയിലും പെട്ടവരാണെന്നും ആകയാൽ അൎജ്ജുനനെക്കൊണ്ടു

ഉദ്വേഗിക്ക സുഖമോ തൃപ്തിയോ ഉണ്ടാവാൻ വഴിയില്ലെന്നും വ്യംജിപ്പിച്ചിരിക്കുന്നു.

"കരംഗീവാജിനോര്യ്യോഗേ രതമത്യുച്ചകം വിദുഃ
ഹസ്തിനീശശയോര്യ്യോഗേ രതം സ്യാദതിനീചകം"
"പ്രമാണഹീനലിംഗേന സാകണ്ഡൂർന്നൈവശാമ്യതി
അതോനനീച സംഭോഗേ തുഷ്ടിംഗച്ഛന്തിയോഷിതഃ"

എന്നു അനംഗരംഗം.

ഹസ്തിന്യാദിലക്ഷണവും മററും വാത്സ്യായനം നോക്കി അറിഞ്ഞുകൊൾക.

"തവ ആഗ്രഹം ഇന്നുമനുജന്മാരിൽ പരിഹാസമാസ്സന്നുക്രുടം" എന്നു അന്വയക്രമം; പരിഹാസകാരണത്തിൽ പരിഹാസപദത്തിന്നു ലക്ഷണ. നിന്റെ ആഗ്രഹം ഇന്നു മനുജരിൽ പരിഹാസം ജനിപ്പിക്കുമെന്നു താല്പര്യം. നിന്റെ ഈ ആഗ്രഹത്തെപ്പററി മനുഷ്യർപോലും പരിഹസിക്കും. ദേവന്മാരുടെ കഥ പറയാനുണ്ടോ എന്നിങ്ങിനെ കൈമുതിക ന്യായപ്രകാരം അത്ഥാപത്തി എന്ന അലങ്കാരം വ്യംജിക്കുന്നു. "അത്ഥാപത്തിയിതോ പിന്നെ ച്ചൊല്ലാനില്ലെന്നയുക്തിയാം" എന്നു ലക്ഷണം. അഥവാ ദേവന്മാക്കു ഇങ്ങനെ എന്തും വ്യവസ്ഥയില്ലാതെ പ്രവത്തിക്കാമായിരിക്കാം. മനുഷ്യന്മാക്കു അതിന്നു തരമില്ല. അവർ ന്യായവും ധമ്മവും വെടിയാതെ നടക്കേണ്ടവരും നടക്കുന്നവരുമാണ്. എന്നിങ്ങിനെ ദേവാപേക്ഷയാ സാമാന്യമായി മനുഷ്യക്കും വിശേഷമായി അജ്ജുനന്നും ഗുണാധിക്യം വ്യംജിക്കുകയാൽ വ്യതിരേകം ധ്വനിക്കുന്നു. ആഹാ = കഷ്ടം. മതിഭ്രമഃ = ചിത്തഭ്രമം.

ചര. 2.

ഗുരുതല്പഗാമിത്വം=ഗുരുജനത്തിൻെറഭാൎയ്യയെ പ്രാപിക്കൽ. ആചാൎയ്യൻ, അച്ഛൻ, ജ്യേഷ്ഠൻമുതലായവർ ഗുരുജനങ്ങളാകുന്നു. തല്പശബ്ദം ലക്ഷണയാൽ ഭാൎയ്യയെക്കുറിക്കുന്നു. ഗുരുതല്പഗമനം മഹാപാതകങ്ങളിൽ ഒന്നാകുന്നു.

മഹാമതേ! വിപ്രവധങ്ങൾ ചെയ്യുവൻ
സുരാപനായുള്ള നരാധമനതിൽ
സ്ഥിരാപതേ! രണ്ടാമനെന്നറിഞ്ഞാലും
കനകതസ്കരൻ തൃതീയനെന്നതിൽ
മനുജപുംഗവാ! മനസ്സിൽ നണ്ണുക.
ഗുരുതല്പത്തിനേ ഗമിച്ചവൻതന്നെ
തുരീയനായുള്ള പെരിയ നാരകി.
ഇവരോടുംകൂടെ സഹവസിച്ചവ-
നിവരിലഞ്ചാമനതുമറിഞ്ഞാലും. എന്നു
(ഭീഷ്മോപദേശം ഹംസപ്പാട്ടു.)

സാൎവ്വനിതാജനം=സാൎഗ്ഗത്തിലുള്ള സുന്ദരീജനം. കാണുന്നവൎക്കു അത്യന്തമനുരാഗം ജനിപ്പിക്കുന്ന രൂപലാവണ്യമുള്ളവളാകുന്നു വനിത. "വനിതാജനിതാത്യൎത്ഥാനുരാഗായാ" എന്നു അമരം. അമ്പോടു=ആദരവോടു; ചാരുശിരോരത്നം=മനോഹരമായ ചൂഡാരത്നം. രൂപകമലങ്കാരം.

ച. 3.

മാമുനിമാർതിലകൻ=(തിലകമെന്നാണുചിതം) മഹർഷിശ്രേഷ്ഠൻ രൂപകം. ദാരങ്ങൾ=ഭാൎയ്യാ; ദാരശബ്ദം സംസ്കൃതത്തിൽ പുല്ലിംഗവും നിത്യം ബഹുവചനവുമാകുന്നു. ഭാഷയിൽ ലിംഗംമാത്രം നപുംസകമാക്കി ബഹുവചനത്തിൽ

പ്രയോഗിക്കയാണ പതിവ്. 'അപ്പ്', 'അപ്സരസ്സ്' എന്നിവയിലൊന്നും വചനാനുകരണം കാണാത്ത സ്ഥിതിക്ക 'ദാര' ശബ്ദത്തിലും കൂടിയേ കഴിയൂ എന്നില്ലെന്നുതന്നെയാണ് എന്റെ അഭിപ്രായം. അതുകൊണ്ടാണ് ഒരു സ്വപ്നമെന്ന കൃതിയിൽ...

'സ്വാരാജദാര മമരാവതിവിട്ടു വന്നോ
നാരായണീ നയനഗോചരയായിടുന്നോ
ആരാണിതംബ, സതിയോ, രതിയോ ലസിപ്പ-
താരാമരമ്യ ഭുവി ഭാരതിയോകഥിക്കൂ"

എന്നു ഞാൻ മനഃപൂർവ്വം പ്രയോഗിച്ചിരിക്കുന്നതു്.

ചര. 4.

മട്ടോലുംമൊഴി=തേന്തുവുന്ന മൊഴിയോടുകൂടിയവൾ ധൃഷ്ടത=ധാർഷ്ട്യം ലജ്ജയില്ലായ്മ; എളുതു=ചെറുതു; ശിഷ്ടജനം=സജ്ജനം; വദിക്കം=പറയും; യുധിഷ്ഠിരൻ=ധർമ്മപുത്രൻ. യുദ്ധത്തിൽ സ്ഥിരനെന്നവയവാർത്ഥം. (സമാസത്തിൽ സപ്തമീ വിഭക്തിക്ലോപിക്കായ്കയാൽ അലുക്സമാസമെന്നു പറയും) നിഷ്ഠുരം=ക്രൂരം...കഠിനം.

ഈ ഘട്ടത്തിൽ അർജ്ജുനനിഷ്ഠമായ 'ധൃതി' എന്ന ഭാവം സ്മൃതി, മതി, വിതർക്കശങ്കാദികളാൽ ഉപസ്കൃതമായി പ്രാധാന്യേന വ്യംജിക്കുന്നു.

"ജ്ഞാനവിജ്ഞാനഗുർവ്വാദി ഭക്തിനാനാർത്ഥസിദ്ധിഭിഃ
ലജ്ജാദിഭിശ്ചചിത്തസ്യ നൈസ്പൃഹ്യംധൃതിരുച്യതെ"

എന്നു രസാർണ്ണവസുധാകരം.

"ധൈര്യംധൃതിഃ; ത്രപാവ്രീഡാ: ലൌല്യം ചപലതാമതാ"
എന്നു അലങ്കാരകൌസ്തുഭം.

ദ്വിജാവന്തി...ചെമ്പട.

സുമണോരഹപഡിയൂളം (പ്രാകൃതം) ...
ഭണിയം ഏതസ്സ സുണിയ സുരവണിയാ
വക്കും പക്കമിതപ്പം
വയണം മയണേണ വഞ്ചിയാപത്ഥം. 17

ഏതസ്സ (ഏതസ്യ) ഇവൻെറ–അജ്ജുനൻെറ
സുമണോരഹപഡിയൂളം–(സുമനോരഥപ്രതികൂലം) തൻെറ
ഇഷ്ടത്തിന്നു വിപരീതമായ.
ഫണിയം (ഫണിതം). വചനം.
സുണിയ. (ശ്രുത്വാ) കേട്ട
മയണേണ (മദനേന) മന്മഥനാൽ.
വഞ്ചിയാ (വഞ്ചിതാ) വഞ്ചിക്കപ്പെട്ടവളായ.
സുരവണിയാ (സുരവനിതാ) സുരസുന്ദരി–ഉവ്വശി.
പത്ഥം (പാത്ഥം) അജ്ജുനനോട്.
എപ്പം (ഏവം) ഇപ്രകാരം.
വയണം (വചനം) വാക്ക
വക്കും (വക്തും) പറയുന്നതിന്നു.
പക്കമിദാ (പ്രക്രാന്താ) ആരംഭിച്ചു.

ഈ പദ്യം പ്രാകൃതഭാഷയിലാകുന്നു, പ്രാകൃതപദങ്ങൾക്ക ശരിയായ സംസ്കൃതപദങ്ങളാണ് 'ബ്രാക്കററി'നുള്ളിൽ കാണിച്ചിരിക്കുന്നതു, പക്ഷെ ചിലർ, 'വഞ്ചിയാപത്ഥം' എന്നതിന്നു 'വഞ്ചിതാ അപത്ഥ്യം' എന്നും 'പക്കമിദപ്പം' പ്രക്രമിതാ ഏവം എന്നും സംസ്കൃതം നിർദ്ദേശിച്ചിരിക്കുന്നതു ശരിയാണെന്നു തോന്നുന്നില്ല. 'വഞ്ചിയാപത്ഥം'

എന്നതിന്റെ താദൃശച്ഛായയും സന്ധിയും ക്ലിഷ്ടമാണെന്നു മാത്രമല്ല ദ്വികർമ്മകമായ "വച"ധാതുവിന്നു പ്രധാനകർമ്മമില്ലാതാവുകയാൽ വാക്യംതന്നെ സാകാംക്ഷമായ് ചമയുന്നു. ഇഡാഗമത്തിന്നവകാശമില്ലായ്കയാൽ 'പ്രക്രമിതാ' എന്ന ശബ്ദംതന്നെ സാധുവുമല്ല.

സംസ്കൃതരൂപകങ്ങളിൽ സ്ത്രീകളുടേയും നീചപാത്രങ്ങളുടേയും ഭാഷ പ്രാകൃതമാവണമെന്നു നിയമമുണ്ട്. ഭാഷയിലെ നാടകങ്ങൾ പ്രഹസനങ്ങൾ നോവലുകൾ എന്നിവയിലും നീചപാത്രങ്ങളുടെ ഭാഷ മഹാകവികൾ തന്മയത്വത്തിന്നായി ഗ്രാമ്യരീതിയിൽ പ്രാകൃതമാക്കുകയാണ് പതിവു. എന്നാൽ കവിവാക്യമായ പ്രസ്തുതപദ്യം പ്രാകൃതത്തിൽ നിബന്ധിച്ചിരിക്കുന്നതിൽ യാതൊരു ന്യായവും കാണുന്നില്ലെന്നല്ല, അതുകൊണ്ടു യാതൊരു ഗുണവുമില്ലെന്നു കൂടി പറയേണ്ടിയിരിക്കുന്നു.

വൃത്തം—ഗീതി.

അലങ്കാരം ഛേകാന്ത്യപ്രാസം വൃത്ത്യന്ത്യപ്രാസമെന്നിവ.

പല്ലവി.

വല്ലതെന്നാലുമിതു തവ നല്ലതല്ലെടോ

ച. 1

അല്ലൽ പെരുകി വലയുന്നു ഞാനതി-
നില്ലയോ കരുണ തെല്ലുമേ?
കല്ലിനോടു തവ തുല്യമോ ഹൃദയം?
ഇല്ലതിന്നു ബത സംശയം അധുനാ. —വല്ല

ച. 2.

കാമരിപുവോടമർചെയ്കയോ ഹരി N.B.

കാമജനകസഖിയാകയോ

മന്മഥാർത്തി തവ വന്നിടായ്കതിനു

നന്മയോടിതരഹേതുവെന്തഹോ? —വല്ല

ച. 3.

ദിനകരേണ രതിസംഗമം

ദീനമെന്നിയേ ലഭിച്ച തൻ-

സൂനുവോടു സുതരാം രമിച്ചതും

ജനനിയല്ലയോ ജളമതേ തവ? —വല്ല

ച. 4.

ഇണ്ടൽതീർന്നൊരുവനിങ്ങിനെ കയൽ-

ക്കണ്ണിമാരോടുരചെയ്യുമോ?

കണ്ടുകൊൾക ഫലം "അഞ്ജസാഭവാൻ

ഷണ്ഡനായിവരും" എന്നുനിർണ്ണയം —വല്ല

പല്ലവി—വല്ലതന്നാലും=എന്തായാലും (അനുക്രമപ്രാസ

മലങ്കാരം)

ചര 1

അല്ലൽ=ദുഃഖം. കരുണ=ദയ; തെല്ലുമ=കുറച്ചുപോ

ലും; അനുക്രമപ്രാസം.

ചര 2

കാമരിപു=കാമൻെറ ശത്രു - ശിവൻ: അമർ=യുദ്ധം;

കാമജനകസഖി=കാമൻെറ പിതാവായ ശ്രീകൃഷ്ണൻെറ ച

ങ്ങാതി. (ശിവൻെറ നേത്രാഗ്നിയിൽ ദഹിച്ച കാമനാകുന്നു

പിന്നീടു പ്രദ്യുമ്നനായി രുക്മിണിയിൽ ശ്രീകൃഷ്ണൻെറ പുത്ര

നായി ജനിച്ചതു എന്നു പുരാണം പറയുന്നു) സഖിശബ്ദം ഭാഷാപദമായി ഗ്രഹിച്ചു സമാസംചെയ്തിരിക്കയാൽ കാമജനകസഖി എന്നരൂപം ശരിതന്നെയാണു്. സംസ്കൃതസമാസമാണെങ്കിൽ "രാജാഹസ്സഖിഭ്യഷ്ടച്" എന്ന സൂത്രപ്രകാരം കാമജനകസഖഃ എന്നും അതിനെ ഭാഷയിലേയ്ക്കു തത്സമരീതിയിൽ ഗ്രഹിക്കുമ്പോൾ 'കാമജനകസഖൻ' എന്നുമാണാവുക. ആകയാൽ ഭാഷയിൽകാണുന്ന ഈവക രണ്ടുതരത്തിലുള്ള പ്രയോഗവും സാധുവാണെന്നു ധരിക്കണം. 'ഏടി' എന്ന പദം 'കാമജനകസഖി' എന്നതിന്നുമുമ്പിലാണു് പ്രയോഗിച്ചിരിക്കുന്നതെങ്കിലും 'മന്മഥാർത്തി' എന്നതിനോടാണന്വയിക്കുന്നതു്. മന്മഥാർത്തി=കാമപീഡ; നന്മയോടു=സമീചീനമായ; ഇതരഹേതു=മറെറാരുകാരണം; അഹോ=കഷ്ടം; തന്റെ ശത്രുവിനോടു് നീ എതിർത്തതുകൊണ്ടോ അല്ലെങ്കിൽ നീ തന്റെ അച്ഛന്റെ സഖിയായതുകൊണ്ടോ ആയിരിക്കാം കാമൻനിന്നെ ഉപദ്രവിക്കാതിരിക്കുന്നതെന്നു സാരം. ഹേതൂൽപ്രേക്ഷ അലങ്കാരം.

ചര 3

ദിനകരേണ=സൂര്യനോടുകൂടി, രതിസംഗമം=രത്യർത്ഥമായ സംഗമം; പുത്രോൽപത്തിക്കുദ്ദേശിച്ചല്ലെന്നുഭാവം (കുന്തി കന്യകയായിരിക്കുമ്പോൾ ദുർവ്വാസസ്സു ഉപദേശിച്ച മന്ത്രം ജപിച്ചതു പുത്രോൽപത്തിക്കായിട്ടല്ലല്ലോ). ദീനം=അസ്വാസ്ഥ്യം-സങ്കോചം; 'ദീന'മെന്നതു ധർമ്മിവാചിയാണെങ്കിലും അസ്വാസ്ഥ്യം രോഗം എന്നീഅർത്ഥത്തിൽ ധർമ്മപരമായി സാധാരണ സംഭാഷണഭാഷയിൽ ഉപയോഗിക്കാറു

ണ്ടു്. തൽസൂനുവോട്=അവൻെറ പുത്രനോടു; കാലനോട്, ജനനിയല്ലയോ എന്നതിലെ പ്രശ്നാൎത്ഥകമായ 'ഓ'കാരംആക്ഷേപവ്യംജകമാകുന്നു. 'ഭീനമെന്നിയെ' എന്നതുകൊണ്ടു, കുലകന്യകയായിരുന്നിട്ടുകൂടി നിൻെറ അമ്മയ്ക്കു പരപുരുഷസംഗത്തിന്നു ശങ്കയോ കൂസലോ ഇല്ലാത്തവളായിരുന്നുവെന്നും വിവാഹാനന്തരം ക്ഷേത്രയോനിതമൂലകമായ ശങ്കയ്ക്കൊന്നുമിടകൊടുക്കാതെ തൻെറ ഭൎത്താവിനെ കബളിപ്പിച്ചു പാട്ടിലാക്കി പരപുരുഷന്മാരോടു യഥേച്ഛം രമിച്ചവളാണെന്നും വ്യംജിക്കുന്നു.

ജനനിയല്ലയോ എന്നതുകൊണ്ടു, അച്ഛനോടും മകനോടും രമിക്കുക എന്നതു നിൻെറ മാതൃഭാവം വഹിക്കുന്നവരുടെ ധൎമ്മമാണ്; വിശേഷിച്ചും നിൻെറ മാതാവായ കുന്തിയെപ്പോലെ അല്പംപോലും ഭംഗമോ പാതിത്യമോ കൂടാതെ അച്ഛനോടും മകനോടും രമിക്കുവാനുള്ള വൈഭവം എനിക്കുമുണ്ടു് എന്നിങ്ങിനെ ധ്വനിക്കുന്നു. പുറമേ, ആക്ഷേപസ്വരവിശിഷ്ടമായ 'ജനനിയല്ലയോ' എന്നപദത്തോടു സഹകൃതമായ 'ജളമതേ' എന്നതിനാൽ കുലസ്ത്രീയെന്നഭിമാനിക്കുന്ന നിൻെറ അമ്മയുടെ സ്ഥിതിയിലും മെച്ചം സ്വൈരിയായ തൻെറ സ്ഥിതിയാണെന്നും ആകയാൽ തൻെറ ആഗ്രഹത്തെ തള്ളിക്കളയുവാനോ ആക്ഷേപിക്കുവാനോ ഒന്നുകൊണ്ടും നിനക്കുയോഗ്യതയില്ലെന്നും മററും ധ്വനിക്കുന്നു.

ചര 4

ഇണ്ടൽതീൎന്നു=ശങ്കവിട്ടു; കയൽകണ്ണിമാർ=മീൻകണ്ണിമാർ (ഉപമ) ഷണ്ഡൻ=ആണുംപെണ്ണുമല്ലാത്തവൻ; എ

ന്ന = എന്നതു; നിൎണ്ണയം=നിശ്ചയം.

ഈ ഘട്ടത്തിൽ ഉൎവ്വശീനിഷ്ഠമായ 'ഉഗ്രത' യെന്നഭാവം 'അമൎഷാവേഗാ'ദികളാൽ ഉപസ്കൃതമായി പ്രാധാന്യേന വ്യഞ്ജിക്കുന്നു.

"ദപിഷ്ടാപരാധയൊരമൎഷ്യ ചൈൎയ്യശ്ചണ്ഡതാമുഗ്രതാ"

എന്നു കാവ്യപ്രദീപം.

ആനന്ദഭൈരവി—ചെമ്പട.

ശാപേന ചാപേതധൃതിൎബ്ബഭൂവ
ധീരസ്യ ധീരസ്യ മഹേന്ദ്രസൂനോഃ
നിന്ദന്നനിന്ദ്യോപി നപുംസകത്വം
വിചിന്ത്യചിന്താകുലതാമവാപ. 18

ധീരസ്യ (അ. പു. ഷ. ഏ) ധൈൎയ്യശാലിയായ

| | |
|---|---|
| അസ്യ. (മ. പു. ഷ. ഏ)<br>മഹേന്ദ്രസൂനോഃ (ഉ. പു. ഷ. ഏ.) | ഈ മഹേന്ദ്രസൂനുവിന്റെ (അൎജ്ജുനന്റെ) |

ധീഃ (ഈ. സ്ത്രീ. പ്ര. ഏ.) ബുദ്ധി.
ശാപേന (അ. പു. തൃ. ഏ.) ശാപത്താൽ
അപേതധൃതിഃ (ഇ.സ്ത്രീ. പ്ര. ഏ.) ധൈൎയ്യമില്ലാത്തതായി
ബഭൂവ (ലിട്. പ. പ്ര. പു. ഏ) ഭവിച്ചു.
സഃ (ദ. പു. പ്ര. ഏ) അവൻ (അൎജ്ജുനൻ)

| | | |
|---|---|---|
| അനിന്ദ്യഃ<br>അപി | അ. പു. പ്ര. ഏ.<br>അവ്യ | നിന്ദാൎഹനല്ലെങ്കിലും. |

നപുംസകത്വം (അ. ന. ദ്വി. ഏ.) ആണും പെണ്ണുമല്ലാത്ത സ്ഥിതിയെ

വിചിന്ത്യ (ല്യപ്. അവ്യ.) വീണ്ടുംവീണ്ടുമാലോചിച്ചു

നിന്ദൻ (ത. പു. പ്ര. ഏ.) നിന്ദിക്കുന്നവനായിട്ടു

ചിന്താകുലതാം (ആ. സ്ത്രീ. ദ്വി. ഏ.) ചിന്താപാരവശ്യ[ത്തെ

| | | |
|---|---|---|
| അവാപ ച | ലിട്. പ. പ്ര. പു. ഏ. അവ്യ. | പ്രാപിക്കുകയുംചെയ്തു. |

വാക്യാൎത്ഥം— പ്രകൃത്യാ ധീരനായ അൎജ്ജുനൻെറ മനസ്സു ശാപം നിമിത്തം ധൈൎയ്യമില്ലാത്തതായി. നിന്ദാൎഹനല്ലെങ്കിലുമവൻ നപുംസകത്വത്തെ ആലോചിച്ചു നിന്ദിക്കുന്നവനായിട്ടു ചിന്താകുലനായിത്തീരുകയും ചെയ്തു.

വൃത്തം— ആഖ്യാനകി.

അലങ്കാരം— യമകം. ഛേകാനുപ്രാസമെന്നിവ.

പല്ലവി.

ദൈവമേ ഹാഹാ ദൈവമേ!

ദൈവാനുകൂല്യമില്ലാഞ്ഞാൽ ഏവം വന്നുകൂടുമല്ലോ ... ദൈവ

ദേവകീനന്ദനൻ എന്നെ കേവലം ഉപേക്ഷിച്ചിതോ ... ദൈവ

എന്നുടെ സോദരന്മാരെ ചെന്നു കാണ്മതെങ്ങനെ ഞാൻ ... ദൈവ

ഖാണ്ഡവദാഹേ ലഭിച്ച ഗാണ്ഡിവംകൊണ്ടെന്തു ഫലം ... ദൈവ

പാരിലെന്നുടെ വൈരികൾ പരിഹസിക്കുമാറായല്ലോ
... ദൈവ

അവനീശന്മാർക്കിതിലേറെ അവമാനം മറെറന്തുള്ളു
... ദൈവ

എന്തൊരുകർമ്മംകൊണ്ടേവം ഹന്ത വന്നുകൂടി
[ദൈവമേ...ദൈവ

ഹാ ഹാ=കഷ്ടം കഷ്ടം ദേവകീനന്ദനൻ = ശ്രീകൃഷ്ണൻ; ഖാണ്ഡവദാഹേ=ഖാണ്ഡവമെന്ന വനം ദഹിക്കുമ്പോൾ; ഗാണ്ഡീവം=അഗ്നി അർജ്ജുനന്നു കൊടുത്ത വില്ല്; പാരിൽ=ഭൂവിൽ; അവനീശന്മാർ=ഭൂപതികൾ-ക്ഷത്രിയന്മാർ.

ഈ സന്ദർഭത്തിൽ ദൈവമേ, ഹാ ഹാ ദൈവമേ, ഇത്യാദിയിൽ പ്രധാനമായി വ്യഞ്ജിക്കുന്ന അർജ്ജുനൻെറ വിഷാദം, മററുഭാവങ്ങളായ മതി, ശങ്ക, നിർവ്വേദം, വ്രീഡ, ചിന്ത മുതലായവയാൽ പരിപോഷിക്കപ്പെട്ടു സഹൃദയന്മാൎക്ക ആസ്വാദ്യമായിത്തീരുന്നു. ഇവിടെ അർജ്ജുനൻെറ ശോകമായ സ്ഥായിഭാവം വിഷാദനിർവ്വേദാദികളാൽ പരിപോഷം പ്രാപിച്ചു കരുണരസമായിത്തീരുന്നുവെന്നു ശങ്കിക്കേണ്ട.

"ശ്രുത്വാതമുർവ്വശീശാപ വിവശീകൃതമാനസം
ആശ്വാസയാമാസ സുതമാശ്വേനം മേഘവാഹനഃ"

എന്ന അനന്തര ശ്ലോകത്തിൽ വിവശീകൃതമാനസം ആശ്വാസയാമാസ എന്നു നിർദ്ദേശിച്ചു കവിതന്നെ പ്രസ്തുതഘട്ടത്തിൽ കരുണരസമല്ലെന്നു കാണിച്ചിട്ടുണ്ടു്. ഗ്രന്ഥവിസ്തരഭയത്താൽ അതിനെപ്പററി വിസ്തരിക്കുന്നില്ല.

കേദാരഗൌഡം-ചെമ്പ.

ശ്രുത്വാത്മമുവ്വശീശാപവിവശീകൃതമാനസം
ആശ്വാസയാമാസ സുതം ആശ്വേനം മേഘവാഹനഃ 19

മേഘവാഹനഃ (അ. പു. പ്ര. ഏ) ഇന്ദ്രൻ
സുതം (അ. പു. ദ്വി. ഏ.) പുത്രനെ
ഉവ്വശീ...നസം (ടി.) ഉവ്വശിയുടെ ശാപത്താൽ ആകുലചി
ത്തനായിട്ടു
ശ്രുത്വാ (ത്വാ. അവ്യ) കേട്ടു്
ആശു (ക്രി. അവ്യ.) വേഗത്തിൽ

| | | |
|---|---|---|
| തം<br>ഏനം | ദ. പു. ദ്വി. ഏ.<br>ടി. | അങ്ങിനെയുള്ള അജ്ജുന<br>നെ |

ആശ്വാസയാമാസ (ലിട്. പ. പ്ര. പു. ഏ.) ആശ്വാസി
പ്പിച്ചു.

വാക്യാത്ഥം— ഇന്ദ്രൻ തൻെറ പുത്രൻ ഉവ്വശീശാ
പത്താലാകുലചിത്തനായിരിക്കുന്നുവെന്നുകേട്ടു് വേഗത്തിൽ
അവനെ ആശ്വാസിപ്പിച്ചു.

വൃത്തം-- അനുഷ്ടുപ്പ്:

ലക്ഷണം.-

"ഏതുമാവാമാദ്യവണ്ണം; നസങ്ങളതിനപ്പുറം
എല്ലാപ്പാദത്തിലും വജ്ജ്യം പിന്നെ നാലിൻെറശേഷമായ്
സമത്തിൽ ജഗണംവേണം ജസമോജത്തിൽ വജ്ജ്യമാം
ഇതാണനുഷ്ടുഭത്തിൻെറ ലക്ഷണം കവിസമ്മതം
സമത്തിലാദ്യപരമായ് രേഫവും പതിവില്ലകേൾ
നോക്കേണ്ടതിഹ സവ്വത്ര കേൾവിക്കുള്ളോരു ഭംഗിതാൻ"

അലങ്കാരം— വൃത്ത്യനുപ്രാസാദി.

പല്ലവി.

മാ കരു വിഷാദമധുനാ മഹനീയ, മാ കരുവിഷാ-
ദമധുനാ.

ച. 1.

മനുജകുലമണിദീപ! മനസി കരു ധൈര്യം;
അനുചിതം ത്വയി ശാപം അനുകൂലമായ്വരും.
...മാ കരു

ച. 2.

ഉർവ്വശീകൃതശാപം ഉപകാരമായ്വരും
ഉർവ്വരാരമണ രിപുഗർവ്വഹര വീര. ...മാ കരു

ച. 3.

അജ്ഞാതവാസമിതനുഭവിച്ചീടും ഇതു
വിജ്ഞാനനിപുണ തവ സംശയമതില്ലെടോ.
...മാ കരു

ച. 4.

അർജ്ജുനൻ:-

താത തവ വചനേന താപവും അകന്നു തുലോം
ചേതസി വിഭോ കാപി ചിന്ത വളരുന്നു;
പരിപാഹി പരിപാഹി മാം പരിഭവാതേ പരി-
[പാഹി.

ച. 5.

എന്നുടെ വിയോഗേന യമതനയനാദികൾ
ഖിന്നരായ്മേവുന്നു കിന്നു കരവാണിഞാൻ? —പരി

പല്ലവി...

മാകുരുവിഷാദം=വിഷാദിക്കരുതു; അധുനാ=ഇപ്പോൾ; മഹനീയ = ശ്ലാഘനീയ.

ച. 1.

മനുജകുലമണിദീപ = മാനവകുലത്തിൻെറ രത്നദീപമേ; (രൂപകം) മനസികുരു ധൈര്യം=മനസ്സിൽ ധൈര്യം ചെയ്യുക, മനസ്സിനെ ധൈര്യപ്പെടുത്തുക; അനുചിതം= അയുക്തം; ത്വയി=നിന്നിൽ. ആദ്യനുപ്രാസാദി അലങ്കാരം.

ചര. 2.

ഉർവ്വശീകൃതശാപം=ഉർവ്വശിയാൽ ചെയ്യപ്പെട്ട ശാപം; ഉർവ്വരാരമണൻ=ഉർവ്വരയുടെ (ഭൂമിയുടെ) വല്ലഭൻ—രാജാവ്, ഉർവ്വരാ=സർവ്വസസ്യാഢ്യയായ ഭൂമി. "ഉർവ്വരാ സർവ്വസസ്യാഢ്യാ" എന്നു അമരം. 'ഉർവ്വരീരമണ എന്ന പാഠവും, ഉർവ്വരീ=സുന്ദരസ്ത്രീ എന്ന വ്യാഖ്യാനവും അബദ്ധമാകുന്നു' രിപുഗർവ്വഹരൻ=ശത്രുക്കളുടെ ഗർവ്വത്തെ ഇല്ലാതാക്കുന്നവൻ, ആദ്യനുപ്രാസാദി അലങ്കാരം.

ചര. 3.

അജ്ഞാതവാസം = ആളറിയാതെയുള്ള വാസം; ചൂതുകളിയിലെ അവസാനത്തെ നിശ്ചയപ്രകാരം പരാജിതരായ പാണ്ഡവന്മാർക്ക് അനുഷ്ഠിക്കേണ്ടിവന്നതു 12 കൊല്ലം വനവാസവും ഒരുകൊല്ലം അജ്ഞാതവാസവുമാണല്ലോ. വിജ്ഞാനനിപുണ = ശാസ്ത്രജ്ഞാനത്തിൽ സമർത്ഥ.

ചര. 4.

താത=അച്ഛ; തവവചനേന=അങ്ങയുടെ വാക്കിനാൽ; തുലോം=തീരെ; ചേതസി=മനസ്സിൽ; വിഭോ=പ്രഭോ; കാപി=ഏതാണ്ടൊരു; പരിപാഹി=രക്ഷിച്ചാലും. ഭീരുക്തി, ചിന്തയുടെ അസഹ്യതയെ കാണിക്കുന്നു.

ചര. 5.

വിയോഗേന=വിരഹത്താൽ; യമതനയാദികൾ = ധർമ്മപുത്രാദികൾ; ഖിന്നരായി=ഖേദത്തോടുകൂടിയവരായി; കിന്നുകരവാണി=എന്തുചെയ്യട്ടേ.

അർജ്ജുനോക്തിയിൽ വിഷാദശമനമായ ഭാവശാന്തിയും ധർമ്മപുത്രാദി വിഷയചിന്താവിഷാദാദികളാൽ ഉപസ്കൃതമായി സ്വവാർത്താവഗമനത്തിന്നുള്ള ഔത്സുക്യവും ധ്വനിക്കുന്നു.

മദ്ധ്യമാവതി—പഞ്ചാരി.

ബീഭത്സവൃത്താന്തമജാതശത്രവേ
നിവേദിതും രോമശതാപസോത്തമം
ആദിശ്യശസ്ത്രാണി സമന്ത്രപൂർവ്വകം
നൃപീപഠത്താം ത്രിദശാധിനായകഃ 20

സഃ (ദ. പു. പ്ര. ഏ) ആ
ത്രിദശാധിനായകഃ (അ. പു. പ്ര. ഏ.) ഇന്ദ്രൻ (ദേവന്മാർക്ക് ബാല്യം കൌമാരം യൌവനമെന്നീ മൂന്നവസ്ഥയല്ലാതെ വാർദ്ധക്യമില്ലാത്തതുകൊണ്ട് അവരെ ത്രിദശന്മാരെന്നു പറയുന്നു.)
അജാതശത്രവേ (ഉ. പു. ച. ഏ.) ധർമ്മപുത്രന്നായിട്ടു (ധ

ൎമ്മപുത്രന്നു ആരോടും ശത്രുതയില്ലായ്കയാൽ അജാത ശത്രുവെന്നു പേർ സിദ്ധിച്ചു.

ബീഭത്സുവൃത്താന്തം (അ. പു. ദ്വി. ഏ.) അൎജ്ജുനന്റെ വൃത്താന്തം (യുദ്ധം ചെയ്യുമ്പോൾ ജുഗുപ്സിതകൎമ്മം ഒരിക്കലും ചെയ്യാത്തതുകൊണ്ടു അൎജ്ജുനന്നു ബീഭത്സുവെന്നു പേർ സിദ്ധിച്ചുവത്രേ.

"നകുൎയ്യാം കൎമ്മബീഭത്സംയുദ്ധ്യമാനഃ കഥഞ്ചന
തേനഃദേവ മനുഷ്യേഷു ബീഭത്സുരിതി വിശ്രുതഃ

എന്നു ഭാരതം.

നിവേദിതും (തുമൻ. അവ്യ) അറിയിക്കുവാനായി

രോമശതാപസോത്തമം (അ. പു ദ്വി. ഏ.) രോമേശനെന്ന ഋഷിശ്രേഷ്ഠനെ

ആദിശ്യ (ല്യപ്. അവ്യ.) ആജ്ഞാപിച്ച്

തം (ദ. പു. ദ്വി. ഏ) അവനെ, അൎജ്ജുനനെ

ശസ്ത്രാണി (അ. ന. ദ്വി. ബ.) ശസ്ത്രങ്ങളെ (ആയുധപ്രയോഗ വിധികളെ)

മന്ത്രപൂൎവ്വകം (ക്രി. അവ്യ.) മന്ത്രപുരസ്സരം

ന്യപീപഠൽ (ലുങ്. പ. പ്ര. പു. ഏ.) നല്ലപോലെ പഠിപ്പിച്ചു.

വാക്യാൎത്ഥം— ദേവേന്ദ്രൻ അൎജ്ജുനവൃത്താന്തം ധൎമ്മപുത്രരെ അറിയിക്കാനായി രോമേശനെന്ന മഹൎഷിയോടു കല്പിച്ചു. ശസ്ത്രപ്രയോഗവിധികളെ മന്ത്രപൂൎവ്വകം അൎജ്ജുനനെ പഠിപ്പിച്ചു.

വൃത്തം— ഉപജാതി. വിഷമപാദങ്ങളിൽ ഇന്ദ്രവംശയും സമപാദങ്ങളിൽ വംശസ്ഥവുമാകുന്നു.

പിതുർമ്മഹേന്ദ്രാന്മഹനീയ കീർത്തിഃ
സമ്പ്രാപ്തവാൻ അസ്ത്രകലാസു കൌശലം;
സാംഗീതവിദ്യാമപി ചിത്രസേനാൽ
സുഖം ന്യവാത്സീൽ ദിവി പാണ്ഡുനന്ദനഃ 21

മഹനീയകീർത്തിഃ (ഇ. പു. പ്ര. ഏ) ശ്ലാഘിക്കത്തക്ക യശ
സ്സോടുകൂടിയ
പാണ്ഡുസൂനുഃ (ഉ. പു. പ്ര. ഏ.) അർജ്ജുനൻ
പിതുഃ (ഋ. പു. പ. ഏ.) അച്ഛനായ
മഹേന്ദ്രാൽ (അ. പു. പ. ഏ.) മഹേന്ദ്രനിൽ നിന്നു
അസ്ത്രകലാസു (ആ. സ്ത്രീ. സ. ബ) അസ്ത്രവിദ്യകളിൽ
കൌശലം (അ. ന. ദ്വി. ഏ.) നൈപുണ്യത്തേയും
ചിത്രസേനാൽ (അ. പു. പ. ഏ.) ചിത്രസേനനെന്ന നാ
ട്യാചാര്യനായ ഗന്ധർവ്വനിൽ നിന്നു
സംഗീതവിദ്യാം അപി { ആ. സ്ത്രീ. ദ്വി. ഏ. അവ്യ. } സംഗീതവിദ്യയേയും
സംപ്രാപ്തവാൻ (ത. പു. പ്ര. ഏ) വേണ്ടവണ്ണം ലഭിച്ചവ
നായിട്ടു
ദിവി (വ് സ്ത്രീ. സ. ഏ.) സ്വർഗ്ഗലോകത്തിൽ
സുഖം (ക്രി. അവ്യ.) സുഖമായി
ന്യവാത്സീൽ (ലുങ്. പ. പ്ര. പു. ഏ) നിവസിച്ചു.

ദിവ്യാസ്ത്രങ്ങളെ പലതും അർജ്ജുനനു അറിയാമായി
രുന്നതുകൊണ്ടാണ് 'അസ്ത്രകലാസു കൌശലം' എന്നു പറ
ഞ്ഞിരിക്കുന്നതു്.

വാക്യാൎത്ഥം— മഹനീയ കീൎത്തിയായ അൎജ്ജുനൻ അച്ഛന്റെ അടുക്കൽ അസ്ത്രവിദ്യാനൈപുണ്യത്തേയും ചിത്രസേനനിൽനിന്നു സംഗീതകലയേയും സ്വാധീനമാക്കി സ്വൎഗ്ഗത്തിൽ സുഖമായ്പ്പാൎത്തു.

വൃത്തം— ഇതും മുൻപറഞ്ഞതുപോലെ ഉപജാതി തന്നെ. എന്നാൽ ഒന്നാം പാദം ഉപേന്ദ്രവജ്രയും രണ്ടാമത്തേതു ഇന്ദ്രവംശയും മൂന്നാമത്തേതു ഇന്ദ്രവജ്രയും നാലാമത്തേതു വംശസ്ഥയും ആകുന്നുവെന്നു മുന്നേതിലും ഭേദം കണ്ടുകൊൾക.

അലങ്കാരം— അൎജ്ജുനവൎണ്ണനമായ ഈ പദ്യത്തിൽ ശസ്ത്രാഭ്യാസവും സംഗീതാഭ്യാസവും പ്രകൃതമാകയാൽ 'തുല്യയോഗിത' എന്ന അലങ്കാരം പക്ഷാന്തരത്തിൽ ദീപകം. ലക്ഷണം— "അനേകമേകധൎമ്മത്തിലന്വയിപ്പതു ദീപകം."

സുതം സമാഹൂയ സുശിക്ഷിതാസ്ത്രം
സുരേശ്വരസ്സൂനൃതയാ ച വാചാ
കദാചിദേനം ഗുരുദക്ഷിണാമിഷാൽ
വധം യയാചേ ദിവിഷദ്വിരോധിനാം. 22

കദാചിൽ (അവ്യ) ഒരിക്കൽ.
സുരേശ്വരഃ (അ. പു. പ്ര. ഏ.) ഇന്ദ്രൻ
സുശിക്ഷിതാസ്ത്രം (അ. പു. ദ്വി. ഏ.) നല്ലപോലെ അഭ്യസിക്കപ്പെട്ട അസ്ത്രവിദ്യയോടുകൂടിയവനായ
സുതം (അ. പു. ദ്വി. ഏ.) പുത്രനെ

സമാഹൂയ (ല്യപ്. അവ്യ) വിളിച്ച്

ഗുരുദക്ഷിണാമിഷാൽ (അ. ന. പ. ഏ.) ഗുരുദക്ഷിണയെ നാവ്യാജത്താൽ

ദിവിഷദ്വിരോധിനാം (ന. പു. ഷ. ബ.) ദേവവൈരികളുടെ (അസുരന്മാരുടെ)

വധം (അ. പു. ദ്വി. ഏ.) വധത്തെ

സൂനൃതയാ (ആ സ്ത്രീ. തൃ. ഏ) സത്യവും പ്രിയവുമായ

വാചാ (ച. സ്ത്രീ. തൃ. ഏ.) വാക്കിനാൽ

ഏനം (ദ. പു ദ്വി. ഏ) ഇവനോട് (അൎജ്ജുനനോട്)

യയാചേ (ലിട്. ആ. പ്ര. പു. ഏ) യാചിച്ചു.

വാക്യാൎത്ഥം— ഒരിക്കൽ ഇന്ദ്രൻ അസ്ത്രവിദ്യകളൊക്കെ നന്നായി അഭ്യസിച്ചുകഴിഞ്ഞ തന്റെ മകനെ അടുക്കൽവിളിച്ചു ഗുരുദക്ഷിണ ചോദിക്കുകയാണെന്നഭാവത്തിൽ നിവാതകവചാദികളായ സുരവൈരികളെ കൊല്ലുന്നതിന്നു സമുചിതരീതിയിൽ അപേക്ഷിച്ചു.

വൃത്തം— ഉപജാതി പൂൎവ്വാൎദ്ധം ഉപേന്ദ്രവജ്രയുമുത്തരാൎദ്ധം വംശസ്ഥവുമാകുന്നു.

അലങ്കാരം — ആദ്യന്തപ്രാസാദി; 'മിഷാൽ' എന്ന ശബ്ദമുള്ളതുകൊണ്ടു അപഹ്നുതി ഉണ്ടെന്നു ഭ്രമിക്കരുത്. അപഹ്നുതി സാദൃശ്യമൂലകമാകുന്നു. ഗുരുദക്ഷിണക്കും വധത്തിന്നും സാദൃശ്യമില്ലല്ലോ.

പല്ലവി.

മനുജകുലതിലക മമ മൊഴികൾ നിശമയാധുനാ
രജനികരകുലാവതംസരത്നമേ ധനഞ്ജയാര്യ.

—മനുജ

ച. 1.

അസ്ത്രശസ്ത്രം എങ്കൽനിന്നു പുത്ര നീ പഠിച്ചതിന്നു
പാർത്ഥിവഗുരുദക്ഷിണ തരേണം ഇന്നു നീ.

—മനുജ

ച. 2.

അർജ്ജുനൻ:—
എത്രയും കൃതാർത്ഥനായി നിന്നുടെ കൃപാബലേന
വൃത്രവിമത ദക്ഷിണ തരുന്നതുണ്ടു ഞാൻ;
ഉഭയഥാ ഗുരുത്വം ഉണ്ടു തവ സുരവരാധിനാഥ,
സംശയമല്ല ജീവമപി ച ദാതുമിന്നഹം. ([illegible])

—അമരതിലക

ച. 3.

ഇന്ദ്രൻ:—
മന്നവ നിവാതകവചൻ എന്നൊരസുരനുണ്ടതീവ
ദുർന്നിവാരവീരൻ അധികസൈന്യസംയുതൻ
അന്യരാൽ അവധ്യൻ എന്നുമാനുഷാദൃതേ
ധരിക്ക, ധന്യശീല ചെന്നവനെ നിഗ്രഹിക്കണം.

—മനുജ

ച. 4.

അർജ്ജുനൻ:—
ബാധയെന്നിയേ നിവാതകവചനെ വധിപ്പതിന്നു

സാധ്യയത്നായോഗ്യം ഇന്നു സാധയേ ജവാൽ.

—മനുജ

പല്ലവി.

മനുജകുലതിലക = മാനവകുലശ്രേഷ്ഠ (രൂപകം) നിശമയ = കേട്ടാലും. രജനികരകുലാവതംസ = ചന്ദ്രവംശത്തിന്റെ അലങ്കാരവിശേഷമേ (രൂപകം) മേ, ധനഞ്ജയ = എന്റെ അൎജ്ജുന.

ചരം 1

അസ്ത്രശസ്ത്രം = ആയുധപ്രയോഗവിധി; അസ്ത്രവും ശസ്ത്രവും ഏകാൎത്ഥകമാകയാൽ 'അസ്ത്രശസ്ത്രമെന്നപാഠം സ്വരസമാംസ്തോന്നുന്നില്ല. പാൎത്ഥിവൻ = രാജാവു. അലങ്കാരം ഛേകാനുപ്രാസാദി.

ചരം 2.

കൃതാൎത്ഥൻ = കൃതകൃത്യൻ തൃപ്തൻ; കൃപാബലേന = കൃപാബലത്താൽ; വൃത്രവിമതൻ = വൃത്രശത്രു-ഇന്ദ്രൻ ദക്ഷിണ = ആചാൎയ്യസംഭാവന. ദക്ഷിണയെന്നതു സംബോധനയായുമെടുക്കാം- ദാക്ഷിണ്യത്തോടുകൂടിയവൻ എന്നൎത്ഥം ദാക്ഷിണ്യമെന്നതു അന്യന്റെ ഇഷ്ടമനുസരിക്കുക എന്ന ഗുണമാകുന്നു. ഉഭയഥാ = രണ്ടുപ്രകാരത്തിൽ, ഗുരുത്വം = ഗുരുഭാവം; അച്ഛനാകയാലും ആചാൎയ്യനാകയാലും. സഭയൻ = പേടിയുള്ളവൻ. ജീവമപിച = ജീവനെപ്പോലും. ദാതും = തരുന്നതിന്നു. "എത്രയുംകൃതാൎത്ഥനായി" ഇത്യാദി ദക്ഷിണാദാനത്തിന്നു ഹേതുവാകയാൽ കാവ്യലിംഗം "ഉഭയഥാഗുരുത്വമുണ്ടു" എന്നതുകൊണ്ടു ഇന്ദ്രന്നു എന്തുവേണമെങ്കിലും ആവശ്യപ്പെടുവാനുള്ള അൎഹതയും, സഭയനല്ല ജീവമപി

ഇത്യാദിയാൽ അജ്ജുനന്നു എന്തും നൽകുവാനുള്ള ശേഷിയും ഉണ്ടെന്നു വ്യംജിക്കുകയാൽ പരികരം.

ശ്ലോ. 3.

അതീവ=ഏററവും. ദുന്നിവാരവീൎയ്യൻ=തടുക്കാൻ പ്രയാസമായ വീൎയ്യത്തോടുകൂടിയവൻ. അവദ്ധ്യൻ=കൊല്ലുവാൻ കഴിയാത്തവൻ മാനുഷാൽ ഋതേ=മനുഷ്യനാലെന്നിയെ. ധന്യശീല=സൽസ്വഭാവ, 'മാനുഷാദൃതേ' ഇത്യാദി അജ്ജുനവദ്ധ്യത്വാഭിപ്രായമാകയാൽ പരികരം.

ശ്ലോ. 4.

ബാധ=പീഡ; സാധുയത്നയോഗ്യം =(ക്രിയാവിശേഷണം) സൽപ്രയത്നത്തിന്നുചിതമാംവണ്ണം; സാധയേ=പോകുന്നു. ജവാൽ–വേഗത്തിൽ. എന്നാൽ ചിലർ 'യത്നയോഗ്യം=യത്നത്തിന്നു ഉചിതമായിട്ടുള്ളതു്' യത്നിക്കേണ്ടുകാൎയ്യംതന്നെ. സാധയേ=ഞാൻ സഹിക്കുന്നുണ്ടു്. സാധു=നല്ലതു്' എന്നിങ്ങിനെ അങ്ങുമിങ്ങും തൊടാതെ അൎത്ഥംപറഞ്ഞുകാണുന്നു. താദൃശവ്യാഖ്യാതാക്കന്മാർ "ബാധയെന്നിയേ നിവാതകവചരെ വധിപ്പതിന്നു" എന്നപംക്തിയെ അന്വയിപ്പിക്കുന്നതെങ്ങിനെയെന്നു മനസ്സിലാവുന്നില്ല. 'വധിപ്പതിന്നു" എന്നവിനയച്ചത്തെ വധിപ്പതു്+ ഇന്നു എന്നുപിരിക്കുന്നതായാൽ 'യത്നയോഗ്യ' മെന്നതിന്നു ശേഷമുള്ള 'ഇന്നു' വിനെ എന്തുചെയ്യും? ആകയാൽ താദൃശവ്യാഖ്യാനം ആദരണീയമല്ല.

പ്രസ്തുതസന്ദർഭത്തിലെ രസം വീരമാകുന്നു. അജ്ജുനനിഷ്ഠമായ ഉത്സാഹസ്ഥായിഭാവത്തിന്നു ഇന്ദ്രൻ ഗുരുക

ക്ഷിണയായി നിവാതകവചവധമപേക്ഷിക്കുന്നതു, ഉദ്ദീപന വിഭാവം; 'ദക്ഷിണതരുന്നതുണ്ടുഞാൻ' 'സഭയനല്ലജീവമപി ദാതും' എന്നിങ്ങിനെയുള്ള അഭീഷ്ടദാനപ്രതിജ്ഞ 'വധിപ്പതിന്നു സാധയേജവാൽ' എന്നതിൽ വ്യംജിക്കുന്ന, 'ത്വരാ'മുതലായവ അനുഭാവം; 'എത്രയുംകൃതാൎത്ഥനായി' 'ദക്ഷിണതരുന്നതുണ്ടു' 'ഉഭയഥാഗുരുതാമുണ്ടു' 'സഭയനല്ല ജീവമപി ദാതും' 'സാധയേജവാൽ' എന്നിവയിൽ യഥാക്രമം വ്യംജിക്കുന്ന ഹർഷം, ധൃതി, മതി, ഗൎവ്വം, ഔത്സുക്യം എന്നിവ സഞ്ചാരിഭാവങ്ങൾ.

ഇവിടെ സഹൃദയന്മാരുടെ ചൎവ്വണയ്ക്കു വിഷയീഭവിക്കുന്ന ആ വീരം തന്നെയാണ് പിന്നീടുപോക്കുവിളിയായുംമററും പൌനഃപുന്യേന പരിപുഷ്ടമായി പരിശോഭിക്കുന്നതു്.

ധൎമ്മവീരം, ദാനവീരം, ദയാവീരം, യുദ്ധവീരമെന്നിങ്ങിനെ വീരം നാലുവിധമാണെന്നു പറയുന്നവരുടെപക്ഷത്തിൽ—'എത്രയും കൃതാൎത്ഥനായി'— എന്നചരണത്തിൽ ധൎമ്മവീരമാണെന്നുപറയാം. ആ പക്ഷത്തിൽ ധൎമ്മമവലംബിച്ചുണ്ടാകുന്ന ഉത്സാഹസ്ഥായികമായ ധൎമ്മവീരത്തിന്നു ഗുരുദക്ഷിണാപേക്ഷ, ഉദ്ദീപനവിഭാവം, അഭീഷ്ടദാനപ്രതിജ്ഞ, അനുഭാവം, ഹർഷം, ധൃതി, മതി, ഗൎവ്വം എന്നിവ സഞ്ചാരികൾ. ഈ ധൎമ്മവീരം യുദ്ധവീരത്തിന്നു ഉപസ്കാരകമായിട്ടാണ് സ്ഥിതിചെയ്യുന്നതു്.

തദീയന്നിയോഗം കിരീടഞ്ചമൂർദ്ധ്നാ
വഹന്നാഹവായ പ്രതസ്ഥേസസൂതഃ
അസാവഭ്യമിത്രീണ ആസാദ്യ തീരം
പയോധേസ്സ ദധ്മൌച ശംഖം കിരീടീ. 23

സഃ (ദ. പു. പ്ര. ഏ.) ആ
കിരീടീ (ന. പു. പ്ര. ഏ.) അർജ്ജുനൻ
തദീയം (അ. പു. ദ്വി. ഏ.) അവൻെറതായ. ഇന്ദ്രൻെറതായ
നിയോഗം. (ടി) ആജ്ഞയേയും
കിരീടം (അ. ന. ദ്വി ഏ.) കിരീടത്തേയും
ച. (അവ്യ.)
മൂർദ്ധ്നാ (ന. പു. തൃ. ഏ) ശിരസ്സാൽ
വഹൻ, (ത. പു. പ്ര. ഏ.) വഹിക്കുന്നവനായി
സസൂതഃ (അ. പു. പ്ര. ഏ) സാരഥിയോട് കൂടിയവനായി
ആഹവായ (അ. പു. ച. ഏ) യുദ്ധത്തിന്നായിട്ട
പ്രതസ്ഥേ (ലിട്. ആ. പ്ര. പു. ഏ.) പുറപ്പെട്ടു

അഭ്യമിത്രീണഃ (അ. പു, പ്ര. ഏ) ശത്രുവിൻെറ നേക്ക ബലാൽക്കാരമായി ചെല്ലുന്ന ("യോഗച്ഛ്വത്യലംവിദ്വിഷതഃ പ്രതിസോഭ്യമിത്ര്യോഭ്യമിത്രീയോഭ്യമിത്രീണ ഇത്യപി" എന്ന അമരം.

അസൌ (സ. പു, പ്ര. ഏ.) ഇവൻ, അർജ്ജുനൻ
പയോധേഃ (ഇ. പു. ഷ. ഏ.) സമുദ്രത്തിൻെറ
തീരം (അ. ന. ദ്വി. ഏ.) തീരത്തെ
ആസാദ്യ (ല്യപ് അവ്യ.) പ്രാപിച്ചു

ശംഖം (അ. പു. ദ്വി. ഏ.) ശംഖത്തെ,
ദധ്മൗ. (ലിട്. പ. പ്ര. പു. ഏ.) ആധ്മാനംചെയ്തു. (വിളിച്ചു.)

വാക്യാൎത്ഥം:—ആ അൎജ്ജുനൻ ഇന്ദ്രനിയോഗത്തെയും കിരീടത്തെയും ശിരസ്സാൽ വഹിച്ചുകൊണ്ടു മാതലിയോടുകൂടി യുദ്ധത്തിന്നു പുറപ്പെട്ടു. ശത്രുവിന്റെ നേൎക്കു ബലാൽക്കാരമായി ചെല്ലുന്നവനായ ഇവൻ സമുദ്രതീരത്തുചെന്നു ശംഖുവിളിക്കയും ചെയ്തു.

വൃത്തം:—ഭുജംഗപ്രയാതം. ലക്ഷണം, "യകാരങ്ങൾ നാലേ ഭുജംഗപ്രയാതം",

അലങ്കാരം:—ഇന്ദ്രനിയോഗത്തിന്റെയും കിരീടത്തിന്റെയും ശിരസ്സാവഹനം പ്രകൃതമാകയാൽ തുല്യയോഗിത. പക്ഷാന്തരത്തിൽ ദീപകം.

രണായാജുഹൂവേപാൎത്ഥോ
നിവാതകവചാദികാൻ
സാഗരാന്തശ്ചരാൻ ദൈത്യാൻ
ജ്യാഘോഷൈഃ പരികമ്പയൻ. 24

പാൎത്ഥഃ (അ. പു. പ്ര. ഏ.) അൎജ്ജുനൻ
സാഗരാന്തശ്ചരാൻ (അ. പു. ദ്വി. ബ.) സമുദ്രത്തിന്നുള്ളിൽ ചരിക്കുന്നവരായ
നിവാതകവചാദികാൻ (ടി) നിവാതകവചാദികളായ
ദൈത്യാൻ (ടി) അസുരന്മാരെ
ജ്യാഘോഷൈഃ (അ. പു. തൃ. ബ.) ഞാണൊലികളാൽ

പരികമ്പയൻ (ത. പു. പ്ര ഏ.) ക്ഷോഭിപ്പിക്കുന്നവനായിട്ട
രണമ (അ. പു. ദ്വ. ഏ. )യുദ്ധത്തിന്നായി
ആജുഹാവ (ലിട്. ആ. പ്ര പു. ഏ ) വിളിച്ചു.

വാക്യാൎത്ഥം—അൎജ്ജുനൻ സമുദ്രത്തിന്നുള്ളിൽ പ
രിക്കുന്ന നിവാതകവചാദികളായ ദൈത്യന്മാരെ ഞാണൊ
ലിയാൽ ക്ഷോഭിപ്പിച്ചുകൊണ്ട പോരിന്നുവിളിച്ചു.

വൃത്തം അനുഷ്ടുപ്പ്.

പല്ലവി,

വാടാ പോരിന്നായിവിടെപ്പാടവം ഉണ്ടെങ്കിൽ,

ച 1

ക്രൂരലർകാലനാകും ഗുഡാകേശനാകുന്നുഞാൻ
ആരാൽ തീൻ രണനാടകം പരിചിൽ ആടുവതിനു
വാടാ അധികമൂഢാ ശഠതക്രൂടാ അസുരകീടാ,
—വാടാ

ച 2

ആശുപോർചെയ്യിൽ ജീവിതേശനെക്കണ്ടിടും നീ
മേചകാംബുദനികാശദേഹ, ദനുജേന്ദ്ര,
കഠിനകവച, കിമിഹ വാചാ, നിവാതകവച,
അതിനീച—വാടാ

ച 3

വാരിധിയിലൊളിച്ചു വാസം ചെയ്യാ നിനക്കു
വീരനെങ്കിൽ ഇഹപോരിൽ നേരിടുവതിന്നു വരിക,
ശൂരം, നിജഗഭീര, സമരധീര, അതികഠോര—വാടാ

ച 4

ആതങ്കമെന്നിയെ നിശിതമായുള്ളായുധ-

ജാതമാശ്രുക്കൊണ്ടു ജാതകുതുകേന വരികില്ല-

ചിതം; നിൻെറ ചരിതം ന മമ ചകിതം നിയതം

—വാ°

ചര. 1.

കൂടലർകാലൻ=ശത്രുക്കളുടെ അന്തകൻ; ഗുഡാകേശൻ=അർജ്ജുനൻ; ജിതേന്ദ്രിയനെന്നവയവാർത്ഥം, ("ഗുഡാകാ=നിദ്രാ, മായാ, തസ്യാഃ ഈശഃ-ശിവഇത്യർത്ഥഃ; ഗുഡാകാ=നിദ്രാ, ആലസ്യം, ഇന്ദ്രിയാണി, തസ്യാഃ ഈശഃ-ജിതേന്ദ്രിയഃ-അർജ്ജുനഃ" എന്നു കല്പദ്രുമം.) അരുവയർ എന്ന പദത്തിൽ വയറിന്നെന്നപോലെ 'ഗുഡാകേശ' നിൽ കേശത്തിന്നു യാതൊരു ബന്ധവുമില്ലെന്നു ധരിക്കണം. ആടൽ=ആലസ്യം, രണനാടകം=യുദ്ധമാകുന്ന നാടകം (രൂപകം.) ശഠത=ദുഷ്ടത, കാപട്യം; കൂടാ=പററുകയില്ല; 'ശഠതയുടെ കൂട്ടമായിട്ടുള്ളവനെ' എന്ന വ്യാഖ്യാനാന്തരം ശ്രദ്ധേയമല്ല. അസുരകീടാ=അസുരപ്പുഴുവേ;

ചര. 2.

ജീവിതേശൻ=യമൻ; മേചകാംബുദനികാശദേഹ=കാർമേഘത്തിന്നു തുല്യമായ ശരീരത്തോടുകൂടിയവനേ; (ഉപമ) ദനുജേന്ദ്ര=ദാനവനായക. കഠിനകവച=ഉറപ്പുള്ള പോർച്ചട്ടയോടുകൂടിയവനേ; കിമിഹവാചാ=ഇവിടെ വാക്കുകൊണ്ടെന്തു? 'നിവാതകവച' ശബ്ദത്തിൻെറ അവയവാർത്ഥം ആയുധങ്ങളാൽ പിളക്കാൻ കഴിയാത്ത കവചത്തോടു കൂടിയവൻ എന്നാകുന്നു. "നിപാതാവാത്രായാവാതൌ ശ

സ്സാരഭേദ്യഞ്ച വർമ്മയൽ" എന്നു അമരം, "ജീവിതേശനെക്ക ണ്ടിട്ടം നീ" എന്നതിൽ പര്യായോക്തം.

ചര. 3.

വാരിധി=സമുദ്രം; ചേരാ=യോഗ്യമല്ല: നിജഗഭീര=നിത്യപ്രചണ്ഡ;നിജശബ്ദത്തിന്നു നിത്യമെന്നർത്ഥമുണ്ട്. "സ്വകേ നിത്യേനിജംത്രിഷു" എന്നു അമരം. 'ഗഭീര' ശബ്ദത്തിന്നു 'ഗംഭീരം=അഗാധം' എന്നർത്ഥമാണ് കോശങ്ങളിൽ കാണുന്നതെങ്കിലും ഗഹനം, പ്രചണ്ഡം എന്നീ അർത്ഥങ്ങളിലും കവികൾ സാധാരണപ്രയോഗിച്ചുകാണാറുണ്ട്. "നിഷ്കമ്പനിർമ്മലപയോധി ഗഭീര വീരാഃ ധീരാഃ പരസ്യപരിവാദഗിരസ്സഹന്തേ" എന്നു പ്രബോധചന്ദ്രോദയം 'കാലേന സർവ്വത്ര ഗഭീരരംഹസാ' എന്നു ഭാഗവതം. സമരധീര=യുദ്ധധീര.

ചര. 4.

ആതങ്കം=ഭയം-ശങ്ക; നിശിതമായുള്ള=മൂർച്ചയുള്ള ആയുധജാതം=ശസ്ത്രസമൂഹം; ജാതകുതുകേന-ഉണ്ടായ കുതൂഹലത്തോടെ; ചരിതം=ചേഷ്ടിതം; ന, മമ, ചകിതം=എനിക്കു ഭയമില്ല; നിയതം=നിശ്ചയം. 'ഉചിതം" എന്നതിനോട് അന്വയം. കലാശിപ്പിച്ചു പൂർവ്വാന്വയിയായ 'നിന്റെ ചരിതം' എന്നതിനെ പ്രത്യേകമെടുത്തു 'നിന്റെ പൂർവ്വചരിത്രം എന്നെ ഭയപ്പെടുത്തി വിറപ്പിക്കുവാൻതക്ക യോഗ്യതയുള്ളതല്ല" ഇത്യാദി ചിലർ വ്യാഖ്യാനിച്ചിരിക്കുന്നതു അസംബന്ധവും അയുക്തവുമാകുന്നു. ഈ ചരണങ്ങളിലെ അന്ത്യാനുപ്രാസം മുതലായ ശബ്ദാലങ്കാരങ്ങളെ സ്വയംകണ്ടുകൊൾക.

രസം—വീരം—ഭയാനകവീരനിമൂതലായവ അനുഭാവം അമർഷം, ഗർവ്വം മുതലായവ സഞ്ചാരിഭാവം.

മന്ഥക്ഷ്മാധരമഥ്യമാനജലധിധ്വാന-
പ്രതിദ്ധ്വാനിനാ
പാർത്ഥക്ഷ്വേളിതനിസ്വനേന ജലദോദഞ്ച-
ദ്ധ്വനാകുലൈഃ
ക്രൂരൈരാശു നിവാതപൂർവ്വകവചോ
യുദ്ധായ ബദ്ധാദരം
സാർദ്ധം ദാനവപുംഗവൈരഭിഗതോ വാചം
ബഭാഷേർജ്ജുനം. 25

മന്ഥക്ഷ്മാധരമഥ്യമാനജലധിധ്വാനപ്രതിദ്ധ്വാനിനാ (ന. പു. തൃ. ഏ.) മന്ദരപർവ്വതത്താൽ കടയപ്പെട്ടിരുന്ന സമുദ്രത്തിന്റെ ശബ്ദത്തിന്നു നേരായ

പാർത്ഥക്ഷ്വേളിതനിസ്വനേന (അ. പു. തൃ. ഏ) അർജ്ജുനന്റെ ഗർജ്ജനശബ്ദമായ.

ജലദോദഞ്ചദ്ധ്വന (ടി) ഇടിമുഴക്കത്താൽ.

ആകുലൈഃ (അ. പു. തൃ. ബ.) സംഭ്രാന്തന്മാരും

ക്രൂരൈഃ (ടി) കുപിതന്മാരുമായ

ദാനവപുംഗവൈഃ (ടി) ദാനവന്മാരായ ക്രൂരന്മാരോടു

സാർദ്ധം (അവ്യ) കൂടി

ആശു (ക്രി. അവ്യ) വേഗത്തിൽ

നിവാതപൂർവ്വകവചഃ (അ. പു. പ്ര. ഏ.) നിവാതശബ്ദപൂർവ്വമായ കവചശബ്ദത്തോടു കൂടിയവൻ. നിവാതകവചൻ

യുദ്ധായ (അ. ന. ച. ഏ.) യുദ്ധത്തിന്നായി
ബദ്ധാദരം (ക്രി. അവ്യ.) അഭിനിവേശത്തോടുകൂടുംവണ്ണം.
അഭിഗതഃ (അ. പു. പ്ര. ഏ.) നേരിട്ടുവന്നായിട്ടു (നേരെ വന്നിട്ട്)
അർജ്ജുനം (അ. പു. ദ്വി. ഏ) അർജ്ജുനനോടു
വാചം. (ച. സ്ത്രീ, ദ്വി. ഏ) വാക്കിനെ
ബഭാഷേ (ലിട്. ആ. പ്ര. പു. ഏ.) പറഞ്ഞു.

വ്യാഖ്യാനാന്തരത്തിൽ 'മത്ഥ്യമാന' എന്നതിന്നു 'മഥിക്കപ്പെട്ട' എന്നും 'പ്രതിധ്വാനിനാ' എന്നതിന്നു 'തുല്യമായ ശബ്ദത്തോടുകൂടിയ'തെന്നും 'ജലദോദഞ്ചദ്രവണ്ണ' എന്നതിന്നു മേഘത്തിൽനിന്നുത്ഭവിക്കുന്ന ശബ്ദംപോലെയുള്ള ശബ്ദം എന്നും കാണുന്നഅർത്ഥം എങ്ങിനെവന്നുവെന്നറിയുന്നില്ല. കൂടാതെ 'സാദ്ധ്യം' എന്ന ശബ്ദമുണ്ടായിരിക്കേ 'അഭിഗതഃ' എന്നതിന്നു 'ചേർന്നവൻ' എന്നർത്ഥം പറഞ്ഞിരിക്കുന്നതു ആശ്ചര്യകരവുമാകുന്നു.

വാക്യാർത്ഥം:—മന്ദരപർവ്വതംകൊണ്ടു സമുദ്രം കടയുമ്പോഴുണ്ടായ ശബ്ദത്തിന്നു തുല്യമായ അർജ്ജുനഗർജ്ജിതമായ ഇടിമുഴക്കത്താൽ സംഭ്രാന്തരും കുപിതരുമായ ദാനവന്മാരായ ക്രൂരന്മാരോടുകൂടി വേഗത്തിൽ നിവാതകവചന്മാർ യുദ്ധത്തിന്നായത്യുത്സാഹത്തോടുകൂടി എതിർത്തു അർജ്ജുനനോടുപറഞ്ഞു.

വൃത്തം:—ശാർദ്ദൂലവിക്രീഡിതം. ലക്ഷണം. "പന്ത്രണ്ടാൽ മസജം സതം ത ഗുരുവും ശാർദ്ദൂലവിക്രീഡിതം".

അലങ്കാരം:—രൂപകം. 'ജലധിധ്വാനപ്രതിദ്ധ്വാനി' എന്നതിൽ ഉപമയുമുണ്ടു.

ച. 1.

നിവാതകവചൻ:—

ആരെന്നു നീ പറഞ്ഞീടേണമെന്നോടു

പോരിനാസ്സന്നത്തും ചാരുകളേബര

മാരനോ മാധവൻതാനോ മഹാമതേ

മാരാരിയോ മാനുഷരിലൊരുവനോ?

ച. 2.

അജ്ജുനൻ:—

ശക്രാത്മജൻ ഞാൻ അറിക നീ ദാനവ,

ചക്രായുധസഖിയാകിയ പാണ്ഡവൻ,

ഉഗ്രനായീടും ഹിഡുംബനെ ക്കൊന്നോരു

വിക്രമിയാകിയ ഭീമസഹോദരൻ

ച. 3.

നിവാതകവചൻ:—

ജംഭാരിമുൻപാം നിലിമ്പരെല്ലാം മമ

സംഭാഷണേനൈവ ഡംഭം വെടിയുന്നു;

കിം ഭവാൻ എന്നോടു പോർചെയ്യുവതിനലം?

സത്ഭാവമെത്രയും നന്നു നരാധമ.

ച. 4.

അജ്ജുനൻ:—

രാവണൻതന്നെ രണഭുവി കൊന്നോരു

രാമൻ ഓർത്തീടുകിൽ മാനുഷനല്ലയോ?

ഏവം പറയുന്ന നിന്നെ ഞാൻ ഇപ്പോഴേ

കേവലം കാലപുരത്തിലാക്കീടുവൻ.

ച. 5.

നിവാതകവചൻ:—

പണ്ടൊരു വാനരൻ വാരിധി ലംഘിക്ക-
കൊണ്ടിന്നു മററൊരു മക്കടം ചാടുമോ?
ഉണ്ടു ചിറകെനിക്കെന്നോർത്തു മക്ഷിക
പക്ഷീന്ദ്രനോടു തുല്യം പറന്നീടുമോ?

ച. 6.

അജ്ജുനൻ:—

കണ്ടുകൊൾകെങ്കിലോ നിൻ തല ഖണ്ഡിച്ചു
ദണ്ഡധരന്നു നല്കീടുന്നതുണ്ടു ഞാൻ
തണ്ടാർശരവൈരിതന്നുടെ പാദങ്ങൾ
രണ്ടാണ് കണ്ടിതമില്ലെനിക്കോക്ക നീ.

ചര. 1.

ചാരുകളേബര=സുന്ദരഗാത്ര; മാരാരി=ശിവൻ നിനക്കു എന്നോടു യുദ്ധംചെയ്യാൻ ശേഷിയില്ലെന്നും മററും വ്യംജിക്കുന്നു.

അലങ്കാരം. സസന്ദേഹം; ആദ്യനുപ്രാസാദി ശബ്ദാലങ്കാരം;

ചര. 2.

ശക്രാത്മജൻ=ഇന്ദ്രന്റെപുത്രൻ; ചക്രായുധസഖി=ശ്രീകൃഷ്ണന്റെ ചങ്ങാതി (കാമസഖി) എന്നതിന്റെ വ്യാഖ്യാനംനോക്കുക. പാണ്ഡവൻ=പാണ്ഡുവിന്റെ മകൻ; ഉഗ്രൻ=ക്രൂരൻ; വിക്രമി=പരാക്രമി; ഭീമസഹോദരൻ=ഭീമന്റെ അനുജൻ; 'ഇവിടെ ചക്രായുധസഖി' 'ഭീമസഹോദരൻ' എന്നീ പദങ്ങൾ അസുരധ്വംസനക്ഷമതാഭിപ്രായമാകയാൽ പരികരാലങ്കാരം. എന്നാൽ ഉഗ്രേത്യാദി വിശേ

ഷണ സാപേക്ഷമായ ഭീമശബ്ദത്തിന്നു സഹോദരശബ്ദ ത്തോടു സമാസംവരുന്നതിന്നു വിധിയില്ല. പദങ്ങൾക്കു വി ശിഷ്ടൈകാൎത്ഥീഭാവസാമൎത്ഥ്യമുണ്ടെങ്കിലേ സമാസംവരാൻ വഴിയുള്ളു. ഇതരസാപേക്ഷമായപദത്തിന്നു താദൃശസാമ ൎത്ഥ്യമുണ്ടാവുകയില്ല. സമാസമെന്നതുതന്നെ രണ്ടെണ്ണ ത്തെ ക്കൂട്ടിച്ചേൎത്തൊന്നാക്കുകയാണല്ലോ; അങ്ങിനെ ഒന്നായ്പ്പ രിണമിക്കുന്നസ്ഥിതിയേയാണ് ഏകാൎത്ഥീഭാവമെന്നു പറയു ന്നതു്. അതിന്നുള്ളയോഗ്യതയാകുന്നു താദൃശസാമൎത്ഥ്യം. ആകയാൽ ഏകാൎത്ഥീഭാവസാമൎത്ഥ്യമുണ്ടെങ്കിലേ പദാൎത്ഥ ങ്ങൾ കൂടിച്ചേൎന്നു അഖണ്ഡമാവുകയുള്ളു. അപ്രകാരം കൂ ടിച്ചേരുന്നവയിൽ ഒരു പദാൎത്ഥം ഇതരസാപേക്ഷമാണെ ങ്കിൽ താദൃശസാമൎത്ഥ്യത്തിന്നവകാശമില്ല. അതുകൊണ്ടാ ണ് "സാപേക്ഷമസമൎത്ഥവൽ" എന്നു വൈയാകരണ ന്മാർ സിദ്ധാന്തിച്ചിരിക്കുന്നതും, പാണിനിതന്നെ "സമൎത്ഥഃ പദവിധിഃ" എന്നിങ്ങിനെ സമാസവിധിക്കുള്ള സാമാന്യസൂ ത്രം നിൎമ്മിച്ചിരിക്കുന്നതും. ഈ സ്ഥിതിക്കു ഭീമപദം ഉഗ്രേ ത്യാദിവിശേഷണസാപേക്ഷമാകയാൽ സഹോദരപദത്തോ ടു സമാസിക്കുകയില്ലെന്നുസിദ്ധിക്കുന്നു. ഇതുതന്നെയാണ് സമാസത്തിൽ പരാധീനപ്പെട്ടുപോയ പദങ്ങളിൽ ദാസദാ സന്യായരീത്യാ ചേരാ ബാഹ്യവിശേഷണം" എന്നതുകൊ ണ്ടു പ്രകാരാന്തരേണ കേരളപാണിനി കാണിച്ചിരിക്കുന്നതു്. പദനിഷ്പാദനദ്വാരാ സാധുത്വാസാധുത്വം ബോധിപ്പിക്കു ന്നതായ വ്യാകരണത്തിൽ മുൻകാണിച്ച രീതിയാണ് ഉചി തമെങ്കിലും അതു സുകുമാരമതികളായ ശിഷ്യന്മാൎക്കു അത്ര സുഗമമല്ലെന്നുവെച്ചാണ് ഫലത്തിൽ തുല്യയോഗക്ഷേമമാ

യ ആലങ്കാരികരീതിയെ തന്റെ വ്യാകരണത്തിൽ അവലംബിച്ചിരിക്കുന്നതു്. ആലങ്കാരികന്മാർ ഈവക ദിക്കിൽ വിവക്ഷിതമായ അന്വയം ഘടിക്കായ്കയാൽ അഭവന്മതയോഗമെന്ന ദോഷമുണ്ടെന്നാണ് പറയുക. അതനുസരിച്ചു കേരളപാണിനിയും സമാസം വരികയില്ലെന്നു മുക്തകണ്ഠം പ്രതിപാദിക്കാതെ, വിവക്ഷിതമായ അന്വയം വരികയില്ലെന്നു പറഞ്ഞിരിക്കുന്നു. സമാസം വരികയില്ലെന്നു അർത്ഥസിദ്ധമാണെന്നേയുള്ളൂ.

ച. 3.

ജംഭാരിമുമ്പാം = ഇന്ദ്രൻ മുതലായ; നിലിമ്പർ=ദേവന്മാർ. മമ, സംഭാഷണേന, ഏവ=എന്നെ സംബന്ധിച്ച സംഭാഷണം കൊണ്ടുതന്നെ (എന്റെ നാമമാത്രത്താൽ എന്നു താല്പര്യം.) 'എന്നോടു സംഭാഷണംചെയ്യുമ്പോൾ ഡംഭം വെടിയുന്നു' എന്ന വ്യാഖ്യാനം അയുക്തവും അസഹൃദയതാപ്രകാശവുമാകുന്നു. ഡംഭം = ഗർവ്വം; ഭവാൻ= അങ്ങുന്നു (ആക്ഷേപഗർഭമായവാക്കു.) അലംകിം = ശക്തനാണോ? പോരുമോ? സൽഭാവം=യോഗ്യനെന്ന ഭാവം.

ചര. 4.

രണഭുവി = പോർക്കളത്തിൽ. ഏവം = 'കിംഭവാനെന്നോടു'എന്നു തുടങ്ങിയപ്രകാരം; കേവലം കാലപുരത്തിൽ= യമപുരത്തിൽത്തന്നെ; അഥവാ, കേവലം=ഞാൻ ഒററയ്ക്കുതന്നെ. അലങ്കാരം—വിശേഷനിബന്ധനാപ്രസ്തുതപ്രശംസ. മുൻചരണത്തിലെ'കിം ഭവാനെന്നോടുപോർചെയ്യുതിന്നലം' ഇത്യാദിയിൽ രാക്ഷസന്മാരോടും അസുരന്മാരോടും മനുഷ്യർക്കു എന്തുചെയ്യാൻ കഴിയും എന്നു സൂചിപ്പിച്ചിരിക്കുന്ന ആക്ഷേപത്തിന്നു സമാധാനമായി അർജ്ജുനൻ പറയേണ്ടതു

അക്കൂട്ടരോട് എന്തുചെയ്യാനും സാധിക്കുമെന്ന സാമാന്യമായിരിക്കെ 'രാവണൻതന്നെ' ഇത്യാദിവിശേഷം നിബന്ധിച്ചിരിക്കുന്നു.

ചര. 5.

ലംഘിക്ക=ചാടിക്കടക്കുക. മക്ഷിക=ഈച്ച. പക്ഷീന്ദ്രൻ=ഗരുഡൻ.

അലങ്കാരം:—തുല്യനിബന്ധനാപ്രസ്തുതപ്രശംസ. ശ്രീരാമൻ രാവണനെ കൊന്നുവെന്നുവെച്ച് നിനക്കെന്നെ കൊല്ലുവാൻ സാധിക്കുമോ? എന്ന പ്രസ്തുതത്തിന്നു പകരം തത്തുല്യമായ പണ്ടൊരു വാനരൻ 'ഇത്യാദി നിബന്ധിച്ചിരിക്കുന്നു.

ചര .6.

ഖണ്ഡിച്ചു=മുറിച്ചു. ദണ്ഡധരന്നു=കാലന്നു. തണ്ടാർശരവൈരി=കാമവൈരി, ശിവൻ. കണ്ടിതം=കണ്ടിതത്വം.

രസം—വീരം-അർജ്ജുനനിഷ്ഠമായ ഉത്സാഹത്തിന്നു നിവാതകവചനും തന്നിഷ്ഠമായ ഉത്സാഹത്തിന്നു അർജ്ജുനനും ആലംബനവിഭാവം, പരാധിക്ഷേപം, ആത്മപ്രശംസ, വധപ്രതിജ്ഞ മുതലായവ അനുഭാവം. മതി, ധൃതി, അമർഷം, ഗർവ്വമെന്നിവ വ്യഭിചാരിഭാവം.

നാഥനാമക്രിയ—ചമ്പ.

ഹത്വാ നിവാതകവചം സമരേ സസൈന്യം
പ്രസ്ഥാതുമിച്ഛതി ദിവം ത്രിദശേന്ദ്രസൂനൌ
ദൈത്യാസ്തു കേചന സമേത്യ ഹതാവശിഷ്ടാ
നത്വാ തമൂചുരഥ സംസദി കാലകേയം

അഥ (അവ്യ) അനന്തരം
ത്രിദശേന്ദ്രസൂനൌ. (ഉ. പു. സ. ഏ.) അൎജ്ജുനൻ
സമരേ (അ. പു. സ. ഏ.) യുദ്ധത്തിൽ
സസൈന്യം (അ. പു. ദ്വി. ഏ) സൈന്യത്തോടുകൂടിയ
നിവാതകവചം (ടി) നിവാതകവചനെ
ഹത്വാ (ത്വാ. അവ്യ.) വധിച്ച്
ദിവം (വ. സ്ത്രീ. ദ്വി. ഏ.) സ്വൎഗ്ഗത്തിലേക്കു
പ്രസ്ഥാതും (തുമുൻ. അവ്യ) പുറപ്പെടുന്നതിന്നു
ഇച്ഛതി (ത. പു. സ. ഏ.) ഇച്ഛിക്കുമ്പോൾ
ഹതാവശിഷ്ടാഃ (അ. പു. പ്ര. ബ.) വധിക്കപ്പെട്ടവരൊഴി
[ച്ചു ശേഷിച്ചവരായ
കേചന (മ. പു. പ്ര. ബ.) } ചില
അവ്യ.
ദൈത്യാഃ (അ. പു. പ്ര. ബ.
തു. (അവ്യ. } ദൈത്യന്മാരാകട്ടെ
സംസദി (ദ. സ്ത്രീ. സ. ഏ.) ആസ്ഥാനസഭയിൽ
കാലകേയം (അ. പു. ദ്വി. ഏ.) കാലകേയനെ
സമേത്യ (ല്യപ് അവ്യ) പ്രാപിച്ച്
നത്വാ (ത്വാ. അവ്യ.) നമസ്കരിച്ച്
തം (ദ. പു. ദ്വി. ഏ.) അവനോടു
ഊചുഃ (ലിട്. പ. പ്ര. പു. ബ.) പറഞ്ഞു.

വാക്യാൎത്ഥം:—അൎജ്ജുനൻ പോരിൽ നിവാതകവചനെ സൈന്യത്തോടുകൂടിവധിച്ച് സ്വൎഗ്ഗത്തിലേയ്ക്കു പോവാൻ തുടങ്ങവേ ശേഷിച്ച ദാനവന്മാർ കാലകേയന്റെ ആ

സ്ഥാനസഭയിൽ ചെന്നു നമസ്കരിച്ചു അവനോടു പറഞ്ഞു.
വൃത്തം:—വസന്തതിലകം. ലക്ഷണം. ചൊല്ലാം വസന്തതിലകം തഭജംജഗംഗം."

ച. 1.

ദൈത്യേന്ദ്രമകുടമണി ദേദീപ്യമാന ജയ
കൃത്യജ്ഞ മൊഴി കേൾക്ക മേ
പാൎത്ഥനെന്നൊരു മനുജമൂൎത്തിയെ കൈക്കൊണ്ടു
മൃത്യുതാൻ തന്നെയധുനാ
ചെൎത്തിട്ടു നിവാതകവചാദികളെയൊക്കവെ
മാൎത്താണ്ഡസുതമന്ദിരേ.

ച. 2.

കാലകേയൻ:—

അത്യത്ഭുതംതന്നെ മൎത്ത്യൻ അതിദുൎബ്ബലൻ
ദൈത്യരേ ഹനിച്ചതോൎത്താൽ
അദ്യൈവ ഞാൻ ചെന്നു മായാബലേന തം
സദ്യോഹനിച്ചീടുന്നേൻ
ദൈന്യം വെടിഞ്ഞു വൈകാതെ പുറപ്പെടുക
സൈന്യങ്ങളൊക്കെയധുനാ.

ദൈത്യേന്ദ്രമകുടമണി ദേദീപ്യമാന=ദാനവശ്രേഷ്ഠന്മാരുടെ കിരീടരത്നങ്ങളാൽ ഏററവും ശോഭിക്കുന്നവനേ; കാലകേയനെ നിവാതകവചാദികളായ ദൈത്യേന്ദ്രന്മാർ പോലും നമസ്കരിക്കുക പതിവാണെന്നു സാരം. അഥവാ ദൈത്യേന്ദ്രമകുടമണി എന്നു പ്രത്യേകം പദം ഭാഷാസംബോ

ധനം. 'മണേ' എന്ന സംബോധനം സംസ്കൃതമാണ്. ഭാഷയിൽ 'മണി' എന്നുതന്നെയാണ്.

"നല്ലാരിൻമണി, തൻകരത്തളിരിലെ സ്സ്പൃശ്ചെണ്ടുമേലുള്ള പൂ-
വെല്ലാം ചീന്തിയിടുന്നാപാഴ്ത്തൊഴിലിനായ്ക്കമ്പിട്ടനില്ക്കു
ണ്ടനീ" എന്നു വിലാസലതിക.

ലാവണ്യപൂർണ്ണനിധി നിൻ വിരഹാഗ്നികൊണ്ടു
വൈവർണ്ണ്യ മേററിടവതേതൊരു പുണ്യഭൂമി?

ഒരു സ്വപ്നം (സ്വ)

ഏതായാലും "ദൈത്യരാജാക്കന്മാരുടെ കിരീടത്തിൽ ഉള്ള മണി ആകകൊണ്ടു ശോഭിക്കുന്നവർ" എന്ന വ്യാഖ്യാനം സ്വരസമാണ്ടേന്നുന്നില്ല. കൃത്യജ്ഞൻ = കാര്യജ്ഞൻ (ചെയ്യേണ്ടതറിയുന്നവൻ) ഈ പദം സാഭിപ്രായമാകയാൽ പരികരം. മനുജമൂർത്തി=മനുഷ്യാകാരം; മൃത്യു=മൃതി; ദരഥവാ കാലൻ; മാർത്താണ്ഡസുതമന്ദിരേ=അന്തകന്റെ ഭവനത്തിൽ. അലങ്കാരം. അപഹ്നുതി. ലക്ഷണം. "സ്വധർമ്മത്തെ മറച്ചന്യധർമ്മാരോപമപഹ്നുതി" "പാർത്ഥനെന്നൊരു മർത്ത്യാകാരംകൈക്കൊണ്ടു മൃത്യുതന്നെ" എന്നതിനാൽ പാർത്ഥനിൽ മനുഷ്യത്വം നിഷേധിച്ചു മൃത്യുത്വമാരോപിച്ചിരിക്കുന്നു.

ഭക്തി, ശങ്ക, വിഷാദമെന്നീഭാവങ്ങൾ വ്യംജിക്കുന്നു. കാലകേയൻ.

അത്യത്ഭുതം=ഏററവും ആശ്ചര്യകരം; അതി+ഏവ=ഇപ്പോൾതന്നെ. മായാബലേന=മായാശക്തിയാൽ. ത്വം=അവനെ; സദ്യഃ=ഉടനെ; ദൈന്യം=ദീനത. ഈ ചരണത്തിൽ മതി, ധൃതി, അമർഷം മുതലായവ വ്യംഗം

ശ്രുത്വാ സുഹൃന്നിധനമാത്തശരാസിചാപോ
ഗത്വാ ജവേന ചതുരംഗബലൈസ്സമേതഃ
മദ്ധ്യേവിയത്പഥമമുന്ന്യരുണൽ സ ദൈത്യോ
മൃത്യോർവ്വശം കില ഗതോ നിജഗാദ പാത്ഥം. 27

മൃത്യോഃ (ഉ. പു. ഷ. ഏ.) മൃത്യുവിൻെറ
വശം (അ. പു. ദ്വി. ഏ.) അധീനതയെ
ഗതഃ (അ. പു. പ്ര. ഏ,) പ്രാപിച്ചവനായ
സഃ (ദ. പു. പ്ര. ഏ.
ദൈത്യഃ ( അ. പു. പ്ര. ഏ. } ആ ദൈത്യൻ (കാലകേയൻ)
സുഹൃന്നിധനം (അ. ന. ദ്വി. ഏ.) മിത്രവധം
ശ്രുത്വാ (ത്വാ, അവ്യ.) കേട്ടു്
ആത്തശരാസിചാപഃ (അ. പു. പ്ര. ഏ.) ശരം, വാൾ, വില്ലു എന്നിവ ധരിച്ചവനും
ചതുരംഗബലൈഃ (അ. ന. തൃ. ബ.) നാലംഗപ്പടയോടു (തേർ, ആന. കുതിര, കാലാൾ)
സമേതഃ (അ. പു. പ്ര. ഏ.) കൂടിയവനും ആയിട്ടു്
ജവേന. (അ. പു. തൃ. ഏ.) വേഗത്തിൽ
ഗത്വാ. (ത്വാ. അവ്യ) ഗമിച്ചിട്ടു്
മദ്ധ്യേവിയൽപഥം ( അവ്യ) ആകാശമാർഗ്ഗമദ്ധ്യത്തിൽവെച്ചു്
പാത്ഥം (അ. പു. ദ്വി. ഏ ) അർജ്ജുനനെ
ന്യരുണൽ (ലങ് പ· പ്ര. പു. ഏ.) തടുത്തു
അമും. (സ. പു. ദ്വി. ഏ.) ഇവനോടു
നിജഗാദ { ലിട്. പ. പ്ര. പു. ഏ.
കില { അവ്യ. } പറയുകയുംചെയ്തു.

വാക്യാൎത്ഥം:—മൃത്യുവശഗതനായ ആ ദൈത്യൻ മിത്രവധംകേട്ട ചതുരംഗബലത്തോടുകൂടി, അമ്പും വില്ലുംവാളുമേന്തി വേഗത്തിൽചെന്ന് ആകാശമാൎഗ്ഗമദ്ധ്യത്തിൽ വെച്ച് അൎജ്ജുനനെ തടുത്തു അവനോടുപറഞ്ഞു.

വൃത്തം-വസന്തതിലകം.

അലങ്കാരം. ദ്വിതീയാക്ഷരപ്രാസം, ഛേകാന്ത്യപ്രാസമെന്നിവ.

പല്ലവി.

മൂഢ! നീ മതിയാകുമോ മുന്നിൽ നിന്നീടാൻ
മൂഢാ നീ മതിയാകുമോ?

ച. 1.

മൎത്ത്യനായനീയിന്നു ദൈത്യരോടു പോർചെയ്യിൽ
ശക്തനായ ഹരിയൊടെതിൎക്കും അതി-
മുഗ്ദ്ധമായ മൃഗം ഇന്നു ഭുവി. —മൂഢ

ച. 2.

അൎജ്ജുനൻ:—

കാലകാലന്റെ കൃപ ചാലവെയ്യുണ്ടെന്നാകിൽ
കാലകേയ തവ കാലഗേഹഗമനായ
കാലമിതുതന്നെ ദുൎമ്മതേ. —മൂഢ

ച. 3.

കാലകേയൻ:—

പോരുംപറഞ്ഞതിനി പോരാളികളിൽ വീര
പാരിടത്തിൽ ഒരു വീരനില്ല മമ

നേരെ നിന്നു പൊരുതീടുവാൻ അധികം;
സർപ്പം ഗരുഡനോടെതിർപ്പാൻ മതിയാകുമോ.

—മൂഢ

ച. 4.

അർജ്ജുനൻ:—

അത്ഭുതം കിമപി ദർപ്പം ഇന്നു തവ
നിഷ്പ്രയോജനം അത്രും ജളപ്രഭോ. —മൂഢ

ച. 5.

കാലകേയൻ:—

നീലവലാഹകത്തെ തോലനം ചെയ്യുന്ന
കോലം ഇന്നു ശരജാലമെയ്തു തിലശോ
കൊലചെയ്വൻ ഇന്നു ഞാൻ. —മൂഢ

മൂഢ, നീ ഇത്യാദിപദങ്ങൾ അമർഷാതിശയം വ്യഞ്ജിപ്പിക്കുന്നു.

ചര. 1.

ഹരി=സിംഹം: അതിമുഗ്ദ്ധം=ഏറ്റവുംസുകുമാരം മൃഗം=മാൻ. നീ എന്നോടുപൊരുതുക എന്നതു സിംഹത്തോടുമാൻകിടാവ് എതിർക്കുകയെന്നതുപോലെ അസംഭാവ്യമാണെന്നുസാരം. അലങ്കാരം. സംഭാവന, ലക്ഷണം—"സംഭാവനയതുണ്ടായാലിതുണ്ടാമെന്നാകല്പന" അലങ്കാരംദൃഷ്ടാന്തമാണെന്നവ്യാഖ്യാനം ചിന്ത്യംതന്നെ. ഈ ചരണത്തിലും പല്ലവിയിലും വ്യംജിക്കുന്നഭാവം അമർഷം ഗർവ്വമെന്നിവയാകുന്നു.

ചര, 2,

കാലകാലൻ=ശിവൻ; ചാലവേ=നല്ലപോലെ; കാലഗേഹഗമനായ=അന്തകഭവനത്തിലേയ്ക്കുള്ള യാത്രയ്ക്ക; ഉന്മതേ=ദുഷ്ട; ഇതിൽ വ്യംജിക്കുന്ന ഭാവം 'മതി'യാകുന്നു,

ചര. 3,

പോരാളികളിൽ=യോദ്ധാക്കളിൽ. വീര=വീരനെന്നു വിചാരിക്കുന്നവനേ എന്നു താല്പര്യം. അധികം=അധികനേരം; അലങ്കാരം പ്രതിവസ്തൂപമ—ലക്ഷണം. "അവർണ്ണ്യവർണ്ണ്യവാക്യങ്ങൾക്കൊന്നാം ധർമ്മത്തെ വേറെയായ് നിർദ്ദേശിച്ചാലലങ്കാരം പ്രതിവസ്തൂപമാഭിധം "ഇവിടെ വർണ്ണ്യവാക്യത്തിൽ 'പൊരുതീടുവാനില്ല' എന്നതുകൊണ്ടും അവർണ്ണ്യവാക്യത്തിൽ 'എതിപ്പാൻ മതിയാകുമോ' എന്നതുകൊണ്ടും നിർദ്ദേശിച്ചിരിക്കുന്ന ധർമ്മം വാസ്തവത്തിൽ ഒന്നുതന്നേയാണ്. അതു വെവ്വേറെ ശബ്ദങ്ങളെക്കൊണ്ടു കാണിച്ചിരിക്കുന്നുവെന്നേയുള്ളു. ഈവക സ്ഥലങ്ങളിൽ ദൃഷ്ടാന്തമാണെന്നു വല്ല വ്യാഖ്യാനവുംകണ്ടുഭ്രമിക്കരുതു്, ദൃഷ്ടാന്തത്തിൽ സാധാരണധർമ്മംകൂടി വെവ്വേറെയായിരിക്കണം. ഗർവ്വാദിഭാവം വ്യംഗം,

ചര. 4.

കിമപി=അനിർവ്വചനീയം; ദർപ്പം=അഹങ്കാരം; ജലപ്രഭു=വലിയ വങ്കൻ, അമർഷവും ഗർവ്വവും വ്യംഗ്യം,

ചര. 5.

നീലവലാഹകത്തെ=കാർമേഘത്തെ; തോലനംചെയ്തീടുന്ന=സദൃശമാക്കുന്ന; കോലം=ആകൃതി; ശരജാലം=ബാ

ണക്കൂട്ടം; തിലശഃ=എൾപ്രായമായി. ധൃതി, ഗവ്വം, അമഷം എന്നിവ വ്യംഗ്യം.

രസം—വീരം-കാലകേയാലംബനവു മജ്ജനനിഷ്ഠവുമായ ഉത്സാഹം, കാലകേയന്റെ അധിക്ഷേപം മുതലായ ഉദ്ദീപനവിഭാവത്താലും പ്രത്യാക്ഷേപാദിയായ അനുഭാവത്താലും അമർഷം, ഗവ്വം മുതലായസഞ്ചാരിഭാവത്താലും വീരമായി പ്രകാശിക്കുന്നു. കാലകേയപക്ഷത്തിലും ഇതുപോലെ നോക്കിക്കൊൾക.

കേദാരഗൌഡം.

മായാം സമാശ്രിത്യതിരോഹിതോരണേ
വിവ്യാധസൂതം തുരഗാംശ്ച സായകൈഃ
സമ്മോഹനാസ്ത്രേണ സസവ്യ സാചിനം
സമ്മോഹയാമാസ സുരേന്ദ്ര നന്ദനം" 24

സഃ (ദ. പു. പ്ര. ഏ.) അവൻ. (കാലകേയൻ.)
രണേ (അ. പു. സ. ഏ.) പോരിൽ
മായാം (ആ. സ്ത്രീ. ദ്വി. ഏ.) മായയെ
സമാശ്രിത്യ (ല്യപ്. അവ്യ.) ആശ്രയിച്ച്
തിരോഹിതഃ (അ. പു. പ്ര. ഏ.) മറഞ്ഞവനായിട്ടു
സൂതം (അ. പു. ദ്വി. ഏ,) സാരഥിയേയും
തുരഗാൻ ച } അ. പു. ദ്വി. ബ. അവ്യ } കുതിരകളേയും
സായകൈഃ (അ. പു. തൃ. ബ.) ബാണങ്ങളാൽ

വിവ്യാധ (ലിട്. പ. പ്ര. പു. ഏ) പ്രഹരിച്ചു,
സുരേന്ദ്രനന്ദനം, (അ. പു. ദ്വി. ഏ.) ദേവേന്ദ്രപുത്രനായ
സവ്യസാചിനം (ന. പു. ദ്വി. ഏ.) അർജ്ജുനനെ
സമ്മോഹനാസ്ത്രേണ, (അ, ന. തൃ. ഏ.) സമ്മോഹനാസ്ത്ര [ത്താൽ
സമ്മോഹയാമാസ (ലിട്, പ, പ്ര, പ, ഏ,) മൂർച്ഛിപ്പിച്ചു.

വാക്യാത്ഥം:—പോരിൽ കാലകേയൻ മായകൊണ്ടു മറഞ്ഞുനിന്നു സാരഥിയായ മാതലിയേയും കുതിരകളേയും ബാണമെയ്തുമുറിച്ച്, ഇന്ദ്രപുത്രനായ സവ്യസാചിയെ സമ്മോഹനാസ്ത്രംകൊണ്ടു സമ്മോഹിപ്പിച്ചു,

വൃത്തം—ഇന്ദ്രവംശ,

അലങ്കാരം, ആദ്യക്ഷരപ്രാസം മുതലായവ,

ജ്ഞാത്വാഥ പാത്ഥസ്യ തു താമവസ്ഥാം
ഇത്യാഹ നന്ദീശ്വരമിന്ദുമൌലിഃ
ത്വം ഗച്ഛ സാഹായ്യകൃതേജ്ജ്ജുനസ്യ
പ്ലവംഗതാം പ്രാപ്യ യയൌ തഥേതി. 29

അഥ (അവ്യ) അനന്തരം

| | | |
|---|---|---|
| ഇന്ദുമൌലിഃ | ഇ. പു. പ്ര. ഏ. | പരമേശ്വരനാകട്ടെ |
| തു | അവ്യ, | |

പാത്ഥസ്യ (അ. പു. ഷ. ഏ.) അർജ്ജുനൻെറ

| | | |
|---|---|---|
| താം, | (ദ. സ്ത്രീ. ദ്വി. ഏ. | ആ അവസ്ഥയെ |
| അവസ്ഥാം, | (ആ. സ്ത്രീ. ദ്വി. ഏ | |

ജ്ഞാത്വാ (അവ്യ) അറിഞ്ഞു്
നന്ദീശ്വരം (അ. പു. ദ്വി. ഏ.) നന്ദീശ്വരനോട്
"ത്വം (ദ. അലിംഗം. പ്ര. ഏ.) നീ
അർജ്ജുനസ്യ (അ, പു. ഷ. ഏ.) അർജ്ജുനന്റെ
സാഹായ്യകൃതേ (അവ്യ) സാഹായ്യത്തിന്നായിട്ടു
ഗച്ഛ (ലോട്. പ. മ. പു. ഏ.) ചെല്ലുക"
ഇതി (അവ്യ) എന്നു
ആഹ (തിങന്തപ്രതിരൂപകമവ്യയം) പറഞ്ഞു.
സഃ (ദ. പു. പ്ര. ഏ.) ആ നന്ദി
തഥാ (അവ്യ) ഇതി. (അവ്യ) } അങ്ങിനെയെന്നു
പ്ലവംഗതാം (ആ. സ്ത്രീ. ദ്വി. ഏ) മക്കടമാവത്തെ
പ്രാപ്യ (ല്യപ്. അവ്യ.) പ്രാപിച്ച്
യയൌ (ലിട് പ. പ്ര. പു. ഏ.) ഗമിച്ചു.

'പ്ലവംഗതാംപ്രാപ്യ' എന്ന രണ്ടു പദങ്ങളെ തച്ഛേത്യാദി വാക്യത്തോടന്വയിപ്പിക്കാം.

വാക്യാത്ഥം:— അർജ്ജുനൻ മൂർച്ഛിച്ചു വീണഉടനെ ശിവൻ അർജ്ജുനൻെറ അവസ്ഥ മനസ്സിലാക്കി നന്ദീശ്വരനോടു "സഹായത്തിന്നായി നീ ചെല്ലുക" എന്നു പറഞ്ഞു. നന്ദി മക്കടസ്വരൂപം ധരിച്ചു ചെന്നു.

വൃത്തം—ഉപജാതി. ഇതിലെ മൂന്നുപാദങ്ങൾ ഇന്ദ്രവജ്രയും നാലാംപാദം ഉപേന്ദ്രവജ്രയുമാകയാൽവൃത്തം ഉപജാതിയായിരിക്കെ ഇന്ദ്രവജ്രയെന്ന വ്യാഖ്യാനം ചിന്ത്യമാ

കുന്നു.

അലങ്കാരം ഛേകാനുപ്രാസാദി.

മദ്ധ്യമാവതി— ചമ്പ.

നന്ദീശ്വരസ്സമുപഗത്യ വിസംജ്ഞമേനം
പസ്പർശ പാണിയുഗളേന നിജേന യാവൽ
സുപ്തപ്രബുദ്ധമിവ താവദുപസ്ഥിതന്തം
ആസ്ഥാതിരേകവിനതം നിജഗാദ പാൎത്ഥം. 30

നന്ദീശ്വരഃ (അ. പു. പ്ര. ഏ.) നന്ദീശ്വരൻ
സമുപഗത്യ (ല്യപ്. അവ്യ) അടുത്തുചെന്നു്
വിസംജ്ഞം (അ. പു. ദ്വി. ഏ.) മൂൎച്ഛിതനായ
ഏനം (ദ. പു. ദ്വി. ഏ.) ഇവനെ (അൎജ്ജുനനെ)
പാണിയുഗളേന (അ. ന. തൃ. ഏ.) രണ്ടുകൈകൊണ്ടു
യാവൽ (അവ്യ) എപ്പോൾ
പസ്പർശ (ലിട്. പ. പ്രം. പു. ഏ.) തൊട്ടുവോ
താവൽ (അവ്യ) അപ്പോഴെയ്ക്കു
സുപ്തപ്രബുദ്ധം } അ. പു. ദ്വി. ഏ. } ഉറങ്ങി ഉണൎന്നവ
ഇവ } അവ്യ } നെപ്പോലെ
ഉപസ്ഥിതം (അ. പു. ദ്വി. ഏ.) എണീററടുത്തിരുന്നവനും
ആസ്ഥാതിരേകവിനതം (ടി) ആദരാതിശയത്താൽ വിനത [നമായ
തം (ദ. പു. ദ്വി. ഏ. } ആ അൎജ്ജുനനോടു
പാൎത്ഥം (അ. പു. ദ്വി. ഏ. }
നിജഗാദ (ലിട്. പ. പ്ര. പു. ഏ.) പറഞ്ഞു.

വാക്യാൎത്ഥം:—നന്ദീശ്വരൻ, പ്രജ്ഞയില്ലാതെ കിടന്നിരുന്നവന്നും അടുത്തുചെന്നു രണ്ടുകൈകൊണ്ടും തൊട്ടപ്പോഴേയ്ക്കു ഉറക്കുണൎന്നവനെപ്പോലെ എഴുന്നീററു ആദരാതിരേകത്താൽ നമ്രനമായ അൎജ്ജുനനോടു പറഞ്ഞു.

വൃത്തം—വസന്തതിലകം.
അലങ്കാരം—ഉൽപ്രേക്ഷ.

ച. 1.

നന്ദി:—

പൌരുകുല കലശാബ്ധിപൂൎണ്ണചന്ദ്ര നൃപചന്ദ്ര
ഖേദാരും വിഷാദമിനി, പൊരുവതിന്നു പോകനാം;
സമരഭുവി നിന്നുടയ സാഹായ്യമൻപൊടു
അമരസമ ചെയ്യുതിന്നഹം ഇവിടെവന്നു.

ച. 2.

അൎജ്ജുനൻ:—

ആശ്ചൎയ്യമിന്നു തവ കരതലസ്പൎശനാൽ
മൂൎച്ഛയുമകന്നു മമ മോദമിയലുന്നു
നിശ്ചയമഹോഭവാൻ ദിവ്യൻ എന്നതുന്തനാം,
ഇഷ്ടനാമിനാമമെന്തെന്നരുളേണമേ.

ച. 3.

നന്ദി:—

ശിവൻ ചന്ദ്രശേഖരദാസനാകുന്നുഞാൻ അറിക
ചന്ദ്രവംശാഭരണ ചന്തമൊടിദാനീം;

നന്ദിയെന്നൊന്നുടയ നാമം എന്നകതാരിൽ
നന്ദിയോടമരേന്ദ്രനന്ദന ധരിക്ക നീ;
മോഹനാസ്ത്രേണ നീ മോഹിച്ചു വീഴ്കയാൽ
ഹാഹന്ത കരുണയാ പ്രേരിതോഹം ഈശനാൽ;
ആശ്രിതജനങ്ങളിൽ വാത്സല്യം ഇതുപോലെ
ആൎക്കുള്ളു ജഗതി പരം? ആൎത്തിഹര നിതരാം
അഹിതനെക്കൊൽവതിനു സഹിതോ മയാ ഭവാൻ
സഹസാ പുറപ്പെടുക, മതി മതി വിഷാദം.

ചര. 1.

പൂരുകുലകലശാബ്ധിപൂൎണ്ണചന്ദ്ര=പൂരുവംശമാകുന്ന പാൽക്കടലിന്നു പൂൎണ്ണചന്ദ്രനായുള്ളവനേ. (പരമ്പരിതരൂപകം) പോരും=മതി. വിഷാദം=ദുഃഖം; പൊരുവതിനു=യുദ്ധം ചെയ്യുവാൻ; സമരഭുവി=യുദ്ധഭൂവിൽ; സാഹായ്യം=സഹായഭാവം; അമരസമ=ദേവതുല്യ (ഉപമ.)

ചര. 2.

കരതലസ്പൎശനാൽ=കരതലം കൊണ്ടുള്ള സ്പൎശനത്താൽ (കരതലം=കൈത്തലം; സ്പൎശനം=തൊടൽ) മൂൎഛ=ബോധക്കേട, മോഹാലസ്യം; മോദം=സന്തോഷം; ന്യൂനം=നിശ്ചയം; ഇച്ഛാമി=ആഗ്രഹിക്കുന്നു; നാമം=പേരു്; അരുളേണമേ=പറയേണമേ. അലങ്കാരം. അനുമാനം. നന്ദിപക്ഷം ദിവ്യത്വം സാദ്ധ്യം; കരതലസ്പൎശനാൽ മൂൎഛയകന്നു എന്നതു ഹേതു.

ച. 3.

ചന്ദ്രശേഖരദാസൻ=ശിവൻെറ സേവകൻ; ചന്ദ്രവംശാഭരണ=ചന്ദ്രവംശത്തിന്നു അലങ്കാരമേ (രൂപകം). ചന്തമോടു=നല്ലവണ്ണം; ഇദാനീം=ഇപ്പോൾ; 'ധരിക്ക' എന്നതിനോടു അന്വയിക്കുന്നു. അകതാരിൽ=മനസ്സിൽ:നന്ദി=സന്തോഷം; അമരേന്ദ്രനന്ദന=ദേവേന്ദ്രപുത്ര; മോഹനാസ്ത്രേണ-മോഹനാസ്ത്രത്താൽ; മോഹിച്ചു=മൂർച്ഛിച്ചു. 'ഹാഹന്ത' എന്നതു ആശ്ചര്യദ്യോതകം. കരുണയാ=ദയയാൽ, പ്രേരിതഃ അഹം=പറഞ്ഞയക്കപ്പെട്ടവനാണ് ഞാൻ, ഈശനാൽ=ശിവനാൽ: ജഗതി=ലോകത്തിൽ, പരം=ഏററവും അഥവാ ഉൽകൃഷ്ടമായ, ഈ പക്ഷത്തിൽ പരമെന്നതു വാത്സല്യവിശേഷണം. ആത്തിഹര=ദുഃഖം തീക്കുന്നവനേ; പരമാത്തിഹര എന്നുമെടുക്കാം. വലുതായ ആത്തിയെ ഹരിക്കുന്നവനെന്നത്ഥം. 'ജഗതി' എന്ന പദം കാകാക്ഷിന്യായേന മുമ്പും യോജിപ്പിക്കാം. നിതരാം =ഏററവും, അഹിതൻ=ശത്രു. മയാസഹിതഃ=എന്നോടു കൂടിയവനായി, സഹസാ=പെട്ടെന്നു.

ആഹരി

"ഹിരണ്യരേതഃ പ്രതിമപ്രഭാവൌ
ഹിരണ്യപൂൎവ്വം പുരമേത്യ വേഗാൽ
വലഭിഷന്നന്ദന നന്ദിനൌ തൌ
ദിഷദ്ബലം യോദ്ധുമപാഹയേതാം" 31

ഹിരണ്യരേതഃ പ്രതിമപ്രഭാവൌ (അ. പു. പ്ര. ദി.) അഗ്നിക്കു തുല്യമായ പ്രഭാവത്തോടുകൂടിയ

തൌ (ദ. പു. പ്ര. ദി.) ആ

വലദ്വിഷന്നന്ദന നന്ദിനൌ (ന. പു. പ്ര, ദ്വി) ഇന്ദ്രപുത്ര
ന്നും നന്ദിയും

വേഗാൽ (അ. പു. പ. ഏ) വേഗത്തിൽ

ഹിരണ്യപൂൎവ്വം (അ. ന. ദ്വി. ഏ (ടി) പുരം. } ഹിരണ്യപൂൎവ്വമായ പുരത്തെ (കാലകേ
യപുരത്തിന്നു പേർ ഹിരണ്യപുരമെന്നാകുന്നു.)

ഏത്യ (ല്യപ്. അവ്യ.) പ്രാപിച്ചു്
ദ്വിഷൽബലം (അ. ന. ദ്വി. ഏ) ശത്രുസൈന്യത്തെ
യോദ്ധും (തുമുൻ. അവ്യ) യുദ്ധം ചെയ്യുന്നതിന്നു
ഉപാഹ്വയേതാം (ലങ്ങ് ആ. പ്ര. പു. ദ്വി.) വിളിച്ചു.

വാക്യാൎത്ഥം;—അഗ്നിക്കു സദൃശമായ പ്രഭാവത്തോടുകൂടിയ ആ ഇന്ദ്രപുത്രനായ അൎജ്ജുനനും നന്ദിയും വേഗത്തിൽ ഹിരണ്യപുരത്തുചെന്നുശത്രുബലത്തെ പോരിന്നു വിളിച്ചു.

അലങ്കാരം:—ഉപമ, യമകം മുതലായവ; ഉത്തരാൎദ്ധത്തിൽ വിരോധാലങ്കാരം വ്യംഗ്യം. ബലത്തേയും ദ്വിഷത്തിനേയും ആനന്ദിപ്പിക്കുന്നവർ ദ്വിഷത്തിനെയും ബലത്തേയും പോൎക്കു വിളിച്ചുവെന്നു വിരോധപ്രതീതിക്കവകാശമുണ്ടല്ലോ.

വൃത്തം—ഉപേന്ദ്രവജ്ര

പന്തുവരാളി-ചെമ്പട.

പല്ലവി

ദൈത്യേന്ദ്ര പോരിന്നായേഹി ദൈന്യമെന്നിയെ
ദൈത്യേന്ദ്ര പോരിന്നായേഹി.

ചര. 1

അത്ര വന്നു പൊരുതീടുകിൽ പരമ-
നൎത്ഥമേവ തവ വന്നുകൂടുമേ —ദൈത്യേന്ദ്ര

ചര. 2.

നന്നു നന്നു നീ മായയാ മറഞ്ഞെന്നെ
ഇന്നു യുധി വെന്നതഞ്ജസാ —ദൈത്യേന്ദ്ര

ചര. 3,

അത്ര നീ വരികിലാജിചത്വരേ
സത്വരം യമപുരത്തിലാക്കിടും —ദൈത്യേന്ദ്ര

ചര. 4.

ക്രൂദ്ധമുൎദ്ധശരമെയ്തു നിന്നുടെ
ഛിന്നദേഹമിഹ കൃത്തമാക്കുവാൻ —ദൈത്യേന്ദ്ര

പല്ലവി

ഏഹി=വരിക, ദൈന്യമെന്നിയെ=ദീനതകൂടാതെ ധീരുക്തി കോപാതിശയം വ്യംജിപ്പിക്കുന്നു.

ചര. 1,

അത്ര=ഇവിടെ; പരം=ഏറ്റവും; അനൎത്ഥമേവ= ആപത്തുതന്നെ

ചര, 2,

മായയാ=മായയാൽ, യുധി=യുദ്ധത്തിൽ, വെന്നതു= ജയിച്ചതു: അഞ്ജസാ=പെട്ടെന്നു,

ചര, 3,

ആജിചത്വരേ=പോൎക്കളത്തിൽ, സത്വരം=വേഗത്തിൽ. യമപുരത്തിലാക്കിടും=വധിക്കും [പൎയ്യായോക്തമലങ്കാരം]

ഖര, 4,

മൂൎത്ത=മൂൎച്ച്യുള്ള, ഛിൎത്ത=തടിച്ച, ഇഹ=ഇവിടെ
ക്ലുപ്തം-നറുക്കപ്പെട്ടതു,

അമൎഷം; ഗൎവ്വം മുതലായവ വ്യംഗം,

സാരംഗഃ—

"ശ്രുത്വാസുഹൃന്നിനദമാശ്രുതമാസുരോസൌ
സേനാപതിൎന്നിരഗമന്നിഖിലായുധാഢ്യ
ആലോക്യവാനരവപുൎദ്ധരമദ്രിതുല്യം
ആഹേടമാഹവപരം പരമേശഭൃത്യം"

അസുഹൃന്നിനദം (അ. പു. ദ്വി. ഏക) ശത്രുവിൻെറനാദം (പോൎവിളി)

ശ്രുത്വാ (ത്വാ അവ്യ) കേട്ടു്

ആശ്രുതമാസുരഃ (അ. പു പ്ര ഏ.) ആശ്രുതമാസുരനെന്ന

അസൌ (സ. പു. പ്ര. ഏ.
സേനാപതിഃ (ഇ. പു. പ്ര. ഏ. } ഈ സേനാപതി,

നിഖിലായുധാഢ്യഃ (അ. പു. പ്ര. ഏ,) സൎവ്വായുധസമ്പന്നനായി

നിരഗമൽ (ലങ്. പ. പ്ര. പു. ഏ.) നിൎഗമിച്ചു,

വാനരവപുൎദ്ധരം (അ. പു. ദ്വി. ഏ.) വാനരാകാരം ധരിച്ചിരിക്കുന്നവനും

അദ്രിതുല്യം (ടി) പൎവ്വതസദൃശനും

ആഹവപരം (ടി) യുദ്ധതല്പരനും ആയ

പരമേശഭൃത്യം (ടി) നന്ദിയെ

ആലോക്യ (ല്യപ്. അവ്യ.) നോക്കി

ഇദം (മ. ന. ദ്വി. ഏ.) ഇതിനെ
ആഹ (തിങന്തപ്രതിരൂപകമവ്യയം) പറഞ്ഞു.

വാക്യാൎത്ഥം:—ശത്രുവിന്റെ പോൎക്കുവിളികേട്ട ആശ്രുതമാസുരനെന്ന സേനാപതി പുറത്തു പുറപ്പെട്ടു് മൎക്കടാകാരം ധരിച്ചിരിക്കുന്ന പൎവ്വതതുല്യനായ നന്ദിയെ നോക്കി ഇങ്ങിനെ പറഞ്ഞു.

അലങ്കാരം—ആദ്യാനുപ്രാസം. ഛേകാനുപ്രാസമെന്നിവ.

വൃത്തം—വസന്തതിലകം.

അസുരൻ.

ചര. 1.

മൎക്കടകീടനിനക്കുരണത്തിനു
പാൎക്കിലൊരരിഹതയുണ്ടോ പാൎത്താൽ?
വാക്കുപറഞ്ഞതുകൊണ്ടുരിപുക്കളെ
യാൎക്കുജയിക്കരുതാത്തു ദുരാത്മൻ?

—രണ്ണഭുവികാണ്മാം പരാക്രമം.

നന്ദി.

കൃത്യാകൃത്യവിവേകം നിതരാം
ദൈത്യജനങ്ങൾക്കുണ്ടോ പാൎത്താൽ?
ഇത്തരമോരോ വാക്കുകൾ ചൊൽവതു
മൃത്യുവശഗതനായിട്ടല്ലോ.

—രണ്ണഭുവികാണ്മാം പരാക്രമം

അസുരൻ—

ബാഹുബലം പരിചോടുണ്ടെന്നി
ട്ടാഹവമാശ്രുതുടങ്ങുകിൽ നിന്നുടെ
ദേഹമഹം ശരവഹ്നിയിലഴകോ-
ടാഹുതിചെയ്യുന്നുണ്ടിഹതരസാ
—രണഭുവികാണാം പരാക്രമം

നന്ദി—

ദുഷ്ടതതടവിയനിങ്ങളെയൊക്കവെ
മുഷ്ടികൾകൊണ്ടു ഹനിപ്പതിനിപ്പോൾ
ക്ലിഷ്ടതയൊട്ടുമെനിക്കില്ലെന്നറി
ധൃഷ്ടതമതിമതി ദൈത്യന്മാരെ
—രണഭുവികാണാം പരാക്രമം

അസുരൻ—

കാർമ്മുകശരധാരികളെന്നുള്ളൊരു
ദുർമ്മദമേറിനനിങ്ങളെയൊക്കെ
നിർമ്മഥനംചെയ്വാനായ് സംഗര
കർമ്മവാനായീടുംഞാനധുനാ
—രണഭുവികാണാം പരാക്രമം

അസുരൻ—

മർക്കടകീട=വാനരപ്പുഴുവേ; രണത്തിന്നു=യുദ്ധത്തിന്നു; അരിഹത = യോഗ്യത; 'അർഹത' യുടെതൽഭവം 'കാരിയം' മുതലായപദങ്ങൾനോക്കുക. രിപുക്കളെ = ശത്രുക്കളെ; ജയിക്കരുതാത്തു=ജയിപ്പാൻസാധിക്കയില്ല. ദുരാത്മൻ=ദുഷ്ട; രണഭുവി=പോർക്കളത്തിൽ പരാക്രമം=വിക്രമം,

നന്ദി-

കൃത്യാകൃത്യവിവേകം=കാര്യാകാര്യജ്ഞാനം; നിതരാം =ഏററവും; മൃത്യുവശഗതൻ=മൃത്യുവിന്നധീനൻ.

അസുരൻ-

ബാഹുബലം = കയ്യൂക്ക; ആഹവം = യുദ്ധം; അഹം =ഞാൻ; ശരവഹ്നിയിൽ=ബാണത്തീയിൽ (രൂപകം) ആഹുതി = ഹോമം. തരസാ=വേഗത്തിൽ. ക്ലിഷ്ടത=ക്ലേശം. ധൃഷ്ടത=നെഞ്ഞൂക്ക്.

അസുരൻ—

കാർമ്മുകശരധാരികൾ=വില്ലുമമ്പുംധരിക്കുന്നവർ ദുർമ്മദം=ദുരഹങ്കാരം; നിർമ്മഥനം=നശിപ്പിക്കൽ, സംഗരകർമ്മവാൻ=യുദ്ധകർമ്മത്തോടുകൂടിയവൻ.

ഉത്സാഹസ്ഥായികമായവീരം ശത്രുവിൻെറ അധിക്ഷേപമായ അനുഭാവത്താലും അമർഷം ഗർവ്വംമുതലായ സഞ്ചാരിഭാവത്താലും പരിപുഷ്ടമായി സഹൃദയന്മാർക്ക ആസ്വാദ്യമായ്ത്തീരുന്നുവെന്നുകാൺക.

(ഒരു ശ്ലോകം വിട്ടുപോയിരിക്കാമെന്നുതോന്നുന്നു.)

സാരംഗം—

ഹതാനഥാകർണ്ണ്യഭടാൻസ്വകീയാൻ
ധൃതായുധസ്താവദ്ഭികാലകേയഃ
രണായസദ്യോനിജഗാമപാർത്ഥം
തൃണായമത്വാനിജഗാദചൈവം

അഥ (അവ്യ) അനന്തരം
കാലകേയഃ (അ. പു. പ്ര. ഏ.) കാലകേയൻ
സ്വകീയാൻ (അ. പു. ദ്വി. ബ.) തൻേറതായ

ഭടാൻ (ടി) ഭടന്മാരെ
ഹതാൻ (ടി) കൊല്ലപ്പെട്ടവരായി
ആകർണ്ണ്യ (ല്യപ്. അവ്യ.) കേട്ട്
സദ്യഃ (അവ്യ.) ഉടനെ
ധൃതായുധഃ (അ. പു. പ്ര. ഏ.) ആയുധംധരിച്ചവനായിട്ട
രണായ (അ. പു. ച. ഏ.) യുദ്ധത്തിന്നായി

തൌ (ദ. പു. ദ്വി. വി. } അർജ്ജുനനന്ദികേശ്വരന്മാർക്കെ
അഭി (അവ്യ } [തിരായി

("അഭിരഭാഗെ" എന്നസൂത്രത്താൽ 'അഭി' ക്കു കർമ്മപ്ര വചനീയസംജ്ഞയുള്ളതുകൊണ്ടു "കർമ്മപ്രവചനീയ യുക്തേദ്വിതീയാ" എന്ന സൂത്രപ്രകാരം തച്ഛബ്ദത്തി ന്നു ദ്വിതീയവന്നിരിക്കുന്നു.)

നിജഗാമ (ലിട്. പ. പ്ര. പു. ഏ.) ചെന്നു
പാർത്ഥം (അ. പു. ദ്വി. ഏ.) അർജ്ജുനനെ

തൃണായ (അ. ന. ച. ഏ. } പുല്ലുപോലെവിചാരിച്ച് ("മ
മത്വാ (അവ്യ. } ന്യകർമ്മണ്യനാദരേവിഭാഷാ
"പ്രാണിഷു" എന്നാസൂത്രപ്രകാരം വൈകല്പികചതുർത്ഥി)

ഏവം (അവ്യ) ഇപ്രകാരം
നിജഗാദ (ലിട്. പ. പ്ര. പു. ഏ.) } പറയുകയുംചെയ്തു.
ച (അവ്യ.) }

വാക്യാർത്ഥം:-- അനന്തരം കാലകേയൻ തന്റെ സൈന്യനാശംകേട്ടു വേഗത്തിൽ ആയുധം ധരിച്ചു, പോക്കായി അർജ്ജുനനന്ദികേശ്വരന്മാരുടെ നേർക്കുചെല്ലുകയും പാർത്ഥനെ തൃണംപോലെഗണിച്ചു അവനോടു പറയുകയും ചെയ്തു.

അലങ്കാരം—ദ്വിതീയാക്ഷരപ്രാസയമകാദി.

വൃത്തം—ഉപേന്ദ്രവജ്ര.

കാലകേയൻ—

കണ്ടുകൊൾകമമബാഹുപരാക്രമം
മണ്ടിടൊല്ലപോരിൽ നീ
ദൃഷ്ടിഗോചരനായ്വന്നു നീയുമിന്നു
ദിഷ്ടബലമൊടു ദുഷ്ടനരവരകീട
വാട്ടമററശരവൃഷ്ടികൾകൊണ്ടു ഞാൻ
നഷ്ടമാക്കുമൊട്ടുമേ വൈകാതെ
—ഹേ ഹേ കണ്ടുകൊൾക

അർജ്ജുനൻ

മായകൊണ്ടുമറഞ്ഞെന്നെമോഹിപ്പിച്ച-
തുചിതമല്ലദനുജപുംഗവതേ
ഞായമാകുന്നതുനേരേനിന്നുതന്നെ
സമരമന്‌പൊടു ചെയ്യുന്നീവൈകാതെ
—ഹേ ഹേ കണ്ടുകൊൾക

കാലകേയൻ

മാനുഷാധമമറന്നുപോയിതോ നീ
മുന്നമെന്നോടേതോററതാജിതന്നിൽ
മാനഹാനിയല്ലയോവാനരത്തെച്ചെന്നു
ആശ്രയിച്ചതുനിശ്ചയംഖലുതേ

കാലകേയൻ

ബാഹുപരാക്രമം=ഭുജവീര്യം. ദൃഷ്ടിഗോചരനായി=കണ്ണിന്നുവിഷയമായി. ദിഷ്ടബലമോടു=ഭാഗ്യശക്തിയാൽ

'എന്റെ ഭാഗ്യത്താലാണ് നീ വീണ്ടും എന്റെ ദൃഷ്ടിയിൽ പെട്ടതും മോഹാലസ്യം തീൎന്നതും. നീ ഒളിച്ചോടിപോയിരുന്നുവെങ്കിൽ എനിക്കുനിന്നെ കൊല്ലുവാൻ സാധിക്കയില്ലായിരുന്നു' എന്നു ഭാവം, അഥവാ ദിഷ്ടബലം വിധിബലം നിന്റെ ദൌരദൃഷ്ടശക്തിയാലെന്നു താല്പൎയ്യം. നരവരകീടം= മനുഷ്യശ്രേഷ്ഠനായ പുഴു അഥവാ മനുഷ്യനായവൻ പുഴു. 'ദിഷ്ടബലമോടുകൂടി നീ ദൃഷ്ടിഗോചരനായി' എന്നു പറഞ്ഞതിരിക്കയാൽ സഹോക്തി അലങ്കാരം. 'ഒന്നോടുകൂടി മറെറാന്നു ക്രിയചെയ്താൽ സഹോക്തിയാം" എന്നുലക്ഷണം. വാട്ടമററ=അനശ്ശളമായ, ശരവൃഷ്ടി=ശരവൎഷം. ഉടൽ=ശരീരം. അമൎഷം, ഗൎവ്വംഎന്നിവ വ്യംഗ്യം.

അൎജ്ജുനൻ

ദനുജപുംഗവ=ദാനവശ്രേഷ്ഠ. ഞായം=ന്യായം. സമരം = യുദ്ധം; അമ്പോട്=സന്തോഷത്തോടു.

സ്മൃതി, മതിമുതലായവ വ്യംഗ്യം.

കാലകേയൻ

മാനുഷാധമ = മനുഷ്യരിൽവെച്ച് അധമ. ആജി= യുദ്ധം. മാനഹാനി=മാനക്കേടു. ഖലു=നിശ്ചയം. വാനരത്തെ ആശ്രയിച്ചതു മാനഹാനിക്കു ഹേതുവായിരിക്കെ മാനഹാനിയാണെന്നുതന്നെ കാൎയ്യകാരണങ്ങൾക്കു അഭേദാദ്ധ്യവസായം ചെയ്തിരിക്കയാൽ 'ഹേത്വതിശയോക്തി' ലക്ഷണം, "അഭേദംകാൎയ്യഹേതുക്കൾക്കാകിലോ ഹേതുവാമതു." മതി, ഗൎവ്വം, അമൎഷം മുതലായവ വ്യംജിക്കുന്നു.

DC Library
*00004221*
T61 K90

# നിവാതകവചകാലകേയവധം.

## സവ്യാഖ്യാനം.

പി. കൃഷ്ണൻനായർ.

Indic Digital Archive Foundation
gpura.org